30

# പൈതൃകത്തിന്റെ വേദനയും ഹിന്ദു അനുഭവിച്ച ദുഃഖവും

## ചരിത്ര രേഖകളിൽ നിന്ന് ഒരു ശാസ്ത്രജ്ഞനെഴുതിയത്


**ഡോ: എൻ. ഗോപാലകൃഷ്ണൻ** Ph.D., D.Litt

(Scientist & Director IISH)



ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്

തിരുവനന്തപുരം – 695 018

Heritage Publication Series 24



Scanned with CamScanner

# പൈതൃകത്തിന്റെ വേദനയും
# ഹിന്ദു അനുഭവിച്ച ദുഃഖവും

*ചരിത്ര രേഖകളിൽ നിന്ന് ഒരു ശാസ്ത്രജ്ഞനെഴുതിയത്*


**ഡോ: എൻ. ഗോപാലകൃഷ്ണൻ**



**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്**
**തിരുവനന്തപുരം - 695 018**

**ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 24**



Scanned with CamScanner

പൈതൃകത്തിന്റെ വേദനയും ഹിന്ദു അനുഭവിച്ച ദുഃഖവും

**Dr. N. Gopalakrishnan** M.Sc. (pharm), M.Sc. (Chem), M.A. (Soc), Ph.D, D.Litt.
**Scientist**

*Published by :*

**Indian Institute of Scientific Heritage (IISH)**
Registered Charitable Trust 328/99/IV
Ushus, Estate Road, Pappanamcode
Trivandrum - 695 018
www.iish.org Ph. 0471 - 2490149

**Rs. 30/-**

*Printed at:*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19, Ph. 0471 - 2490135

Scanned with CamScanner

## DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode Trivandrum-19

*In the service of the motherland and dharma*
***IISH Publication Team***

Scanned with CamScanner

**ഇതു വായിച്ചതിനുശേഷം ബാക്കിയുള്ളത് വായിക്കുവാൻ അഭ്യർത്ഥിക്കുന്നു...**

ലോകമെമ്പാടുമുള്ള ജനത അവരവരുടെ രാഷ്ട്രത്തിന്റെ പൈതൃകത്തെക്കുറിച്ചും, അവരുടെ പിതാമഹന്മാർ അനുഭവിച്ച ത്യാഗത്തെക്കുറിച്ചും പിൻതലമുറയെ പഠിപ്പിക്കുന്നു. അവരിൽ രാഷ്ട്ര സ്നേഹവും ദേശീയപ്രതിബദ്ധതയും നിറയ്ക്കുവാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നു. ദേശാഭിമാനപൂരിതമാകേണ്ട മനസിലേക്ക് നാടിന്റെ മഹത്വം പഠിച്ചും പഠിപ്പിച്ചും ഓരോ തലമുറയേയും സജ്ജമാക്കുകയാണ് അവിടത്തെ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം.

ഭാരതത്തിൽ നമ്മുടെ നന്മയുടെ ഒരംശം പോലും വിവരിക്കുന്നതിന് മുമ്പു തന്നെ തിന്മയുടെ ഏതാനും വരികളെങ്കിലും പറഞ്ഞു/എഴുതി, ഞാൻ സത്യസന്ധമായിട്ടാണ് എല്ലാം ചെയ്യുന്നതും പറയുന്നതും എന്ന് വരുത്തിത്തീർക്കുവാൻ ശ്രമിച്ചിട്ടാണ് ബാക്കിയുള്ളത് പറയുന്നത് എഴുതുന്നത്. ഭാരതത്തിന്റെ ഒരു നന്മ പറയുമ്പോൾ രണ്ടു തിന്മയെങ്കിലും കൂട്ടിചേർത്താലെ വിവരണം സത്യസന്ധമാകുകയുള്ളു എന്ന് നമ്മെ ആരോ പഠിപ്പിച്ചതുപോലെ തോന്നുന്നു. ഹിന്ദുവിന്റെ ഒരു നന്മ എഴുതിയാൽ കൃസ്ത്യാനിയുടേയും മുസ്ലീമിന്റേയും രണ്ടു നന്മകളെങ്കിലും എഴുതണം. എങ്കിൽ മാത്രമേ എഴുത്തുകാരൻ സ്വതന്ത്രമായി ചിന്തിക്കുന്ന പുരോഗമനവാദിയാകൂ. സാധിക്കുന്നത്രയും ഹിന്ദുവിനെ താറടിച്ചു കാണിച്ച് മറ്റുള്ളവരെ ഉയർത്തുന്നതാണ് പൗരധർമ്മം എന്നുപോലും നമ്മിൽ പലരും വിശ്വസിക്കുന്നു. രാഷ്ട്രീയക്കാർക്ക് വോട്ടിനും പത്രക്കാർക്ക് സർക്കുലേഷനും ഇതാവശ്യമാണ്. ബുദ്ധിജീവികൾക്കെങ്കിലും സത്യസന്ധമായി വസ്തുതകൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിച്ചുകൂടെ? മറ്റേതൊരു ആധുനിക ഫെഡറൽ സംവിധാനത്തിലുള്ള രാജ്യത്തിന്റേയും അവസ്ഥയെ ഉദാഹരണമായി എടുത്ത് ഭാരതത്തെ വിശകലനം ചെയ്യുന്നത് ശുദ്ധ അബദ്ധമാണ് എന്ന് ചരിത്രകാരന്മാർക്കറിയാം. അവരത് അംഗീകരിക്കുന്നുമുണ്ട്. പക്ഷേ പുറത്തു പറയുകയില്ല എന്നുമാത്രം. പേരും പ്രസിദ്ധിയും ചോർന്നു പോയാലോ എന്ന ഭയം അവരെ സത്യം മറച്ചുവയ്ക്കാൻ പ്രേരിപ്പിക്കുന്നു എന്നു തോന്നുന്നു. അല്ലെങ്കിൽ സ്വയം ഹിന്ദുവർഗ്ഗീയ വാദിയായി മുദ്രകുത്തപ്പെടുമോ എന്ന ഭയം!

ഈ ഭാരതത്തിൽ എല്ലാ ഭൂപ്രദേശത്തിലും നാട്ടുരാജാക്കന്മാരായിരുന്നു ഭരണം നടത്തിയിരുന്നത്. അവർ തമ്മിൽ വഴക്കും യുദ്ധവും നടന്നിരുന്നു. പരസ്പരം പടവെട്ടുകയും ചെയ്തിട്ടുണ്ട്. പുരാതന ഭാരതത്തിൽ, അത് രാജ്യനൈതികതയുടെ (Politics) കാര്യം. ഈ രാജനൈതികത ബാഹ്യമായ ഒരാവരണം മാത്രമായിരുന്നു. ഇവിടെ സാംസ്കാരികമായ ഒരു ഗാഢബന്ധം നിലനിന്നിരുന്നു. ബാഹ്യമായി വ്യത്യസ്തമെന്നു തോന്നാവുന്ന ഭാഷകൾക്ക് ആന്തരീകമായി സംസ്കൃതഭാഷയോടു മാതൃബന്ധമുണ്ട്. ഭക്ഷണരീതി,



Scanned with CamScanner

ആചാരക്രമം, വിശ്വാസക്രമം, വേദ-വേദാംഗ- ഉപാംഗ-പുരാണ-ഇതിഹാസ-ഉപനിഷത്തുകൾ, ഈ ദേശം മുഴുവനും ഒരൊറ്റ രീതിയിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തവരായിരുന്നു ഭാരതീയർ. ഗംഗയും, യമുനയും, ഗോദാവരിയും, നർമ്മദയും, കൃഷ്ണയും, കാവേരിയും വിവിധ സംസ്ഥാനങ്ങളിലായിട്ടും ഭാരതീയന്റെ പ്രാതസ്മരണയിൽ, രണ്ടുസഹസ്രാബ്ദം മുമ്പ് തന്നെ, സ്ഥാനംപിടിച്ചിരുന്നു. മഹേന്ദ്ര-മലയ-സഹ്യ-ഹിമാലയ-രേവാ-വിന്ധ്യാ-ആരാവലി എന്നിങ്ങനെ ഭാരതത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള പർവ്വതനാമങ്ങൾ മന്ത്രങ്ങളുടെ ഭാഗമായി നാം ചൊല്ലി. അശ്വത്ഥാമാവ്-ബലി- വ്യാസൻ-ഹനുമാൻ-വിഭീഷണൻ-കൃപൻ-പരശുരാമൻ-എന്നീ ഏഴു ചിരഞ്ജീവികളെ പൂർവാചാര്യന്മാർ തിരഞ്ഞെടുത്തത് ഇറാൻ മുതൽ ശ്രീലങ്കവരെയുള്ള ഭൂപ്രദേശത്ത് നിന്നായിരുന്നു. അഹല്യ-ദ്രൗപതി-സീത-താരാ-മണ്ഡോദരി-എന്നീ അഞ്ച് പുണ്യസ്ത്രീകളെ ഉത്തരഭാരതത്തിൽ നിന്നുമാത്രം അവർ തിരഞ്ഞെടുത്തില്ല. രാക്ഷസകുലത്തിൽ നിന്നായിട്ടുപോലും വിഭീഷണനേയും മണ്ഡോദരിയേയും നാം സ്വീകരിച്ചു.

തെക്ക് മൗര്യദേശവും (മൊറീഷ്യസ്) കിഴക്ക് സിംഹപുരവും (സിംഗപ്പൂർ) ബ്രഹ്മദേശവും (ബർമാ), കാംബോജദേശവും (കമ്പോഡിയ) വടക്ക് വൈഡ്യൂര്യദേശവും (ഇറാൻ) ഗാന്ധാരദേശവും (ഗാന്ധഹാർ), പടിഞ്ഞാറ് ഗുജറാത്ത് വരെയും, ഈ നാട് സാംസ്കാരികമായി ഒന്നായിരുന്നു. ആധുനിക ഫെഡറൽ രാഷ്ട്ര സംവിധാനം പോലൊരു രാഷ്ട്രമായിരുന്നില്ല ഭാരതം.

പതിനാല് വർഷത്തെ വനവാസത്തിൽ ഉത്തരഭാരതത്തിലെ അയോധ്യയിൽ നിന്ന് ശ്രീരാമൻ ചടയമംഗലം (ജഡായുമംഗലം) വരെ വന്ന് അവിടെനിന്നും യാത്രചെയ്ത് രാമേശ്വരത്ത് എത്തി ശിവപ്രതിഷ്ഠ നടത്തി, ഈ ദേശം ഒന്നായിരുന്നു എന്ന് ഇതിഹാസത്തിലൂടെ തെളിയിച്ചു. അതിനുശേഷം വനവാസകാലത്ത് പാണ്ഡവരും ഹസ്തിനപുരത്തു നിന്ന് വന്ന് പാലക്കാടുള്ള നിളാനദിയിൽ ശ്രാദ്ധകർമ്മം നടത്തി, അതിന് ഭാരതപുഴ എന്ന് പേര് കൊടുത്തു മടങ്ങി. പതിനെട്ട് മഹാപുരാണങ്ങളിലും പതിനെട്ട് ഉപപുരാണങ്ങളിലും ഭാരതദേശത്തുള്ള (സിന്ധ്, ഇറാൻ, അഫ്ഘാനിസ്ഥാൻ, ലങ്ക, മലേഷ്യ, സിംഗപ്പൂർ, ബർമ ഉൾപ്പെടെ) എല്ലാ ക്ഷേത്രങ്ങൾ, നദികൾ, വനങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ പർവതങ്ങൾ, മാനവരാശിയുടെ സ്വഭാവം ഇവ വിവരിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ കാരനായ ആര്യഭടൻ ഒന്നാമനും, ബെൽഗോംകാരനായ ഭാസ്കരാചാര്യൻ ഒന്നാമനും പാടലീപുത്രത്തിലെ നളന്ദവിശ്വവിദ്യാലയത്തിലെ വൈസ്ചാൻസലർമാരായിരുന്നു. ഹരിയാനകാരനായ അഗസ്ത്യൻ കാട്ടാക്കടയിൽ വന്നിട്ടാണ് അഗസ്ത്യപർവതത്തിലേക്ക് പോയത്. ഉത്തരഭാരതത്തിൽ നിന്ന് കന്യാകുമാരി, രാമേശ്വരം എന്നിവടങ്ങളിലേക്ക് തീർത്ഥയാത്രക്കും, പിതൃകർമ്മത്തിനും വരുന്ന പതിവ് സഹസ്രാബ്ദങ്ങൾക്കു മുമ്പ് തുടങ്ങിയതാണ്. ദക്ഷിണ ഭാരതീയർക്ക് കാശി, പ്രയാഗ, ഗയ, ഗംഗോത്രി, ഹരിശ്ചന്ദ്രഘട്ട് ഇവ പുണ്യസ്ഥലങ്ങളും,



Scanned with CamScanner

പിതൃകർമ്മ-സ്നാനകേന്ദ്രങ്ങളും തീർത്ഥാടന - കേന്ദ്രങ്ങളുമായിരുന്നു. ആയിരത്താണ്ടുകാലം മാഘമാസത്തിൽ (മഹാമാഘം = മാമാങ്കം) ഭാരതത്തിലെല്ലായിടത്തുനിന്നും പണ്ഡിതന്മാർ നിളാനദിക്കരയിൽ വരുമായിരുന്നു. 12 വർഷത്തിലൊരിക്കൽ കൂടുന്ന വിദ്വത് സദസ്സ് അവർണനീയമായിരുന്നു. അതുപോലെ ഗംഗാതീർത്ഥാടനത്തിനായി 12 വർഷത്തിലൊരിക്കൽ കൂടുന്ന കുംഭമേളക്ക് ഭാരതത്തിലെല്ലായിടത്തുനിന്നും ജനങ്ങളെത്തുമായിരുന്നു. അന്നും ഇന്നും അതു തുടരുന്നു. ഈ നാട് ഒന്നായിരുന്നു. ആത്മീയമായും ഭാഷാപരമായും സാംസ്കാരികപരമായും ചിന്തപരമായും ഒന്നായിരുന്നു. എന്നതിനു പുരാതനവും നൂതനുവുമായ ധാരാളം തെളിവുകളുണ്ട്.

ഭാരതത്തിലെമ്പാടും ഗൃഹ്യാചാരങ്ങളും വേദമന്ത്ര ആലാപനവും ഒരൊറ്റ രീതിയിലായിരുന്നു നടന്നിരുന്നത്. അന്നും ഇന്നും, യാഗവും യജ്ഞവും പൂജയും ചടങ്ങുകളും ഒരേപോലെ അനുഷ്ഠിക്കപ്പെടുന്നു. ഈ നാട്ടിൽ സമ്പൂർണമായും സാംസകാരികമായി ജനങ്ങൾ പരസ്പരം അലിഞ്ഞു ചേർന്ന് ഒന്നായിരുന്നു. അത്യാധുനിക പുരാവസ്തുഗവേഷകരുടെ പ്രവർത്തനഫലമായി തെളിയിക്കപ്പെട്ട വസ്തുതയുണ്ട്. ഈ സംസ്കൃതിക്ക് ഒരു പതിനായിരം വർഷത്തെ പഴക്കമുണ്ട് എന്ന്. കാലിബംഗാനിലും, ഭഗവാൻപുരയിലും, മെഹർഗറിലും കാണുവാൻ സാധിച്ച പുരാവസ്തുക്കളുടെ കാലം ബി.സി. 8725 ആയിരുന്നു. നമ്മുടെ രാഷ്ട്രത്തിന്റെ ധർമ്മം ചിരപുരാതനമാണ്. അത് നിത്യനൂതനവുമാണ്. സമകാലീന പ്രസക്തവുമാണ്.

ഭാരതത്തിൽ രോഗങ്ങളുണ്ടാകാം, ദാരിദ്ര്യമുണ്ടാകാം, കഷ്ടപ്പാടുകളുണ്ടാകാം, ഭാരതം വൃത്തിഹീനമായിരിക്കാം, എത്രയോ കുറവുകളുണ്ടാകാം. പക്ഷേ പതിനായിരം വർഷത്തെ ചൈതന്യപ്രവാഹത്തിലും നീരുറവ വറ്റാതെ ഒഴുകുന്ന ഈ ദേശത്തിന്റെ പൈതൃകം ഒരഞ്ഞൂറ് തലമുറയായിട്ട് നമ്മുടെ പൂർവ്വ പിതാമഹന്മാർ ജ്വാല അണഞ്ഞുപോകാതെ നിലനിർത്തിയില്ലേ! നമ്മെ ആക്രമിച്ചും കൊള്ളയടിച്ചും കൊള്ളിവെച്ചും ചതിച്ചും. കലഹിപ്പിച്ചും ഒരായിരം വർഷം മുടിപ്പിച്ചിട്ടും തളരാതെ ഇവിടെ ഹിന്ദു ഇന്നും ജീവിക്കുന്നു. **ലോകത്തിലെ എട്ടു മഹാത്ഭുതങ്ങളിലൊന്നാമത്തെ മഹാത്ഭുതം ഇവിടെ ഹിന്ദുധർമ്മം ഇത്രയും ആക്രമങ്ങൾക്ക് വിധേയമായിട്ടും നലിനിൽക്കുന്നു എന്നതുതന്നെയാണ്** ആയിരം വർഷത്തെ വിദേശഭരണത്തിൽ, ഗ്രന്ഥങ്ങളും സമ്പത്തും, ജനങ്ങളേയും, സൗധങ്ങളും, നശിപ്പിച്ചത് വിദേശികളായിരുന്നു. സ്വതന്ത്രഭാരതത്തിൽ പൈതൃകത്തെ പുച്ഛിക്കാനും, അവഹേളിക്കാനും, മാനസികമായി അവയെ നിഷ്കാസനം ചെയ്യാനും പഠിപ്പിച്ചത് സ്വദേശികളാണ്. രാഷ്ട്രീയക്കാരായ ഹിന്ദു നേതാക്കളും, കൃസ്ത്യാനികളും, മുസ്ലീമുകളുമുൾപ്പടെയുള്ള ഒരു വിഭാഗം ജനതയാണത് ചെയ്തുകൊണ്ടിരിക്കുന്നത്.



Scanned with CamScanner

അത്ഭുതമെന്നു പറയട്ടെ. വിദേശിയുടേയും സ്വദേശിയുടെയും ക്രൂരതകളെ ഈ നാടിന്റെ സംസ്കൃതി അതിജീവിച്ചു. ഇപ്പോഴും അതിജീവിക്കുന്നു. ദേശദേശാന്തരങ്ങളിൽ ഭാരതീയ പൈതൃകത്തിന്, ഈ മൂന്നാം സഹസ്രാബ്ദത്തിലും ആവേശകരമായ സ്വീകരണം ലഭിക്കുന്നു. കഴിഞ്ഞ തലമുറ നമ്മെ ഏൽപ്പിച്ച കെടാവിളക്ക്, അടുത്ത തലമുറയ്ക്ക് കൈമാറണം. നമ്മുടെ പൈതൃകത്തിന്റെ മഹത്വം പഠിക്കുമ്പോൾതന്നെ അതു സംരക്ഷിക്കുവാൻ നമ്മുടെ പൂർവപിതാമഹന്മാർ സഹിച്ച വേദനയും ഈ നാട് അനുഭവിച്ച ദുഃഖവും നാം അറിയണം. അതാണ് ഭാരതത്തിന്റെ ചരിത്രം. ഖിൽജിയുടേയും, ഷേർഷയുടെയും, അക്ബറിന്റെയും, മെക്കോളേയുടെയും, ഭരണപരിഷ്കാരം മാത്രമല്ല ചരിത്രം; ഷാജഹാന്റെ പ്രണയസൗധം മാത്രമല്ല ചരിത്രം; ഒന്നായിരുന്നയിരുന്ന ഇന്ത്യയെ 'ഒന്നാക്കി' എന്ന് പറഞ്ഞ് ആശ്വസിക്കുന്നതു മാത്രമല്ല ചരിത്രം. മതേതരത്വം എന്ന സാങ്കല്പികചിന്താധാരയിലെ ചില അംശത്തെ ഭയന്ന് സത്യം മൂടി വയ്ക്കുന്നത് ശാസ്ത്രീയമായ ചരിത്രമല്ല. അതുകൊണ്ട് നമ്മെ നാം അറിയുവാൻ ഈ രാഷ്ട്രം അനുഭവിച്ച വേദനയും ഹിന്ദു അനുഭവിച്ച ദുഃഖങ്ങളും പഠനവിഷയമാക്കണം. ഭാരതം ജീവിക്കേണ്ടത് ലോകജനതയുടെ ആവശ്യമാണ്. അത് ഉജ്ജ്വലമാകണം. ആ രാഷ്ട്രചൈതന്യം എല്ലായിടത്തും, എല്ലാ ഹൃദയങ്ങളിലും പ്രഭാപൂരിതമായി പ്രസരിക്കണം.

അതിന് ജഗദീശ്വരാനുഗ്രഹമുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അനുഗ്രഹാശിസുകൾ നൽകുന്ന എല്ലാ വ്യക്തികളോടും സംഘടനകളോടും സമൂഹത്തോടും ഞങ്ങളുടെ കടപ്പാട് അറിയിക്കുന്നു.

ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനു വേണ്ട സഹായം നൽകിയ **ബഹ്റിനിലെ ശ്രീ പ്രകാശ്. കെ. നായർക്കും കുടുംബാംഗങ്ങൾക്കും ഈ അവസരത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ പ്രത്യേക കൃതജ്ഞത രേഖപ്പെടുത്തുന്നു.**

**ഡോ. എൻ. ഗോപാലകൃഷ്ണൻ**
**ഡയറക്ടർ**



Scanned with CamScanner

# വിദേശാക്രമണത്തിനു മുമ്പുള്ള ഭാരതം

## ഫാഹിയാൻ ദർശിച്ച ഭാരതം

ബുദ്ധവിഹാരങ്ങൾ സന്ദർശിക്കുന്നതിനും ബുദ്ധസാഹിത്യങ്ങൾ ക്രോഡീകരിക്കുന്നതിനുമായി ഭാരതത്തിലെത്തിയ ഫാഹിയാൻ ദർശിച്ച ഭാരതം എപ്രകാരമുണ്ടായിരുന്നു എന്നറിയുന്നത് ഓരോ ഭാരതീയനും അഭിമാനാർഹമായിരിക്കുമെന്ന് തോന്നുന്നു. ഫാഹിയാൻ ഭാരതം സന്ദർശിച്ചത് ചന്ദ്രഗുപ്തൻ രണ്ടാമന്റെ ഭരണകാലത്തായിരുന്നു. ഗുപ്തവംശത്തിലെ ഭാരതമാണ് ഫാഹിയാൻ വിവരിക്കുന്നത്. "അസംഖ്യം ഭാരതീയരെ എവിടേയും കാണാമായിരുന്നു. അവർ അത്യധികം സന്തുഷ്ടരായിരുന്നു. അവർ ഒരു സ്ഥലത്തും തങ്ങളുടെ സമ്പത്ത് രേഖപ്പെടുത്തേണ്ടതായിട്ടുണ്ടായിരുന്നില്ല. നിയമപാലകന്റെ മുമ്പിൽ പോകേണ്ട ആവശ്യം അവർക്കില്ലായിരുന്നു. സർക്കാർ ഭൂമിയിൽ കൃഷി ചെയ്യുന്നവർ മാത്രം അതിലൊരു ഭാഗം ഖജനാവിലടക്കണമെന്നായിരുന്നു നിയമം. അവർക്കെവിടെ വേണമെങ്കിലും പോകാം. എവിടെയെങ്കിലും വസിക്കണമെങ്കിൽ വസിക്കാം കഠിനമായ ശിക്ഷയോ പിഴയോ ഇല്ലാതെ, രാജാവ് രാജ്യം ഭരിക്കുന്നു. കുറ്റം ചെയ്യുന്ന ചുറ്റുപാടുകൾക്കനുസൃതമായിട്ടായിരുന്നു കുറ്റവാളികൾക്ക് ലഘുവോ കഠിനമോ ആയ ശിക്ഷ വിധിക്കുക. പിഴ ചുമത്തുക എന്നതാണ് സാധാരണയായ ശിക്ഷ. നിരന്തരം കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്ക് പല മുന്നറിയിപ്പു നൽകി കഴിഞ്ഞതിനുശേഷം, വലത്തേ കൈ ഛേദിക്കുക എന്നതായിരുന്നു ശിക്ഷ. രാജധാനിയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും പ്രത്യേകം നിരക്കിൽ വേതനം നൽകിയിരുന്നു. ഈ രാജ്യത്തൊരിടത്തും മൃഗങ്ങളെ വധിക്കുകയോ, ലഹരിപാനീയങ്ങൾ കഴിക്കുകയോ, ഉള്ളിയും വെളുത്തുള്ളിയും കഴിക്കുകയോ ചെയ്യുന്നവരെ കാണാനില്ലായിരുന്നു. ചണ്ഡാലന്മാരിൽ ചിലർ മാത്രം ഇതിനു വിപരീതമായി ചെയ്തിരുന്നു. ക്രയവിക്രയങ്ങൾക്ക് ജനങ്ങൾ കൗഡിനാണയങ്ങളാണ് ഉപയോഗിച്ചിരുന്നത്. രാജാവിന്റെയും ധനാഢ്യന്മാരുടേയും, വൃദ്ധന്മാരുടേയും ധർമ്മമായിരുന്നു ക്ഷേത്രങ്ങൾ പണിയുക. ഭൂമി, വീടുകൾ, പൂന്തോട്ടങ്ങൾ, കന്നുകാലികൾ, കൃഷിയിടങ്ങൾ എന്നിവ ദാനം ചെയ്യുക എന്നത്. കരം പിരിക്കലിലൂടെയായിരുന്നു രാജ്യത്തിന്റെ സമ്പത്ത് വർദ്ധിപ്പിച്ചിരുന്നത്. ജനങ്ങളുടെ മേൽ രാജാവ് ചുമത്തിയിരുന്ന കരം വളരെ തുഛമായിരുന്നു.

സാമൂഹികമായി ജനങ്ങൾ വളരെ സമ്പന്നരായിരുന്നു, ധാർമ്മിക ബോധവും കലാബോധവും, വിദ്യാഭ്യാസ അഭിരുചിയും, സാഹിത്യവാസനയുമുള്ളവർ വളരെയധികം പേരുണ്ടായിരുന്നു. പരസ്പരം അനുകമ്പയുള്ളവരും ഏതവസരത്തിലും സഹായഹസ്തം കൊടുക്കുന്നവരുമായിരുന്നു ജനങ്ങൾ. മാനുഷിക മൂല്യങ്ങൾക്ക് പരമാവധി വില കൽപിക്കുന്നവരുമായിരുന്നു ഇവിടത്തെ മനുഷ്യർ.



Scanned with CamScanner

"ധനികർ സ്വന്തമായി ധർമ്മാശുപത്രികൾ സ്ഥാപിച്ചിരുന്നു. ഇവിടെ വരുന്ന പാവപ്പെട്ടവർക്കും, വിധവകൾക്കും, അനാഥർക്കും, രോഗികൾക്കും, അംഗഹീനർക്കും എല്ലാ സഹായവും ധനികരാണ് നൽകിയിരുന്നത്. അവരുടെ ആവശ്യത്തിന് ഭക്ഷണവും, ഔഷധവും, ചികിത്സയും നൽകിയിരുന്നതും ധനികരുടെ കർത്തവ്യം തന്നെ! രോഗികളെ ഏറെ സാന്ത്വനപ്പെടുത്തുന്ന രീതിയും രോഗം ഭേദമായാൽ അവിടം വിട്ടുപോകുക എന്നതുമായിരുന്നു പതിവ്. മത്സ്യബന്ധനത്തിലേർപ്പെടുന്നവരും, നായാടികളും, മൃഗങ്ങളെ അറുക്കുന്നവരും ചണ്ഡാലന്മാരായി സമൂഹം കണ്ടിരുന്നു. അവർക്ക് പ്രത്യേകമായി കവാടങ്ങളുണ്ടായിരുന്നു. അവരെ ജനങ്ങൾ സ്പർശിച്ചിരുന്നില്ല".

"രാജ്യത്തെവിടേയും അതിഥികളായി ദേശവിദേശങ്ങളിൽ നിന്നു വരുന്നവർക്ക് സൗകര്യങ്ങളും നൽകിയിരുന്നു. ഭക്ഷണം, കിടക്ക, വസ്ത്രം ഇവ ലഭ്യമാകുന്ന അതിഥിമന്ദിരങ്ങൾ ധാരാളമുണ്ടായിരുന്നു". കുലീന കുടുംബാംഗങ്ങൾ സംഭാവന സ്വീകരിച്ച് സന്യാസിമാർക്ക് നൽകുകയും ആശ്രമങ്ങളെ സംരക്ഷിക്കുകയുമായിരന്നു പതിവ്. സന്യാസിമാരുടെ വാർഷിക ചാതുർമാസ്യസാധനാ തപസ്സിനുശേഷം അവർക്ക് ആവശ്യമായതെല്ലാം സംഭാവനയായി നൽകിയിരുന്നു. "ബുദ്ധന്റെ കാലം മുതൽക്കു തന്നെ രാജാക്കന്മാരും, ധനികരും, ശ്രേഷ്ഠ കുടുംബത്തിൽ പിറന്നവരും സന്യാസിമാർക്ക് വിഹാരങ്ങൾ പണിതും വീട്, പൂന്തോട്ടം, സഹായികൾ, വളർത്തുമൃഗങ്ങൾ എന്നിവ ദാനം ചെയ്തും സഹായിച്ചിരുന്നു. ചെമ്പുഫലകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയായിരുന്നു ആശ്രമങ്ങൾക്ക് ഭൂമി ദാനം ചെയ്തിരുന്നത്. ഇത് തലമുറകൾ കൈമാറിയുമിരുന്നു. വിഹാരങ്ങളിൽ വസിക്കുന്ന സന്യാസിമാർ വേദമന്ത്രങ്ങളും ധർമ്മശാസ്ത്രങ്ങളും പഠിച്ചും പഠിപ്പിച്ചും, ജനങ്ങളേയും മൃഗങ്ങളെയും ശുശ്രൂഷിച്ചും സഹായിച്ചും ധ്യാനിച്ചും ജീവിതം നയിച്ചിരുന്നു".

അതിഥിയായി ആശ്രമങ്ങളിൽ അപരിചിതർ വന്നാൽപോലും ആശ്രമ മുഖ്യൻ അതിഥിയുടെ എല്ലാ ദ്രവ്യങ്ങളും സ്വയം വഹിച്ചുകൊണ്ട് അതിഥി മന്ദിരത്തിലെത്തിക്കുകയും അതിഥിയുടെ കാൽകഴുകുവാൻ വേണ്ടതു ചെയ്യുകയുമാണ് പതിവ്. പ്രത്യേകമായി തയ്യാറാക്കിയ ഭക്ഷണവും വിശ്രമവും കഴിഞ്ഞതിനുശേഷം അതിഥിയുടെ വിവരങ്ങൾ അന്വേഷിക്കുക എന്നതായിരുന്നു ആചാരം. സന്യാസ/ഗൃഹസ്ഥ ആശ്രമത്തിലെ നിലവാരമനുസരിച്ച് (grade) അതിഥി മന്ദിരത്തിൽ, വ്യത്യസ്ത നിലവാരത്തിലുള്ള സൗകര്യങ്ങൾ അതിഥികൾക്ക് ലഭ്യമാക്കുന്നു.

ആശ്രമം സന്ദർശിക്കുന്ന ശ്രേഷ്ഠന്മാർ ആശ്രമത്തിന്റെ പുരോഗതിക്ക് സാമ്പത്തികസഹായം ചെയ്യുകയും അവിടെ വരുന്ന പുരോഹിതന്മാർ ധർമ്മ പഠനക്ലാസെടുക്കകയും പതിവായിരുന്നു. പഠിപ്പിക്കുന്നവർക്ക് അർഹമായ



Scanned with CamScanner

ദക്ഷിണ സമ്പത്തായും വിഭവങ്ങളായും ആശ്രമത്തിൽ നിന്ന് മുഖ്യസന്യാസിയാണ് നൽകുക. ബുദ്ധഭഗവാൻ ദിവംഗതനായതിനു ശേഷവും അതേ ആത്മീയ പൗരോഹിത്യ നിയമങ്ങൾ ഇവിടെ അൽപംപോലും വ്യത്യാസമില്ലാതെ പരിപാലിച്ചു പോരുന്നുണ്ട്".

പാടലീപുത്രത്തിൽ മൂന്നുവർഷം സംസ്കൃതം പഠിച്ച് അവിടത്തെയും എല്ലാ സമീപപ്രദേശങ്ങളിലെയും വിവരങ്ങൾ ശേഖരിച്ച ഫാഹിയാൻ ഇപ്രകാരം തുടരുന്നു. " പാടലീപുത്രത്തിലെ കാഴ്ചകൾ കണ്ട് അത്ഭുതത്തോടെ ചിന്തിച്ചു. ഇത്തരം സൗധങ്ങൾ മനുഷ്യന് നിർമ്മിക്കുവാൻ സാധ്യമാണോ? ഇവിടെയുള്ള ക്ഷേത്രങ്ങളും കൊട്ടാരങ്ങളും മറ്റു വൻ സൗധങ്ങളും ഭൂതപ്രേതാദികളോ ഇന്ദ്രജാലക്കാരോ പണിതതുപോലെ തോന്നുന്നു. മനുഷ്യ ഹസ്തങ്ങൾകൊണ്ട് ഇത്രയും കമനീയമായ കൊട്ടാരങ്ങൾ നിർമ്മിക്കുവാൻ സാധ്യമാണോ എന്ന് സംശയം തോന്നുന്നു. പാടലീപുത്രത്തിലെ ജനങ്ങൾ സമ്പത്സമൃദ്ധിയുടെ പരമകാഷ്ഠയിലായിരുന്നു. അവർ ദാനശീലരായിരുന്നു. പരസ്പരം സഹായിക്കാൻ സദാസന്നദ്ധരായിരുന്നു. ഇവിടത്തെ അതി പ്രസിദ്ധവും വിസ്തൃതവുമായ ധർമ്മാശുപത്രി ധന്യാത്മാക്കളുടെ സംഭാവനയായി പണിതതാണ്". ചരിത്രകാരൻ സമിത്, ഫാഹിയാന്റെ ലേഖനത്തെ അധികരിച്ച് ഈ ആശുപത്രിയെക്കുറിച്ച് ഇപ്രകാരം എഴുതി. "ഒരു പക്ഷേ അന്നത്തെക്കാലത്ത് ലോകത്തിലെ ഏറ്റവും വിസ്തൃതവും മനോഹരവുമായ ആശുപത്രി ഇതായിരുന്നിരിക്കാം".

വിദേശാക്രമണത്തിന് മുമ്പുള്ള ഗുപ്തകാലത്തിലെ നൂറ്റാണ്ടുകൾ നീണ്ടു നിന്ന ചരിത്ര വിവരണം ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ; ഭാരതത്തിൽ കൂട്ടു കുടുംബസമ്പ്രദായമാണ് നിലനിന്നിരുന്നത്. സഹോദരന്മാരാണ് കുടുംബത്തിന്റെ നേതൃത്വം, പിതൃമരണശേഷം, എടുക്കുന്നത്. രാജാവും ധനികരും ശ്രേഷ്ഠമായ വേഷവിധാനം ഉത്സവവേളകളിൽ സ്വീകരിക്കുമെങ്കിലും സാധാരണയായി വസ്ത്രവും ഷാളും, പുരുഷന്മാരും സാരിയും ബ്ലൗസും, സ്ത്രീകളും ഉടുത്തിരുന്നു. പരുത്തി, സിൽക്, കമ്പിളി ഇവയുടെ വസ്ത്രങ്ങളായിരുന്നു ഇവയെല്ലാം. എല്ലാ സ്ത്രീകളും ധാരാളം ആഭരണങ്ങൾ അണിയുമായിരുന്നു. പൊതുവേ നിലനിന്നിരുന്ന ഭക്ഷണസമ്പ്രദായം സസ്യാഹാരമാണ്. മത്സ്യമാംസാദികൾ ഉപയോഗിക്കുന്നതിൽ നിരോധനമില്ലായിരുന്നുവെങ്കിലും സാർവത്രികമായിരുന്നു സസ്യാഹാരം. കാളിദാസന്റെ അഭിജ്ഞാന ശാകുന്തളം, രഘുവംശം, മൃച്ഛകടികം എന്നിവയുടെ നാടകം, കഥാലാപനം, വേട്ടയാടൽ, ഉത്സവാഘോഷം, മതപരമായ ചടങ്ങുകൾ, രഥയാത്രകൾ, എന്നിവ അത്യുൽസാഹത്തോടെ നടത്തുന്നതായിരുന്നു ജനങ്ങളുടെ വലിയ വിനോദം. വിനോദവേളയിൽ ആയിരങ്ങൾ പങ്കെടുക്കുമായിരുന്നു.



Scanned with CamScanner

എല്ലാ വീക്ഷണങ്ങളേയും വിശ്വാസങ്ങളേയും ഒരേപോലെ ആദരിച്ചിരുന്ന ഇവിടത്തുകാർ, ശൈവ-വൈഷ്ണവ-ചാർവാക (നിരീശ്വരവാദ) മഹായാന-ഹീനയാന-വൈദീകമതദർശനങ്ങളിലൂടെ പരസ്പരം സഹവർത്തിച്ചിരുന്നു. ധാരാളം ക്ഷേത്രങ്ങളും ബുദ്ധ ജൈനവിഹാരങ്ങളും പരസ്പരം സഹകരിച്ചു. നളന്ദയും തക്ഷശിലയും പ്രവേശന പരീക്ഷ നടത്തി ദേശവിദേശങ്ങളിൽ നിന്നുമാണ് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തിരുന്നത്. ബനാറസിലും, വല്ലഭിയിലും, നാസിക്കിലുമുള്ള പ്രശസ്തമായ സർവകലാശാല കളിലും ഇതേ സമ്പ്രദായമാണ് നിലനിന്നിരുന്നത്. സംഗീതം നാടകം, ഗദ്യം, വ്യാകരണം, തത്വശാസ്ത്രം, ധർമ്മം, ജ്യോതിശാസ്ത്രം, ഗണിതം, ആയുർവേദം തുടങ്ങി 60ൽ പരം വിഷയങ്ങളിൽ ധാരാളം ഗ്രന്ഥങ്ങൾ ഇവിടത്തെ പണ്ഡിതർ രചിച്ചിരുന്നു. അവ സർവകലാശാല പഠനത്തിന്റെ ഭാഗവുമാക്കിയിരുന്നു. തച്ചുശാസ്ത്രം, പെയിന്റിംഗ്, ലോഹസംസ്കരണം ഇവയെല്ലാം ഇക്കാലത്ത് ഉത്തുംഗശൃംഗത്തിലെത്തിയിരുന്നു. അജന്ത, എല്ലോറ ഇതിനുദാഹരണമാണല്ലോ.

സ്ത്രീ വിദ്യാഭ്യാസം സാർവത്രികമായിരുന്നു. ഭരണത്തിൽ സ്ത്രീകൾ പ്രധാനപ്പെട്ട പങ്കു വഹിച്ചിരുന്നു. പല വകുപ്പുകളുടെയും തലപ്പത്ത് സ്ത്രീകളായിരുന്നു. ഭരണകാര്യം അവരുടെയും നിർദ്ദേശമനുസരിച്ചായിരുന്നു നിർവ്വഹിച്ചിരുന്നത്. സമൂഹജ്ഞാനം സമഗ്രമായി ലഭിച്ചവരായിരുന്നു സ്ത്രീകൾ. സ്ത്രീകൾ തർക്കങ്ങളിൽ പങ്കെടുക്കുന്നത് സർവസാധാരണമായിരുന്നു. കലാ-കായിക-സാഹിത്യങ്ങളിൽ വിളങ്ങിയിരുന്ന അനവധി സ്ത്രീകളുണ്ടായിരുന്നു. പർദ്ദ സമ്പ്രദായം ഇല്ലായിരുന്നു. "ഗുപ്തകാലഘട്ടത്തിലെ സ്ത്രീകളെക്കുറിച്ച് ആർ. സി. മജുംദാരുടെ ചരിത്രവരികൾ "ഉന്നതകുടുംബത്തിലെ സ്ത്രീകൾ ഭരണകാര്യങ്ങളിൽ വളരെ പ്രധാനപ്പെട്ട പങ്കുവഹിച്ചിരുന്നു. ഗുപ്ത ഭരണത്തിൽ രാജ്ഞിമാർ കൈകാര്യം ചെയ്തിരുന്നത് വളരെ പ്രധാന വകുപ്പുകളാണ്. ഡക്കാനിൽ സ്ത്രീകൾ ഗവർണർമാരായും ഗ്രാമത്തലവന്മാരായും ഭരണം നടത്തിയിരുന്നു. സ്ത്രീകൾ അടങ്ങിയൊതുങ്ങി കഴിയുന്ന അബലകളാണ് എന്ന ധാരണതന്നെ ഇക്കാലത്തില്ലായിരുന്നു".

"കർമ്മത്തിന്റെ അടിസ്ഥാനത്തിൽ നാലുവർണ വ്യവസ്ഥകൾ നിലനിന്നിരുന്നു. വർണം മാറുവാൻ എല്ലാവർക്കും സ്വാതന്ത്ര്യമുണ്ടായിരുന്നു. മയൂര ശോഭൻ എന്ന പണ്ഡിതനായ ബ്രാഹ്മണൻ ക്ഷത്രിയനായിത്തീർന്നതും ചരിത്രകാരന്മാർ ഉദാഹരണമായി കാണിക്കുന്നു."

"വിവധ വർണത്തിലെ ജനങ്ങൾ ഒരുമിച്ചു വർത്തിക്കുന്നതും ഭക്ഷണ പാനീയങ്ങൾ കഴിക്കുന്നതും പ്രത്യേക സംഭവങ്ങളായിരുന്നില്ല. യജ്ഞവൽക്യ ഋഷികുലത്തിലെ ബ്രാഹ്മണർപോലും കൃഷിക്കാർ, കൂലിപ്പണിക്കാർ, ബാർബർമാർ എന്നിവരോടൊപ്പമായിരുന്നു ഭക്ഷണം കഴിച്ചിരുന്നത്.



Scanned with CamScanner

വർണമേതായാലും ഇഷ്ടമുള്ള കർമ്മമണ്ഡലം സ്വീകരിക്കുവാൻ ജനങ്ങൾക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ ചണ്ഡാലന്മാരുടെ സ്ഥിതി വളരെ മോശമായിരുന്നു."

സജാതിയിലും വ്യത്യസ്ത ജാതിയിലുമുള്ള വിവാഹം സർവ്വസാധാരണയായിരുന്നു. ഉയർന്ന വർണത്തിലെ സ്ത്രീ താഴ്ന്ന വർണത്തിലെ പുരുഷനെ വിവാഹം കഴിക്കുന്നത് അനുലോമവിവാഹവും മറിച്ചുള്ളത് പ്രതിലോമവിവാഹവും. ഗുപ്തവംശത്തിലെ രാജധാനിയിലെ ശ്രേഷ്ഠ ബ്രാഹ്മണനായിരുന്ന ചാരുദത്തൻ പ്രഭാവതിഗുപ്ത എന്ന വേശ്യയെയാണ് വിവാഹം കഴിച്ചത്. ബ്രാഹ്മണരായ വാകാടകന്മാരും കടംബന്മാരും ക്ഷത്രിയ സ്ത്രീപുരുഷന്മാരെയാണ് വിവാഹം കഴിച്ചത്. വിധവാവിവാഹം സാധാരണയായിരുന്നു. സഹോദരന്റെ മരണത്താൽ അനാഥയായ സ്ത്രീയെയാണ് ചന്ദ്രഗുപ്തൻ രണ്ടാമൻ വിവാഹം കഴിച്ചത്"

"യുദ്ധത്തടവുകാരും, കടംവീട്ടാൻ സാധിക്കാത്തവരും, ചൂതുകളിയിൽ വാതുവെച്ച് എല്ലാം നഷ്ടപ്പെട്ടവരുമാണ് അടിമപണി ചെയ്യേണ്ടി വരുന്നത്. റോമിലേയോ ഗ്രീക്കിലേയോ അടിമകളെപോലെയായിരുന്നില്ല ഭാരതത്തിൽ. അവരുടെ കടമോ, ശിക്ഷയുടെ കാലാവധിയോ കഴിഞ്ഞാൽ അവർ സ്വമേധയാൽ മോചിതരാണ്. ജനങ്ങൾ ധർമ്മ അർത്ഥകാമ മോക്ഷം എന്നീ നാലു പുരുഷാർത്ഥ സിദ്ധാന്തങ്ങളിലൂടെ സന്തുഷ്ട ജീവിതം നയിച്ചിരുന്നു. മോക്ഷമാർഗം എല്ലാ ജനഹൃദയങ്ങളിലും സ്ഥായിയായിട്ടുണ്ടായിരുന്നു. കൃഷി, വാണിജ്യം, വ്യവസായം എന്നിവ ഏറെ പുരോഗമിച്ചിരുന്നതിനാൽ രാഷ്ട്രം സമ്പദ്സമൃദ്ധമായിരുന്നു". "പുരാതന ഭാരതം" എന്ന തന്റെ പുസ്തകത്തിൽ ആർ.സി.മജുംദാർ ഇപ്രകാരം എഴുതുന്നു "എവിടെയും സമ്പത്തും സംതൃപ്തിയും ദർശിക്കുവാൻ ഫാഹിയാന് സാധിച്ചു. വ്യത്യസ്തധനാഗമ മാർഗങ്ങൾ ഗുപ്ത ഭരണകാലത്ത് എപ്രകാരമായിരുന്നു എന്നു നമുക്ക് പരിശോധിക്കാം. (മജുംദാർ തുടരുന്നു)

കൃഷി : വ്യക്തിയുടെ അധീനതയിലായിരുന്നു കൃഷിഭൂമി. സ്കന്ദഗുപ്തൻ നിർമ്മിച്ച സുദർശനതടാകത്തെപോലെ അനവധി ജലസംഭരണികൾ രാജാവ് വിവിധ സ്ഥലങ്ങളിൽ നിർമ്മിച്ചുകൊണ്ടേയിരുന്നു. ഗോതമ്പ്, ബാർളി, ചോളം, പരിപ്പ് എന്നിവ വൻതോതിൽ ഉത്പാദിപ്പിച്ചിരുന്നു. സുഗന്ധവ്യഞ്ജനങ്ങൾ, നീലം, വിവിധ പഴവർഗങ്ങൾ എന്നിവയും ഉത്പാദിപ്പിച്ചിരുന്നു.

വാണിജ്യം : കര-ജലമാർഗ്ഗങ്ങളിലൂടെ വാണിജ്യം നടന്നിരുന്നു. വലിയ റോഡുകൾ വാണിജ്യ കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചിരുന്നു. ഉജ്ജയിനി, ബ്രോച്ച്, ബനാറസ്, വൈശാലി, ഗയ, പ്രയാഗ, പാടലീപുത്രം, മഥുര ഇവയായിരുന്നു ഏറ്റവും വലിയ വാണിജ്യകേന്ദ്രങ്ങൾ.



Scanned with CamScanner

ബ്രോച്, കല്യാൺ, കാലബേ എന്നീ കേന്ദ്രങ്ങൾ വിദേശരാജ്യങ്ങളുമായുള്ള വാണിജ്യത്തിന്റെ സിരാകേന്ദ്രങ്ങളായി വർത്തിച്ചു. ഇക്കാലത്തായിരുന്നു ആദ്യമായി റോമിൽ നിന്ന് സ്വർണം ഭാരതത്തിലേക്കൊഴുകുവാൻ തുടങ്ങിയത്. മുത്ത്, വൈരം, തുണി, സുഗന്ധതൈലം, സുഗന്ധ വ്യഞ്ജനങ്ങൾ, ഔഷധങ്ങൾ നാളികേരം, ആനക്കൊമ്പ് എന്നിവ കയറ്റി അയക്കുകയും, ചെമ്പ്, ടിൻ, ലെഡ്, പഴവർഗ്ഗങ്ങൾ, കുതിരകൾ എന്നിവ ഇറക്കുമതി ചെയ്യുകയും വാണിജ്യത്തിന്റെ ഭാഗമായിരുന്നു.

വ്യവസായം : പരുത്തിവ്യവസായം ഏറ്റവുമധികം പുരോഗമിച്ചിരുന്നു. ദശലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതമാർഗമായിരുന്നു അത്. അപ്രകാരം തന്നെയായിരുന്നു സിൽക്വ്യവസായം. വിവിധ ഖനികളിൽ നിന്ന് ലോഹധാതു ശേഖരിക്കലും ലോഹനിഷ്കർഷണവും രാജാധികാരത്തിൻ കീഴിലുള്ള വൻ വ്യവസായമായിരുന്നു. സ്വർണാഭരണ നിർമ്മാണം മറ്റൊരു വൻ വ്യവസായമായി രാജ്യമെമ്പാടും നിലനിന്നിരുന്നു. വ്യവസായ വാണിജ്യഗിൽഡുകൾ എല്ലായിടത്തും കർമ്മ മണ്ഡലം തീർത്തു. ഗിൽഡുകളെക്കുറിച്ച് പ്രൊഫ. ദണേഡക്കരുടെ വരികൾ "ഗിൽഡ് പ്രസിഡന്റ്, കച്ചവടക്കാർ, പ്രധാനികൾ, ഗിൽഡ് സംഘങ്ങൾ, (അവരുടെ ഉത്തരവാദിത്വം) എന്നിവരുടെ ക്രമീകരണത്തെക്കുറിച്ചുള്ള വിവരണം ആധുനിക കാലഘട്ടത്തിലേതിനെ വെല്ലുന്ന ഒരു അത്ഭുത സാമ്പത്തിക പ്രതിഭാസമായിരുന്നു. സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക കാര്യങ്ങളിൽ ഈ ഗിൽഡുകളുടെ സ്വാധീനം അവർണനീയമായിരുന്നു".

ഈ ഗിൽഡുകളുടെ പ്രവർത്തനം വ്യക്തമായ നിയമാവലികൾക്കനുസരിച്ചായിരുന്നു നടന്നിരുന്നത്. പരസ്പരം സഹായ സഹകരണത്തോടെ പ്രവർത്തിക്കുവാനും അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞുതീർക്കുവാനും ഗിൽഡ് നേതൃത്വം എല്ലായിപ്പോഴും സന്നദ്ധമായിരുന്നു. ആവശ്യമെന്നു കണ്ടാൽ സ്വയം ആയുധമെടുത്ത് ഗിൽഡിനേയും രാഷ്ട്രത്തെയും സംരക്ഷിക്കാനും അവർക്കുണ്ടായിരുന്ന സംവിധാനം അത്ഭുതകരമായിരുന്നു. സാങ്കേതികവും, വിജ്ഞാനപ്രദവുമായ വിദ്യാഭ്യാസം ഗിൽഡു അംഗങ്ങൾക്ക് നൽകുന്ന ഉത്തരവാദിത്വവും അവരുടെ നേതൃത്വം (Sponsorship) ഏറ്റെടുത്തിരുന്നു.

വൻവ്യവസായികളും സാങ്കേതിക വിദഗ്ദ്ധരും പ്രത്യേകം പ്രത്യേകം ഗിൽഡുകൾ ഉണ്ടാക്കിയിരുന്നു. ഇവരിൽതന്നെ തൊഴിലാളി സംഘടനകളും പ്രതിനിധികളും വിലനിയന്ത്രണ അധികാര സമിതിയും, സാമ്പത്തിക സഹകരണത്തിനുള്ള ബാങ്കുകളും, കടം കൊടുക്കുന്നവരും, വാങ്ങിക്കുന്നവരും എല്ലാം ചേർന്നിരുന്നു. ഒരു സമഗ്രപ്രവർത്തന സംഘമായിട്ടായിരുന്നു ഈ ഗിൽഡുകളുടെ പ്രവർത്തനം.

സമ്പദ്സമൃദ്ധമായ ഈ രാജ്യത്ത് കലയും, സാഹിത്യവും സ്വമേധയാ വളർന്ന് വികസിച്ചുകൊണ്ടേയിരുന്നു. ഇപ്രകാരമൊരു സമഗ്രവികസനം



Scanned with CamScanner

ഉണ്ടായിരുന്നതിനാലാണ് ഗുപ്തകാലഘട്ടം ഭാരതത്തിന്റെ സുവർണകാല ഘട്ടമായി അറിഞ്ഞുപോരുന്നത്". ഒരു രാജ്യത്തിന്റെ ചൈതന്യം നിറഞ്ഞ കാലഘട്ടത്തെക്കുറിച്ച് ഇതിൽ കൂടുതൽ എഴുതുവാൻ സാധ്യമല്ല. ഗുപ്തകാലത്തിന്റെ ചൈതന്യം പ്രസരിക്കുന്ന നൂറ്റാണ്ടുകളിൽ (AD 100-AD 400) ചിന്താതീതമായ ഒരു ഭൂതകാലത്തിൽ ഇന്നാട്ടിൽ നിലനിന്നിരുന്നു. ഈ സമ്പദ്സമൃദ്ധി, വർദ്ധന സാമ്രാജ്യത്തിലും, ഹർഷവർദ്ധനനിലൂടെ, ഹ്യൂയാൻത്സാങ് വിവരിക്കുന്നു. അതുംകൂടി സംക്ഷിപ്തമയെങ്കിലും വായിച്ചറിയണം. ചരിത്രം പഠിക്കാനല്ല. എന്തെല്ലാം നമ്മുടെ ഭാരതത്തിന് നഷ്ടപ്പെട്ടു എന്നറിയ ണമെങ്കിൽ എന്തെല്ലാം ഇവിടെ ഉണ്ടായിരുന്നു എന്നറിയേണ്ടതല്ലേ. അത് ദേശീയരുടെയും വിദേശീയരുടെയും ലിഖിതങ്ങളിലൂടെ അറിഞ്ഞാലേ സത്യസന്ധവും ശാസ്ത്രീയവുമാവുകയുള്ളൂ. അതുകൊണ്ടു ആദ്യത്തെ അറേബ്യൻ ആക്രമം നടക്കുന്നതിനു മുമ്പ് ഭാരതത്തിന്റെ അവസ്ഥയും നമ്മളറിയണം.

## ഹ്യൂയാൻത്സാങ് ദർശിച്ച ഭാരതം

അതിസാഹസികമായ പന്ഥാവിലൂടെ, ഭക്ഷണവും വിശ്രമവുമില്ലാതെ അനേക ദിവസങ്ങൾ യാത്ര ചെയ്താണ് ഹ്യൂയാൻത്സാങ് ഭാരതത്തിലെത്തിയത്. കാശ്മീർ, പഞ്ചാബ്, മഥുര, കന്നൗജ്, പ്രയാഗ, കുഷംബി, സാരനാഥ് തുടങ്ങിയ അനവധി പ്രധാന നഗരങ്ങൾ സന്ദർശിച്ചാണ് ത്സാങ് തന്റെ 15 വർഷത്തെ ഭാരതത്തിലെ അനുഭവങ്ങളെ എഴുതിവച്ചത്. വളരെ ഏറെക്കാലം അദ്ദേഹം വസിച്ചത് ലുംബിനി, ബുദ്ധഗയ, സാരാനാഥ്, നളന്ദ എന്നിവടങ്ങളിലായിരുന്നു. ഹർഷവർദ്ധനന്റെ ഭരണകാലത്തായിരുന്നു, ഈ ചൈനീസ് സഞ്ചാരിയുടെ പര്യടനം നടന്നത്. (AD 606) വർദ്ധന സാമ്രാജ്യത്തിലെ അതിപ്രഗത്ഭനായ ഹർഷവർദ്ധനൻ സിംഹാസനാരൂഢനായത് AD 606 ലത്രെ.

ഹ്യൂയാൻത്സാങ് : "ഗുപ്തസാമ്രാജ്യത്തിന്റെ അസ്തമനത്തിനുശേഷ മുണ്ടായ ഭാരതത്തിലെ പ്രശ്നങ്ങൾ സമ്പൂർണമായും പരിഹരിച്ചാണ് അതിവിസ്തൃതമായ ഒരു സാമ്രാജ്യം ഹർഷവർദ്ധനൻ കെട്ടിപ്പടുത്തത്". ഭരണകാര്യങ്ങളിൽ ഏറ്റവും മുകളിലത്തെത്തട്ടിലായിരുന്നു രാജാവിന്റെ സ്ഥാനം. ഭരണത്തിന്റെ പരമാധികാരവും രാജാവിന്റെ കൈകളിലായിരുന്നു. ജനഹൃദയങ്ങളിൽ സ്ഥാനം കണ്ടെത്താനായിരുന്നു രാജാക്കന്മാരുടെ ആഗ്രഹം അതിനാൽ അവർ അധികാരം ദുർവിനിയോഗം ചെയ്തിരുന്നില്ല. സ്വാതന്ത്ര്യത്തിന്റെയും സത്യസന്ധതയുടെയും നിലവാരത്തിൽ ഹർഷനുതുല്യമായി ആരുമുണ്ടായിരുന്നില്ല. ഈശ്വരനുതുല്യം ബഹുമാനമായിരുന്നു ജനങ്ങൾ രാജാവിന് നൽകിയിരുന്നത്. രാജ്യം മുഴുവനും പര്യടനം നടത്തി ജനങ്ങളുടെ ജീവിത സുഖദുഃഖങ്ങൾ അടുത്തറിയുക എന്നത് രാജാവിന്റെ നിത്യകർമ്മങ്ങ



Scanned with CamScanner

ളുടെ ഭാഗമായിരുന്നു. സചിവന്മാർ, അമാത്യന്മാർ എന്നറിയപ്പെടുന്ന വിവിധ വകുപ്പ് മന്ത്രിമാർ രാജാവിനെ ഭരണകാര്യങ്ങളിൽ സഹായിച്ചിരുന്നു. രാജാവിന് ദണ്ടി എന്നും സന്ധിവിഗ്രഹകൻ എന്നും പേരായ രണ്ടു പ്രധാനമന്ത്രിമാരുണ്ടായിരുന്നു. സിംഹവാദ് ആയിരുന്നു ഹർഷന്റെ പ്രധാന സേനാപതി. ഗവർണർമാരെ "രാജസ്ഥനീയന്മാ"രെന്നും ജില്ലാ ഭരണാധികാരികളെ "വിഷയപതി" എന്നും അറിഞ്ഞിരുന്നു. പ്രാദേശിക തലവന്മാർ "ഉപരിക"ന്മാർ, ഉദ്യോഗസ്ഥന്മാർ "കുമാരമാത്യന്മാർ" ആയും അറിയപ്പെട്ടിരുന്നു.

അക്കാലത്തെ ഭരണവകുപ്പുകളും മന്ത്രിമാരും ഇപ്രകാരമായുന്നു അറിയപ്പെട്ടിരുന്നത്.

| | |
|---|---|
| മഹാസന്ധിവിഗ്രഹാധികൃത | : യുദ്ധകാര്യം രാജ്യസംരക്ഷണാധികാരി |
| മഹാബലാധികൃത | : പ്രദേശത്തിലെ സർവ്വസൈന്യാധിപൻ |
| ബലാധികൃത | : കമാണ്ടർ |
| കടുക | : ഹസ്തിസൈന്യാധിപൻ |
| പതി | : സൈന്യങ്ങളുടെ വാസസ്ഥല കാര്യദർശി |
| ചട-ഭട | : സ്ഥിരവും താൽക്കാലികവുമായ സേനാംഗങ്ങൾ |
| യമ-ചേതിസ് | : സ്ത്രീകളുടെ അപഥസഞ്ചാരം തടയുന്ന പോലീസ് അധികാരി |
| ദൂത | : അംബാസഡർ |
| രാജസ്ഥനീയ | : വിദേശകാര്യവകുപ്പ് സെക്രട്ടറി |
| കുമാരമാത്യ | : ഉപരാജാക്കന്മാരുടെ ഉപദേശി |
| ഉപരിക | : ഗവർണർ |
| വിഷ്യപതി | : ജില്ലാഭരണാധികാരി |
| ദൗസ്സധനിക | : ഗ്രാമാധികാരി |
| ഭോഗപതി | : രാജ്യസാമഗ്രികൾ കൈകാര്യം ചെയ്യുന്ന അധികാരി |
| മഹാപ്രതിഹാര | : മുഖ്യകാര്യസ്ഥൻ |
| മീമാൻസക | : ന്യായാധിപതി |
| അക്ഷപട്ടാലിക/ദ്യുതക | : രേഖകളുടെ സൂക്ഷിപ്പുകാരൻ |

ഇത്രയും ഔദ്യോഗിക പദവിയിൽ നിന്നുതന്നെ വ്യക്തമാകുന്നത്; ആധുനിക കാലഘട്ടത്തിന് സമാനമായതും ശാസ്ത്രീയമായതുമായ ഒരു ഭരണം ഒന്നരസഹസ്രാബ്ദത്തിനു മുമ്പ്തന്നെ ഭാരതത്തിലുണ്ടായിരുന്നു എന്നതാണ്. (ഇവയൊക്കെ ബ്രിട്ടീഷ്കാർ നമുക്ക് നൽകിയ സമ്മാനമാണെന്ന് ഇന്നും നമ്മെ തെറ്റദ്ധരിപ്പിച്ചും പഠിപ്പിച്ചും കൊണ്ടേയിരിക്കുന്നു.)



Scanned with CamScanner

അന്ന് രാഷ്ട്രസുരക്ഷയ്ക്കായി വലിയ സൈന്യവ്യൂഹം തന്നെയുണ്ടായിരുന്നു. ഒരു ലക്ഷത്തോളം സേനാംഗങ്ങൾ, ആറായിരം വരുന്ന ഹസ്തിവ്യൂഹം, ധീരതയും മറ്റു ഗുണങ്ങളും നോക്കി സൈന്യത്തിലേക്ക് അംഗങ്ങളെ എടുക്കുന്ന രീതി, ഇവയൊക്കെ പ്രസിദ്ധമാണ്. സുഹൃത്ത് രാജ്യങ്ങൾ എല്ലാ അവസരങ്ങളിലും പരസ്പരം സഹകരിച്ചിരുന്നു. യുദ്ധത്തിന് പ്രത്യേകം പരിശീലനം സിദ്ധിച്ച കുതിരകളെ പേർഷ്യ, അഫ്ഘാനിസ്ഥാൻ, സിന്ധ് എന്നിവടങ്ങളിൽ നിന്ന് കൊണ്ടു വന്നിരുന്നു. രഥങ്ങൾ സാധാരണയായി ഉപയോഗിക്കാറില്ല. സൈന്യം യുദ്ധകാര്യങ്ങളിൽ മാത്രം ഇടപെട്ടിരുന്നു. സുശക്തമായ പോലീസ് സംവിധാനം നിലനിന്നിരുന്നു. പോലീസ് വകുപ്പിലെ ഉത്തരവാദിത്വം നാലുതട്ടുകളിലായിട്ടായിരുന്നു. ദണ്ഡപക്ഷിക, ദണ്ഡിക, ചൗരോദ്വർണിക, യമചേതി. അവസാനവിഭാഗം കൂടുതലായും സ്ത്രീപോലീസായിരുന്നു. സുസജ്ജമായ രഹസ്യാന്വേഷണവിഭാഗം ദേശവിദേശങ്ങളിൽ സശ്രദ്ധം പ്രവർത്തിച്ചിരുന്നു.

ഭുക്തി എന്ന പേരിൽ സംസ്ഥാനങ്ങളും, വിസ(ഷ)യ എന്ന പേരിൽ ജില്ലകളും, പതക എന്ന പേരിൽ താലൂക്കുകളും, ഗ്രാമിക എന്ന പേരിൽ ഗ്രാമങ്ങളും ഭരണയന്ത്രം തിരിച്ചു. ഘോരമായ കുറ്റകൃത്യങ്ങൾക്ക് മൂക്ക്, ചെവി, കൈ ഇവയിലൊന്ന് മുറിച്ചു കളയുകയും, ലഘു കുറ്റങ്ങൾക്ക് പിഴശിക്ഷയുമായിരുന്നു ന്യായാധിപൻ വിധിക്കുന്നത്. ഭൂനികുതി, ക്രയവിക്രയ ദ്രവ്യനികുതി, പിഴശിക്ഷ, ഖനിജ്ജങ്ങളായ സ്വർണം, വെള്ളി, നിയമത്തിലൂടെ നടപ്പാക്കുന്ന സാമ്പത്തിക നികുതി ഇവയാണ് ഖജനാവിലേക്കുള്ള വരവിന്റെ അടിസ്ഥാനം. ഭൂവിഭവങ്ങളിൽ നിന്നുള്ള വരവിന്റെ ആറിലൊന്ന് നികുതിയായിരുന്നു.

എല്ലാവിഭാഗം ജനങ്ങളും വൃത്തിയായി ശരീരവും, വസ്ത്രങ്ങളും ഗൃഹവും സൂക്ഷിച്ചിരുന്നു. വ്യക്തിപരമായ ശുദ്ധി എല്ലാ ജനങ്ങളും അത്ഭുതകരമാംവിധം പാലിച്ചിരുന്നു. ശേഷിച്ച ഭക്ഷണം, തലേദിവസത്തെ ഭക്ഷണം എന്നിവ തിരസ്കരിച്ചിരുന്നു. ഉള്ളിയും, വെളുത്തുള്ളിയും പൂർണമായും വർജ്ജിച്ചിരുന്നു. സ്ത്രീകൾക്ക് പർദ്ദ സമ്പ്രദായം നിലനിന്നിരുന്നില്ല. എല്ലാ സ്ത്രീകൾക്കും വിദ്യാഭ്യാസം ലഭിച്ചിരുന്നു. വ്യത്യസ്ത വർണങ്ങൾ തമ്മിലും ഒരേ വർണത്തിലെ സഗോത്രർ തമ്മിലും വിവാഹം നടത്തിയിരുന്നില്ല. ചില സ്ത്രീകൾ ഭർത്താവിന്റെ ചിതയിൽ ചാടി സതി നടത്തിയിരുന്നു. എന്നാൽ പലപ്പോഴും സമൂഹം സ്ത്രീകളെ അതിൽ നിന്ന് പിന്തിരിപ്പിച്ചിരുന്നു. ഹർഷവർദ്ധനൻ തന്നെ നേരിട്ട് ഇപ്രകാരം സ്ത്രീകളെ പിന്തിരിപ്പിച്ചിരുന്ന സംഭവം രാജ്യസ്ത്രീ എന്ന വിധവയുടെ ഉദാഹരണം ചൂണ്ടികാണിച്ച്, ഹ്യൂയാൻത്സാങ്ങ് വിവരിക്കുന്നു. ജനങ്ങൾ സത്യസന്ധരായിരുന്നു. ചതിയും വഞ്ചനയും സമൂഹത്തിൽ ഉണ്ടായിരുന്നില്ല തന്നെ. അതിഥി സൽക്കാരം ജനങ്ങൾ ഈശ്വരീയമായി കരുതിയിരുന്നു. രാജ്യത്ത് സുഭിക്ഷതയും സമ്പത്സമൃദ്ധിയും നിറഞ്ഞിരുന്നു. കാർഷിക ഉൽപന്നങ്ങൾ



Scanned with CamScanner

സമൃദ്ധമായിരുന്നു. സിൽക്ക്, പരുത്തി, കമ്പിളി വ്യവസായം പ്രചാരത്തിലുണ്ടായിരുന്നു. ഗുപ്തഭരണകാലത്തെ ഗിൽഡുകളായിതന്നെ വാണിജ്യ വ്യവസായം വളർന്നു. എല്ലാ അഞ്ചു വർഷത്തിലും രാജാവ് സ്വന്തം സമ്പത്ത്, അനാഥർക്കും പാവപ്പെട്ടവർക്കും ആശ്രമങ്ങൾക്കും നൽകുമായിരുന്നു. കന്നൗജ്, മോങ്ഘ്യർ, മണിക്പൂർ, ഗയ, ഉജ്ജയിനി തുടങ്ങിയ സ്ഥലങ്ങളിൽ പ്രശസ്തമായ വിശ്വവിദ്യാലയങ്ങൾ, നളന്ദ കൂടാതെ പ്രവർത്തിച്ചു.

ഹർഷന്റെ കാലത്തെ നളന്ദ യൂണിവേഴ്സിറ്റിയെക്കുറിച്ച് ഡോ. മുഖർജി എഴുതി. "ബിരുദാനന്തരംബിരുദ പഠനത്തിന് ലോകത്തെമ്പാടുമുള്ള വിദ്യാർത്ഥികളെ നളന്ദവിശ്വവിദ്യാലയം ആകർഷിച്ചിരുന്നു. കൊറിയ, മംഗോളിയ, ജപ്പാൻ, തുഖറ, തിബത്ത്, സിലോൺ, ചൈന എന്നിവടങ്ങളിൽ നിന്ന് നൂറ്കണക്കിന് വിദ്യാർത്ഥികളുണ്ടായിരുന്നു".

"നളന്ദ സർവ്വകലാശാലക്ക് സ്വന്തമായി 100 ഗ്രാമങ്ങൾ രാജാവ് ദാനം ചെയ്തിരുന്നു. 10,000 വിദ്യാർത്ഥികളും 1570 അദ്ധ്യാപകരും ഇവിടെ ഉണ്ടായിരുന്നു. പ്രവേശനപരീക്ഷയെഴുതുന്നവരിൽ നിന്ന് 20ശതമാനം വിദ്യാർത്ഥികളെയാണ് പ്രതിവർഷം പഠനത്തിന് തെരെഞ്ഞെടുക്കുന്നത്. നളന്ദയിലെ വിദ്യാർത്ഥികൾ ഭാരതത്തിലെ "മോഡൽ" വിദ്യാർത്ഥികളായി അറിയപ്പെട്ടിരുന്നു. ഹർഷന്റെ കാലത്ത് ശിലാഭദ്രൻ എന്ന പണ്ഡിതനായിരുന്നു നളന്ദയിലെ വൈസ്ചാൻസലർ, അതിനുമുമ്പ് ധർമ്മപാലനും. എല്ലാ വിഷയങ്ങളും ഒരു സ്ഥലത്ത് പഠിപ്പിക്കുന്ന ലോകത്തിലെ ഒരേ ഒരു സ്ഥാപനം നളന്ദയായിരുന്നു. നളന്ദതന്നെ ഒരു ഉജ്ജ്വല ചൈതന്യമായിരുന്നു".

ഹർഷചരിതവും കാദമ്പരിയും ഇക്കാലത്തെ പ്രസിദ്ധമായ രണ്ടു രചനകളാണ്. തച്ചുശാസ്ത്രം, പെയിന്റിംഗ്, ഇവ സാഹിത്യം പോലെ വളർന്നു. ഭഗേയിലെ അഷ്ടകോണക്ഷേത്രം, സിർപൂരിലെ ലക്ഷ്മണ ക്ഷേത്രം, നളന്ദയിലെ ആശ്രമങ്ങളും ക്ഷേത്രങ്ങളും, ഇക്കാലഘട്ടത്തിലെ ലോഹകർമ്മം, പ്രിന്റിംഗ്, ചിത്രലേപനം, ദന്തകർമ്മം എന്നിവയും പ്രസിദ്ധങ്ങളായിരുന്നു. വൈദീകധർമ്മം, ശൈവധർമ്മം, വൈഷ്ണവധർമ്മം, സൂര്യോപാസന, ശക്തിഉപാസന, ബുദ്ധധർമ്മം, ജൈനധർമ്മം ഇവ പരസ്പരം സഹവർത്തിച്ചിരുന്നു. വിവിധ ധർമ്മങ്ങളുടെ 5000 ആശ്രമങ്ങൾ സന്ദർശിക്കുകയും രണ്ടുലക്ഷം സന്യാസിമാരെ, ഹ്യൂയാൻത്സാങ്, കാണുകയും ചെയ്തിരുന്നു. ഹൈന്ദവ ദേവാലയങ്ങളോട് ചേർന്ന ആശ്രമങ്ങളിൽ ബുദ്ധമതക്കാരായ ഭാരതീയരും ചൈനാക്കാരും ഒരുമിച്ചു വസിക്കുകയും പതിവായിരുന്നു. അപ്രകാരം ഹൈന്ദവബുദ്ധ ക്ഷേത്രാശ്രമങ്ങളിലാണ് ത്സാങ് യാത്രാവേളയിൽ താമസിച്ചിരുന്നത്.

ഗുപ്തവംശത്തെപോലെയും വർദ്ധനവംശത്തെപോലെയുമുള്ള വംശത്തിലെ ചക്രവർത്തിമാരായിരുന്നു ഭാരതമെമ്പാടുമുള്ള നാട്ടുരാജ്യങ്ങൾ



Scanned with CamScanner

ഭരിച്ചിരുന്നത്. അവ സമ്പത്സമൃദ്ധമായരുന്നു. എന്നറിയണമെങ്കിൽ, വിദേശാക്രമണകാലത്ത് തുർക്കികളും, അഫ്ഘാൻകാരും, പേർഷ്യാക്കാരും അറബികളും, ഇംഗ്ലീഷ്കാരും ഇവിടെനിന്നും കൊള്ളയടിച്ചുകൊണ്ടുപോയ വിഭവങ്ങൾ എത്രയായിരുന്നു എന്നു പരിശോധിച്ചാൽ മതിയാകും. എല്ലാ ദേശത്തിലേയും ചരിത്രമെഴുതുക അസാദ്ധ്യം. ആദ്യം സൂചിപ്പിച്ചതുപോലെ ചരിത്രലേഖനമെഴുതുക എന്ന ലക്ഷ്യത്തോടെയല്ല ഇത്രയും ഭാഗങ്ങൾ എഴുതിയത്. നമ്മുടെ ദേശം ഒന്നര സഹസ്രാബ്ദത്തിനു മുമ്പ് എങ്ങിനെ ഉണ്ടായിരുന്നു, ഇവിടെ എന്തെല്ലാം ഉണ്ടായിരുന്നു, എന്ന് ഒരു സംക്ഷിപ്തം അറിയിക്കുക മാത്രമായിരുന്നു ഇത്രയും വരികളുടെ ഉദ്ദേശം.

## ചൈതന്യവത്തായ ഭാരതം കൊള്ളചെയ്യപ്പെടുന്നു ........

പുരാതന ഭാരതം ശിഥിലമായിരുന്നില്ല, ശക്തമായിരുന്നു. ചൈതന്യവത്തായിരുന്നു. സമ്പദ്സമൃദ്ധിയുടെയും, കലാശാസ്ത്ര സാഹിത്യരചനകളുടേയും രാജധാനികളായിരുന്നു. ധാർമ്മിക മൂല്യവും സാംസ്കാരിക ഐക്യവും നാട്ടുരാജ്യങ്ങൾ തമ്മിൽ നിലനിന്നിരുന്നു. ജനങ്ങൾ തമ്മിൽ രാജനൈതിക വിഷയങ്ങളുടെ അടിസ്ഥാനത്തിൽ വിരുദ്ധചേരിയിൽ നിന്നിരുന്നില്ല. ഒരു പക്ഷേ രാജാക്കന്മാർ തമ്മിൽ വൈരം നിലനിന്നിരിക്കാം. പരസ്പരം നിസ്സഹകരണം ഉണ്ടായിരുന്നിരിക്കാം. ജനങ്ങൾ, തീർത്ഥയാത്രയായും, വാണിജ്യ-വ്യവസായ-കാർഷിക ആവശ്യത്തിനായും ദേശദേശാന്തരങ്ങൾ താണ്ടി പോയിക്കൊണ്ടേയിരുന്നു. ഈ വേളയിലാണ് ആദ്യത്തെ സംഘടിതമായ വിദേശാക്രമണപരമ്പര അറബികളിൽ നിന്നാരംഭിക്കുന്നത്.

അമർഖലീഫയുടെ കാലത്ത് (636–637 AD) ആദ്യത്തെ നാവിക ആക്രമണം ബോംബേക്കടുത്തുള്ള താനയെ ലക്ഷ്യമാക്കി നടന്നു. 644 AD യിൽ സിന്ധിന്റെ പടിഞ്ഞാറു ഭാഗത്തേക്കും ആക്രമണം നടന്നു. അബ്ദുള്ള ബിൻഅമറുടെ നേതൃത്വത്തിൽ നടന്ന രണ്ടാം ആക്രമണത്തിൽ ഭാരതീയനാട്ടുരാജ്യം പരാജയപ്പെട്ടു. പരാജയത്തിന്റെ വെല്ലുവിളി ഏറ്റെടുത്ത് ശക്തി നേടിയ ഭാരതീയർ, അൽഹാരിസിന്റെ നേതൃത്വത്തിൽ 659 AD യിൽ വീണ്ടും നടന്ന ആക്രമണത്തെ, പരാജയപ്പെടുത്തി. അൽഹാരിസിനേയും, അബ്ദുള്ളയേയും ഭാരതീയർ സിന്ധിൽ വച്ചുതന്നെ വധിച്ചു. 711 ADയിൽ ഖലീഫ, ഉബൈദുള്ളയുടെ നേതൃത്വത്തിൽ വന്ന വിദേശി സൈന്യത്തേയും, ബുധൈലിന്റെ നേതൃത്വത്തിൽ 712 ADയിൽ വന്നവരേയും ഭാരതീയർ പരാജയപ്പെടുത്തി.

പിന്നീട് അറായിരത്തോളം വരുന്ന സിറിയൻ അശ്വസൈന്യത്തോടും, അത്രതന്നെയുള്ള കലാൾപ്പടയോടും, മൂവായിരം ഒട്ടകപടയോടും കൂടി മുഹമ്മദ് ബിൻ കാസിം (712AD) ഭാരതത്തിലേക്ക് പ്രവേശിച്ചു. മറ്റൊരു വിദേശാക്രമിയുടെ നേതൃത്വത്തിൽ 10,000ത്തോളം വരുന്ന സൈന്യവും കാസിമിന്റെ കൂടെ ചേർന്നു.



Scanned with CamScanner

ആകെയുള്ള വിദേശ സൈന്യത്തിന്റെ സംഖ്യാബലം 50,000ത്തോളമെത്തിയിരുന്നതിനാൽ ഭാരതത്തിന് പരാജയം ഏറ്റുവാങ്ങേണ്ടിവന്നു. കാസിമിന്റെ നേതൃത്വത്തിൽ ഭാരതമണ്ണിൽ 712 ADയിൽ പതിനായിരക്കണക്കിന് ഹിന്ദു-ബുദ്ധ മതക്കാരുടെ കൂട്ടക്കൊല ദേബൽ എന്ന സ്ഥലത്തുവച്ച് നടന്നു. "ഒന്നുകിൽ ഇസ്ലാം മതം സ്വീകരിക്കുക അല്ലെങ്കിൽ മരിക്കുക" ഇതായിരുന്നു കാസിമിന്റെ ഭാരതീയരോടുള്ള ആജ്ഞ. ഈ ആക്രമണത്തെക്കുറിച്ച് ഡോ. എ. എൽ. ശ്രീവാസ്തവയുടെ വിവരണം : "മൂന്നു ദിവസത്തോളം നരഹത്യ തുടർന്നു. പതിനേഴ് വയസിന് മുകളിൽ പ്രായമുള്ള എല്ലാ ഹിന്ദു പുരുഷന്മാരും വധിക്കപ്പെട്ടു. അവരുടെ ഭാര്യമാരും കുഞ്ഞുങ്ങളും അടിമകളാക്കപ്പെട്ടു. ക്ഷേത്രങ്ങൾ തകർത്ത് അവിടെ പള്ളികൾ നിർമ്മിക്കപ്പെട്ടു".

700 ഹിന്ദു യുവതികളെ കാസിം സ്വന്തം ആവശ്യത്തിനുപയോഗിച്ചു. കൊള്ള ചെയ്ത സമ്പത്തും നൂറുകണക്കിന് യുവതികളേയും ഹജ്ജാജിലെ പട്ടാളക്കാർക്ക് കാസിം വിതരണം ചെയ്തു.

"രാജാദാഹിറിന്റെ കുടുംബത്തേയും സേനകളേയും ഇസ്ലാമിലേക്ക് മതപരിവർത്തനം ചെയ്തു. മതപരിവർത്തനത്തിന് വിസമ്മതിച്ചവരെ വധിച്ചു. ക്ഷേത്രങ്ങൾ തകർത്ത് പണിത പള്ളികളിൽ വിഗ്രഹങ്ങൾ മാറ്റി വെള്ളിയാഴ്ച പ്രാർത്ഥനകൾ തുടങ്ങി. കൃത്യ സമയങ്ങളിൽ ഇവിടെ നിസ്കാരം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാത-സായം സന്ധ്യകളിൽ തക്ബീർ മുഴങ്ങുന്നുണ്ട്" മുഹമ്മദ്ബിൻ കാസിം ഹജ്ജാജിന് എഴുതിയ കത്തിൽ നിന്നാണീവരികൾ.

ബുദ്ധമതാനുയായികളുടെ ഭരണത്തിലുണ്ടായിരുന്ന സമീപപ്രദേശമായ നേരുണിലെ ഭരണാധികാരികൾ "ഞങ്ങളുടെ വിശ്വാസം അഹിംസയാണ്; സമാധാനമാണ് ഞങ്ങളുടെ ലക്ഷ്യം, യുദ്ധവും നരഹത്യയും ഞങ്ങളുടെ അംഗീകൃതമാർഗമല്ല" എന്നു പറഞ്ഞ് കീഴടങ്ങി. അവരെ കാസിം നിഷ്കരുണം വധിച്ചു. നേരുണിൽ നിന്ന് അറേബ്യൻപട ഷേവനിലേക്കും അവിടെനിന്നും സിസമിലേക്കും പ്രവേശിച്ചപ്പോൾ അറുത്തു വീഴ്ത്തിയ തലകൾ ജാട്ടുവർഗത്തിൽപ്പെട്ട ഹിന്ദുക്കളുടേതായിരുന്നു.

അറേബ്യൻ സൈന്യം 712 AD ജൂൺ 12ന് റാവറിൽ പ്രവേശിച്ചു. ഭാരതസൈന്യം ശക്തമായ പ്രതിരോധനിര സൃഷ്ടിച്ചുവെങ്കിലും ജൂൺ 20ന് രാജാവ് ദാഹിർ വധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വിധവ റാണിബായിയുടെ നേതൃത്വത്തിൽ നടന്ന യുദ്ധവും വിജയം കണ്ടില്ല. ചാരിത്രസംരക്ഷണത്തിന് റാണിബായിയും പതിനായിരത്തിലധികം സ്ത്രീകളും കോട്ടക്കയ്ക്കത്ത് സ്വയം അഗ്നിയിൽ ഹോമിച്ച് "ജൗഹർ" മരണം വരിച്ചു. റാവറിൽ നിന്നും കാസിമിന്റെ നേതൃത്വത്തിൽ അറേബ്യൻ സൈന്യം ബ്രാഹ്മണാബാദിലേക്ക് നീങ്ങി. കാസിമിനെതിരെ ജയസിംഹിന്റെ നേതൃത്വത്തിൽ പൊരുതിയ 20,000 ഹിന്ദുക്കൾ



Scanned with CamScanner

വധിക്കപ്പെട്ടു. രജപുത്രിമാരായ സൂര്യദേവിയേയും പർമൾദേവിയേയും അറേബ്യയിലെ ഖലീഫക്ക് കാഴ്ചവസ്തുവായി സമർപ്പിക്കപ്പെട്ടു. ഖലീഫയുടെ ഒരു രാത്രിക്കുവേണ്ടിയായിരുന്നു അത്. പിന്നീട് സൂര്യദേവിയേയും പിരിമൾദേവിയേയും കുതിരയുടെ വാലിൽ കെട്ടി മരിക്കുന്നതുവരെ നിലത്തിൽ വലിച്ചിഴക്കുകയായിരുന്നു ചെയ്തത്.

മുൾട്ടാനിലേക്ക് പ്രവേശിച്ച കാസിം (713 AD) ദാഹജലസ്രോതസ് തടസപ്പെടുത്തിയതിനുശേഷം നഗരത്തെ ആക്രമിച്ചു. ദാഹിച്ചുവലഞ്ഞു തളർന്നവരുടെ ഒരു നരമേധം നടത്തി. "സ്വർണ്ണത്തിന്റെ നഗരം" എന്നറിയപ്പെടുന്ന ഈ നഗരത്തിൽ നിന്ന് ലഭ്യമായ മഞ്ഞലോഹത്തിന്റെ അളവ് എത്രയെന്ന് തൂക്കിനോക്കുവാൻ സാധ്യമല്ലായിരുന്നുവത്രെ.

പൊതുസ്ഥലങ്ങളിൽ ഹൈന്ദവ ആരാധനാക്രമങ്ങൾ അനുശാസിക്കുന്നത് കാസിം നിരോധിച്ചു. ഇക്കാലഘട്ടത്തിലും ഹിന്ദുക്കൾ ജസിയ എന്ന ധർമ്മനികുതി നൽകേണ്ടിവന്നു. നികുതി നൽകാൻ വിസമ്മതിച്ച ഹിന്ദുക്കൾക്ക് രണ്ട് മാർഗമേ സ്വീകരിക്കുവാനുണ്ടായിരുന്നുള്ളു. ഒന്നുകിൽ ഒരു മുസൽമാനാകുക അല്ലെങ്കിൽ മരണം വരിക്കുക.

ഇത്രയും ക്രൂരമായ ആക്രമണം നേരിടേണ്ടിവന്നിട്ടും തളരാത്ത ഹിന്ദുക്കളെ കണ്ട് സംസാരിച്ച അൽബിറൂനി ഇപ്രകാരം എഴുതി. "സ്വന്തം രാഷ്ട്രത്തെ പോലെ ഒരു രാഷ്ട്രമില്ലെന്നും സ്വന്തം രാജാവിനെപോലൊരു രാജാവില്ലെന്നും സ്വന്തം ധർമ്മത്തെപോലെ ഒരു ധർമ്മം ഇല്ലെന്നും, സ്വന്തം ശാസ്ത്രത്തെപോലെ മറ്റൊരു ശാസ്ത്രമില്ലെന്നും ഹിന്ദുക്കൾ എന്നും അഭിമാനിച്ചിരുന്നു".

അറേബ്യക്കാരിൽ നിന്നുമുള്ള ഈ ഊഴം കഴിഞ്ഞ് ഭാരതീയർക്ക് നേരിടേണ്ടിവന്നത് തുർക്കികളെയായിരുന്നു. തുർക്കി (ടർക്ക്)ക്കാരനും കുപ്രസിദ്ധ യോദ്ധാവുമായ സുബുത്ക്ഗിൻ (994 AD) ഭാരതം ആക്രമിച്ചു. സമ്പദ്സമൃദ്ധമായ ഉത്തരഭാരതത്തിലെ ഷാഹി വംശത്തിലെ രാജാ ജയപാലൻ സുബുത്ക്ഗിനെ നേരിട്ടു. ലാംഗാനിൽ തുർക്കികളും ഹിന്ദുക്കളും ഏറ്റുമുട്ടി. രക്തപുഴ ഒഴുക്കി ഹിന്ദുക്കൾ മൃത്യുവരിച്ചു. ജയപാലൻ കീഴടങ്ങി സന്ധിക്കപേക്ഷിച്ചു. "ഈശ്വരാരേച്ച വിഗ്രഹാരാധകരെ ഉന്മൂലനം ചെയ്യലാണെന്ന" പുത്രന്റെ ഉപദേശം സ്വീകരിച്ച സുബുത്ക്ഗിൻ മരണം വരെ യുദ്ധം ചെയ്യുവാൻ ജയപാലനെ വെല്ലുവിളിച്ചു. ജയപാലൻ സുബുദ്ക്ഗിന് ഇപ്രകാരം എഴുതി. "താങ്കൾ ദർശിച്ചതുപോലെ അധർമ്മത്തിനെതിരെ ഹിന്ദുക്കൾ എന്നും പൊരുതിയിരുന്നു. അവർക്ക് മരണം ഒരു പ്രശ്നമേയല്ല. ഈ രാഷ്ട്രത്തിലെ സമ്പത്തും, ആനകളും, അടിമകളാക്കുവാൻ മനുഷ്യരേയുമാണ് ഇനിയും താങ്കൾ ലക്ഷ്യമിടുന്നത് എങ്കിൽ, ഞങ്ങൾക്കിനി അവശേഷിക്കുന്ന മാർഗ്ഗം ഇതുമാത്രമാണ്. "ഞങ്ങൾതന്നെ ദൃഢനിശ്ചയത്തോടെ ഞങ്ങളുടെ തന്നെ എല്ലാ സമ്പത്തും നശിപ്പിക്കും,



Scanned with CamScanner

ങ്ങളുടെ ആനകളുടെ കണ്ണുകൾ ചൂഴ്ന്നെടുക്കും, സ്വന്തം കുഞ്ഞുങ്ങളെ അഗ്നിയിലെറിഞ്ഞ് ദഹിപ്പിക്കും, പരസ്പരം കഴുത്തറുത്ത് ജീവിതം അവസാനിപ്പിക്കും. നിങ്ങൾക്കിവിടെ നിന്നും ലഭ്യമാകുന്നത് കുറെ കല്ലുകളും, ശവങ്ങളും, ചിതറിയ അസ്ഥികളും മാത്രമായിരിക്കും".

ഡൽഹി, അജ്മീർ, കലിഞ്ചർ, കനൗജ് എന്നീ രാജ്യങ്ങളെ സംഘടിപ്പിച്ച് 12ലക്ഷം സൈനികരുമായി ജയപാലൻ വീണ്ടും (മാസങ്ങൾക്കകം) സുബുക്ത്ഗിനെ നേരിട്ടു. വീണ്ടും ഹിന്ദുക്കൾക്ക് പരാജയം ഏറ്റുവാങ്ങേണ്ടി വന്നു. വാളിനിരയായത് ഏതാണ്ട് 10 ലക്ഷത്തിലധികം ഹിന്ദുക്കൾ ആയിരുന്നു. ജയപാലൻ ഹൃദയഭാരത്തോടെ കീഴടങ്ങി.

സുബുക്ത്ഗിന്റെ 20 വർഷത്തെ ഭരണം സമ്പദ്സമൃദ്ധമായ ഭാരതത്തിലേക്കുള്ള വിദേശാക്രമികളുടെ ആക്രമണോൽഘാടന ദശാബ്ദങ്ങളായിരുന്നു. സുബുക്ത്ഗിനെ തുടർന്ന് അദ്ദേഹത്തിന്റെ പുത്രൻ മുഹമ്മദ്ഗസ്നി ഭാരതത്തെ 17 പ്രാവശ്യം ആക്രമിച്ചു. മുഹമ്മദ് ഗസ്നി തന്റെ 20-ാംമത്തെ വയസ്സിലാണ് (1000 ADയിൽ) ആദ്യ ആക്രമണം അഴിച്ചുവിട്ടത്. പതിനായിരം വരുന്ന കുതിരപ്പടയുടേയും അത്രയും കാലാൾപടയുടേയും നേതൃത്വത്തിൽ 1001 ADയിൽ മുഹമ്മദ്ഗസ്നി ജയപാലനെ നേരിട്ടു. നവംബർ മാസം 1001ൽ, പേഷ്വാറിൽ നടന്ന ഘോരയുദ്ധത്തിൽ ഹിന്ദുക്കൾ പരാജയപ്പെട്ടു. ജയപാലനേയും കുടുംബാംഗങ്ങളേയും ഗസ്നി ചെയ്തതെന്താണെന്ന് അന്നവിടെ ഉണ്ടായിരുന്ന മുസ്ലീം ചരിത്രകാരൻ ഉത്ബി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"ജയപാലനെയും കുടുംബാംഗങ്ങളെയും കയറുകൊണ്ട് വരിഞ്ഞ്മുറുക്കി കെട്ടി സുൽത്താന്റെ മുമ്പിലെത്തിച്ചു. കുറേപ്പേരുടെ കൈകൾ പുറകോട്ട് വരിഞ്ഞ് മുറുക്കികെട്ടിയിരിക്കുന്നു. ചിലരെ കഴുത്തിൽ പിടിച്ച് വിലച്ചിഴക്കുന്നു. ചിലരെ പുറകിൽ മാരകമായ മർദ്ദിച്ച് കഴുത്തിൽ പിടിച്ച് വലിച്ചിഴക്കുന്നു......... നരകത്തിലേക്കുള്ള അവരുടെ പ്രയാണം പോലെ......"

ലഭ്യമായ സകല സമ്പത്തും മുഹമ്മദ് ഗസ്നി കൊള്ളയടിച്ചു. "മുസ്ലീമിന്റെ കൈകൊണ്ടു വധിക്കപ്പെടാതിരിക്കാൻ" അയാൾ ജയപാലനിൽ നിന്ന് രണ്ടര ലക്ഷം ദിനാർ പിടിച്ചു വാങ്ങുകയും ചെയ്തു. തിരിച്ചു വന്ന ജയപാലൻ സ്വയം അഗ്നിയിൽ ചാടി മരിച്ചു.

1004 AD യിൽ മൂന്നാം പ്രാവശ്യം ഗസ്നി ലക്ഷ്യമിട്ടത് ബട്ടിണ്ടയിലെ സമ്പത്തായിരുന്നു. ബട്ടിണ്ട രാജാവ് ബിജയ്റായിയുടെ സൈന്യത്തെ തകർത്ത് രാജ്യം കൊള്ളയടിക്കപ്പെട്ടു. ഹൈന്ദവ സഹസ്രങ്ങളുടെ തല രണഭൂമിയിൽ വീണു. ബിജയ്റായ് ആത്മഹത്യ ചെയ്തു. ഇസ്ലാമിലേക്ക് മതം മാറിയ ഹിന്ദുക്കൾ മാത്രം അവശേഷിച്ചു.



Scanned with CamScanner

1006 ADയിൽ ഗസ്നി നാലാം പ്രാവശ്യം ഭാരതമാക്രമിച്ചു. അനന്തപാലൻ എന്ന രാജാവിനെ കീഴ്പ്പെടുത്തി, മുൾട്ടാൻ ഏഴ് ദിവസം കൊണ്ട് കീഴ്പ്പെടുത്തി, 20,000 ദിർഹം കൊള്ളയടിച്ച്, ജയപാലന്റെ പൗത്രനായ സുഖ്പാലിനെ ഇസ്ലാമായി മതം മാറ്റി, പഞ്ചാബിലും മുൾട്ടാനിലും അവരോധിച്ചു. അഞ്ചാം പ്രാവശ്യം (1007AD)യിൽ ഗസ്നി ഭാരതം ആക്രമിച്ചത് ഇസ്ലാമിൽ നിന്ന് തിരിച്ച് ഹിന്ദുധർമ്മത്തിലേക്ക് മാറിയ സുഖ്പാലിനെ വധിക്കാനായിരുന്നു. ഗസ്നി ലക്ഷ്യം നേടുകയും ചെയ്തു.

ഗസ്നിയുടെ ആറാം ആക്രമത്തെ (1008 AD) ആനന്ദപാലന്റെ നേതൃത്വത്തിൽ ഉജ്ജയിനി, ഗ്വാളിയർ, കലിഞ്ജർ, അജ്മീർ, എന്നീ രാജ്യ സൈന്യങ്ങൾ ഒരുമിച്ച് എതിരിട്ടു. സൈന്യത്തിൽ ചേർന്ന എല്ലാ ഹിന്ദു പുരുഷന്മാരേയും സഹായിക്കാനായി സ്ത്രീകൾ അവരുടെ ആഭരണങ്ങൾ ഉപേക്ഷിച്ച് രാജ്യത്തിലെ സേനയെ സാമ്പത്തികമായി സഹായിച്ചു. ഈ യുദ്ധത്തെ ചരിത്രകാരൻ ഡോ. ഈശ്വരിപ്രസാദ് ഇപ്രകാരം വിവരിക്കുന്നു. "ധർമ്മത്തിന്റെയും കുലശക്തിയുടേയും, രാഷ്ട്ര പ്രേമത്തിന്റെയും, ഹിന്ദുധർമ്മ സംരക്ഷണത്തിന്റേയും ശക്തികൾ ഗസ്നിക്കെതിരെ അണിനിരന്നു. ഓരോ ഹൈന്ദവ കുടുംബവും, ഈ കാട്ടാളനെതിരെ നിരത്തിലിറങ്ങി".

പ്രൊഫ. ഹബീബ് ഇപ്രകാരം എഴുതി "ഹിന്ദുസ്ഥാനത്തിന്റെ മാനവ രാശിയെ ശത്രുവിനെതിരെ അണിനിരത്തിയ ദേശസ്നേഹത്തിന്റെ ശക്തമായ കാറ്റുവീശി, സ്ത്രീകൾ സൈന്യത്തെ പൂർണമായും സഹായിച്ചു. പുരാതന സംസകൃതിയെ മുസൽമാനിൽനിന്നും സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധമായ അന്തരീക്ഷം സർവ്വത്ര ദർശിക്കാമായിരുന്നു.". നഗ്നപാദരായ 30,000 ഖോർഖകളും രജപുത്രരും സംസ്കൃതിയെ രക്ഷിക്കുവാൻ സർവ്വതുമുപേക്ഷിച്ച് പോരാടി വിജയം സുനിശ്ചിതമായ വേളയിൽ ആനന്ദപാലന്റെ ആന വിരണ്ടോടി. രാജാവ് പാലായനം ചെയ്യുകയാണെന്ന് കരുതി ഭാരതസൈന്യം പിന്തിരിഞ്ഞോടി. ഭാരതം പരാജയപ്പെട്ടു. പിന്തിരിഞ്ഞോടിയ സൈന്യത്തെ പിന്നിൽ നിന്നാക്രമിച്ച് ഗസ്നിയുടെ സൈന്യം പതിനായിരങ്ങളെ വധിച്ചു.

1009 ADയിൽ നടന്ന ഗസ്നിയുടെ ആക്രമണത്തിൽ നാഗർകോട്ട് കോട്ട കീഴടക്കി ഏഴുലക്ഷം ദിനാർ, 700 മന്ന് സ്വർണ്ണം അത്ര തന്നെ വെള്ളി ആഭരണങ്ങൾ, 200 മന്ന് സ്വർണ്ണക്കട്ടി, 2000 മന്ന് ശുദ്ധവെള്ളി, മുത്ത്, വജ്രം, മരതകം, എന്നിവ കൊള്ളയടിച്ചു.

ഈശ്വരി പ്രസാദ് ഇപ്രകാരമെഴുതുന്നു. "ഓരോ ആക്രമണത്തിലും കീഴടക്കുന്ന രാജ്യത്തിലെ സമ്പത്ത് കൂടുതൽ കൂടുതൽ പ്രാവശ്യം ഈ നാട്ടിലേക്ക് ഗസ്നിയെ ആകർഷിച്ചു".

1010 ADയിൽ ഗസ്നി മുൾട്ടാനിലെ ലഹള അമർച്ച ചെയ്യാനെത്തി ഒരു നരമേധം നടത്തി തിരിച്ചുപോയി. 1014 ADയിൽ വീണ്ടും ഭാരതം ആക്രമിച്ച



Scanned with CamScanner

ഗസ്നിയെ ആനന്ദപാലന്റെ പുത്രൻ ത്രിലോചനൻ ശക്തമായി നേരിട്ടു. പക്ഷേ ഭാരതീയ സൈന്യം ചൊരിഞ്ഞ രക്തം നിഷ്ഫലമായി. 1022ലും ത്രിലോചനപാലിനെയും വധിച്ച്, അദ്ദേഹത്തിന്റെ പുത്രനായ ഭീമപാലിനെ 1026ൽ വധിച്ച് ഉത്തരപശ്ചിമ ഭാരതത്തിലെ പ്രമുഖ ഹിന്ദുശക്തിയെ മുഹമ്മദ്ഗസ്നി തകർത്തു.

1014 ലെ ആക്രമണത്തിൽ താനേശ്വർ നഗരത്തിൽ ഗസ്നിയെ ചെറുത്ത ഹൈന്ദവസൈന്യത്തെ തകർത്ത്, താനേശ്വരിലെ ചക്രസ്വാമി ക്ഷേത്രവിഗ്രഹം ഗസ്നിനഗരത്തിലേക്കയച്ച, അവിടത്തെ മുസ്ലീമുകൾ ഈ വിഗ്രഹം പൊതു നിരത്തിൽ തകർത്തു പൊടിയാക്കി. 1018ലെ മുഹമ്മദ് ഗസ്നിയുടെ ആക്രമണം ബുലന്ധർശഹർ ലക്ഷ്യമാക്കിയായിരുന്നു. ബുലന്ധർ ശഹർ രാജൻ, ഹർദത്തനും പതിനായിരത്തോളം വരുന്ന പ്രജകളും ഇവിടെ നിർബന്ധ മതപരിവർത്തനത്തിനു വിധേയമായി. തുടർന്ന് മുഹമ്മദ് ഗസ്നി സമ്പദ്സമൃദ്ധമായ മഥുരാനഗരം ആക്രമിച്ചു. ശക്തമായ കുലചന്ദിന്റെ പ്രത്യാക്രമണത്തെ അടിച്ചമർത്തി മഹാവൻ, വൃന്ദാവൻ, മഥുര എന്നീ രാജ്യങ്ങളും അവിടത്തെ ക്ഷേത്രങ്ങളും കൊള്ളയടിച്ചു. ഹിന്ദുഹത്യയും നടന്നു. പതിനായിരക്കണക്കിന് സ്ത്രീകൾ ബലാൽസംഗം ചെയ്യപ്പെട്ടു. കന്നൗജിലെ രാജാവ് പ്രതിഹാര രാജ്യപാലന് ഗസ്നിക്ക് മുമ്പിൽ കീഴടങ്ങേണ്ടി വന്നു. കന്നൗജിൽ മാത്രം 10,000 ക്ഷേത്രങ്ങൾ നശിപ്പിക്കപ്പെട്ടു. ലഭ്യമായ സർവസമ്പത്തും ശേഖരിച്ച് മടക്കയാത്രയിൽ മുഞ്ജ്, അസ്നി, ഷർവ എന്നീ കോട്ടകളും കീഴടക്കിയായിരുന്നു, മുഹമ്മദ് യാത്രയായത്. 1020 AD യിലെ മുഹമ്മദ് ഗസ്നിയുടെ ആക്രമണം കലിഞ്ജറിലെ ചന്ദേല രാജൻ ഗണ്ഡക്കെതിരെ യായിരുന്നു. ഗണ്ഡയുടെ 36,000 കുതിര സൈന്യം, 45,000 കാലാൾപട, 640 ഹസ്തിസൈന്യം കണ്ടുഭയന്ന ഗസ്നി ഭയചികിതനായെങ്കിലും, ഗണ്ഡയും മുഹമ്മദ് ഗസ്നിയുടെ പേര് കേട്ട് സ്വയം ഭയന്ന് പോർകളത്തിൽ നിന്ന് യുദ്ധത്തിനു മുമ്പു തന്നെ പാലായനം ചെയ്യുകയായിരുന്നു. ഈ അവസരം പ്രയോജനപ്പെടുത്തി ഗസ്നി കലിഞ്ജർ നഗരം കൊള്ളയടിച്ചു നശിപ്പിച്ചു. 1021 ADയിൽ ഗസ്നി ഗ്വാളിയോർ പൂർണമായും കൊള്ളയടിച്ചു.

1025 ADയിൽ ഗസ്നിയുടെ 16–ാം ആക്രമണം. കത്തിയവാർ തീരത്തിലുള്ള സോമനാഥക്ഷേത്രത്തിലേക്കായിരുന്നു. 1024 AD ഒക്ടോബറിൽ ഗസ്നിയിൽ നിന്നാരംഭിച്ച പടപ്പുറപ്പാട് രജപുത്താനയിലെ മരുഭൂമി കടന്ന് നവംബർ 20ന് മുൾട്ടാനിലെത്തി. 30,000 ഒട്ടകപടയോടെ 1025 ജനുവരിയിൽ ഗസ്നി അൽഹിൽവാരയിലെത്തി. അവിടത്തെ രാജാവ് രാജാഭീംദേവ് രാജ്യമുപേക്ഷിച്ച് പാലായനം ചെയ്തു. അതേമാസത്തിൽ സോമനാഥ ക്ഷേത്രത്തിൽ ആക്രമണം നടന്നു. ഒരു ലക്ഷത്തോളം തീർത്ഥാടകർ ക്ഷേത്രപരിസരത്തുണ്ടായിരുന്നു. ആയിരം ബ്രാഹ്മണ പൂജാരികൾ അകത്തും. 200 മന്ന് സ്വർണ്ണാഭരണങ്ങൾ അവിടെയുണ്ടായിരുന്നു.



Scanned with CamScanner

മുഹമ്മദ് ഗസ്നി സോമനാഥക്ഷേത്രവിഗ്രഹത്തെ ഉടച്ച് ഓരോ കഷ്ണം വീതം ഗസ്നി, മെക്ക, ബാഗ്ദാദ് എന്നിവടങ്ങളിലേക്കയച്ചു. മുത്തും, മരതകവും, വജ്രവും, ഗോമേദവും ടൺ കണക്കിന് സ്വർണവും മുഹമ്മദ് കൊള്ളയടിച്ച് നാട്ടിലേക്ക് തിരിച്ചു. വിഗ്രഹ ഭഞ്ജകനായ ഗസ്നിയെ ഖലീഫയും സാമന്തരും മുക്തകണ്ഠം പുകഴ്ത്തി. ദൈവ രാജ്യസ്ഥാപനത്തിന് വേണ്ടി ഗസ്നി നടത്തിയ ആക്രമണത്തിന്, സ്ഥാനമാനങ്ങൾനൽകി ആദരിച്ചു.

സോമനാഥക്ഷേത്രം കൊള്ളയടിച്ചു മടങ്ങവേ ഗസ്നിയെ വെല്ലുവിളിച്ച ജാട്ട് വംശജരെ വകവരുത്തുവാനായിരുന്നു 1026-27 ൽ 17-ാമത്തെ പ്രാവശ്യം മുഹമ്മദ് ഭാരതത്തെ ആക്രമിച്ചത്. പതിനായിരക്കണക്കിന് ഹിന്ദു ജാട്ടുകളുടെ തല അറുത്തായിരുന്നു മടക്കയാത്ര. ഗസ്നിയുടെ ഭാരത ആക്രമണത്തെ പ്രൊഫ. ഹബീബ് ഇപ്രകാരം വിലയിരുത്തുന്നു.

"ഈ നരഹത്യയും കൊള്ളയും ഇസ്ലാമോ ശരിയത് നിയമങ്ങളോ അംഗീകരിക്കുന്നില്ല. ഒരു ജീവിക്കും ദോഷം ചെയ്യാത്ത ഹൈന്ദവർക്കെതിരെ നടത്തിയ ഈ ആക്രമണങ്ങൾ ഇസ്ലാമിന്റെ എല്ലാ തത്വസംഹിതകൾക്കുമെതിരാണ്."

സർ വോൾസെലെ ഹേഗ് ഇപ്രകാരമെഴുതുന്നു. " ഇസ്ലാമിന്റെ പതാക ഇന്ത്യയുടെ ഹൃദയത്തിൽ ആഴത്തിലിറക്കി അനേകം ജനങ്ങളെ ആ പാതയിലൂടെ മുഹമ്മദ് ഗസ്നി നടത്തിച്ചു"

പ്രൊഫ. ശ്രീവാസ്തവ : "അന്നത്തെ ഭാരതീയർക്ക് മുഹമ്മദ് ഗസ്നി ഒരു ചെകുത്താന്റെ പുനരവതാരമായിരുന്നു. ഒരു കൊലയാളി, കൊള്ളക്കാരൻ, സർവസംഹാരിയായ ആക്രമി, ദശക്കണക്കിന് നഗരങ്ങളെ അയാൾ നശിപ്പിച്ചു, കൊള്ളയടിച്ചു. കലാസാംസ്കാരിക ചൈതന്യത്തിന്റെ നിറകുടങ്ങളായ വൻ ക്ഷേത്രങ്ങളെ അയാൾ നിലം പരിശാക്കി. പതിനായിരക്കണക്കിന് സ്ത്രീകളെയും കുട്ടികളെയും അയാൾ അടിമകളാക്കി. നിഷ്കരുണം, ഭൂമുഖത്തെ, മനുഷ്യ ശവക്കൂമ്പാരങ്ങളാക്കി. എല്ലായിടത്തും മുഹമ്മദ് ഗസ്നിയുടെ കരാളഹസ്തങ്ങൾ എത്തി. എത്തിയിടത്തെല്ലാം നിഷ്കരുണം ബലാൽക്കാരമായി പതിനായിരങ്ങളെ ഇസ്ലാമിലേക്ക് നിർബന്ധ മതപരിവർത്തനം നടത്തി. സർവസംഹാരിയും, കൊള്ളക്കാരനും, മാനവശരീരത്താൽ ചുടലക്കളം സൃഷ്ടിച്ചവനും മണ്ണിനോട് ചേർത്ത നഗരാവിശിഷ്ടങ്ങൾമാത്രം ബാക്കിനിറുത്തിയവനുമായ ഗസ്നിയെ മറ്റൊരുവിധത്തിലും ഭാരതീയന് ഓർമ്മിക്കാൻ സാധ്യമല്ല".

പ്രൊഫ. ഹബീബ് : "സത്യസന്ധനായ ഒരു ചരിത്രകാരനും ധർമ്മബോധമുള്ള ഒരു മുസൽമാനും മുഹമ്മദ്ഗസ്നി ക്ഷേത്രങ്ങളെയും നഗരങ്ങളെയും നശിപ്പിച്ചതിനെ ന്യായീകരിക്കുവാൻ സാധ്യമല്ല".



Scanned with CamScanner

മുഹമ്മദ് ഗസ്നിയുടെ ആക്രമണത്തെക്കുറിച്ച് അൽബിരുണി ഇപ്രകാരം എഴുതി : "ഭാരതത്തിന്റെ സമസ്ത സമ്പത്തും പൂർണമായും നശിപ്പിക്കപ്പെട്ടു. ഹൈന്ദവജനത ഛിന്നഭിന്നമായി. ഓരോ ഹൈന്ദവനും മുസൽമാനെ വെറുത്തു. ഇസ്ലാംമതം സ്വീകരിച്ച ദേശത്ത് ശാസ്ത്രം അപ്രത്യക്ഷപ്പെട്ടു. ശാസ്ത്രജ്ഞാനികൾ ബനാറസിലേക്കും, കാശ്മീർ പോലെയുള്ള ദേശത്തിലേക്കും പലായനം ചെയ്തു".

ഗസ്നിക്കും അയാളുടെ മക്കൾക്കും ശേഷം ആക്രമണം ആരംഭിച്ചത് ഗോറിയായിരുന്നു. പേർഷ്യയിലെ ഗസ്നിഹേററ്റ് പർവ്വതനിരകൾക്കിടക്കുള്ള പ്രദേശമാണ് ഗോർ എന്നറിയപ്പെട്ടിരുന്നത്. ഇവിടെ നിന്നായിരുന്നു 1175 ADയിൽ മുൾട്ടാൻ ആക്രമിച്ചുകൊണ്ട് മുഹമ്മദ് ഗോറി പടയോട്ടം ആരംഭിച്ചത്. സിന്ധ് ദേശത്തിലെ ഭരണാധികാരിയായ ഭട്ടിയയെ അദ്ദേഹത്തിന്റെ പത്നിയെകൊണ്ട് തന്നെ ചതിയിൽ കൊലപ്പെടുത്തി, 1176ൽ ഗോറി സിന്ധ് കീഴ്പ്പെടുത്തി.

1178ൽ ഗുജറാത്തിലെ അൽഹിൽവാര ആക്രമിച്ച ഗോറിക്ക് അവിടത്തെ ഭരണാധികാരി ഭീമാ രണ്ടാമനിൽ നിന്ന് പരാജയമേറ്റുവാങ്ങേണ്ടിവന്നു. എന്നാൽ 1179ൽ ഗോറി പേഷ്വാർ കീഴ്പ്പെടുത്തി. 1186ൽ മുഹമ്മദ് ഗോറിയെ സഹായിച്ചത് ഹിന്ദുരാജാവായ ചക്രദേവനായിരുന്നു. ചക്രദേവന്റെ സഹായത്തോടെ ഗോറി പഞ്ചാബ് ആക്രമിച്ചു. 1191ൽ ബട്ടിണ്ട ആക്രമിച്ച ഗോറിയെ പൃഥ്വിരാജ് ചൗഹാന്റെ 2 ലക്ഷം വരുന്ന കാലാൾപടയും, മുപ്പതിനായിരത്തോളം വരുന്ന ആനപ്പടയും നേരിട്ടു. താറെൻ എന്ന സ്ഥലത്ത് നടന്ന ഭയാനകയുദ്ധത്തിൽ മുഹമ്മദ്ഗോറി പരാജയപ്പെട്ടു. കന്നൗജിലെ ഭരണാധികാരി ജയചന്ദ് മാത്രം പൃഥ്വിരാജിനെ സഹായിച്ചില്ല എങ്കിലും ഭാരതസൈന്യം വിജയിച്ചു. 1192ൽ താറെനിൽ രണ്ടാം യുദ്ധം നടന്നു. ഒരുലക്ഷത്തി ഇരുപതിനായിരം വരുന്ന സൈന്യത്തിന്റെ പിൻബലത്തോടെയായിരുന്നു ഗോറിയുടെ രണ്ടാം ആക്രമണം.

"അതിശക്തമായി പൊരുതിയ ഹൈന്ദവസേനാംഗങ്ങൾ ഒന്നൊന്നായി മരണം വരിച്ചു" എന്ന് ചരിത്രം രേഖപ്പെടുത്തുന്നു. നൂറ്റിഅമ്പത് രജപുത്ര രാജാക്കന്മാരുടെ സംഘടിത ശക്തി സമ്പൂർണമായി അസ്തമിച്ചത് ഈ ആക്രമണത്തിലായിരുന്നു. "ഹിന്ദുസ്ഥാനത്തിന്റെ തലസ്ഥാനനഗരിയായ ഡൽഹിയിലേക്കുള്ള മുസ്ലീം ഭരണാധികാരികളുടെ പ്രയാണാരംഭത്തിന്റെ സമ്പൂർണ വിജയമായിരുന്നു. 1192ൽ നടന്ന താറെൻ യുദ്ധം".

ഗോറിയുടെ മടക്കയാത്രക്കു ശേഷം കുത്തബ്ദിൻ ഐബക്, മീററ്റും, അലിഗഡും, അജ്മീറും കീഴടക്കി, ഡൽഹി തലസ്ഥാനമാക്കി ഭരണം തുടങ്ങി.

1194ൽ ഗോറി തിരിച്ചു വരികയും, കുത്തബ്ദീനുമായി ചേർന്ന് കന്നൗജ് ഭരണാധികാരിയും ശക്തനായ യോദ്ധാവുമായ ജയചന്ദ്രനെ ആക്രമിച്ചു. 1194ൽ പൃഥ്വിരാജനെ സഹായിക്കാതിരുന്നതിനാൽ ഒറ്റക്ക് പൊരുതേണ്ടിവന്ന ജയചന്ദിന്റെ സൈന്യം വിജയത്തിന്റെ ദീപശിഖ പൂർണമായും ദർശിച്ച വേളയിൽ



Scanned with CamScanner

ഒരത്യാഹിതം സംഭവിച്ചു. ജയചന്ദിന്റെ കണ്ണിൽ ഏറ്റ അസ്ത്രം ഹൈന്ദവസൈന്യത്തെ വിറളിപിടിപ്പിച്ചു. പിൻതിരിഞ്ഞോടിയ ഭാരതീയ സൈന്യത്തെ അരിഞ്ഞു വീഴ്ത്തി, ഗോറിയും കുത്തബ്ദീനും ബനാറസും സമീപരാജ്യങ്ങളും അധീനതയിലാക്കി.

1194ൽ ബനാറസിൽ മാത്രം ആയിരം ക്ഷേത്രങ്ങൾ തകർക്കപ്പെട്ടു. ക്ഷേത്രസ്വത്തുക്കൾ പതിനാലായിരം ഒട്ടകങ്ങളുടെ പുറത്ത് വച്ചായിരുന്നു ഗോറി കൊണ്ടുപോയത് എന്ന് ചരിത്രരേഖ. 1202ൽ കുത്തബ്ദീൻ ഐബക് ബനാറസും, ചന്ദാവറും, കന്നൗജും കീഴ്പ്പെടുത്തി കലിഞ്ജറിലെ ചന്ദേല രാജപ്രമുഖനായ പാർമാർദി ദേവനെ ആക്രമിച്ചു. അദ്ദേഹത്തിന്റെ മന്ത്രിയായ അജയദേവന്റെ നേതൃത്വത്തിൽ ഐബകിനെതിരെ ശക്തമായ പോരാട്ടം നടന്നു. യുദ്ധം വിജയിക്കുമെന്നുറപ്പായ വേളയിൽ, കോട്ടയിലേക്കുള്ള ജല സ്രോതസ് ഐബക് തടഞ്ഞു. പൊരിവെയിലത്ത് ദാഹിച്ചു വലഞ്ഞ ഭാരതസൈന്യത്തിന് ഐബക്കിന്റെ മുമ്പിൽ തളർന്ന് വീണ് പരാജയം ഏറ്റുവാങ്ങേണ്ടിവന്നു. കലിഞ്ജറും, മഹോബയും, ഖജുരാഹോയും ഐബക്കിന്റെ പടവാളിലമർന്നു. ഈ ദേശങ്ങൾ ഹൈന്ദവ ശവശരീരങ്ങളാൽ നിറഞ്ഞിരുന്നു.

1197ൽ മറ്റൊരു വിദേശാക്രമി ഇക്തിയാർ-ഉദ്-ദിൻ മുഹമ്മദ്-ബിൻ-ബക്തിയാർ ഖിൽജി ബീഹാറിന്റെ തലസ്ഥാനമായിരുന്ന ഓദന്തപുരി ആക്രമിച്ച് രാജാ ഇന്ദുമാനേ വധിച്ച് സമ്പത്ത് കൊള്ളയടിച്ച് നൂറുകണക്കിന് ബൗദ്ധ സന്യാസാശ്രമങ്ങൾ നിലംപരിശാക്കി. ആയിരക്കണക്കിന് ബുദ്ധസന്യാസിമാരെ അരിഞ്ഞുവീഴ്ത്തി. ഖിൽജി, വിക്രമശിലയും, നളന്ദയും കീഴടക്കി നശിപ്പിച്ചു. 1202 ഓടുകൂടി ബീഹാർ പൂർണ്ണമായും വിദേശ മുസ്ലീം ആധിപത്യത്തിനു കീഴിലായി.

1204ൽ ഖിൽജി 18 കുതിരസേനയോടെ അവിചാരിതമായി ബംഗാളിലെ നാദിയ രാജകൊട്ടാരത്തിലേക്ക് നേരിട്ടു പ്രവേശിച്ചു. സംഭവിക്കുന്നതെന്തെന്ന റിയാതെ ബംഗാൾ സൈന്യം വിരണ്ടു. രാജാവ് ലക്ഷ്മൺ സേനൻ ഭയന്നോടി. വിദേശവ്യാപാരികളാണിവരെന്ന് നാദിയക്കാർ വിചാരിച്ചു. നിമിഷങ്ങൾക്കുള്ളിൽ ആയിരങ്ങളെ അരിഞ്ഞുവീഴ്ത്തി. ഖൽജി ബംഗാൾ സിംഹാസനത്തിലു പവിഷ്ടനായി.

ഭാരതത്തെ ആക്രമണപരമ്പരയ്ക്ക് വിധേയമാക്കി 1206ൽ തിരിച്ചുള്ള യാത്രയിൽ ഗോറി ലാഹോറിലെത്തി. അതിശൂരപരാക്രമികളായ ഖോഖാർസിനെ ഗോറി സർവനാശം വരുത്തിയെങ്കിലും, 'അവശേഷിച്ച ചില ഖോഖാർ സർപങ്ങൾ' ഗോറിയെ, ലാഹോറിൽ നിന്ന് ഗസ്നിയിലേക്കുള്ള യാത്രാവേളയിൽ ഝേലത്തുവച്ച് ഒളിഞ്ഞിരുന്നാക്രമിച്ച് കൊലപ്പെടുത്തി. മുഹമ്മദ് ഗോറിയുടെ ഭാരത ആക്രമണത്തെക്കുറിച്ച് ചരിത്രകാരനായ ഡോ. ഈശ്വരി പ്രസാദ്



Scanned with CamScanner

ഇപ്രകാരം എഴുതി: "രാജ്യമല്ല സമ്പത്തായിരുന്നു ഗോറിയുടെ ലക്ഷ്യം, കീഴടക്കലല്ല വിഗ്രഹ ഭഞ്ജനവും വിഗ്രഹാരാധകരുടെ വധവുമായിരുന്നു ഗോറിയുടെ ലക്ഷ്യം. ഇത്രയും സാധിച്ചപ്പോൾ പിന്നെ അയാൾ ഭാരതത്തിനുവേണ്ടി ഒന്നും ചെയ്തുമില്ല ഭാരതീയരെ ഓർത്തുമില്ല".

ഈ വിദേശാക്രമണത്തെ പ്രൊഫ. ശ്രീവാസ്തവ ഇപ്രകാരം വിവരിക്കുന്നു: "ഓരോ രാജാവും അവനവനുവേണ്ടി മാത്രം യുദ്ധം ചെയ്യുന്നതു പോലെയായിരുന്നു. പരസ്പരം സഹകരിക്കുകയോ, അപൽഘട്ടങ്ങളിൽ സഹായിക്കുകയോ ചെയ്തില്ല. രാജ്യനൈതിക ഐക്യത്തിന്റെ കുറവും, ചെറുരാജ്യങ്ങളെ ഏകോപിപ്പിക്കാനുള്ള നേതൃത്വമില്ലായ്മയും ഒരു ദു:ഖസത്യമായിരുന്നു........"

ഡോ. ഈശ്വരി പ്രസാദ് ഇപ്രകാരമെഴുതി : "സൈനിക അംഗബലവും, ശാരീരിക ബലവും, ഭാരതത്തിനുവേണ്ടുവോളമുണ്ടായിരുന്നു. രജപുത്രരുടെ രണചാതുരി അവിസ്മരണീയമായിരുന്നു. ശ്രേഷ്ഠന്മാരായ സേനാംഗങ്ങളിൽ ധൈര്യവും ബുദ്ധിയും കർമ്മകുശലതയും നിറഞ്ഞിരുന്നു. ഐക്യവും സംഘടനാ പാടവവും ദൃശ്യമായിരുന്നില്ല. അഹംഭാവവും, അനുസരണക്കേടും, പരസ്പരവിശ്വാസമില്ലായ്മയും പ്രകടമായിരുന്നു. വ്യക്തിപരമായ താൽപര്യം രാഷ്ട്രതാൽപര്യത്തേക്കാൾ മുന്നിട്ടിരുന്നു. ഇത് ശത്രുവിന് നിഷ്പ്രയാസം നാടിനെ ആക്രമിച്ച് കീഴ്പ്പെടുത്തുവാൻ അവസരം നൽകി".

ചരിത്രകാരനായ സി. വി. വൈദ്യ എഴുതി : " പരാക്രമികളായിരുന്നിട്ടും രജപുത്രസേന ഷഹാബുദ്ദീന്റെ മുമ്പിൽ നിലംപതിച്ചത്, നെപ്പോളിയന്റെ മുമ്പിൽ ജർമ്മിനി പോലെയുള്ള നാട്ടുരാജ്യങ്ങൾ തലകുനിച്ചതുപോലെയായിരുന്നു". വിദേശിയായ ആക്രമി ചവിട്ടിയരച്ച് പ്രയാണം നടത്തിയപ്പോഴും പൃഥ്വീരാജ് ചൗഹാനും ജയദേവനും അയൽരാജ്യങ്ങളിൽ മത്സരിച്ചിരുന്നു".

വൈദ്യയുടെ വരികൾ : "വിജയം തങ്ങൾക്ക് നിശ്ചിതമാണെന്ന് മുസ്ലീമുകൾ വിശ്വസിച്ചപ്പോൾ, കലിയുഗം ആരംഭിച്ചതിനാൽ മ്ലേച്ഛന്മാരായ മുസ്ലീങ്ങൾ ഭാരതം കീഴ്പ്പെടുത്തുമെന്ന് പുരാണങ്ങളിൽ പറഞ്ഞിരിക്കുന്നത് ശരിയാണെന്ന് അന്ധമായി ഭാരതീയർ വിശ്വസിച്ചു". ബുദ്ധ-ജൈന-ഹിന്ദു ധർമ്മ വിശ്വാസികളുടെ അഹിംസാ സിദ്ധാന്തവും അതിഥി ദേവോഭവ എന്ന വീക്ഷണവും സ്വയം അടിമത്വത്തിലേക്ക് ഭാരതത്തെ വലിച്ചിഴച്ചു. മുസ്ലിമാക്രമണ കാരികളുടെ വാളിനാൽ മരിക്കുന്നതിനേക്കാൾ ശ്രേഷ്ഠം ആത്മാഹുതിയാണെന്ന് കരുതി ജയപാലനെയും രാജാദാഹിറിനേയും പോലെയുള്ളവർ രാജ്യത്തേയും സേനയേയും അനാഥമാക്കി, ആക്രമിക്കെറിഞ്ഞു കൊടുത്ത്, സ്വയം മരണം വരിച്ചു".



Scanned with CamScanner

ഐബക്കിന്റെ സഹചാരി ഹസൻ-ഉൺ-നിസാമി സുഹൃത്തിന്റെ നേട്ടത്തെ ഇപ്രകാരം വിലയിരുത്തുന്നു. "ഐബക്കിന്റെ നിർദ്ദേശത്താൽ, ഭാരതമെമ്പാടും ഇസ്ലാമിന്റെ പുത്രന്മാരുടെ നിഴൽ കൊണ്ടു നിറയ്ക്കുവാൻ സാധിച്ചു. അള്ളാഹുവിന്റെ സഹായവും സുൽത്താൻ കുത്ത്ബ്ദിൻ ഐബക്കിന്റെ പ്രയത്നവും സഫലീകൃതമായി." ഡൽഹിയിലേയും അജ്മീരിലേയും മണ്ണിൽ രണ്ടു വൻ മോസ്ക്കുകൾ ആദ്യമായി നിർമ്മക്കപ്പെട്ടു.

ഇടക്കൊരാശ്വാസവചനമെഴുതട്ടെ. ഗോറിയുടെ സർവസംഹാര ആക്രമണവും, അതിനുശേഷം അയാളുടെ മടക്കയാത്രയിലെ മരണവും കഴിഞ്ഞപ്പോൾ, ലഭ്യമായ സർവ്വശക്തിയുമുപയോഗിച്ച് ഭാരതം ഉയിർത്തെഴുന്നേൽക്കാൻ ശ്രമിച്ചു. ചന്ദേല രാജവംശം ചൈതന്യവത്തായി, 1206ൽ രജപുത്രർ പൂർവ്വാധികം ശക്തരായി, ഹരിഷ്ചന്ദ്രയുടെ നേതൃത്വത്തിൽ ഗഹദ്വാർ ശക്തമായി, രാഷ്ട്രശക്തി വീണ്ടെടുത്തു, ഫറൂക്കാബാദ്, ബഡൗൺ, ഗ്വാളിയോർ, ഉയിർത്തെഴുന്നേറ്റു. ബംഗാളും ബിഹാറും മുസ്ലീം ഭരണാധികാരികൾക്കെതിരെ കാലപക്കൊടി ഉയർത്തി. 1210ൽ കുത്തബ്ദീൻ ഐബക്കിന്റെ തിരോധാനത്തോടെ പരാജയത്തിന്റെ വേദനയിൽ നിന്ന് അൽപസമയത്തേക്ക് ഭാരതം മുക്തമായി. മാർവാറും ഝാൻസിയും ശക്തമായ രാഷ്ട്രഭാഗങ്ങളായി. രത്തംബോറിൽ നിന്ന് തുർക്കികളെ പൂർണമായും നിഷ്കാസനം ചെയ്യപ്പെട്ടു. നാദർ, മാൻസർ, ദാർമർ, രത്നപൂർ, സാഞ്ചർ, ഝധാധാര, ഖേര, രമാസിൽ, ദിനാമൽ എന്നിവടങ്ങളിൽ നിന്നും തുർക്കികളെ പൂർണമായും ആട്ടിപ്പായിച്ചു. ഇതേ പന്ഥാവ് പിന്തുടർന്ന മറ്റ് ഭാഗങ്ങൾ അൾവർ, ജേഡൻ, ഭട്ടീസ്, അജ്മീർ, ബയാനാ, താങ്കിർ, എന്നിവയായിരുന്നു. പക്ഷേ ഇൽത്തത്തുമിഷിന്റെ ശക്തമായ സൈന്യത്തിനു മുമ്പിൽ 1228-29ൽ കാറ്റ് വീണ്ടും മാറിവീശി. സ്വതന്ത്രമായ ഏതാണ്ടെല്ലാരാജ്യങ്ങളും വീണ്ടും കീഴടക്കി, കൊള്ളയടിക്കപ്പെട്ടു. പലരാജാക്കന്മാരും കീഴടങ്ങി. പക്ഷേ ചന്ദേല രാജാക്കന്മാർമാത്രം എതിർത്തു ജയിച്ചു. നാഗധയിലും, ഗുജറാത്തിലും, പരാജയം ഏറ്റുവാങ്ങിയെങ്കിലും ഇൽത്തത്തുമിഷ് ദിൽസയും ഉജ്ജയിനിയും കൊള്ളയടിച്ചു. ഉജ്ജയിനി മഹാകാളിക്ഷേത്രം തകർത്തു നിലംപരിശാക്കി. മിഹിരാവലി എന്ന് അറിയപ്പെട്ടിരുന്ന മെഹറൗളി (ഡൽഹി) യിലെ 27ൽ 13 നക്ഷത്രക്ഷേത്രങ്ങൾ നശിപ്പിച്ച്, ഇൽത്തത്തുമിഷ് കുത്തബ്മീനാർ 1232ൽ പണിതീർത്തു. ഭാരതീയനാണയങ്ങൾക്കുപകരം ഭാരതത്തിൽ അറബി നാണയങ്ങൾ പ്രചരിപ്പിച്ചു. അനുനിമിഷം വാളിന്റെ മുനയിലൂടെ ഇസ്ലാംമതം പ്രചരിപ്പിച്ച് 1236 ഏപ്രിലിൽ ഇൽത്തത്തുമിഷ് അന്ത്യശ്വാസം വലിച്ചു.

ഭാരതം അഭിമുഖീകരിച്ച മറ്റൊരു പടപ്പുറപ്പാട് 1221ലായിരുന്നു. മംഗോളിയർ ആക്രമിച്ചു കയറി ഉത്തർപ്രദേശിൽ സ്വതന്ത്രരായി ഭരണമാരംഭിച്ചു. ബഡൗൻ, കന്നൗജ്, ബനാറസ്, കതിഹാർ എന്നീ സ്ഥലങ്ങൾ അവരുടെ അധീനതയിലായി.



Scanned with CamScanner

1221ൽ ചെങ്കിസ്ഖാനും സിന്ധുസമുദ്രതാഴ്‌വര കീഴടക്കി ഇവിടെയെത്തി. മൂന്നുവർഷം മാത്രം ഭരണം നടത്തിയ ആദ്യത്തെ വിദേശി മുസ്ലീം വനിതയും (1240 AD) ബെഹ്റാ ഷായും (1242) അലാവുദ്ദീൻ മസൂദ് ഷായും (1246) നസിറുദ്ദീൻ മുഹമ്മദും (1244-1266) ഭാരതത്തെ ചവുട്ടിമെതിച്ച് കൊള്ളയടിച്ചുകൊണ്ടേയിരുന്നു. 1266ൽ ഗിയാസ്-ഉദ്-ദിൻ ബാൽബന്റെ നേതൃത്വത്തിൽ ഭാരതം മറ്റൊരു വിദേശി പടയാളിയുടെ, അടിമവംശത്തിന്റെ, ഭരണത്തിൻ കീഴിൽ അമർന്നു.

സ്വതന്ത്രഭാരതം പുനഃസ്ഥാപിക്കുവാൻ വെമ്പൽകൊണ്ട ഹൈന്ദവ രാജാക്കന്മാരെ അമർച്ചചെയ്യുകയായിരുന്നു ബാൽബന്റെ ആദ്യലക്ഷ്യം. യമുനാതീരത്ത് ദോവാബ്ദേശത്തിലെ തൃലോക്‌വർമ്മയുടെ നേതൃത്വത്തിലുള്ള സൈന്യത്തെയും ജനങ്ങളേയും ബാൽബൻ പൂർണമായും പരാജയപ്പെടുത്തി. മേവാറിൽ പതിനായിരക്കണക്കിന് ഹൈന്ദവപുരുഷന്മാരെ തലയറുത്ത് സ്ത്രീകളെയും കുട്ടികളെയും അടിമകളാക്കി. റന്തംബോറിലും ബാൽബൻ ഇതുതന്നെ ആവർത്തിച്ചു. ബാൽബൻ സ്വയം നൽകിയ പേരായിരുന്നു "സില്ലെ ഇല്ലാ" -(ദൈവത്തിന്റെ നിഴൽ).

ബാൽബൻ "പെയ്ബോസ്" രീതിയിൽ രാജാവിന്റെ പാദം ചുമ്പിച്ച് ആദരിക്കുന്ന സമ്പ്രദായം നടപ്പാക്കി. എല്ലാ ഹിന്ദുവിനും ഇതു അനുശാസിക്കേണ്ടിവന്നു. കൊട്ടാരത്തിൽ ആർക്കും ചിരിക്കുവാനോ, പുഞ്ചിരിക്കുവാനോ അനുവാദമില്ലായിരുന്നു. ഡോ. എ. എൻ. ശ്രീവാസ്തവ ഇപ്രകാരം എഴുതുന്നു. "ലോകചരിത്രത്തിൽ അന്നത്തെക്കാലത്ത് നിലനിന്നിരുന്ന ഒരേ ഒരു മുസ്ലീംരാജ്യം ഡൽഹിയിലെ സുൽത്താനേറ്റ് ആയിരുന്നവത്രെ. ബാൽബന്റെ നേതൃത്വത്തിലുള്ളത്".

1206നും 1290നും ഇടയ്ക്കുള്ള അടിമവംശഭരണം ഒറ്റ വരിയിൽ വിവരിച്ച പൂസ്‌ലി ഹേയ്ഗ് പറയുന്നു : "ഭാരതീയരുടെ അനുകമ്പ ഒട്ടും നേടാത്ത ഒരു വംശം വാൾമുനകൊണ്ടു മാത്രം ഭാരതം ഭരിച്ച കാലഘട്ടമായിരുന്നു അത്".

അടിമവംശത്തെ തുടർന്ന് ഭാരതത്തെ അരച്ചു കുഴമ്പാക്കിയത് ഖിൽജി വംശമായിരുന്നു. തമ്പോറിലെ റാണാക്കെതിരെ 1290ൽ ഫിറോസ് ഖിൽജിയുടെ പടയോട്ടത്തോടെ അതാരംഭിക്കുന്നു. അതിശക്തനായ റാണായെ നേരിടാൻ സാധിക്കാതെ വന്നപ്പോൾ ഖിൽജി ഇപ്രകാരം പറഞ്ഞ് പിന്മാറി "ഓരോ മുസ്ലീമിന്റെയും തല ഭാരതത്തിലെ ഓരോ കോട്ടയേക്കാളും വിലപ്പെട്ടതാണ്. അതുകൊണ്ട് മുസ്ലീമിന്റെ രക്തച്ചൊരിച്ചിലൊഴി വാക്കുവാൻ മാത്രം ഞാൻ പിൻതിരിയുന്നു" പിൻതിരിഞ്ഞ് പോകുന്നവഴി ഖിൽജി, ജെയിൻ കീഴടക്കി അവിടെയുള്ള ക്ഷേത്രങ്ങളെല്ലാം പൂർണമായും നശിപ്പിച്ചു.

മറ്റൊരു കഠിന ദുഃഖം കൂടി ഭാരതത്തിന് സഹിക്കേണ്ടി വന്നു. 1292ൽ അബ്ദുള്ളയുടെ നേതൃത്വത്തിൽ മംഗോളിയർ ഭാരതം ആക്രമിച്ചു. ഫിറോസ്ഖാന്റെ



Scanned with CamScanner

സൈന്യം മംഗോളിയരെ പരാജയപ്പെടുത്തി. പക്ഷേ മംഗോളിയർ ദിവസങ്ങൾക്കുള്ളിൽ ഇസ്ലാം മതം സ്വീകരിച്ച് ഫിറോസിന്റെകൂടെ ചേർന്ന് ഭാരതത്തിനെതിരെ സൈന്യവ്യൂഹം തന്നെ സൃഷ്ടിച്ചു.

ഖിൽജി വംശത്തിന്റെ ഭരണം ശക്തമായത് 1296ൽ അലാവുദ്ദീൻ ഖിൽജിയുടെ വരവോടെയായിരുന്നു. "ഡൽഹിയിലെ ചുവപ്പുകോട്ടയിൽ അത്യാഡംബരങ്ങളോടെ അലാവുദ്ദീൻ സ്വയം കിരീടം ധരിച്ച് (ഒക്ടോബർ 3, 1296ൽ) ഉപവിഷ്ടനായി. കൊള്ളയുടേയും, കൊള്ളിവയ്പ്പിന്റെയും ചതിയുടെയും ഓർമ്മകൾ മറക്കുവാൻ വേണ്ടി ഖിൽജി ഹിന്ദുരാജാക്കന്മാർക്ക് അനവധി പുരസ്കാരങ്ങൾ നൽകി. ദേവഗിരിയിൽ നിന്ന് കൊള്ളയടിച്ച സമ്പത്ത് ഡൽഹിയിൽ വിതരണം ചെയതു". ഭാരതത്തിലെ രാജാക്കന്മാർ പഴയ വേദന മറന്ന്, ചതിയും, വഞ്ചനയും നഷ്ടഭാരവും മറന്ന് വീണ്ടും ഒരു വിദേശാക്രമിയോട് ചേരാൻ തയ്യാറായി. സുൽത്താന്റെ ഈ ചെയ്തിയെ അന്നത്തെ ചരിത്രകാരന്മാർ ഇങ്ങിനെ വിലയിരുത്തി: "തങ്ങൾക്ക് ലഭിച്ച സ്വർണനാണയം കണ്ടു സർവതും മറന്ന് അതിലലിഞ്ഞ ജനത അലാവുദ്ദീൻ ചെയ്തുകൂട്ടിയ അതിഭയങ്കരമായ ക്രൂരകൃത്യങ്ങൾ ഓർമ്മിപ്പിച്ചതേയില്ല. ഭാരതീയർ സ്വർണനാണയത്തിലലിഞ്ഞു. ഖിൽജി തങ്ങളുടെ അന്നദാതാവായിത്തിർന്നു അവർക്ക്." സ്വർണ്ണത്തിനും സ്വത്തിനും വേണ്ടി തന്നെ പിന്തുണക്കുന്നവരെയും ഉടനെ അലാവുദ്ദീൻ ഖിൽജി തിരച്ചറിഞ്ഞു. തന്റെ ശത്രുക്കളായിരുന്ന അർക്കലിഖാന്റേയും, ഉലൂഘ്ഘാന്റേയും കണ്ണുകൾ ചൂഴ്ന്നെടുത്തതുപോലെ, സമ്പത്ത് സ്വീകരിച്ചവരെ നരകതുല്യമായ കാരാഗൃഹത്തിൽ ബന്ധിച്ചു. അവരുടെ സമ്പത്തുകളെല്ലാം കണ്ടുകെട്ടി. ഭാര്യമാരേയും കുഞ്ഞുങ്ങളേയും ഭിക്ഷാടകരാക്കി തെരുവിലെറിഞ്ഞു. ഇത് അലാവുദ്ദീന്റെ നിയമചര്യയായിരുന്നു. "ചതിയിലൂടെ ലാഭമുണ്ടാക്കി കൂടെ ചേർത്തവരെ വഞ്ചനയിലൂടെ ശിക്ഷിച്ചു നശിപ്പിക്കുക എന്നത്"

1297ൽ ഖിൽജിയുടെ സേന നസ്രത്ഖാന്റെ നേതൃത്വത്തിൽ ഗുജറാത്ത് ആക്രമിച്ചു. ഈ ആക്രമണത്തെ ചരിത്രകാരൻ ഈശ്വരി പ്രസാദ് ഇപ്രകാരം രേഖപ്പെടുത്തുന്നു: "മുസ്ലീം സേനാധിപന്മാരാൽ ഈ രാജ്യം സമ്പൂർണമായി കൊള്ളയടിക്കപ്പെട്ടു. ബ്രാഹ്മണർ പൂജിച്ചിരുന്ന ക്ഷേത്രവിഗ്രഹങ്ങളെ ട്രോഫിപോലെയവർ ഡൽഹിയിലെ സുൽത്താന് അയച്ചുകൊടുത്തു. മുഹമ്മദ് ഗസ്നിയുടെ ആക്രമണാവശിഷ്ടങ്ങളായ വിഗ്രഹകഷ്ണങ്ങളും ഇപ്രകാരം ഡൽഹിയിലെത്തി".

അലാവുദ്ദീൻ ഖിൽജിക്കിഷ്ടമില്ലാത്ത ചിലരെ രത്തംബോർ രാജൻ ഹമീർ ദേവൻ തന്റെ കൊട്ടാരത്തിൽ പ്രവേശിപ്പിച്ച ദേഷ്യത്തിൽ അലാവുദ്ദീൻ സ്വയം രത്തംബോറിനെതിരെ ആക്രമണമഴിച്ചുവിട്ടു. ഒരു സമ്പൂർണവർഷം നീണ്ടു നിന്നതായിരുന്നു ഈ യുദ്ധം. ഹമീർ ദേവനെ പൂർണമായും



Scanned with CamScanner

പരാജയപ്പെടുത്തുവാൻ ഖിൽജിക്ക് കഴിഞ്ഞില്ല. തന്റെ വഞ്ചനാപരമായ മാർഗ്ഗം സ്വീകരിച്ച് ഹമീർദേവന്റെ മന്ത്രിയായിരുന്ന രാം മാലിനെ തന്റെ പക്ഷത്തേക്കെടുത്ത് ഹമീർദേവനേയും കുടുംബാംഗങ്ങളേയും അതിക്രൂരമായി ഖിൽജി വധിച്ചു. പിന്നീട് മന്ത്രിയായി വന്ന രാംമാലിനും, ഖിൽജിയുടെ കൈയ്യിൽ നിന്നും ഇതേവിധ മരണം നേരിട്ടു.

1303ൽ അലാവുദ്ദീൻ മേവാർ ആക്രമിച്ചു. ചിത്തോറിലെ റാണാ രത്തൻ സിംഗിന്റെ ഭാര്യ റാണി പത്മിനിയുടെ അത്യപൂർവമായ സൗന്ദര്യത്തിലാകൃഷ്ടനായി അവരെ വിവാഹം കഴിക്കാനായിരുന്നു ആക്രമണം. ധീരമായി പോരാടിയ രജപുത്രർ ദിവസങ്ങൾക്കകം പരാജയം അഭിമുഖീകരിച്ചു. പ്രൊഫ. ടോഡികന്റെ ചരിത്രരേഖ പറയുന്നു: "രജപുത്രസ്ത്രീകൾ സ്വയം അഗ്നിയിൽ ചാടി. ഇതിനാവശ്യമായ ചിത രാജധാനിയിലെ വലിയ ഹാളിലും മൈതാനിയിലും ഒരുക്കി. ഓരോ രജപുത്രനും തന്റെ ഭാര്യയേയും പെൺമക്കളേയും മാറോട് ചേർത്ത് അഗ്നിയിൽ ചാടി. ചരിത്രസത്യമിതായിരുന്നു. അവരുടെ സംഖ്യ ആയിരങ്ങളായിരുന്നു. രജപുത്ര ചൈതന്യത്തിന്റേയും ആത്മാഭിമാനത്തിന്റേയും സന്ദേശമായിരുന്നു, രാജധാനിയുടെ വലിയ വാതിൽ തുറന്നപ്പോൾ ദൃശ്യമായത്. ആത്മാഭിമാനക്ഷതമേൽക്കാൻ ആഗ്രഹിക്കാത്ത ജനതയുടെ പുകയുന്ന ശരീരഭാഗങ്ങൾ ......"

1303 ആഗസ്റ്റ് 26ന് അലാവുദ്ദീൻ ചിറ്റൂർകോട്ട പിടിച്ചടക്കി, മൂത്തപുത്രനായ ഖിസിർഖാനെ ഗവർണറായി വാഴിച്ചു. തിളച്ചുപൊന്തിയ ഹൈന്ദവ ദേശാഭിമാന ശക്തിമൂലം ഖസിർഖാന് 1311നുശേഷം ചിറ്റൂർ തന്റെ കീഴിൽ അമർച്ച ചെയ്യാൻ സാധിക്കാതെ വന്നു. മാൽദേവൻ എന്ന ഹിന്ദുവിനെ അവിടുത്തെ ഗവർണറായി ഖിൽജി അവരോധിച്ചു. ഖിൽജിയുടെ മരണശേഷം റാണാ ഹമീർ, ചിത്തൂർ മോചിപ്പിച്ച് മേവാറിന്റെ തലസ്ഥാനമാക്കി ഭരണഭാരമേറ്റെടുത്തു.

ജാലർ ഭരിച്ചിരുന്ന രാജാ കാണർ ദേവനെ നിന്ദ്യമായി അവഹേളിക്കാനായി ഖിൽജി തന്റെ വേലക്കാരിയായ ഗുൽ-ഇ-ബിഹിഷ്ടിന്റെ നേതൃത്വത്തിൽ ഒരു സേനയെ ജാലർലേക്കയച്ചു. തുടർച്ചയായി ഡൽഹിയിൽ നിന്നയച്ച സേനയുടെ മുമ്പിൽ രാജാ കാണർദേവും അടിയറവച്ചു. മാൾവയിലെ റോയ് മഹലോക് ദേവനും ഖിൽജിയുടെ മുമ്പിൽ പരാജയപ്പെട്ടു. 1308ൽ മാർവാറിലേക്ക് സേനയെ അയച്ച് ഖിൽജി സിത്ലദേവിനെ കീഴ്പെടുത്തി, പതിനായിരങ്ങളെ അരിഞ്ഞുവീഴ്ത്തി, മാർവാർ ഡെൽഹിയോട് ചേർത്ത ചരിത്രരേഖ ഇപ്രകാരം പറയുന്നു.: "1305ൽ ഉത്തരഭാരതം ഏതാണ്ട് പൂർണമായും ഖിൽജിയുടെ കാൽചുവട്ടിലമർന്നു. സർവാധിപനായ അലാവുദ്ദീൻ കൂടുതൽ ശക്തിയാർജ്ജിച്ച് സാമ്രാജ്യവിസ്തൃതി വർദ്ധിപ്പിച്ച്, നഗരങ്ങളും ദേശങ്ങളും കീഴ്പ്പെടുത്തിക്കൊണ്ടിരുന്നു".



Scanned with CamScanner

1303ൽ ഖിൽജി തെലുങ്കാന ആക്രമിച്ച് കീഴ്പ്പെടുത്തുവാൻ ശ്രമിച്ചു. കാക്കത്തീയ രാജവംശത്തിനു മുമ്പിൽ ഖിൽജിക്ക് ആദ്യജയം ലഭിച്ചില്ല. ദുഃഖകരമായ വസ്തുത ദേവഗിരിയിലെ രാമചന്ദ്രദേവൻ, ഈയവസരത്തിൽ ഖിൽജിയുടെ സൈന്യാധിപനായ മല്ലിക് കഫൂറിനെ സഹായിക്കാനെത്തി. തെലുങ്കാനാധിപതി പ്രതാപ്രുദ്രദേവന്റെ ശക്തമായ പ്രതിരോധത്തിന് ഖിൽജിയുടെ സൈന്യത്തെ ഏറെനേരം പിടിച്ചുനിർത്താനായില്ല. 100 ആനകളേയും, 700 കുതിരകളേയും, തന്റെ സ്വന്തം ഭാരത്തിനു തുല്യമായ സ്വർണവും, സ്വയം അണിഞ്ഞിരുന്ന ആഭരണങ്ങളും, കഫൂറിന് നൽകേണ്ടിവന്നു. "ആയിരക്കണക്കിന് ഒട്ടകങ്ങൾ ഇവയുടെ ഭാരം താങ്ങാനാകാതെ ഡൽഹിയിലേക്കുള്ള മടക്കയാത്രയിൽ കരയുന്നുണ്ടായിരുന്നു" (അമീർഖുസ്രോവിന്റെ വരികൾ). അത്രക്കും സമ്പത്ത് തെലുങ്കാനയിൽ നിന്ന് കൊള്ളയടിക്കപ്പെട്ടു.

1307 മാർച്ചിൽ, മല്ലിക് കഫൂറിന്റെ നേതൃത്വത്തിൽ ഖിൽജി ദേവഗിരിയിലെ രാം ചന്ദ്രദേവ രാജനെ (തന്നെ നാലുവർഷം മുമ്പ് സഹായിച്ച അതേ രാജാവിനെ) പരാജയപ്പെടുത്തി. ഖിൽജിക്കു നികുതി നൽകാത്തതിനാലായിരുന്നു ഈ യുദ്ധം. 1310ൽ ഹോയ്സലാ രാജ്യം മല്ലിക് ആക്രമിച്ചു. ദ്വാരസമുദ്രം ദിവസങ്ങൾക്കകം കീഴ്പ്പെടുത്തി. ദ്വാരസമുദ്രത്തിലെ പ്രസിദ്ധക്ഷേത്രം പൂർണമായും കൊള്ളയടിക്കപ്പെട്ടു. പരാജയപ്പെട്ട ഹോയ്സാല രാജാവിന് സുൽത്താന്റെ ആധിപത്യം 1313 മേയ് മാസത്തിൽ സ്വീകരിക്കേണ്ടിവന്നു. ദ്വാരസമുദ്രം കീഴടക്കി കഫൂർ പടയോട്ടം നടത്തിയത് പാണ്ഡ്യദേശത്തേക്കായിരുന്നു. പാണ്ഡ്യരാജ്യം അതിശക്തമായിരുന്നു നിർഭാഗ്യവശാൽ രാജസിംഹാസനാവകാശത്തിനായുള്ള തർക്കത്തിലായിരുന്നു, ജ്യേഷ്ഠാനുജന്മാരായ സുന്ദരപാണ്ഡ്യനും, വീരപാണ്ഡ്യനും. അവർ മധുരാപുരിയിൽ ശക്തിപരീക്ഷിക്കുന്ന വേളയിലായിരുന്നു കഫൂറിന്റെ വരവ്. സുന്ദരപാണ്ഡ്യൻ കഫൂറിനെ കൂട്ടിനു സ്വീകരിച്ചു. ഡോ. ഈശ്വരി പ്രസാദിന്റെ വരികൾ: "പാണ്ഡ്യരാജ്യത്തിലേക്ക് പ്രവേശിച്ച ഖിൽജിയുടെ സൈന്യത്തിന്, മുസ്ലീംഭരണാധികാരികൾ എന്നും ആഗ്രഹിച്ചിരുന്ന ഏറ്റവും നല്ല അവസരംതന്നെയായിരുന്നു ലഭിച്ചത്. രണ്ടു സഹോദരന്മാർ തമ്മിലുള്ള കലഹം..... വീരപാണ്ഡ്യൻ സിംഹാസനം അധീനപ്പെടുത്തി സഹോദരനെ നിഷ്കാസിതനാക്കി മധുരയിൽ നിന്നാട്ടിപായിച്ചു. തനിക്കർഹതപ്പെട്ടത് നേടാൻവേണ്ടി ഡൽഹി സുൽത്താന്റെ സഹായം തേടുകയാണ് ചെയ്തത്...." മധുരാപുരി മല്ലിക് പൂർണമായും കൊള്ളയടിച്ചു. കൊട്ടാരത്തിലെ പ്രധാന ക്ഷേത്രം പൂർണമായും നശിപ്പിച്ചു. അവിടെനിന്നും രാമേശ്വരത്തിലേക്ക് സൈന്യം പുറപ്പെട്ടു. രാമേശ്വരത്തിലെ പ്രധാനക്ഷേത്രം നശിപ്പിക്കപ്പെട്ടു. തൽസ്ഥാനത്ത്, മുസ്ലീംപള്ളി പടുത്തുയർത്തി.



Scanned with CamScanner

അലാവുദ്ദീന്റെ ഡക്കാനിലേക്കുള്ള അവസാനത്തെ പടപ്പുറപ്പാട് ദേവഗിരിയിൽ നിന്ന് ലഭിക്കേണ്ട കരം നൽകാത്ത ശങ്കരദേവനെ ശിക്ഷിക്കാനായിരുന്നു. ഈ പടപ്പുറപ്പാടിന് മറ്റൊരു കാരണവുമുണ്ടായിരുന്നുവത്രെ. വറങ്കലിലെ പ്രതാപരുദ്രൻ ഖിൽജിക്കെഴുതിയ കത്ത്: "ഡൽഹി വറങ്കലിൽ നിന്ന് ഏറെ ദൂരത്തായതിനാൽ വറങ്കൽ നൽകേണ്ട വാർഷിക കരം സ്വീകരിക്കുവാൻ ഡൽഹിയിൽ നിന്നും ആളയക്കേണ്ടതാണ്" എന്നതിനെച്ചൊല്ലിയായിരുന്നുവത്രെ. മല്ലിക് ദേവഗിരി കീഴടക്കി ശങ്കർദേവനെ വധിച്ച്, ഗുൽബർഗയിൽ കൂടി തന്റെ സേനാബലം പ്രദർശിപ്പിച്ച് തുംഗഭദ്രാ നദി മുതൽ കൃഷ്ണാനദിവരെയുള്ള ഭൂതലം മുഴുവനും ഡൽഹിക്ക് കീഴിൽ വരുത്തി, പടിഞ്ഞാറ് ദേബൽ തുറമുഖവും നശിപ്പിച്ച് ഒരിക്കൽകൂടി ഹോയ്സാല രാജ്യം തകർത്ത് ചുമക്കാവുന്നത്രയും സമ്പത്തുമായി മല്ലിക് ഡൽഹിയിലേക്ക് യാത്രയായി.

രക്തച്ചൊരിച്ചിലിലൂടെ, അട്ടിമറിയിലൂടെ, ചതിയും വഞ്ചനയും ചേർത്ത് വാളിന്റെ നിത്യപ്രയോഗത്തിൽ, ഹീനകൃത്യങ്ങൾക്കതിർത്തിവരക്കാതെ ചെയ്തുകൂട്ടിയ നീചകർമ്മത്താൽ അടിപ്പെട്ടുപോയി ഭാരതം. എത്രയായിരുന്നു അതിന്റെ വിസ്തൃതി ചരിത്രരേഖ പറയുന്നു: "ദക്ഷിണഭാരതം പൂർണമായും കഫൂറിന്റെ (ഖിൽജിയുടെ) കാൽകീഴിലമർന്നു. ചോള, ചേര, പാണ്ഡ്യ രാജവംശം തകർന്നടിഞ്ഞു. ഹോയ്സാല, കാക്കത്തീയ, യാദവ രാജവംശത്തെ കഫൂർ തൂത്തെറിഞ്ഞു. ഭാരതരാഷ്ട്രം മുൾട്ടാൻ, ലാഹോർ, ഡൽഹി വടക്കും, ദ്വാരസമുദ്രവും മധുരയും തെക്കും, ഥാനയും ഗുജറാത്തും പടിഞ്ഞാറും, മധ്യഭാരതം പൂർണമായും ചേർന്നതായിത്തീർന്നു ഡൽഹിസുൽത്താനേറ്റ് എന്ന ഖിൽജിയുടെ ഭാരതം".

ഹിന്ദുക്കളോട്, അലാവുദ്ദീൻ ഖിൽജിയുടെ നയം, ചരിത്രം രേഖപ്പെടുത്തുന്നതിപ്രകാരമാണ്. "ഹിന്ദുക്കൾക്ക് പ്രത്യേകമായ അവകാശമില്ല. ഭരണത്തിലിടപെടാൻ അവർക്ക് പ്രത്യേക അവകാശങ്ങൾ അനുവദനീയമല്ല. അവർ കരം കൊടുക്കേണ്ടവർ മാത്രമാണ്". ഖിൽജി ഈ നിയമം നടപ്പാക്കിയത് ബയാനയിലെ കാസി മുഘിസ്-ഉദ്-ദിന് എന്നയാളുടെ ഉപദേശപ്രകാരമായിരുന്നു. അയാളുടെ അതേ വരിയിൽ "നിയമപ്രകാരം ഹിന്ദുക്കൾ കരവും മറ്റും രാജാവിന് നൽകേണ്ടവർ എന്ന സ്ഥാനത്ത് മാത്രം അർഹതപ്പെട്ടവരാണ്" അവർ ഖിരാജ് ഗുസാർഡ് (കരം നൽകേണ്ടവർ) മാത്രമാണ്. അലാവുദ്ദീന്റെ ഉറച്ച വിശ്വാസം ഇതായിരുന്നു. "ദൈവം മുസ്ലീമുകൾക്ക് ഹിന്ദുക്കളെ തരംതാഴ്ത്താൻ പ്രത്യേക അവകാശം നൽകിയിട്ടുണ്ട്. കൂടാതെ ഹിന്ദുക്കൾക്ക് രണ്ട് അവകാശവും നൽകിയിട്ടുണ്ട്. ഒന്നുകിൽ ഇസ്ലാം മതം സ്വീകരിക്കുക അല്ലെങ്കിൽ മുസ്ലീമിന്റെ കയ്യാൽ മരണം വരിക്കുക".

ഖിൽജിയുടെ ഉപദേശി ബയാന, ഖിൽജിക്ക് നൽകിയ ഉപദേശം: "ഹിന്ദുക്കളോട്, സുൽത്താനുവേണ്ടി വെള്ളിനാണയം ചോദിച്ചാൽ അവർ

സ്വർണ്ണനാണയം നൽകണം. ഒരു മുസ്ലീം ഹിന്ദുക്കളുടെ വായിൽ തുപ്പുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു സംശയവുമില്ലാതെ ഹിന്ദുക്കൾ വായ് തുറന്ന് കൊടുക്കണം. ഹിന്ദുക്കൾ ഇപ്രകാരം ചെയ്യുകയാണെങ്കിൽ അതിന്റെ അർത്ഥം രാജാവിനെ അവർ ആദരിക്കുന്നു, ബഹുമാനിക്കുന്നു, സ്നേഹിക്കുന്നു, അനുസരിക്കുന്നു എന്നത്രെ. ഇസ്ലാമിനെ മഹത്വവൽക്കരിക്കുക ഹിന്ദുവിന്റെ ഉത്തരവാദിത്വമാണ്. ദൈവം തന്റെ സ്വന്തം വചനങ്ങളിൽ അനുചരന്മാരോട് അരുളിയിട്ടുണ്ട്. പ്രവാചകന്റെ ഏറ്റവും നീചരായ (deadliest) ശത്രുക്കൾ ഹിന്ദുക്കളാണെന്ന്". ബയാൻ തുടരുന്നു "സ്വയം ഇസ്ലാം മതം സ്വീകരിക്കുകയോ അല്ലെങ്കിൽ വധിക്കപ്പെടുകയോ അടിമകളാക്കിത്തീർക്കപ്പെടുകയോ ചെയ്യപ്പെടേണ്ടവരാണ് ഹിന്ദുക്കളെന്ന്, പ്രവാചകൻ അരുളിയിട്ടുണ്ട്. ഹിന്ദുക്കളുടെ സ്വത്ത് രാഷ്ട്രത്തിനായി കണ്ടുകെട്ടാവുന്നതുമാണ്" എന്ന്.

ഈ ഉപദേശമനുസരിച്ച് പ്രവർത്തിച്ച ഖിൽജി ദോബിലെ ഹിന്ദുക്കൾ ആകെ ഉത്പാദിപ്പിക്കുന്ന ധാന്യത്തിന്റെ 50% കരം ചുമത്തി. വളർത്തുമൃഗങ്ങൾക്കും ഹിന്ദുവായി ജീവിക്കുന്നതിനും ജസിയ നികുതി ചുമത്തി. മുസ്ലീം ഭരണാധികാരികളുടെ എല്ലാ അനുശാസനങ്ങളും ഹിന്ദുക്കൾക്ക് അനുസരിക്കേണ്ടി വന്നു. ഹിന്ദുക്കളുടെ ദയനീയാവസ്ഥയെ അന്നത്തെ മുസ്ലീമായ ഉദ്-ദിൻബരിണി ഇപ്രകാരം രേഖപ്പെടുത്തുന്നു: "ചൗധരിമാർക്കും കൂടന്മാർക്കും, മുകടവംശജർക്കും കുതിരപ്പുറത്തുകയറുവാൻ പോലും പറ്റാത്ത അവസ്ഥ. ചെറിയ ആയുധം പോലും കൈയ്യിൽ വെക്കാൻ പറ്റാത്ത സ്ഥിതി, വെറ്റില മുറുക്കിയാൽ പോലും ശിക്ഷ".

വോയിസിലി ഹേയ്ഗ് ഇപ്രകാരം എഴുതി : "സുൽത്താന്റെ ഭരണത്തിൻകീഴിൽ രാജ്യത്തിലെ ഹിന്ദുക്കൾ ദുഃഖഭാരം പേറി മരിച്ചതിനുതുല്യരായി. ഓരോ ഹിന്ദുവംശജരേയും കരത്തിനായി സുൽത്താൻ പിഴിഞ്ഞുകൊണ്ടേയിരുന്നു". ഖിൽജിയുടെ ഭരണത്തിൻകീഴിൽ രണ്ടു പ്രധാന ഉദ്യോഗസ്ഥർ ഷഹാനാ-ഇ-മണ്ടി, ദിവാൻ-ഇ-റിയാസത് നിത്യോപയോഗ സാധനങ്ങളുടെ അളവിലും, തൂക്കത്തിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതിനെക്കുറിച്ച് ഡോ. ഈശ്വരി പ്രസാദിന്റെ വരികൾ ഇപ്രകാരം വിവരിക്കുന്നു: "സുൽത്താന്റെ ആവശ്യത്തിനായി കൊണ്ടുവരുന്ന റൊട്ടി, മാംസം, ഹൽവ, യഖ്നി, പഴങ്ങൾ, വെള്ളരിക്ക എന്നിവ കൊട്ടാരത്തിൽ എത്തിയാൽ വീണ്ടും തൂക്കി നോക്കുമായിരുന്നു. ഭാരക്കുറവുണ്ടെങ്കിൽ തത്തുല്യമായ അളവിൽ വ്യാപാരിയുടെ ശരീരത്തിൽ നിന്ന് മാംസം അറുത്തുകൊണ്ടുവന്ന്, അളവ് കൃത്യമാക്കുക എന്നത് പതിവായിരുന്നു. വ്യാപാരികളെല്ലാം അന്ന് ഹിന്ദുക്കളായിരുന്നു. അവരുടെ സ്ഥാപനങ്ങളിൽ നിന്നുമാണ് സുൽത്താന് ആവശ്യമുള്ളത് ലഭിച്ചിരുന്നതും".



Scanned with CamScanner

ജനുവരി 2, 1316ൽ ഖിൽജിയെ അയാളുടെ പ്രിയ സുഹൃത്തായ കഫൂർതന്നെ വിഷം കൊടുത്തു കൊന്നു.

ഖിൽജിയുടെ മരണശേഷം സ്വതന്ത്രദാഹത്താൽ സ്വയം ഭരണം പ്രഖ്യാപിച്ച ദേവഗിരി, ഗുൽബർഗ, സഗർ, ദ്വാരസമുദ്രദേശങ്ങളെ 1316-1320ൽ കുത്തബ്-ദിൻ- മുബാരക് ഷാ കീഴടക്കി. ദേവഗിരിയിലെ എല്ലാ ക്ഷേത്രങ്ങളേയും നിരപ്പാക്കി അതിന്റെ കല്ലുകൊണ്ട് 1317ൽ മുബാരക് ഷാ അവിടെ തന്നെ മുസ്ലീംപള്ളി തീർത്തു.

ഖിൽജിയുടെ അറുകൊലകളുടെ പരമ്പരയിൽ നിന്ന് ഭാരതം തുഗ്ളക് വംശജരുടെ പൊള്ളുന്ന കൈകളിലേക്കാണ് പോയത്. തുർക്കിക്കാരനായ ഗിയാസ്-ഉദ്-ദിൻ-തുഗ്ലക് ബാൽബന്റെ അടിമയുടേയും ഒരു ഹിന്ദു ജാട്ട് സ്ത്രീയുടേയും മകനായി ജനിച്ച വ്യക്തിയായിരുന്നു, ഗിയാസ്-ഉദ്-ദിൻ-തുഗ്ലക്

തുഗ്ലക് വംശത്തിലെ ആദ്യഭരണാധികാരിയെക്കുറിച്ച് ചരിത്രം ഇപ്രകാരം എഴുതിയിരിക്കുന്നു. "അലാവുദ്ദീൻ ഖിൽജി നടപ്പാക്കിയ എല്ലാ കർശന നടപടികളും ഹിന്ദുക്കൾക്കെതിരെ ഗിയാസുദ്ദീനും നടപ്പാക്കിയിരുന്നു. സാമ്പത്തികമായി ഉയർന്നാൽ അവർ സമ്പത്തിന്റെ അന്ധമായ അടിമകളാകും. അവർ സംതൃപ്തരായാൽ കലാപക്കൊടി ഉയർത്താൻ തുടങ്ങും. സുൽത്താന് അപ്രകാരമുള്ള പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ നിത്യദാരിദ്രത്തിലായിരിക്കണം ഹിന്ദുക്കൾ ജീവിക്കേണ്ടത്". തുഗ്ലക്കിന്റെ തേർവാഴ്ചയുടെ ചരിത്രവും വേദനാജനകമാണ്. 1323 മുതൽ വറങ്കിലിലെ രുദ്രദേവൻ രണ്ടാമനെ കീഴടക്കി തെലുങ്കാനയെ തുർക്കിയിലെ പ്രഭുക്കളുടെ കീഴിലാക്കിയ ഗിയാസുദ്ദീനെക്കുറിച്ച് ചരിത്രത്തിലെ മറ്റൊരുവരി "അയാൾ എന്നും ഹൈന്ദവരാജ്യ ഭരണാധികാരികളോട് ക്രൂരമായി പെരുമാറിയിരുന്നു. തുടർച്ചയായി ക്ഷേത്രവിഗ്രഹങ്ങളെയും ക്ഷേത്രങ്ങളെയും തകർക്കുക, പടയോട്ടത്തിന്റെ ഭാഗമായിരുന്നു. എല്ലാവിധത്തിലും അയാൾ ഒരു കർക്കശക്കാരനായ സുന്നി മുസ്ലീമായിരുന്നു".

1337ൽ മുഹമ്മദ് തുഗ്ലക് ഒരു ലക്ഷം വരുന്ന സൈന്യവുമായി നാഗർകോട്ട് ആക്രമിച്ചു. പതിനായിരങ്ങളുടെ തലയറുത്ത് സുൽത്താൻ മടങ്ങി. പിന്നീട് കരാജൽ ആക്രമിച്ചു. അയാളുടെ കരാജൽ ആക്രമണോദ്ദേശത്തെ അന്നത്തെ ഹാജി-ഉദ്-ദാബിർ ഇപ്രകാരം വിവരിക്കുന്നു: "തുഗ്ലക് കരാജൽ ആക്രമിച്ചത് അവിടത്തെ സുന്ദരികളായ സ്ത്രീകളെ ഡൽഹിയിലേക്ക് കൊണ്ടുവരുവാനായിരുന്നു". തുഗ്ലക്കിനെക്കുറിച്ച് ഇബനുബത്തൂത്ത ഇപ്രകാരം എഴുതി : "അയാൾക്ക് രക്തചൊരിച്ചിൽ ഒരു ഹരമായിരുന്നു. അയാളുടെ കൊട്ടാരവാതിൽക്കൽ നിത്യവും ശിരസറുത്ത അനവധി മനുഷ്യശരീരങ്ങൾ കാണാമായിരുന്നു. നിത്യവും പാലസിനു മുമ്പിൽ അനവധി ജനങ്ങളുടെ



Scanned with CamScanner

ശിരസ്സറുക്കുന്നതും പതിവായിരുന്നു. ശിരസറ്റ ശരീരങ്ങൾ അങ്ങിങ്ങായി ചിതറികിടക്കുന്നുണ്ടാകും. ഒരിക്കൽ ഞാൻ കുതിരവണ്ടിയിൽ യാത്രചെയ്ത് നീങ്ങുമ്പോൾ കുതിര തെന്നി മാറിയതുകണ്ടു. എന്താണത് ഞാൻ ചോദിച്ചു. എന്റെ സുഹൃത്ത് പറഞ്ഞത് മനുഷ്യനെ മൂന്നായി മുറിച്ചിട്ടിരിക്കുന്നതാണ് എന്ന്" ഒരു തുഗ്ലക് രാജാവും ഹിന്ദുവിനെയല്ലാതെ മറ്റാരെയും അറുത്തിട്ടിട്ടില്ല. ബത്തൂത്ത തന്റെ കണ്ണുകൊണ്ട് കണ്ട വിശേഷങ്ങൾ ഇങ്ങിനെ തുടർന്നെഴുതുന്നു. "എല്ലാദിവസവും നൂറുകണക്കിന് ചങ്ങലക്കിട്ട ജനങ്ങളെ, കൈയ്യിലും കാലിലും കഴുത്തിലും കുരുക്കിട്ടിരിക്കുന്നവരാണവർ, ഡർബാർഹാളിലേക്ക് കൊണ്ടുവന്നിരുന്നു. അതിലാരെയൊക്കെയാണോ വധിക്കേണ്ടത് അവരെയെല്ലാം അവിടെവച്ച് തന്നെ വധിച്ചിരുന്നു. ആരെയൊക്കെയാണ് നരകയാതനയനുഭവിപ്പിക്കേണ്ടത് അവരെയൊക്കെ നരകതുല്യം പീഢിപ്പിച്ചിരുന്നു; അടിക്കേണ്ടവരെ അടിച്ചു വീഴ്ത്തിയിരുന്നു.... എനിക്ക് സഹിക്കാൻ പറ്റുന്നില്ല ഈ ദുരവസ്ഥയിൽ നിന്ന് ദൈവം നമ്മെ രക്ഷിക്കട്ടെ"

തുഗ്ലക്കിന്റെ കാലത്തു ജീവിച്ചിരുന്ന നിസാം-ഉദ്-ദിൻ ഇപ്രകാരമെഴുതി: "അതിക്രൂരമായിട്ടാണ് തുഗ്ലക് ശിക്ഷ നടപ്പാക്കിയിരുന്നത്. അകാരണമായി രക്തം ഒഴുക്കുക സർവസാധാരണമായിരുന്നു, വിറച്ചു വിറങ്ങലിച്ച ഹൃദയത്തോടെയുള്ള ഈ കാഴ്ച കണ്ടാൽ, മാനവരാശിയെ മുഴുവൻ നിഗ്രഹിച്ചു തീർക്കുകയാണോ എന്ന് തോന്നും". ശിരസ്സറുത്തു രക്തപ്പുഴയൊഴുക്കാത്ത ഒരു ദിവസമോ ആഴ്ചയോ ഉണ്ടായിരുന്നില്ല എന്നതത്രെ തുഗ്ലക്കിന്റെ ചരിത്രസത്യം. തുഗ്ലക്കിന്റെ ഭരണത്തിലെ ശിക്ഷാക്രമമിതായിരുന്നു. "പലതരത്തിലും രൂപത്തിലുമുള്ള പീഢനങ്ങൾ നിത്യവും നടപ്പാക്കിയിരുന്നു. കൈ, കാൽ, നാക്ക്, ചെവി ഇവ മുറിച്ചു കളയുക, കണ്ണ് ചൂഴ്ന്നെടുക്കുക, ഉരുകിയ ഈയം വായിലൊഴിക്കുക, കൈയ്യിലേയും കാലിലേയും എല്ലുകൾ പൊട്ടിച്ചു നുറുങ്ങുകളാക്കുക, ശരീരഭാഗങ്ങൾ തീയിലിട്ട് ചുടുക, പഴുപ്പിച്ച ഇരുമ്പാണികൾ കൈയ്യിലും, കാലിലും മാറിടത്തിലും തറക്കുക, മനുഷ്യരെ അറക്കവാളുകൊണ്ടറക്കുക, ഇതും ഇതുപോലുള്ള മറ്റു പീഢനരീതികളും പ്രയോഗിച്ചിരുന്നു. ദയാവാരിധിയും മഹത്വമുള്ളവനുമായ ദൈവം എന്നെ (തുഗ്ലക്കിനെ) ദൈവത്തിന്റെ ദാസനാക്കി മുസൽമാന്റെ ചിന്താധാരക്കെതിരെ പ്രവർത്തിച്ച് അവരെ വേദനിപ്പിക്കുന്നവരെ ഉന്മൂലനം ചെയ്യുവാൻ ഏല്പിച്ചു". ഫിറോസ് തുഗ്ലക് ഗവർണർമാർക്ക് നൽകിയ പ്രധാന നിർദ്ദേശമായിരുന്നു: "നിത്യവും രാജകൊട്ടാരത്തി ലേക്കാവശ്യമുള്ള ഹൈന്ദവ സ്ത്രീകളായ അടിമകളെ ഡൽഹിയിലേക്ക് അയച്ചു കൊണ്ടിരിക്കുക". ഒരു ലക്ഷത്തി എൺപതിനായിരം ഹിന്ദുഅടിമകൾ ഫിറോസ് തുഗ്ലക്കിനുണ്ടായിരുന്നു. നാൽപതിനായിരം പേർ രാജകൊട്ടാരത്തിനുള്ളിൽ മാത്രം!

ഫിറോസ് തുഗ്ലക് ഹിന്ദുക്കൾക്കെതിരെ സന്ധിയില്ലാത്ത യുദ്ധം നടത്തി, ക്ഷേത്രങ്ങളെ തച്ചുടച്ചു, ക്ഷേത്രാരാധന പ്രചരിപ്പിക്കുന്നവർക്കെതിരെ



Scanned with CamScanner

കൊലക്കുറ്റം ചുമത്തി, ക്ഷേത്രങ്ങളുണ്ടായിരുന്ന സ്ഥലത്ത് മുസ്ലീം പള്ളികൾ പണിതു. കൊഹാനയിലെ പുതിയ ക്ഷേത്രത്തിലെ പ്രതിഷ്ഠാദിനത്തിന് അവിടെയുള്ള ഹിന്ദുക്കളെ എന്തുചെയ്യണമെന്നതിനെക്കുറിച്ച് ഫിറോസ് തുഗ്ലക് ഇപ്രകാരമെഴുതി: "അവരെ കെട്ടി വരിഞ്ഞ് എന്റെ മുമ്പിൽ കൊണ്ടു വന്നാലും. ഈ ജനങ്ങളുടെ വികലമായ ആരാധനാക്രമത്തെ തടഞ്ഞ് അതിന് നേതൃത്വം നൽകുന്നവരെ പൊതുവായി അപമാനിച്ച് കൊട്ടാരത്തിന്റെ പടിവാതിൽക്കൽ ശിരസ്സറുത്ത് ശിക്ഷിക്കുകയാണ്. ഞാനിതാ ഈ കൽപനകൂടി നൽകുന്നു അവരുടെ ഗ്രന്ഥങ്ങളെയും, പൂജാപാത്രങ്ങളെയും, വിഗ്രഹങ്ങളെയും പൊതുസ്ഥലത്ത് അഗ്നിയിൽ ദഹിപ്പിക്കേണ്ടതാണ്. ഇപ്രകാരം ക്ഷേത്രാരാധന ഒരു മുസ്ലീം രാജ്യത്തിൽ (ഭാരതത്തിൽ) തീർത്തും അനുവദനീയമല്ലെന്ന് മറ്റുള്ളവർക്ക് മുന്നറിയിപ്പ് നൽകേണ്ടതാണ്".

കത്തിഹാറിൽ രണ്ടു സയ്യിദുകൾ എങ്ങിനെയോ മരിക്കാനിടയായത് ഹിന്ദുക്കൾ കൊന്നതാണെന്ന ഉലേമമാരുടെ ഉപദേശം സ്വീകരിച്ചുകൊണ്ട് ഫിറോസ് തുഗ്ലക്ക് ചെയ്തത് അവിടെ പുരുഷസഹസ്രങ്ങളുടെ ശിരസ്സറുക്കലായിരുന്നു. സ്വയം കത്തിഹാറിൽ ചെന്ന് പതിനായിരക്കണക്കിന് ഹിന്ദുക്കളെ പ്രതിവർഷം അരിഞ്ഞു വീഴ്ത്തി. 23,000 ഹിന്ദുസ്ത്രീകളെ അടിമകളാക്കിയാണ് ആദ്യവർഷം ഫിറോസ് തിരിച്ചു വന്നത്. തുടർന്നുള്ള അഞ്ചുവർഷക്കാലം അതേസ്ഥലത്ത് ചെന്ന് എല്ലാവർഷവും ആയിരക്കണക്കിന് ഹിന്ദുക്കളെവധിച്ച് തിരിച്ചു വരുന്ന പതിവുണ്ടായിരുന്നു,

ഇതേസമയത്ത് ജയ്നഗറിലെ സുൽത്താൻ അവിടുത്തെ പ്രസിദ്ധക്ഷേത്രത്തിലെ ജഗന്നാഥവിഗ്രഹം പിഴുതെറിഞ്ഞു. പുതുതായി പണിത മലൂഹാ ഗ്രാമത്തിലെ ക്ഷേത്രവും സിലിബ്പൂരിലെ ക്ഷേത്രവും നിമിഷങ്ങൾക്കകം നിലംപരിശാക്കി. ജീവനോടെതന്നെ ഇവിടത്തെ പൂജാരികളെ വരിഞ്ഞുകെട്ടി അഗ്നിയിലെറിഞ്ഞു. ഇസ്ലാം മതപണ്ഡിതരുടെ സദസിൽ ഫിറോസ് ഇപ്രകാരം പ്രഖ്യാപിച്ചു. "വിഗ്രഹാരാധന ബ്രാഹ്മണരെ ആധാരമായി നടന്നുകൊണ്ടിരിക്കുന്നു. ബാക്കിയുള്ളവർ ഇവരുടെ അനുചരന്മാരാണ്. അതിനാൽ അവരെ കർക്കശമായ സാമ്പത്തിക ബാധ്യതയ്ക്ക് കരം പിരിവിലൂടെ വിധേയമാക്കണം. മറ്റു മുസ്ലീം മതപണ്ഡിതരും എന്റെ തീരുമാനത്തെ അംഗീകരിച്ചിട്ടുണ്ട്".

ഇസ്ലാം മതപ്രചരണത്തിന് ഫിറോസ് തുഗ്ലക് സർവവിധ പ്രലോഭനങ്ങളും നൽകിയിരുന്നു. അയാളുടെ തന്നെ പ്രഖ്യാപനം: "എന്റെ വിഗ്രഹാരാധകരായ പ്രജകളോട് ഞാൻ വീണ്ടും വീണ്ടും ആവശ്യപ്പെടുന്നു, നിങ്ങൾ ഇസ്ലാം മതം സ്വീകരിക്കുക. ദൈവദൂതന്റെ മാർഗമായ ഇസ്ലാമിലേക്ക് നിങ്ങൾ വരുന്ന നിമിഷം മുതൽ, ജസിയ എന്ന മതനികുതിയിൽ നിന്ന് നിങ്ങൾ മുക്തരാണ്. എന്റെ ഈ പ്രഖ്യാപനം ശ്രവിച്ച് ഹിന്ദുധർമ്മം ഉപേക്ഷിച്ചവർ അനവധിയുണ്ട്, നിങ്ങളും ആ വഴി പിന്തുടരുക".



Scanned with CamScanner

1360ൽ ഫിറോസ് തുഗ്ലക് നാഗർകോട്ട് ആക്രമിച്ചു. 6 മാസത്തെ ഘോരയുദ്ധത്തിനുശേഷം നാഗർകോട്ട് കോട്ട നിലംപതിച്ചു. പ്രസിദ്ധമായ ജ്വാലമുഖിക്ഷേത്രത്തിലേക്ക് പ്രവേശിച്ച സുൽത്താൻ വിഗ്രഹത്തെ തച്ചുടച്ച് ഒരു ഭാഗം മദീനയിലേക്കയച്ചു. 90,000 കുതിരപ്പടയുടെയും, 480 ആനപ്പടയുടെയും 5000 ബോട്ടുകളിലുമായി സിന്ധ് രാജ്യം ആക്രമിച്ച ഫിറോസിന് പതിനായിരങ്ങളെ അരിഞ്ഞ് വീഴ്ത്തുവാൻ സാധിച്ചെങ്കിലും വിജയം ആഘോഷിക്കുവാൻ കഴിഞ്ഞില്ല.

തുഗ്ലക്കുകളുടെ എരിതീയിൽ വെന്തുരികിയ ഭാരതീയന് വീണ്ടും അഭിമുഖീകരിക്കേണ്ടിവന്നത് അതിക്രൂരനായ തൈമൂർ എന്ന തുർക്കിക്കാരനെയായിരുന്നു. 1398ൽ ഇന്ത്യയിലെ സമ്പത്ത് ലക്ഷ്യമാക്കിയായിരുന്നു തൈമൂറിന്റെ പടപ്പുറപ്പാട്. മുഫസറ്റ്-ഇ-തിമൂരി എന്ന ഗ്രന്ഥവും സഫർനാമ എന്ന ഗ്രന്ഥവും, തൈമൂറിന്റെ ആക്രമണലക്ഷ്യത്തെ ഇപ്രകാരം വിവരിക്കുന്നു. "തൈമൂർ ഒരു സുന്നി മുസൽമാനാണ്. വിഗ്രഹാരാധകരുടെ ദേശത്ത് ഇസ്ലാം പ്രചരിപ്പിക്കലായിരുന്നു തൈമൂറിന്റെ ലക്ഷ്യം".

തൈമൂറിന്റെ തന്നെ പ്രഖ്യാപനം ഇപ്രകാരമായിരുന്നു. "ഹിന്ദുസ്ഥാനത്തെ ആക്രമിക്കുക എന്നതാണ് എന്റെ പടയോട്ടത്തിന്റെ ലക്ഷ്യം, വിഗ്രഹാരാധകരെ പൂർണമായും ഇസ്ലാമിലേക്ക് മതം മാറ്റുക എന്നതു തന്നെയാണ്, ഉദ്ദേശവും. ഇപ്രകാരം ചെയ്യുന്നതിലൂടെ ആ ദേശത്തെ (ഭാരതത്തെ) ബഹുദേവ ആരാധനയിൽ നിന്നും, വിഗ്രഹാരാധനയുടെ വൃത്തികേടുകളിൽ നിന്നും മോചിപ്പിക്കുക എന്നതുതന്നെയാണ് ഞാൻ ലക്ഷ്യമിടുന്നത്. അവരുടെ ക്ഷേത്രങ്ങളും വിഗ്രഹങ്ങളും നശിപ്പിച്ചെറിയുന്നതിലൂടെ നമ്മൾ ദൈവത്തിന്റെ മുമ്പിൽ ഘാസികളും മുജാഹിദുകളുമായിത്തിരുന്നു. (ദൈവത്തിന്റെ പ്രിയപ്പെട്ടവർ)"

1398 ഏപ്രിലിൽ തൈമൂർ സമർഖണ്ഡ് കടന്ന്, ത്ധേലം പ്രദേശം കീഴടക്കി, തുലംബപ്രദേശം ചവുട്ടി മെതിച്ച്, ഖോഖർ ജനത്തെ അരിഞ്ഞുവീഴ്ത്തി, സറ്റ്ലജ് നദിയുടെ തീരത്തെത്തി. സറ്റ്ലജിൽ തൈമൂറിനോടൊപ്പം, പിർമുഹമ്മദിന്റെ സൈന്യവും ചേർന്ന് ഡൽഹിയിലേക്കുള്ള പടയോട്ടമാരംഭിച്ചു. വഴിമദ്ധ്യേ ഭട്നീർരാജ്യത്തെ ദുൽചന്ദ്മായുള്ള യുദ്ധത്തിൽ ആയിരക്കണക്കിന് ഹിന്ദുക്കളുടെ ശിരസറുത്ത് തൈമൂർ പടയോട്ടം തുടർന്നു. നവംബർ 13, 1398ൽ ഭട്നിരിൽ നിന്ന്, സിർസ-ഫത്തേഹാബാദ്, അഹർവാൻ എന്നീ രാജ്യങ്ങൾ കൊള്ളയടിച്ച്, 20000ത്തിലധികം ജാട്ടുകളെ കൊന്നൊടുക്കി 29 നവംബറിൽ തൈമൂർ കൈതിലിലെത്തി. ഡിസംബർ 7ന് യമുനാനദി കടന്ന് ഡിസംബർ 10ന് ലോണി കീഴടക്കി. ഇവിടെയും ആയിരക്കണക്കിന് ഹിന്ദുക്കളെ തൈമൂറിന്റെ സൈന്യം ശിരസറുത്തു. ഡിസംബർ 12ന് ഡൽഹിയിലെത്തവേ ഒരു ലക്ഷത്തോളം വരുന്ന ഹൈന്ദവരെ ദിവസങ്ങൾക്കകം വധിച്ച് ഹിന്ദുകൊലയുടെ സർവകാല ചരിത്രവും തൈമൂർ തിരുത്തിക്കുറിച്ചു.



Scanned with CamScanner

ടൈമൂറിന്റെ ക്രൂരമായ ഈ നരഹത്യയെ ഇംഗ്ലീഷ് ചരിത്രകാരന്മാർ മാർക്ക്, സൈക്കസ് ഇപ്രകാരം വിവരിക്കുന്നു : "ഫ്രഞ്ചുകാരിൽ നിന്ന് മോചനം നേടാൻ, അഗിൻ കോർട്ടിൽ, ഇംഗ്ലീഷ് സൈന്യം ഫ്രഞ്ചുകാരെ കശാപ്പു ചെയ്തവസാനിപ്പിച്ചു. നിക്കോപോളിസിൽ ഇംഗ്ലീഷ്കാരും, ഫ്രഞ്ചുകാരും, ജർമ്മൻകാരും ചേർന്ന് സെർബിയക്കാരുടെയും തുർക്കികളുടേയും ഉന്മൂലനാശം വരുത്തി. ഇതേപ്രകാരമായിരുന്നു ടൈമൂർ നടത്തിയ കൂട്ടക്കൊല. പക്ഷേ വധിക്കപ്പെട്ടവരുടെ സംഖ്യയിൽ ടൈമൂർ ചെയ്തതിനോടൊപ്പം മറ്റൊന്നുമെത്തുകയില്ല".

1398 ഡിസംബർ 17ന് ഡൽഹി സൈന്യത്തെ പരാജയപ്പെടുത്തി ടൈമൂർ ഡൽഹിയിൽ 15 ദിവസത്തേക്ക് അധികാരമേറ്റു. ഈ ദിവസങ്ങളിൽ മാത്രം ഒരു ലക്ഷം ഹിന്ദുക്കളെ ടൈമൂർ കൊന്നൊടുക്കി എന്നാണ് ചരിത്രരേഖ. വൻ സൗധങ്ങൾ നിലംപതിപ്പിച്ച്, സാധിക്കാവുന്നത്രയും സമ്പത്ത് കൊള്ളയടിച്ചു. ഈ കൂട്ടക്കൊലയെ ചരിത്രകാരൻ ലേൻപൂലേ ഇപ്രകാരം വിവരിക്കുന്നു. "ടൈമൂറിന്റെ വിജയം പൂർണമായിരുന്നു. ടൈമൂർ നിലത്തിരുന്നു ദൈവത്തിനു നന്ദി പറഞ്ഞു. മൂന്ന് ദിവസത്തേക്ക് നഗരത്തിൽ രക്തം തളം കെട്ടി നിന്നിരുന്നു. സർവ്വസംഹാരത്തിന്റെ ലക്ഷണം, എല്ലായിടത്തും ദൃശ്യമായിരുന്നു. മുസ്ലീമുകളൊഴികെ മറ്റൊരു ജീവിയും മനുഷ്യനും അവിടെ നിന്നും രക്ഷപ്പെട്ടിട്ടില്ല".

മറ്റൊരു ചരിത്രകാരനെഴുതി "ഹിന്ദുക്കളുടെ ശിരസുകൊണ്ട്, ഉയർന്ന കൊട്ടാരങ്ങൾ നിർമ്മിച്ചതുപോലെ തോന്നി. അവരുടെ ശരീരം മൃഗങ്ങളും പക്ഷികളും കൊത്തിവലിക്കുന്നുണ്ടായിരുന്നു. ഇതിൽ നിന്നും രക്ഷപ്പെട്ട ഏതെങ്കിലും ഹിന്ദു ഉണ്ടായിരുന്നെങ്കിൽ അവൻ കാരാഗൃഹത്തിലായിരുന്നു.". സഫർനാമയുടെ രചയിതാവ് 700 വർഷങ്ങൾക്കുമുമ്പ് ഇങ്ങിനെ രേഖപ്പെടുത്തി. "എന്നാൽ ആ വെള്ളിയാഴ്ച രാത്രി മുഴുവനും, 15,000 പേർ അടങ്ങുന്ന സേനാസമൂഹം നഗരം കൊള്ളയും കൊള്ളിവയ്പ്പും നടത്തി. വീടുകളും സൗധങ്ങളും അഗ്നിക്കിരയാക്കി. സൈന്യം അവയെ പ്രോത്സാഹിപ്പിച്ചിരുന്നു. ഡിസംബർ 17-ാം തീയതി ഞായറാഴ്ച ആ പ്രദേശം മുഴുവനും കൊള്ളയടിക്കപ്പെട്ടു. കൂടാതെ ജഹാൻപ.ന എന്ന സ്ഥലത്തും ശിരി എന്ന സ്ഥലത്തുമുള്ള കൊട്ടാരങ്ങളെല്ലാം തകർക്കുന്നതു കാണാമായിരുന്നു. 18-ാം തീയതിയും ഇതേപ്രകാരം കൊള്ളയടിക്കുന്നത് കാണാമായിരുന്നു. ഓരോ സൈനികനും കുറഞ്ഞത് 20 വീതമെങ്കിലും ഹിന്ദുക്കളെ അടിമകളായി ലഭിച്ചു. ചിലർക്ക് അമ്പതും നൂറും പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും അടിമകളായി ലഭിച്ചു. മറ്റുള്ളവർ കൊള്ളയടിച്ച മുതൽ അസംഖ്യമായിരുന്നു. മുത്തും, വൈരവും, മരതകവും, ഗോമേദവും, സ്വർണവും, വജ്രവും, സിൽക്ക് തുണിത്തരങ്ങളും വിവരണാതീതമായ അളവിലുണ്ടായിരുന്നു. അടിമകളാക്കപ്പെട്ട സ്ത്രീകൾ ധാരാളം സ്വർണാഭരണങ്ങൾ അണിഞ്ഞിരുന്നു. സുഗന്ധവസ്തുക്കളും,



Scanned with CamScanner

സൗന്ദര്യവർദ്ധകവസ്തുക്കളും നോക്കിയെടുക്കുവാൻ കൊള്ളയടിക്കുന്ന ടൈമൂറിന്റെ സൈനികർക്ക് സമയമില്ലായിരുന്നു. ഡിസംബർ 19ന് പഴയ ഡൽഹിയിലെ ഹിന്ദുക്കളിൽ അവശേഷിച്ചവർ വലിയ മുസ്ലീം പള്ളിയിൽ അഭയം തേടി. അമീർഷാ മല്ലിക്ക്, അലി സുൽത്താൻ തവാചിയും 500 പേരടങ്ങുന്ന വിശ്വസ്ത സേനാംഗങ്ങളും, പള്ളിയിൽ അഭയം നേടിയ ഓരോ ഹിന്ദുവിന്റെയും തലയറുത്തു. ഈ തലകൾ കൊണ്ട് ഉയർന്ന കൂമ്പാരങ്ങളുണ്ടാക്കി. ശരീരം പട്ടിക്കും കഴുകനും കൊടുത്തു. അതേദിവസം പഴയ ഡൽഹി കൊള്ളയടിക്കപ്പെട്ടു. ഏതെങ്കിലും ഹിന്ദു രക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ അവിടേയും അവൻ തുറുങ്കിലടക്കപ്പെട്ടു.

ഓരോദിവസവും തുറങ്കിലടക്കപ്പെട്ടവരെ നഗരത്തിനു വെളിയിൽ കൊണ്ടുവരുമായിരുന്നു. ഓരോ അമീറും, പ്രഭുവും ആയിരങ്ങളടങ്ങുന്ന ഹിന്ദു തടവുകാരെ വീതം വെക്കുമായിരുന്നു. ടൈമൂറിന്റെ മാത്രം നേതൃത്വത്തിൽ ഇപ്രകാരമുള്ള പതിനായിരക്കണക്കിന് ഹിന്ദുതടവുകാർ അടിമകളായി ഉണ്ടായിരുന്നു. സമർഖണ്ഡിൽ മസ്ജിദ്-ഇ-ജമിപള്ളിയുടെ നിർമ്മാണത്തിനുള്ള തൊഴിലാളികളായി മാറ്റിയിരുന്നു, ജീവനവശേഷിക്കുന്ന ഹിന്ദുക്കളെ. ഇത് സഫർനാമ എന്ന പുരാതന അറബി ഗ്രന്ഥരചയിതാവിന്റെ തന്നെ വരികളാണെന്നോർക്കുമല്ലോ. ടൈമൂർ തന്റെ ഈ സംഹാരതാണ്ഡവത്തെക്കുറിച്ച് ഇങ്ങിനെ പറയുന്നു. "ശിരിയും, ജഹാനാപന്നായും, പഴയ ഡൽഹിയും സമ്പൂർണമായി നശിപ്പിക്കുക എന്നത് ഈശ്വരേച്ഛയാണ്. ഈ സംഹാരതാണ്ഡവത്തെ നഗരവാസികൾ (ഹിന്ദുക്കൾ) എതിർത്തുകൊണ്ടു മാത്രമാണ് ഇത്രയും നരഹത്യ നടന്നത്. അതൊഴിച്ചുകൂടാൻ വയ്യാത്തതായിരുന്നു"

ടൈമൂർ തന്റെ സംഹാരതാണ്ഡവം മീററ്റിലും ആഘോഷിച്ചു. പതിനായിരക്കണക്കിന് ഹിന്ദുക്കളുടെ തല ഇവിടേയും നിലത്തുവീണു. അവിടെ നിന്നും ഹരിദ്വാറിലേക്ക് പടയോട്ടം നടത്തി. അസാധാരണമാംവിധമുള്ള ക്രൂരത ഹിന്ദുക്കളോട് ഈ പടയോട്ടത്തിൽ ടൈമൂർ കാണിച്ചു.

ടൈമൂർ ഇവിടെ നിന്നു ജമ്മുവിലേക്ക് പ്രയാണം ചെയ്ത്, ജമ്മുവിലെ രാജാവിനെ തടവുകാരനാക്കി. ഇനിയുള്ളത് ചരിത്രരേഖ വായിക്കുക. "ഭയവും ഭീഷണിയും കൊണ്ട് ടൈമൂർ രാജാവിനെ ഇസ്ലാമിന്റെ ഭംഗി കാണിച്ചുകൊടുത്തു. ഗോമാംസം പൊതുവേദിയിൽ നിർബന്ധിച്ച് ഭക്ഷിപ്പിച്ചു. വാൾമുനകൊണ്ട് ഹിന്ദുവിനെതിരെ ആക്രോശിപ്പിച്ചു........ രാജാവിനെ ഇസ്ലാമിന്റെ തണലിലേക്കെടുത്തു". മടക്കയാത്രയിൽ ടൈമൂർ പതിനായിരക്കണക്കിന് പണിക്കാരെ കൂട്ടത്തിൽ അടിമകളായി ചേർത്ത് അവരെക്കൊണ്ട് സമർഖണ്ഡിൽ വൻ കൊട്ടാരങ്ങൾ തീർത്തു. "ടൈമൂറിന്റെ പേര്" പറഞ്ഞ് ഭാരതത്തിലെ വീടുകളിൽ കുട്ടികളെ ഭയപ്പെടുത്തുന്ന സമ്പ്രദായം ഇതോടുകൂടിയാണ്



Scanned with CamScanner

ആരംഭിച്ചത്. പെൺകുട്ടികളുടെ ചാരിത്രഹാനി ഭയന്ന് ഹിന്ദുഗൃഹങ്ങളിൽ പെൺകുട്ടികളെ ചെറുപ്പത്തിലെ വിവാഹം കഴിച്ചുകൊടുക്കുന്ന സമ്പ്രദായം തുടങ്ങിയത് തൈമൂറിന്റെ കാലത്താണ്. പുരുഷന്മാരെ വധിച്ച് അവരുടെ സ്ത്രീകളെ ബലാൽസംഗം ചെയ്ത ചരിത്രം ലക്ഷക്കണക്കിന് ഹിന്ദു സ്ത്രീകളുടേതായിരുന്നു. ഈ ദുഃഖവേദനയിൽ നിന്ന് രക്ഷനേടാനായിരുന്നു ഹിന്ദുസ്ത്രീകൾ ഭർത്താവിനോടൊപ്പം ചിതയിൽ ചാടി മരിക്കാൻ തയ്യാറായത്. ഗുപ്തസാമ്രാജ്യത്തിലും, ഹർഷവർദ്ധന്റെ കാലത്തും തീർത്തും ഇല്ലാതിരുന്ന സതി 12-15 നൂറ്റാണ്ടുവരെ നിരന്തരം നടന്ന് ദുരാചാരത്തിന്റെ ഭാഗമായത് ഇക്കാലത്താണ്. അനവധി വീടുകളിൽ സ്ത്രീകൾ മാത്രമായി. പുരുഷന്മാരുടെ എണ്ണം അസാധാരണമാംവിധം കുറഞ്ഞുപോയത് തൈമൂറിന്റെ സൈന്യം നടത്തിയ നരമേധമായിരുന്നു.

"ഭയചകിതരായ ഹിന്ദുക്കൾ ദശാബ്ദങ്ങളോളം അടിമകളേക്കാൾ നികൃഷ്ടമായ ജീവിതം നയിച്ചു. അവരുടെ ക്ഷേത്രങ്ങൾ മ്ലേച്ഛന്മാർ അശുദ്ധമാക്കപ്പെട്ട ദുഃഖഭാരം താങ്ങി അവർ ജീവിച്ചു". ചരിത്ര വരികളാണിത്.

ഇനി തുടർന്നുള്ള ചരിത്രം ..........

1451 ഏപ്രിൽ 15ന് ഡൽഹിയിലെ അലംഷാ, ബെഹ്‌ലോൾ ലോഡി എന്ന വിദേശിയെ ക്ഷണിച്ചുവരുത്തി ഡൽഹി സിംഹാസനത്തിന്റെ താക്കോൽ അയാളെ ഏൽപ്പിച്ചു. അന്നേദിവസം മുതൽ ഡൽഹി, അഥവാ ഭാരതം മറ്റൊരു ക്രൂരവംശത്തിന്റെ (ലോഡിവംശം) കാൽചുവട്ടിലായി, ഭാരതജനതയും! താരതമ്യേന അറിയപ്പെടാത്ത സയ്യിദ് വംശത്തിന്റെ കീഴിൽ നിന്ന് മറ്റൊരു ക്രൂരവംശമായ ലോഡിവംശത്തിലേക്കുള്ള സിംഹാസനത്തിന്റെ ഈ മാറ്റം ശാന്തമായിരുന്നു എന്നുമാത്രം. ലോഡിവംശത്തിന്റെ ആദ്യസുൽത്താനായ ബേഹ്‌ലോൾ, സൈന്യങ്ങളെയും ഹിന്ദുക്കളായ അടിമകളെയും ലഭ്യമായ സ്വത്തുകളും മുസ്ലീം പ്രഭുക്കൾക്ക് വീതിച്ചുകൊടുത്ത് 38 വർഷം ഭരിച്ച്, 1489ൽ മരിച്ചു.

1489ൽ സിക്കന്ദർ ലോഡി അധികാരമേറ്റു. സിക്കന്ദർ അധികാരമേറ്റ സമയത്തെ ഭാരതം, ഒരു അറബി ഗ്രന്ഥമായ വാകയത്-ഇ-മുഷ്താക്‌ന്റെ രചയിതാവ് ഇപ്രകാരം വിവരിക്കുന്നു. "ഭാരതത്തിന്റെ പകുതി ഫാർമ്യൂലികളുടേയും മറ്റേപകുതി അഫ്ഘാൻഗോത്രവർഗക്കാരുടേയും കയ്യിലായിരുന്നു". സിക്കന്ദർ അധികാരമേറ്റെടുത്ത ഉടനെ ചെയ്ത ക്രൂരകൃത്യങ്ങൾ ചരിത്രകാരനായ ഡോ. ശ്രീവാസ്തവ ഇപ്രകാരം എഴുതുന്നു. "സിക്കന്ദർ ഒരു കർക്കശക്കാരനും മതഭ്രാന്തനുമായ മുസ്ലീം വിശ്വാസിയായിരുന്നു. അധികാരമേൽക്കുന്നതിനു മുമ്പുതന്നെ, ഹിന്ദുക്കൾ താനേശ്വരിലെ ക്ഷേത്രസന്നിധിയിലെ നദിയിൽ പുണ്യസ്നാനം ചെയ്യുന്നത് അയാൾ നിർത്തൽ ചെയ്തു. അധികാരമേറ്റെടുത്ത ഉടനെ ഹിന്ദുക്കളുടെ ക്ഷേത്രം നശിപ്പിച്ച് അതിന്റെ



Scanned with CamScanner

മുകളിൽ പള്ളി പണിയുവാൻ തുടങ്ങി. നാഗർകോട്ടയിലെ ജ്വാലാമുഖി ക്ഷേത്ര വിഗ്രഹം സിക്കന്ദർ ലോധി സ്വയം പൊട്ടിച്ച് അതിന്റെ കഷണങ്ങൾ ഇറച്ചിവില്പനക്കാർക്ക് വിതരണം ചെയ്ത്, അത് തൂക്കത്തിനുപയോഗിക്കുവാൻ നിർദ്ദേശിച്ചു. മഥുര, മന്ദ്രില, ഉത്ഗിർ, നാർവർ, ചന്ദേരി തുടങ്ങിയ സ്ഥലങ്ങളിലെ പ്രസിദ്ധക്ഷേത്രങ്ങളെല്ലാം നശിപ്പിക്കുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തു. ഇസ്ലാംമതം പോലെതന്നെ ഹിന്ദുധർമ്മവും സത്യത്തിന്റെയും ധർമ്മത്തിന്റെയും പാതയാണെന്നു പറഞ്ഞ ഒരൊറ്റ കുറ്റത്തിന് (ഇസ്ലാംമിനോടൊപ്പം ഹിന്ദുധർമ്മത്തെ തുലനം ചെയ്തതിന്) ബോധാൻ എന്ന ഹിന്ദുവിനെ നരകയാതനയനുഭവിപ്പിച്ച് കൊന്നു".

ഇയാളുടെ കാലത്ത് യമുനയിലും ഗംഗയിലും ഹിന്ദുക്കൾ പുണ്യസ്നാനം ചെയ്യുന്നത് നിയമം മൂലം തടഞ്ഞു. ഫിറോസ് തുഗ്ലക്കിനെപോലെ നീചനും ക്രൂരനും രക്തദാഹിയുമായ ഹിന്ദുവിരോധിയായിരുന്നു, സിക്കന്ദർ ലോധിയെന്ന് ചരിത്രകാരൻ ശ്രീവാസ്തവ തെളിവുകൾ സഹിതം രേഖപ്പെടുത്തുന്നു. 1502ൽ രാജാവിനായക് ദേവിനെ തടവിലാക്കി, സിക്കന്ദർ, ഗ്വാളിയോറും ധോൾപൂരും കീഴടക്കി. ഗ്വാളിയോറിന്റെ പൂർണാധിപത്യം രാജാമാൻസിങ്ങിൽ നിന്നും പിടിച്ചെടുക്കാനായില്ലെങ്കിലും അവിടെയുമൊരു നരമേധം ലോധി നടത്തി. തുടർന്ന് മാന്ദ്രേൻ, ഉത്ഗിർ, നാർവർ, ചന്ദേരി എന്നിവ പിടിച്ചടക്കി. നവംബർ 21, 1517ന് മാൾവയിലേക്കുള്ള പടപ്പുറപ്പാടായിരുന്നു. ഇവിടെ നരഹത്യക്ക് മേൽനോട്ടം വഹിക്കുന്ന വേളയിൽ രോഗഗ്രസ്ഥനായി സിക്കന്ദർ മരിച്ചു.

ലോധിയെക്കുറിച്ച് ചരിത്രകാരന്മാർ നൽകുന്ന മറ്റൊരു വിവരണം: "ഭാരതത്തിലെ മൊത്തം ക്ഷേത്രങ്ങളുടെ (Wholesale destruction of temples) നശീകരണ ദൃശ്യങ്ങൾ ഇയാൾ കീഴടക്കിയ ഓരോ ജില്ലയിലും കാണാമായിരുന്നു. ആക്രമിക്കുവാൻ വരുന്ന ശത്രുവിനും ആരാധിച്ചിരുന്ന വിഗ്രഹത്തിനും മധ്യേ ബ്രാഹ്മണരായി ജനിച്ചു എന്ന ഒറ്റക്കാരണത്താൽ ക്രൂരമായി വധിക്കപ്പെടുമ്പോൾ, സിക്കന്ദറുടെ മനസ്സിൽ പുകഞ്ഞിരുന്നത് ഹിന്ദു ആരാധകരോടുള്ള പക മാത്രമായിരുന്നു".

ചരിത്രകാരനായ ശ്രീവാസ്തവയുടെ വരികൾ തുടരുന്നു: "അയാളുടെ അടിസ്ഥാനനിയമസംഹിതയായിരുന്നു പടയോട്ടങ്ങളിൽ കാണുന്ന എല്ലാ ക്ഷേത്രങ്ങളെയും നശിപ്പിച്ച് അതിനുമുകളിൽ മുസ്ലീംപള്ളിയുടെ മകുടം നിർമ്മിക്കുക എന്നത്". "ഫിറോസ് തുഗ്ലക്കിന്റെ കാലത്തു നിലനിന്നുരുന്നതു പോലെ സിക്കന്ദർ ലോധിയുടെ ഡൽഹി സുൽത്താനേറ്റ് പ്രതിദിനം ആയിരക്കണക്കിന് ഹിന്ദുക്കളെ ഇസ്ലാമിലേക്ക് മതപരിവർത്തനം ചെയ്യുന്ന കേന്ദ്രമായി മാറിയിരുന്നു".

സുൽത്താനേറ്റ് ഭരണത്തിൽ ഹിന്ദുവിന്റെ അവസ്ഥയെക്കുറിച്ച് മറ്റൊരു വരി : "ഹിന്ദുവിന് അഭയം നൽകുവാനോ സഹായിക്കുവാനോ ആരുമുണ്ടാ



Scanned with CamScanner

യിരുന്നില്ല. പ്രതികാരം ചെയ്യുവാനോ പ്രതികരിക്കുവാനോ കഴിയാത്തവിധം അവരെ ശിക്ഷിച്ചിരുന്നു. അന്ത്യത്തിൽ ഓരോ ഹിന്ദുവും എല്ലാം ഈശ്വരനിൽ അർപ്പിച്ചുകൊണ്ട് സഹിക്കുകയായിരുന്നു. സർവശക്തനായ ദൈവം മാത്രമായിരുന്നു അവർക്ക് അഭയം നൽകിയത്".

"പല ഹൈന്ദവ പണ്ഡിതരും വിചാരിച്ചു ഹിന്ദുവിനെതിരെയുള്ള ശാരീരികവും മാനസികവുമായ പീഢനവും, സാമ്പത്തികഭാരവും, അപമാനഭാരവും അരക്ഷിതാവസ്ഥയും ഇസ്ലാമിലേക്ക് മതം മാറിയാൽ ലഭിക്കുന്ന പരിഗണനയും നിമിത്തം ഹിന്ദുധർമ്മം പൂർണമായും നശിക്കുകതന്നെ ചെയ്യും എന്ന്. അതിനാൽ ഈശ്വരകൃപയ്ക്കായി അവരിൽ പ്രമുഖർ ഭക്തിപ്രസ്ഥാനത്തിനു തുടക്കമിട്ടു".

അടുത്തത്, ഇന്നും ഭാരതത്തിന്റെ മനസ്സിൽ മായാതെ നിൽക്കുന്ന സംഭവത്തിനുത്തരവാദിയായ സഹിറുദ്ദീൻ ബാബറിന്റെ പടയോട്ടമായിരുന്നു. ഹിന്ദുവിന്റെ ശിരസിലേൽക്കുന്ന അടുത്ത പ്രഹരങ്ങളുടെ പരമ്പരയാണീ ചരിത്രം.1438ൽ ജനിച്ച ബാബർ ക്രൂരന്മാരെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തിയ തൈമൂറിന്റേയും ചെങ്കിസ്ഖാന്റേയും പിൻതലമുറക്കാരനായിരുന്നു. ലേൻപൂലെ എന്ന ചരിത്രകാരൻ ബാബറിനെക്കുറിച്ച് ഇങ്ങനെ എഴുതി. "മംഗോളിയരുടെ ശക്തിയും, തുർക്കിക്കാരുടെ ധൈര്യവും അസംഖ്യം ഹിന്ദുക്കളെ ചവിട്ടിമെതിക്കാൻ ബാബറിന് കൈമുതലായുണ്ടായിരുന്നു. ബാബർ തുടങ്ങിവച്ചത് അയാളുടെ പൗത്രനായ അക്ബർ പൂർത്തീകരിച്ചു".

1497ൽ ബാബർ സമർഖണ്ഡ് കീഴടക്കി ഭാരതത്തിലേക്കുള്ള പടയോട്ടത്തിന്റെ കവാടം തുറന്നു. 1504ൽ ബാബർ ഹിന്ദുകുഷിലെത്തി. പടയോട്ടത്തെക്കുറിച്ച് ബാബർ ഇങ്ങിനെയെഴുതി : "യുദ്ധം ചെയ്യാതെ, ഒരു ശക്തിയുമപയോഗിക്കാതെ, സർവശക്തനായ ദൈവത്തിന്റെ കൃപയും ദയയും കൊണ്ടുമാത്രം കാബൂളും, ഗസ്നിയും, അതിനോടടുത്തുള്ള പ്രദേശങ്ങളും എനിക്ക് കീഴടക്കുവാൻ സാധിച്ചു". പല പരാജയങ്ങളും നേരിട്ട ബാബറിനെ നിർഭാഗ്യവശാൽ 111 വയസ്സുള്ള ഒരു സ്ത്രീ, തൈമൂറിന്റെ വീരപരാക്രമങ്ങളുടെ ചരിത്രം പറഞ്ഞ് ആവേശം നൽകി, ഭാരതത്തെ കീഴടക്കുവാൻ പ്രോത്സാഹിപ്പിച്ചു. ഈ ഉത്തേജനവും നമ്മുടെ നാടിന് വിനയായി.

ഇബ്രാഹിം ലോഡിയുടെ ചെയ്തികളെ എതിർത്തിരുന്ന ദൗലത്ത്ഖാൻ ലോഡി ബാബറിനെ ഭാരതത്തിലേക്ക് ക്ഷണിച്ചു. ഇബ്രാഹിം ലോഡിക്കെതിരാ യിരുന്നു റാണാ സംഗ്രാംസിങ്ങും ബാബറിന് എല്ലാവിധ സഹായവും ആദ്യം വാഗ്ദാനം ചെയ്തു. അഞ്ചുവർഷത്തെ നരകയാതന മറന്ന ഹിന്ദുവിന്റെ വിചാരവും വികാരവും സംഗ്രാം സിംഹനിൽ കണ്ടു. പിന്നീട് റാണാ അതിന്റെ തിക്തഫലം അനുഭവിക്കുകയും ചെയ്തു. 1504, 1507, 1519, 1519 (രണ്ടാം പ്രാവശ്യം),1520, 1524, 1526 എന്നീ വർഷങ്ങളിൽ ബാബറിന്റെ ഏഴ് പടയോട്ട പരമ്പരകൾ ഭാരതത്തിലേക്ക് നടന്നു.



Scanned with CamScanner

ഡോ. ഈശ്വരിപ്രസാദിന്റെ വരികളിൽ "1526ൽ ഒന്നാം പാനിപ്പത്ത് യുദ്ധത്തിൽ ഡൽഹി സുൽത്താനായ ഇബ്രാഹീംലോധിയുടെ തലസ്ഥാനനഗരവും സിംഹാസനവും പൊട്ടിത്തെറിച്ചുപോയി. ഹിന്ദുസ്ഥാനത്തിന്റെ പരമാധികാരം ചഘതായ് തുർക്കിയായ ബാബറിന്റെ കൈകളിലേക്ക് മാറ്റപ്പെട്ടു". ഇത് മുഗൾ സാമ്രാജ്യത്തിന്റെ ഭരണത്തിന്റെ ആരംഭദിവസമായിരുന്നു.

പാനിപ്പത്ത് യുദ്ധത്തിൽ ബാബറിനുണ്ടായ വിജയം ഹൈന്ദവ മനസ്സുകളിൽ ഭയത്തിന്റെ ഭീകരസ്വപ്നം തന്നെ സൃഷ്ടിച്ചു. ചരിത്രരേഖ ഇപ്രകാരം പറയുന്നു."ഭാരതജനത വിദേശഭരണത്തിന് തികച്ചും എതിരായിരുന്നു. ഓരോ നഗരവും, ഓരോ വലുതും ചെറുതുമായ ഉദ്യോഗസ്ഥനും, ബാബറിനെ എതിർക്കാൻ തയ്യാറെടുക്കുന്നുണ്ടായിരുന്നു."

ഇബ്രാഹിം ലോധിയെ എതിർക്കാൻ ബാബറിന് എല്ലാവിധ സഹായവും വാഗ്ദാനം ചെയ്ത് നൽകാതിരുന്നതിനു റാണാസംഗ്രാമസിംഹനെ, ബാബർ വഞ്ചനക്കുറ്റംചുമത്തി. എൺപതിനായിരം വരുന്ന കുതിരപ്പട, ഏഴ് ഉപരാജാക്കന്മാരുടേയും, ഒമ്പതു റാവുമാരുടേയും, നൂറ്റിനാല് പട്ടാളമേധാവി കളുടേയും നേതൃത്വത്തിൽ റാണാ സംഗ്രാമസിംഹന്റെ സൈന്യം ബിയാനായിലെ നൈസാംഖാനെ ആക്രമിച്ചു. നൈസാംഖാൻ, ബാബറിന്റെ സഹായം തേടി. 14 ലക്ഷം രൂപ പ്രതിവർഷം നൽകാമെന്ന വാഗ്ദാനം ചെയ്ത് നൈസാം, ബാബറിന്റെ കുടക്കീഴിലെത്തി. ഇതിലൂടെ തന്നെ റാണായും, ബാബറും കൺവായിൽ വീണ്ടും ഏറ്റുമുട്ടി. മാർച്ച് 16, ശനിയാഴ്ച 1527ൽ നടന്ന യുദ്ധത്തിന്റെ ആരംഭം അവ്യക്തമായിരുന്നു. മാർച്ച് 17 ഞായറാഴ്ച, 1527ൽ രാവിലെ 9 മണിക്ക് ബാബറിന്റെ സൈന്യം മൂന്നുദിശയിൽ കൂടി റാണയുടേയും സാമാന്തരാജ്യങ്ങളുടെയും സൈന്യത്തെയും നേരിട്ടു. ലേൻ പൂലെ എഴുതുന്നു: "അനവധി സേനാപ്രമുഖരുടെ തല നിലംപതിച്ചു. ശ്രേഷ്ഠരായ രജപുത്രരുടെ തല അവരുടെ ഘാതകനായ ബാബർ പടുത്തുയർത്തിയ പ്രേതകൊട്ടാരത്തിന്റെ മുകളിലെത്തി". ചരിത്രവരികൾ ഇപ്രകാരം വീണ്ടും രേഖപ്പെടുത്തുന്നു: "രജപുത്രർ ഭയാനകമായ പരാജയം ഏറ്റവാങ്ങിക്കൊണ്ട് യുദ്ധക്കളത്തിൽ ഛിന്നഭിന്ന മാകുന്നുണ്ടായിരുന്നു. ബിയാനോ മുതൽ മേവാർ വരെയുള്ള പാതകളിൽ രജപുത്രരുടെ ശവശരീരത്തിന്റെ കൂനകൾ നിറഞ്ഞിരുന്നു. മനുഷ്യകുരുതി ഭയാനകമായിരന്നു. സഹായികളുടെ അനുകമ്പയാൽ റാണാ യുദ്ധക്കളത്തിൻ നിന്ന് രക്ഷപ്പെട്ട് രണ്ടു വർഷത്തിനുശേഷം ഹൃദയം തകർന്നു മരിച്ചു".

"തന്റെ വാസസ്ഥലത്തിനടുത്ത് രജപുത്രരുടെ തലയോടിന്റെ വലിയ കുന്നുണ്ടാക്കി അവിടെ നിന്നുകൊണ്ട് ബാബർ "ഘാസി" അഥവാ "വിശ്വാസികളുടെ പടയാളി" എന്ന നാമധേയം സ്വയം സ്വീകരിച്ചു."

ചരിത്രകാരൻ വില്യംസിന്റെ രേഖ : "കാൺവായിലെ ഘോരയുദ്ധം രജപുത്രശക്തിയെ തകർത്തുരുക്കികളഞ്ഞു. ആദ്യത്തെ പൂർണഹിന്ദു രാഷ്ട്ര



Scanned with CamScanner

സ്ഥാപകനാകാൻ ആഗ്രഹിച്ച റാണാ സംഗ്രാമസിംഹന് യുദ്ധക്കളത്തിൽ നിന്ന് പലായനം ചെയ്ത് ദുഃഖഭാരത്താൽ പിന്നീട് ഹൃദയംപൊട്ടി മരിക്കേണ്ടിവന്നു."

ബാബറുടെ പടയോട്ടം, തുടർന്ന് ചന്ദേരിയെ കീഴടക്കാനുള്ള യാത്രയായിരുന്നു. അവിടത്തെ ഭരണാധികാരി മേദിനിറാവു 5000 സൈന്യത്തോടെ കോട്ടയിൽ നിന്ന് ബാബറിനെ നേരിട്ടു. ജനുവരി 29, 1528 അയ്യായിരം ഹിന്ദുക്കളുടെ ശിരസുകളറ്റുവീണശേഷം ചന്ദേരി ബാബറിന്റെ കാൽകീഴിലമർന്നു.

ബാബർ ബംഗാളിലേക്ക് പടയോട്ടം തുടർന്നു. 1528 മുതൽക്ക് 1529 മേയ് വരെ ബംഗാളിലേക്കുള്ള പടയോട്ടത്തിൽ നശിപ്പിച്ച ക്ഷേത്രങ്ങളുടെയും തകർത്ത വിഗ്രഹങ്ങളുടെയും അറുത്ത് വീഴ്ത്തിയ ഹൈന്ദവ ശിരസുകളുടെയും എണ്ണം, ബാബർനാമ എന്ന പുസ്തകത്തിൽ സ്വന്തം കൈകൊണ്ട് ബാബർ എഴുതിചേർത്തിട്ടുണ്ട്. റാണാസംഗ്രാമനെതിരെ ബാബർ നടത്തിയ യുദ്ധമായിരുന്നു ആദ്യമായി ഭാരതത്തിൽ മുസ്ലീം ഭരണാധികാരി പ്രഖ്യാപിച്ച ജിഹാദ്.

1543ൽ സൂർവംശത്തിലെ ഷേർഷയുടെ സൈന്യം റെയ്സിൽകോട്ട വളഞ്ഞു. കോട്ട തുറന്ന് അതിനകത്തുള്ള രജപുത്രർ അടിയറവു പറയുകയാണെങ്കിൽ അവരെ വധിക്കില്ലെന്ന് ഷേർഷ, ഖുറാൻ തൊട്ട് സത്യം ചെയ്തു. എന്നാൽ കീഴടങ്ങാൻ വന്ന രജപുത്രരെ ക്രൂരമായി ഷേർഷ വധിച്ചു. കോട്ടയ്ക്കകത്തെ രജപുത്രസ്ത്രീകളും കുട്ടികളുമുൾപ്പടെ എല്ലാവരും മൃഗീയമായ ക്രൂരതയ്ക്ക് വിധേയമായി ഇഹലോകവാസം വെടിഞ്ഞു. ചരിത്രരേഖ പറയുന്നു. "ഈ സംഭവം അവിശ്വസനീയമാംവിധം മൃഗീയവും ക്രൂരവുമായിരുന്നു. ഇതായിരുന്നു ഷേർഷയുടെ വാക്കുകളിലുള്ള വിശ്വാസത്തോടെ പുറത്തിറങ്ങിയ രജപുത്രസൈന്യത്തിനും കുടുംബാംഗങ്ങൾക്കും അഭിമുഖീകരിക്കേണ്ടിവന്നത്..."

1545ൽ 80,000 വരുന്ന സൈന്യത്തോടെ ഷേർഷ മാർവാർ ആക്രമിച്ചു. തെറ്റിദ്ധാരണയുണ്ടാക്കാൻ രജപുത്രന്മാരുടെ പേരിൽ ഷേർഷ തന്നെ കത്തുകളെഴുതി ശത്രുസൈന്യമേധാവികളിൽ അവിശ്വാസം ജനിപ്പിച്ച്, അവരെ വഞ്ചനകൊണ്ട് പരാജയപ്പെടുത്തി. ഷേർഷയുടെ തന്നെ വരികളിൽ 1545ലെ മാർവാർ വിജയം: "ഒരു പിടി ബജ്റയുടെ വിലയോളമേയുള്ളു എന്റെ ഈ വിജയത്തിന്..." കാരണം അത് ചതിയിലൂടെ നേടിയതാണ്. ഷേർഷയുടെ ഈ ആക്രമണം ജിഹാദ് അഥവാ വിശുദ്ധയുദ്ധമായിരുന്നു. (ഇന്നും ഈ ചതിയെയും ക്രൂരതയെയും കുറിച്ച് ഓർമ്മിപ്പിക്കാതെയാണ് ഷേർഷയുടെ ഭരണപരിഷ്കാരം നമ്മെ പഠിപ്പിക്കുന്നത്). നമ്മെയെല്ലാം തെറ്റിദ്ധരിപ്പിച്ച്, പറഞ്ഞ് പഠിപ്പിച്ച "മഹാനായ" അക്ബറുടെ അടിവേരുകളും ഹിന്ദുവിനെതിരെയുള്ളതും ഭാരതത്തിന്റെ സംസ്കൃതിയെ തകർക്കുന്നതുമായ കർമ്മത്തിൽ തന്നെ മുഴുകിയിരുന്നു.



Scanned with CamScanner

1542 ഒക്ടോബർ 15ന് ജനിച്ച അക്ബർ 18-ാം വയസ്സിൽ തന്നെ അധികാരം ഏറ്റിരുന്നു. 1559 മാർച്ചിൽ, അക്ബറിന്റെ നിർദ്ദേശാനുസാരം ജൗൻപൂർ, എന്ന സ്ഥലം ആയിരങ്ങളെ വെട്ടിവീഴ്ത്തി കീഴടക്കപ്പെട്ടു. 1561 മാൽവ അക്ബറിന്റെ സേനാനായകനായ ആദംഖാന്റെ കാൽക്കീഴിലമർന്നു. ബാസ്ബഹാദൂറിനെ വഞ്ചനയിൽ കീഴടക്കിയായിരുന്നു അക്ബറിന്റെ ഈ വിജയം. ബഹാദൂറിന്റെ പത്നിയായ രൂപമതിയെ സ്വായത്തമാക്കാൻ ആദംഖാൻ ശ്രമിച്ചെങ്കിലും രൂപമതി വിഷം കഴിച്ചുമരിച്ചു. ഗോണ്ട്വനയിലെ രാജ്ഞി റാണി ദുർഹാവതിക്കെതിരെ 1564ൽ "മഹാനായ" അക്ബറിന്റെ നിർദ്ദേശാനുസാരം, ഒരു കാരണവുമില്ലാതെ കാരയിലെ ഗവർണർ പടയോട്ടം നടത്തി. അവസാനം വരെ പൊരുതി സ്ത്രീയുടെ ശക്തി കാണിച്ചുകൊടുത്ത് റാണി ദുർഗാവതിയും, അവസാനം ആത്മഹത്യ ചെയ്തു. വി. എ. സ്മിതിന്റെ വരികൾ : "ഈ രാജ്ഞിയുടെ നേർക്കുള്ള അക്ബറിന്റെ കടന്നാക്രമണം വെറും വഞ്ചനാപരമായിരുന്നു. ഒരു ന്യായീകരണവും അർഹിക്കാത്ത കൊള്ളയായിരുന്നു ഇതിന്റെ പിന്നിലെ ഉദ്ദേശം".

1567 ഒക്ടോബറിൽ "മഹാനായ" അക്ബർ ചിറ്റൂർകോട്ട ആക്രമിച്ചു. "ഒരേ ഒരു ഉദ്ദേശത്തോടെയാണ് അക്ബർ ചിറ്റൂർകോട്ട ആക്രമിച്ചത്. അവിടത്തെ റാണയെ മുട്ടുകുത്തിക്കുക. അപമാനിതനാക്കുക. 8000 വരുന്ന സൈന്യത്തെ ചിറ്റൂർ കോട്ട സംരക്ഷിക്കുവാൻ ജയ്മാലിന്റെ നേതൃത്വത്തിൽ ഏൽപിച്ച് റാണാ സ്വയം അക്ബറിനെ നേരിട്ടു. അന്ത്യത്തിൽ രജപുത്രസൈന്യം പരാജയപ്പെട്ടു". അബുൾഫസലിന്റെ വരികളാണിത്.

1568ൽ രത്തംബോർ ആക്രമിക്കുവാൻ അക്ബർ പുറപ്പെട്ടു. 1569 ഫെബ്രുവരിയിൽ രത്തംബോർ സൂർജ്ജാനാഹരയിൽ നിന്ന് അക്ബറിന് കൈമാറ്റംചെയ്യപ്പെട്ടു. അതേവർഷം ബുന്ദേൽഖണ്ഡിലെ കലിഞ്ജർ രാജ്യത്തിലെ രാജാരാമചന്ദ്രനെ കീഴടക്കി 1569 ആഗസ്റ്റ് - ൽ കലിഞ്ജർ രാജ്യം അക്ബറിനോട് ചേർത്തു. നാഗോറിലെ ചന്ദ്രസേനനും, ജോദ്പൂരിലെ രാജാമൽദേവനും അക്ബറിന്റെ രക്തദാഹിയായ വാളിനു മുമ്പിൽ കീഴടങ്ങി. ബിക്കാനിറിലെ റായ്സിങ്, അക്ബറിന്റെ സ്നേഹിതനാകാൻ തയ്യാറാണെന്ന് കാണിച്ച് കീഴടങ്ങിയതിനാൽ ആക്രമണം ഒഴിവാക്കപ്പെട്ടു. റായ്സിങ് സ്വന്തം സഹോദരിയെ അനവധി ഭാര്യമാരുള്ള അക്ബറിന് കാഴ്ചവച്ചു.

1572, മേവാറിൽ, മഹാറാണ ഉദയ്സിങിനെ തുടർന്ന് അധികാരമേറ്റ റാണാപ്രതാപ് സിങിനെ അക്ബർ എതിരിട്ടുകൊണ്ടേയിരുന്നു. ഇതിനുകാരണം "അക്ബറിനെ ഭയന്ന് തങ്ങളുടെ പെൺമക്കളെയും സഹോദരിമാരേയും അക്ബറിന്റെ അസംഖ്യം ഭാര്യമാരിലൊരുവളാക്കുവനായി ദാനം ചെയ്യുന്ന രജപുത്രരെ, റാണാ പ്രതാപ്സിംഹൻ എതിർത്തു" എന്നതുതന്നെയായിരുന്നു. (മഹാനായ അക്ബറിന് എത്ര ഭാര്യമാരുണ്ടായിരുന്നു എന്നതിന് അസംഖ്യം



Scanned with CamScanner

എന്ന ഒരു പദമേയുള്ളൂ.) "റാണാ പ്രതാപിനെ പൊടിയാക്കിയില്ലെങ്കിൽ അതൊരു സ്ഥിരം തലവേദനയായിരിക്കുമെന്നറിഞ്ഞുകൊണ്ട് അക്ബർ റാണക്കെതിരെ നിരന്തരം പടയോട്ടം നടത്തിയിരുന്നു".

1576ൽ റാണാപ്രതാപൻ 3000 കുതിരസേനയോടുകൂടി ഹൽദിഘട്ടിൽ അക്ബറിന്റെ വൻസൈന്യവ്യൂഹത്തെ നേരിട്ടു. അക്ബറിന്റെ സൈന്യത്തിനു നേതൃത്വം നൽകിയത് മറ്റൊരു രജപുത്രനായ രാജാമാൻസിങ്ങായിരുന്നു. മാൻസിങ്ങിനെ സഹായിച്ചത് അസഫ്ഖാനും. രണ്ടു രജപുത്രസേനാധിപന്മാർ പരസ്പരം വെട്ടി മരിക്കുമ്പോൾ വിദേശാക്രമിയായ അക്ബർ എന്ന സുൽത്താൻ മാറിനിന്ന് ഭാരതീയർ കണ്ടാസ്വദിച്ചുകൊണ്ടേയിരുന്നു. ചരിത്രകാരനായ ആർ.സി.ദത്തിന്റെ വരികൾ : "പിന്നീടുള്ള കുറെ വർഷങ്ങൾ ഡൽഹിയിലും, ഭാരത്തിലെല്ലായിടത്തും സൈനികരുടെ ചർച്ചാവിഷയം, റാണാപ്രതാപന്റെ യുവത്വമാർന്ന നേതൃത്വത്തിൻ കീഴിൽ മുഗൾവംശാധിപതിയായ അക്ബറിനു ഹൽദിഘട്ടിൽ നേരിടേണ്ടിവന്ന യുദ്ധമുറയായിരുന്നു. റാണാ പ്രതാപിന്റെ അത്യത്ഭുതകരമായ പരാക്രമം ചരിത്രത്തിന്റെ അവിസ്മരണീയതാളുകളിൽ സ്ഥാനം പിടിച്ചു". മഹാനായ അക്ബറിന്റെ യഥാർത്ഥചിത്രം നൽകുന്ന ചരിത്രം "ഹൽദിഘട്ടിൽ അക്ബർ വിജയിച്ചുവെങ്കിലും അയാൾ പൂർണമായും അതൃപ്തനായിരുന്നു കാരണം മാൻസിങ് റാണാപ്രതാപന്റെ കൊട്ടാരം കൊള്ളയടിക്കാനും, നശിപ്പിക്കാനും, അക്ബറിന്റെ സൈന്യത്തിന് നേതൃത്വം നൽകിയില്ല എന്നതായിരുന്നു". ഇക്കാരണത്താൽ മാൻസിങ്ങിനെ അക്ബർ തന്റെ സൈന്യത്തിന്റെ നേതൃസ്ഥാനത്തുനിന്നും നീക്കം ചെയ്തു. "എന്റെ രാജ്യം തുർക്കികളായ ആക്രമികൾക്ക് കീഴ്പ്പെടുന്നുവല്ലോ എന്ന വേദനമാത്രമാണ് എന്നിലവശേഷിക്കുന്നത്". മരണശയ്യയിൽ കിടന്ന് 1597ൽ റാണാപ്രതാപൻ പറഞ്ഞു.

1599ൽ റാണാ പ്രതാപന്റെ പുത്രൻ അമർസിങ്ങിന്റെ നേതൃത്വത്തിലുള്ള രാജ്യമായ മേവാറിനെ അക്ബർ വീണ്ടും ആക്രമിച്ചു. അമർസിങ് പരാജയപ്പെട്ടു. "മേവാർ പൂർണമായും കൊള്ളയും കൊള്ളിവയ്പ്പും നടത്തി പൊടിപടലമാക്കി മാറ്റി "മഹാനായ" അക്ബറിന്റെ നിർദ്ദേശത്തോടെയായിരുന്നു ഇതും. 1599ൽ കീഴടങ്ങാത്ത മേവാറിനെ കീഴടക്കാൻ ഒരു രജപുത്രനായ രാജാമാൻസിങ്ങിനെയും വിദേശിയായ സലിം രാജകുമാരനേയും മുഗൾചക്രവർത്തി അയച്ചു. റാണാ പ്രതാപന്റെ പുത്രൻ അമർസിങ്ങിന് ഇവരുമായി ഏറ്റുമുട്ടേണ്ടിവന്നു. മേവാർ പൂർണമായി നശിപ്പിക്കപ്പെട്ടു. ചരിത്രരേഖ പറയുന്നു : "The whole Mewar was devasted by Mughals". ഇതിനിടയ്ക്ക് 1572ൽ ഒരു പ്രഭുവിന്റെ ക്ഷണമനുസരിച്ച് അക്ബറിന് ഗുജറാത്ത് നിഷ്പ്രയാസം കീഴടക്കുവാൻ സാധിച്ചു. അഹമ്മദാബാദിലെത്തിയ അക്ബർക്ക് സുൽത്താൻ മുസാഫർ കസേര ഒഴിഞ്ഞു



Scanned with CamScanner

കൊടുത്തു. അഹമ്മദാബാദ് കൊട്ടാരത്തിലെ താക്കോൽ ഇത്മദ്ഖാൻ അക്ബറിന് കൈമാറി. ഭഗവൻദാസ്, മാൻസിങ്ങ് എന്നീ രണ്ടു ഹിന്ദുസേനാനായകന്മാരെ ഉപയോഗിച്ച് അക്ബർ സൂറത്ത് കീഴടക്കി. രാജാ തോഡർമാളും, ഖാൻ-ഇ-ഖാൻ മുനിം ഖാനും ചേർന്ന് അക്ബറിന് വേണ്ടി ബംഗാൾ വെട്ടിപ്പിടിച്ചു.

യൂസഫ്ഷാ എന്ന ഭരണാധികാരി 1586കളിൽ ചെയ്തുകൊണ്ടിരുന്നത് കാശ്മീരിലെ ഓരോ ഹിന്ദുവിനെയും അവന്റെ കുടുംബത്തേയും ഒന്നുകിൽ ഇസ്ലാമിലേക്ക് അല്ലെങ്കിൽ പരലോകത്തേക്കയയ്ക്കുകയായിരുന്നു. 1590ൽ ഗാണ്ഡഹാർ അക്ബറിന് കീഴടക്കുവാൻ സാധിച്ചു. മിർസാ, അബ്ദുൾ റഹിം, ഇതിനു അക്ബറിനു വേണ്ടി നേതൃത്വം നൽകി. സിന്ധ് രാജ്യം ഈ ആക്രമണത്തിലൂടെ അക്ബറിനു കീഴടങ്ങിയിരുന്നു.

1595ൽ അഹമ്മദ്നഗർ, ബിജാപൂർ, ഗോൽക്കൊണ്ട, ബിദർ, ഖണ്ഡേഷ് എന്നീ ദേശങ്ങളോട് തന്റെ സർവ്വാധിപത്യം സ്വീകരിക്കാൻ അക്ബർ ആജ്ഞാപിച്ചു. നിരസിച്ചവരെ സേനാനായകൻ അബ്ദുറഹിമാന്റേയും മുറാദ് രാജകുമാരന്റേയും നേതൃത്വത്തിൽ തകർത്ത് കൊലവിളി ഉയർത്തി മുഗളരോട് ചേർത്തു. ചില രജപുത്രരാജാക്കന്മാരുടെ ആത്മാഭിമാനം രക്ഷിക്കാൻ അക്ബർ സ്വയം വിവാഹ പരമ്പര നടത്തി. രാജാക്കന്മാരുടെ പെൺമക്കളെയും സഹോദരിമാരേയും മൊത്തത്തിൽ സ്വയം വിവാഹം കഴിച്ചായിരുന്നു ഈ ഹിന്ദുരാജാക്കന്മാരെ അക്ബർ കീഴ്പ്പെടുത്തിയത്. കച്ച്വായിലെ അമ്പർ രാജാവ് ബീഹാരിമാൽ മകളെ അക്ബറിന് വിവാഹം കഴിച്ചുകൊടുത്തു പകരം 5000 സേനയുടെ നായകത്വം ബിഹാരിമാന് അക്ബർ കൊടുത്തു. ബിക്കാനിറിലെ രാജാവ് തന്റെ പുത്രിയെ 1507ൽ അക്ബറിന് വിവാഹം കഴിച്ചുകൊടുത്തു. 1584ൽ ജയ്സാൽമെറിലെ രാജാവ് ഭീംസിങ് തന്റെ പുത്രിയെ അക്ബറിന്റെ മകന് വിവാഹം കഴിച്ചുകൊടുത്തു.

ഇതിന്റെ ഫലമായി ആയിരക്കണക്കിന് രജപുത്രരെ അക്ബർ തന്റെ സൈന്യത്തിലെടുത്തു. ഇതേ രജപുത്രരുടെ വാളാൽ (അക്ബറിനുവേണ്ടി) മറ്റു ഹിന്ദുരാജാക്കന്മാർക്ക് അടിയറവ് പറയേണ്ടി വന്നു. രജപുത്രശക്തി രണ്ടായി പിളർക്കാൻ അക്ബറിന് ഏറെ ബുദ്ധിമുട്ടേണ്ടിവന്നില്ല. (അതുകൊണ്ടായിരിക്കാം സ്വതന്ത്രാനന്തര ഭാരതത്തിൽ വിദ്യാർത്ഥികളെ "മഹാനായ അക്ബർ" എന്ന് പഠിപ്പിക്കുന്നത്). 1563 വരെ ക്ഷേത്രദർശനത്തിന് പോകുന്ന ഹിന്ദുവിന് പ്രത്യേക തീർത്ഥാടനനികുതി നൽകേണ്ടിവന്നു. തന്റെ സൈന്യത്തിൽ ചേർന്ന ഹിന്ദുക്കളെയും തന്നോട് ചേർന്ന് പ്രവൃത്തിക്കാൻ തയ്യാറായ നാട്ടുരാജ്യക്കാരെയും തന്റെ വിശാലമനസ്കത തെളിയിക്കുവാൻ ഏതാനും വർഷത്തേക്ക് ജസിയ എന്ന മതനികുതി അക്ബർ എടുത്തുകളഞ്ഞു. നൂറ്റാണ്ടുകളായി ലോകത്തിൽ



Scanned with CamScanner

മതനികുതി, സ്വന്തം മണ്ണിൽ കൊടുക്കേണ്ടിവന്ന ഹതഭാഗ്യരായ ഹിന്ദുക്കൾക്ക്, കുറച്ചുകാലത്തിനുശേഷം വീണ്ടും അതുനൽകേണ്ടിവന്നു എന്ന സത്യം സാമൂഹ്യപാഠത്തിൽ നമ്മെ പഠിപ്പിച്ചിട്ടില്ല. എന്നാൽ ചരിത്രസത്യം അതായിരുന്നു.

1562 വരെ എല്ലായുദ്ധത്തിലും തടവുകാരാക്കപ്പെട്ടവരെ നിർബന്ധമായി ഇസ്ലാമിലേക്ക് മതപരിവർത്തനം നടത്തുന്ന പതിവുണ്ടായിരുന്നു. 1579 സെപ്റ്റംബറിൽ "പരിപൂർണ മതേതരത്വവാദിയായ" അക്ബർ ഇറക്കിയ അജ്ഞു രാജശാസനം ഇപ്രകാരമായിരുന്നു.

1. ദൈവത്തെയും പ്രവാചകനെയും അനുശാസിക്കുക. അവരാൽ നിങ്ങളെ ഭരിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നവരെയും അനുസരിക്കുക.

2. ദൈവത്തിന് ഏറ്റവും അടുത്ത മനുഷ്യനായിരിക്കും അവസാനവിധി വരുന്ന നാളിൽ നേതൃത്വം നൽകുന്നവൻ. അവനാണ് അമീർ (രാജാവ്). അവനെ അനുസരിക്കുന്നവൻ ദൈവത്തെ അനുസരിക്കുന്നു. (അമീറിനെ) അവനെ എതിർക്കുന്നവൻ ദൈവത്തെ എതിർക്കുന്നു.

3. രാജാവ്-സുൽത്താൻ-ഇ-അദിൽ മറ്റ് ആത്മീയ നേതാക്കളെക്കാൾ, ദൈവത്തിന്റെ മുമ്പിൽ ഉന്നതനാണ്.

4. ഏറ്റവും സത്യസന്ധനും ഈശ്വരവിശ്വാസിയും (ഈശ്വരഭയമുള്ളവൻ) ബുദ്ധിമാനും അക്ബർ മാത്രമാണ്.

5. ആത്മീയ നേതാക്കളുടെ അഭിപ്രായങ്ങളിൽ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ ഭാവിയിൽ അക്ബറിന്റെ തീരുമാനം അവസാനത്തേതും ചോദ്യം ചെയ്യപ്പെടാൻ പറ്റാത്ത നിലവാരത്തിൽ അംഗീകരിക്കേണ്ടതുമായിരിക്കും. **ദേശത്തിനുവേണ്ടി ഖുറാൻ എന്ന മതഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലായിരിക്കും അക്ബർ ഇനിയുള്ള തീരുമാനങ്ങളെടുക്കുന്നത്.**

**ചരിത്രകഥ നിർത്താൻ സാധിക്കാത്തതുകൊണ്ട് തുടരട്ടെ!**

അക്ബറിനുശേഷം ജഹാംഗീർ സർവ്വാധികാരിയായി ഭാരതനേതൃത്വ മേറ്റെടുത്തു. 1606ൽ തന്റെ ശത്രുവായ ഖുസ്രൗ രാജകുമാരനെ സഹായിച്ചു എന്ന കാരണം കൊണ്ട് സിഖ്ഗുരുവായ ഗുരു അർജ്ജുൻ ദേവിനെ, ജഹാംഗീർ കഴുത്തറുത്തുകൊന്നു. ഇതിന് ജഹാംഗീർ നൽകുന്ന വിവരണം: "ഗുരു അർജ്ജുൻ സിംഹിന്റെ പ്രസിദ്ധി അനുദിനം വർദ്ധിച്ചുവരുന്നതിനാൽ ഞാൻ അദ്ദേഹത്തെ വധിക്കാൻതന്നെ മാനസികമായി തീരുമാനിച്ചിരിക്കുന്നു".

മേവാറിലെ രാജൻ, റാണാപ്രതാപിന്റെ പുത്രൻ അമർസിംഹിനെ പരാജയപ്പെടുത്തുവാൻ വൻ സൈനിക സന്നാഹത്തോടെ ജഹാംഗീർ 1601ൽ



Scanned with CamScanner

മഹബത്ഖാന്റെ നേതൃത്വത്തിൽ സേനയെ അയച്ചു. ജഹാംഗീറിന്റെ സൈന്യത്തിന് പരാജയപ്പെട്ടു മടങ്ങേണ്ടി വന്നു. 1614 ൽ ഖുറം രാജകുമാരന്റെ നേതൃത്വത്തിൽ അമർസിംഹന്റെ രജപുത്രശക്തിയെ ജഹാംഗീർ ചവുട്ടിമെതിച്ചു. ഗ്രാമങ്ങളും നഗരങ്ങളും അഗ്നിക്കിരയാക്കി, ക്ഷേത്രങ്ങൾ തകർത്ത് സ്ത്രീകളേയും കുട്ടികളേയും അടിമകളാക്കി. മേവാറിലേക്കുള്ള ഭക്ഷണം പൂർണമായും തടയപ്പെട്ടു. രജപുത്രർ വിശന്നു മരിക്കുവാൻ തുടങ്ങി. അന്ത്യത്തിൽ അമറിനു ജഹാംഗീറിനോട് കീഴടങ്ങേണ്ടി വന്നു.

1620ൽ കിസ്തിവാറിലെ ജനതയെ, കാശ്മീരിലെ രാജാവ് ദിലാവർ ഖാൻ, ജഹാംഗീറിന്റെ കീഴിൽ കൊണ്ടുവന്ന് അമർച്ചചെയ്തു. 1622ൽ കിസ്തവായും മുഗളന്മാരുടെ കാൽകീഴിലായി. ബീർസിങ്ദേവന്റെ നേതൃത്വത്തിൽ ബുന്ദേല രാജ്യം ശക്തമായത് സഹിക്കാതെ ബീർസിങിന്റെ പുത്രൻ ജുജഹർസിങിന്റെ നേതൃത്വത്തിലുള്ള സൈന്യത്തെ ഷാജഹാന്റെ സൈന്യം അതിക്രൂരമായി നശിപ്പിച്ചു. ലക്ഷക്കണക്കിന് ഹിന്ദുക്കൾ കുരുതിചെയ്യപ്പെട്ടു. ജുജഹർസിങിന് കീഴടങ്ങേണ്ടിവന്നു. കീഴടങ്ങിയ സിങ് ഷാജഹാന് തന്റെ സ്വത്തും സൈന്യവും നൽകി. പിന്നീട് ഷാജഹാന്റെ സേവകനായി 5 വർഷം അയാൾ കഴിച്ചുകൂട്ടി. പിന്നീട് വീണ്ടും ഷാജഹാനെതിരെ യുദ്ധം പ്രഖ്യാപിച്ച് ഗോണ്ഡ്വനദേശം കീഴടക്കി. പിന്നീട് ഔറംഗസീബിന്റെ നേതൃത്വത്തിൽ ഷാജഹാന്റെ സൈന്യം ജുജഹർസിങിനെയും കുടുംബത്തേയും കഴുത്തറുത്ത് തീയിലിട്ട് ഉന്മൂലനം ചെയ്തു.

ഷാജഹാന്റെ ഭരണകാലത്തെ ഭക്ഷ്യക്ഷാമം : 1630ൽ ദക്കാൻ, ഗുജറാത്ത് ദേശങ്ങളിൽ അതിഭയങ്കരമായ ഭക്ഷ്യക്ഷാമം അനുഭവപ്പെട്ടു. "പതിനായിരക്കണക്കിന് ജനങ്ങൾ കൊല്ലപ്പെട്ടു. ഭക്ഷ്യധാന്യങ്ങളോടും ധാന്യപൊടികളൊടുമൊപ്പം എല്ലുപൊടി മായം ചേർത്തും വിൽപന നടന്നു. പട്ടിയുടേയും ചത്തടിഞ്ഞ മനുഷ്യന്റേയും മാംസം വരെ ഭക്ഷണത്തിനായി ഇറച്ചികടകളിൽ വിൽപന നടന്നു, നിരത്തുകളിൽ ശവശരീരങ്ങളുടെ കൂമ്പാരങ്ങൾ കാണപ്പെട്ടു. മക്കളുടെ ശരീരം തിന്നുന്ന മാതാപിതാക്കളെ വരെ ഞാൻ കണ്ടു. പ്രകൃതി സമ്പത്തു നിറഞ്ഞ രാജ്യം മരുഭൂമിയായി മാറി". ചരിത്രരേഖകൾ ഉദ്ധരിച്ചുകൊണ്ട് അബ്ദുൾ ഹമീദ് ലഹോറി എഴുതിയതിപ്രകാരമാണ്.

1631ൽ ഹൂഗ്ലിനദിക്കരയിലെ രണ്ടു പ്രധാന ഗ്രാമങ്ങൾ ദത്തെടുത്ത് ഫാക്ടറികൾ തുടങ്ങിയ പോർച്ചുഗീസുകാർ അവിടത്തെ പാവപ്പെട്ടവരെ ക്രൂരമായി കൈകാര്യം ചെയ്തിരുന്നു. അടിമകളേക്കാൾ നീചമായിട്ടായിരുന്നു. പോർച്ചുഗീസുകാർ തദ്ദേശവാസികളായ ഹിന്ദുക്കളോട് പെരുമാറിയിരുന്നത്.



Scanned with CamScanner

അതിഭയാനകമായ ഭക്ഷ്യക്ഷാമത്തിനിടക്കും മുഗൾചക്രവർത്തിമാർ ഡക്കാനിലേക്ക് പടയോട്ടം നടത്തി വിജയിച്ചു. പ്രധാനകാരണം "വിശന്ന് വലയുന്ന ജനങ്ങളോ സേനകളോ തങ്ങളെ എതിർക്കില്ലെന്ന് ഷാജഹാന് വ്യക്തമായിട്ടറിയാമായിരുന്നു" എന്നതുതന്നെ.

1635 മുതൽ 1644വരെ ഔറംഗസീബ് ഡക്കാനിൽ താവളമടിച്ചിരുന്നു. ഇക്കാലയളവിൽ ഭൂവിസ്തൃതി വർദ്ധിപ്പിക്കുകയും കീഴടങ്ങാത്ത രാജാക്കന്മാരെ മുഗളമേധാവിത്വം അംഗീകരിപ്പിക്കുകയും ഇസ്ലാം അല്ലെങ്കിൽ പരലോകം എന്ന ഭീഷണി മുഴക്കുകയുമായിരുന്നു മുഗൾചക്രവർത്തി ഔറംഗസീബ് ചെയ്തത്. ഷാജഹാന്റെ 'വിശാല മതവീക്ഷണ' മെന്ന് വാദിക്കുന്നവരെ യഥാർത്ഥ വസ്തുത മനസ്സിലാക്കിക്കൊടുക്കുന്ന ചരിത്ര സത്യം: "ഷാജഹാൻ ഒരു ശക്തനായ സുന്നി മുസ്ലീം ആയിരുന്നു. 1633ൽ തന്റെ രാജ്യത്തിലുള്ള എല്ലാ ക്ഷേത്രങ്ങളും പൊളിച്ചുകളയണമെന്നും ബനാറസിലെ എല്ലാ ക്ഷേത്രങ്ങളും നശിപ്പിക്കണമെന്നും രാജശാസനം ഇറക്കി. ഈ രാജശാസനത്തിനുശേഷം ദശാബ്ദങ്ങളോളം പുതിയ ക്ഷേത്രങ്ങൾ പണികഴിപ്പിക്കപ്പെടുകയോ പഴയവയുടെ കേടുപാടുകൾ തീർക്കുകയോ ചെയ്യപ്പെട്ടിട്ടില്ല. മുസ്ലീം പള്ളികളോ അവരുടെ ശ്മശാനങ്ങളൊ ഉള്ള പ്രദേശങ്ങളില്ലെന്നും ഹൈന്ദവ ശ്മശാനങ്ങളുണ്ടാക്കുവാനോ ഹിന്ദുവിന്റെ ജഡം ദഹിപ്പിക്കുവാനോ അനുവദിച്ചിരുന്നില്ല".

പുതിയ ക്ഷേത്രങ്ങൾ ആദ്യം നശിപ്പിക്കുയും ക്ഷേത്രദർശനത്തിന് വൻനികുതി ഈടാക്കുകയും ചെയ്യുന്ന രാജശാസനവും ഷാജഹാന്റെ കാലത്തായിരുന്നു തുടങ്ങിയത്. ഹിന്ദുക്കളെ ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിൽ അതീവ തല്പരനായിരുന്നു ഷാജഹാൻ.

ഔറംഗസീബിനെക്കുറിച്ച് ചരിത്രകാരൻ വി.എ. സ്മിത്തിന്റെ രേഖയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു : "പരിശുദ്ധനെന്ന് പറയപ്പെടുന്ന ഔറംഗസീബ് ചക്രവർത്തി മൊഹമ്മദിന്റേയും ഖുറാന്റേയും അത്യുന്നതാധികാരത്തിൽ നയിക്കപ്പെടേണ്ട ഒരു ജനതതിയുടെ രാഷ്ട്രം നിർമ്മിക്കലാണ് തന്റെ ലക്ഷ്യം എന്ന് പ്രഖ്യാപിക്കുന്നു". ഹിന്ദുക്കളുടെ താൽപര്യങ്ങളെ പരിപൂർണമായും നിരാകരിക്കുന്ന ഒരു മതഭ്രാന്തനായിരുന്നു ഔറംഗസീബ്.

ചരിത്രകാരനായ യദുനാഥ് സർക്കാരിന്റെ രേഖയിൽ: "ഹൈന്ദവ ക്ഷേത്രങ്ങൾക്കെതിരായ ആക്രമണം ഔറംഗസീബ് ഒളിഞ്ഞും തെളിഞ്ഞും നിരന്തരം നടത്തിയിരുന്നു. ആദ്യമാദ്യം പുതിയ ക്ഷേത്ര നിർമ്മാണം നിരോധിച്ചു കൊണ്ടായിരുന്നു ഇത്. പിന്നീട് ബനാറസിലേയും ഗുജറാത്തിലേയും മഥുരയിലേയും ജോദ്പൂരിലെയും, ജയ്പൂരിലേയും ഗോൽകൊണ്ടയിലേയും



Scanned with CamScanner

ക്ഷേത്രങ്ങൾ നശിപ്പിച്ചുകൊണ്ടായിരുന്നു, ഈ ആക്രമണം. മഥുരയിലെ കേശവറായ് ക്ഷേത്രം, ബനാറസിലെ വിശ്വനാഥ്ക്ഷേത്രം, കത്തിയവാറിലെ സോമനാഥക്ഷേത്രം ഇവയാണ് ഔറംഗസീബ് ദിവസങ്ങൾ കൊണ്ട് നശിപ്പിച്ച മഹാക്ഷേത്രങ്ങൾ. മേവാറിൽ മാത്രം 240 ക്ഷേത്രങ്ങൾ, ഔറംഗസീബ് നിരപ്പാക്കിയിരുന്നു. ഈ ക്ഷേത്രങ്ങൾ നശിപ്പിക്കുന്നതോടൊപ്പം ആയിരക്കണക്കിന് പശുക്കളെ തൽസ്ഥലത്ത് കൊന്ന് കണ്ടം തുണ്ടം നുറുക്കി അപവിത്രീകരിക്കലും ഔറംഗസീബിന്റെ ആക്രമണത്തിന്റെ ഭാഗമായിരുന്നു".

ഏതാണ്ട് ഒരുദശാബ്ദത്തിലെ ഇടവേളക്ക് ശേഷം തുഗ്ലക് / ലോഡിവംശജർ ഹിന്ദുക്കൾക്കെതിരെ ഏർപ്പെടുത്തിയിരുന്ന മതനികുതി, ജസിയ 1679 ഏപ്രിൽ 12ന് ഔറംഗസീബ് വീണ്ടും നടപ്പാക്കി. എലിയട്ട് എന്ന ചരിത്രകാരൻ ഇപ്രകാരം എഴുതുന്നു : "വിഗ്രഹാരാധകരുടെ നാടിനെ പരിശുദ്ധ വിശ്വാസികളായ വിഗ്രഹഭഞ്ജകരുടെ നാടാക്കി മാറ്റുവാനാണ് ഈ നികുതി ഔറംഗസീബ് വീണ്ടും ഏർപ്പെടുത്തിയത്".

മനുചിയുടെ വരികൾ : "ഖജനാവ് നിറയ്ക്കുവാനും ഹിന്ദുക്കളെ പൂർണമായും ഇസ്ലാമിലേക്ക് മതപരിവർത്തനം ചെയ്യുവാനുമായിരുന്നു ഈ ജസിയ നികുതി". ജസിയ നികുതി പിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് ഔറംഗസിബ് നൽകിയ താക്കീത് : "മറ്റേതൊരു നികുതിയും അടയ്ക്കുന്നതിൽ നിന്നും ആവശ്യമെന്നു കണ്ടാൽ ജനങ്ങളെ ഒഴിവാക്കാവുന്നതാണ്. എന്നാൽ ഏറെ വിഷമിച്ച് ഞാൻ തിരിച്ചുകൊണ്ടുവന്നു ചുമത്തിയ ജസിയനികുതി പിരിക്കുന്നതിൽ വീഴ്ച വരുത്തിയാൽ ക്ഷമിക്കാവുന്ന തെറ്റായിരിക്കുകയില്ല അത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു". ജസിയ നികുതിക്കെതിരെ പ്രതിഷേധിച്ച ഹിന്ദുക്കൾക്കെതിരെ ആനകളെകൊണ്ട് വിറളിപിടിപ്പിച്ചോടിച്ചാണ് ചതച്ചരച്ചത്. ആയിരക്കണക്കിന് ഹിന്ദുക്കൾ ആനകളുടെ ചവിട്ടേറ്റ് ചതഞ്ഞരഞ്ഞു. അതിക്രൂരമായ മാർഗത്തിലൂടെയാണ് ഹിന്ദുക്കളിൽ നിന്നും ജസിയനികുതി പിരിച്ചിരുന്നത്".

ജസിയനുകുതി കൂടാതെ ഹിന്ദുക്കൾ പ്രത്യേകിച്ച് കസ്റ്റംസ്ഡ്യൂട്ടി 5% നിരക്കിൽ കൊടുക്കേണ്ടതായിട്ടുണ്ടായിരുന്നു. ഖാഫ്ഖാൻ എന്ന മുഗൾവംശത്തിലെ ചരിത്രകാരൻ എഴുതുന്നു "എല്ലാത്തരത്തിലുള്ള വസ്തുക്കൾക്കും കരം കൊടുക്കുന്നതിൽ നിന്നും ഹിന്ദുസ്ഥാനിലെ എല്ലാ മുസൽമാന്മാരെയും ഒഴിവാക്കിയ നിയമം ഔറംഗസീബ് പ്രചാരത്തിൽ കൊണ്ടുവന്നു. ഹിന്ദുക്കളെ ഇസ്ലാം മത്തിലേക്ക് നിർബന്ധിച്ച് മതപരിവർത്തനം നടത്താനായിരുന്നു ഇത്". വലിയസംഖ്യ, തീർത്ഥാടന നികുതിയും ഔറംഗസീബ് ഹിന്ദുക്കളിൽ ചെലുത്തുകയുണ്ടായി. ഉത്തരഭാരതത്തിലെ പുണ്യക്ഷേത്രങ്ങളിൽ



Scanned with CamScanner

സന്ദർശനം നടത്തുന്ന ആയിരക്കണക്കിന് ഹിന്ദുക്കളിൽ നിന്നും വൻതുക ഈ ഇനത്തിൽ ഖജനാവിലെത്തുന്നുണ്ടായിരുന്നു.

സർക്കാർ സേവനത്തിലുണ്ടായിരുന്ന ഹിന്ദുക്കളെ ഏതാണ്ട് പൂർണമായും പിരിച്ചുവിടുകയും കരംപിരിക്കുന്ന ഉദ്യോഗം പൂർണമായും മുസ്ലീമുകൾക്കായി നീക്കി വെക്കുകയുമായിരുന്നു ഔറംഗസിബിന്റെ അടുത്ത നടപടി. 1671ൽ ഔറംഗസീബ് പുറത്തിറക്കിയ ഉത്തരവിൽ എല്ലാ സർക്കാർ ഉദ്യോഗങ്ങളും മുസൽമാന്മാർക്കായി മാറ്റി വെയ്ക്കാനും, സൈന്യത്തിലുള്ള ഹിന്ദുക്കൾ, മുസ്ലീമുകളുടെ സേവനം ഉപയോഗിക്കുന്നത് തടയുവാനും ഉത്തരവിറക്കി. ഹിന്ദുധർമ്മം പ്രചരിപ്പിച്ചിരുന്ന ഉദയ്ബൈരാഗിയെ തടങ്കലിലിട്ട് ക്രൂരമായി കഴുത്തറുത്ത്, ഔറംഗസീബ് വധിച്ചു.

1665ൽ ഇറക്കിയ ഉത്തരവിൻപ്രകാരം ഹിന്ദുക്കൾ കുതിരപ്പുറത്തോ ആനപ്പുറത്തോ സഞ്ചരിക്കുന്നത് നിരോധിച്ചു. എല്ലാവിധ ഹൈന്ദവ ഉത്സവങ്ങളും നിരോധിക്കപ്പെട്ടു. ഹോളിയും ദീപാവലിയും ആഘോഷിക്കുന്നതുവിലക്കി. 1703ൽ ഇറക്കിയ ഉത്തരവിൽ പ്രകാരം ഹിന്ദുജഡം പവിത്രനദിക്കരയിൽ ദഹിപ്പിക്കുന്നതും ഭസ്മം നദിയിൽ ഒഴുക്കുന്നതും നിരോധിക്കപ്പെട്ടു. മുസ്ലീമുകളെപോലെ ഹിന്ദുക്കൾ വേഷം ധരിക്കുന്നതോ, മുസ്ലീമാണെന്നു തോന്നുന്ന രീതിയിൽ പ്രവർത്തിക്കുന്നതോ നിരോധിച്ചു. ഹിന്ദുക്കൾ എല്ലാത്തരത്തിലുള്ള ആയുധങ്ങൾ കൊണ്ടു നടക്കുന്നതും ഉപയോഗിക്കുന്നതും നിരോധിച്ചു. ഹൈന്ദവ കുറ്റവാളികളെന്നു മുദ്രകുത്തിയവരെ ഇസ്ലാം മതം സ്വീകരിപ്പിച്ച് അപ്രകാരം പതിനായിരക്കണക്കിന് വ്യക്തികളെ "കുറ്റ"മുക്തരാക്കി. രണ്ടു വിഭാഗം ഹിന്ദുക്കൾ തമ്മിൽ വഴക്കുണ്ടാകുകയാണെങ്കിൽ ഇസ്ലാം മതം സ്വീകരിക്കുന്ന വിഭാഗത്തിന് വിജയം നിശ്ചയമാക്കിക്കൊടുക്കുന്ന രീതി ഔറംഗസീബ് സാർവത്രികമാക്കി.

സർ വോൾസലി പെയ്ഗ് എഴുതിയ വരികൾ : "ഔറംഗസീബ് ഹിന്ദുക്കളെ ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യുവാൻ ഉപയോഗിച്ച തന്ത്രങ്ങൾ വിവരണാതീതങ്ങളായിരുന്നു". 1672ൽ ഔറംഗസീബിന്റെ സൈന്യാംഗങ്ങൾ ഒരു സത്നാമി സന്യാസിയെ വധിച്ചതിൽ പ്രതിക്ഷേധിച്ച പതിനായിരക്കണക്കിന് സന്യാസിമാരെ കഴുത്തറുത്ത് കഥയവസാനിപ്പിച്ചത്, ഔറംഗസീബ് നേരിട്ട് നേതൃത്വം കൊടുത്ത സൈന്യമായിരുന്നു. ഹിന്ദുക്കൾക്കെതിരെ ക്രൂരമായ മർദ്ദനങ്ങളും ശിരച്ഛേദനവും അഴിച്ചുവിട്ട ഔറംഗസീബിനെതിരെ പ്രതികരിച്ച സിഖ്കാർക്ക് നേതൃത്വം കൊടുത്ത ഗുരു തേജ്ബഹാദൂറിനെ ശിരസ്സറുത്ത് കൊന്ന് സിഖുകാരെ അടിച്ചമർത്തി. ഗുരു തേജ്ബഹാദൂർ സിംഹിനെ ഡൽഹിയിൽ തന്റെ കൊട്ടാരത്തിൽ കൊണ്ടുവന്ന്, ഔറംഗസീബ്, ഒന്നുകിൽ



Scanned with CamScanner

കുറെ അത്ഭുതകൃത്യങ്ങൾ കാണിക്കുക അല്ലെങ്കിൽ ഇസ്ലാം മതം സ്വീകരിക്കുക എന്നാവശ്യപ്പെട്ടു. അതിന് തുനിയാത്ത തേജ്ബഹാദൂറിനെ ഔറംഗസീബ് വധിച്ചു. ഇതിനെത്തുടർന്ന് പഞ്ചാബിൽ അഗ്നി ആളിപ്പടർന്നു. മുഗളസാമ്രാജ്യത്തിനെതിരെ ഹിന്ദുവിന്റെ വൻ കൊടുങ്കാറ്റ് ആഞ്ഞടിച്ചു.

മാർവാറിൽ ക്ഷേത്രങ്ങൾ നശിപ്പിക്കുന്നതിനു നേതൃത്വം നൽകിക്കൊണ്ടിരുന്നത് ഖാൻ-ഇ-ജഹാൻ എന്ന സേനാനായകനായിരുന്നു. ഔറംഗസീബിന്റെ പുത്രൻ മുവാസ്സം, ബഹാദൂർഷാ എന്ന പേരിൽ രാജ്യഭാരം ഏറ്റെടുത്തു. ഗുരുഗോവിന്ദസിംഹിനെ വധിച്ച പത്താൻകാർക്കെതിരെ സിഖുകാരുടെ പ്രതിഷേധത്തിന് നേതൃത്വം നൽകിയ ബന്ദാ ബൈരാഗിയേയും സിഖുകാരേയും പൂർണമായും നശിപ്പിച്ചതായിരുന്ന ബഹാദൂർഷായുടെ ആദ്യ വിജയം. 1715ൽ ഗുർദാസ് പൂരിൽ വച്ച് ബന്ദാ ബൈരാഗിയേയും അദ്ദേഹത്തിന്റെ 740 അനുചരന്മാരേയും തടവിലാക്കി ഡൽഹിയിൽ കൊണ്ടുവന്ന് ശിരച്ഛേദനം ചെയ്ത് വധിച്ചത്, ഫറൂഖ്ഷായാണ്. ജയ്പൂരിലെ രാജാ ജയ്സിംഹന് രാജ്യത്തിന്റെ സർവാധിപത്യം ഫറൂഖ്ഷാക്ക് അടിയറവെയ്ക്കേണ്ടിവന്നു.

1737ൽ നാദിർഷാ എന്ന പേർഷ്യൻ സേനാനിയുടെ ഭാരതാക്രമണം മുഗളസാമ്രാജ്യത്തെ പിടിച്ചുകുലുക്കി. ഹൈന്ദവരക്തദാഹിയായിരുന്ന ഈ പടയാളിയും കാബൂളും, ഗാന്ധഹാറും കീഴടക്കി, കർണാലിൽ എത്തി, അവിടെനിന്നും ഡൽഹിയിലേക്കും! നാദിർഷാക്ക് 2 കോടി രൂപ വാഗ്ദാനം ചെയ്ത് പിന്തിരിപ്പിക്കാനായിരുന്നു മുഗളരുടെ ശ്രമം. ഡൽഹിയിൽ കുറച്ചുകാലം താമസിച്ച നാദിർഷ പെട്ടെന്ന് 1739 മാർച്ച് 22-ാം തീയതി ഒരു ഭ്രാന്തനായ സേനാനായകനായി മാറി, ഡൽഹിയിൽ ഒരു മനുഷ്യക്കുരുതി നടത്തി ഒരൊറ്റ ദിവസംകൊണ്ട് മുപ്പതിനായിരം ഡൽഹി നിവാസികളെ (ഭൂരിഭാഗവും ഹിന്ദുക്കൾ) അയാൾ ക്രൂരമായി വധിച്ചു. അതേവർഷം മേയ് 15-ാം തീയതി വരെ ഡൽഹിയിൽ താമസിച്ച് അത്യധികം സമ്പത്തും, കോഹിന്നൂർ വജ്രവും, മയൂര സിംഹാസനവുമായി നാദിർഷാ സ്വദേശത്തേക്ക് മടങ്ങി. 1748ൽ അഹമ്മദ്ഷാ ആബ്ദാലി സിന്ധുനദി കടന്ന് അഞ്ചുപ്രാവശ്യം ഭാരതം ആക്രമിച്ചു. പഞ്ചാബും, കാശ്മീരും, ഗുജറാത്തും, മഹാരാഷ്ട്രയും തകർത്തായിരുന്നു ഈ ആക്രമണങ്ങൾ. മറാത്ത ഹിന്ദുസാമ്രാജ്യത്തെ തരിശാക്കി മാറ്റിയ ആക്രമണം അഞ്ചാമത്തേതായിരുന്നു. ഇവിടത്തെ ജനലക്ഷങ്ങളെ അബ്ദാലി കശാപ്പുചെയ്തു എന്നുമാത്രമല്ല, ബ്രിട്ടീഷ് ഭരണത്തിന് കളമൊരുക്കുകകൂടി ചെയ്തത് അയാളായിരുന്നു. സ്വയം സാധിക്കുന്നതൊക്കെ നശിപ്പിക്കുകയും ബാക്കിയുള്ളത് നശിപ്പിക്കുവാൻ ഇംഗ്ലീഷുകാർക്ക് വിട്ടുകൊടുക്കുകയും ചെയ്ത ആക്രമിയായിരുന്നു അഹമ്മദ്ഷാ.



Scanned with CamScanner

നൂറ്റാണ്ടുകാലത്തോളം (1145 വർഷങ്ങൾ) എന്റെ ഭാരതവും ഹിന്ദുക്കളും ഈ നരഹത്യാവേദന അനുഭവിച്ചു. അവരുടെ ശരീരവും, കുടുംബവും, ബന്ധവും, ധർമ്മവും, അറുത്തുമുറിച്ച് എരിതീയിൽ ഹോമിക്കപ്പെട്ടു. പൈതൃകത്തിന്റെ വേദനയും ഹിന്ദു അനുഭവിച്ച ദുഃഖവും തുടരുന്നു. എങ്കിലും .............

AD 962ൽ ഭാരതത്തെ ആക്രമിച്ച തുർക്കി സേനാനായകൻ AD 963ൽ മരിച്ചു. AD 997 സുബുക്ത്ഗിൻ മരിച്ചു.. AD 1017 മഹമൂദ് മരിച്ചു. പതിനേഴ് പ്രാവശ്യം ഭാരതത്തെ ആക്രമിച്ച് സമ്പത്ത് കൊള്ളയടിച്ച മുഹമ്മദ്ഗസ്നി 1030ൽ മരിച്ചു. 1040ൽ മസൂദ് മരിച്ചു. 1049ൽ മൗദൂദ് മരിച്ചു. 1206ൽ ഗസ്നിയിലേക്ക് തിരിച്ചുപോകുന്ന വഴി മുഹമ്മദ് ഗോറിയെ ഖോഖാർസ് വർഗക്കാർ പതിയിരുന്നു ആക്രമിച്ചുകൊന്നു. കളിക്കളത്തിൽ നിന്നുണ്ടായ മുറിവ് കാരണം, ഗോറിവംശത്തിലെ കുത്തബ്ദിൻ ഐബക് 1210ൽ മരിച്ചു. 1211ൽ ഗോറിവംശത്തിലെ അറംഷാ വധിക്കപ്പെട്ടു. 1236ൽ രോഗം പിടിപെട്ട് ഇൽത്തത്തുമിഷ് മരിച്ചു. അടിമവംശത്തിലെ അവസാന ഭരണാധികാരിയായ റുഖ്ൻ-ഉദ്-ദിൻ-ഫിറോസ് ഷായെ, 1236 നവംബറിൽ റസിയ സുൽത്താന എന്ന മുസ്ലീം സ്ത്രീ സൈനികരുടെ സഹായത്തോടെ തടവിലാക്കി, കഴുത്തറുത്ത് കൊന്നു. 1240 ഒക്ടോബർ 13-ാം തീയതി റസിയ സുൽത്താന എന്ന ഗോറിവംശ രാജ്ഞി കൊള്ളക്കാരാൽ വധിക്കപ്പെട്ടു. ഗോറിവംശത്തിലെ ബെഹറാംഷാ 1242 മേയ് മാസത്തിൽ തടവിലായി വധിക്കപ്പെട്ടു. 1266ൽ നസിറുദ്ദീൻഷാ മരിച്ചു. 1287ൽ ഗിയാസുദ്ദീൻ ബാൽബൻ മരിച്ചു. 1296ൽ ഖിൽജിവംശത്തിലെ ജലാൽ-ഉദ്-ദിനെ മരുമകൻ അലാവുദ്ദീൻ വാളെറിഞ്ഞു വധിച്ചു. ലക്ഷക്കണക്കിന് ഹിന്ദുക്കളെ മതംമാറ്റിയ അലാവുദ്ദീൻഖിൽജിയെ 1316 ജനുവരി 2ന് വിഷം കൊടുത്തുകൊന്നു. 1320ൽ കുത്തബ്ദ്ദീൻ മുബാറക്ഷാ എന്ന ഖിൽജി വംശസുൽത്താനെ അയാളുടെ സൈന്യാംഗങ്ങൾതന്നെ തലയറത്തെടുത്ത് മൈതാനത്തിൽ തട്ടിക്കളിച്ചു കൊന്നു. 1320ൽ തന്നെ അടുത്ത ഭരണാധികാരിയായിരുന്ന നസീർ-ഉദ്ദിൻ. ഖുസ്രാവ് ഷായെ യുദ്ധത്തിൽ പരാജയപ്പെടുത്തി, ഐൻ-ഉൾ-വലിക് എന്ന എതിർസേനാനായകൻ, വധിച്ചു. തുഗ്ളക് വംശസ്ഥാപകനായ ഗിയാസ്-ഉദ്-ദിൻ തുഗ്ലക്കിനെ മകൻ ജുനാഖാൻ വധിച്ചു. 1370 ഖാൻ-ഇ ജഹാൻ മക്ബൂൾ അന്തരിച്ചു. 1388 സെപ്റ്റംബർ 20ന് നാടുവിട്ടോടിപോകേണ്ടിവന്ന ഫിറോസ്ഖാൻ വിശന്നുവലഞ്ഞു മരിച്ചു. 1389ൽ ഗിയാസുദ്ദീൻ തുഗ്ലക്ഷാ രണ്ടാമൻ വധിക്കപ്പെട്ടു. 1390ൽ അബുബക്കർ രാജസിംഹാസനത്തിൽ നിന്ന് തുരത്തെറിയപ്പെട്ടു. പിന്നീട് ദയനീയമായ മരണം വരിച്ചു. 1394 ജനുവരി മുഹമ്മദ്ബിൻ ഫിറോസ് രോഗം മൂലം അന്തരിച്ചു. 1394 മാർച്ചിൽ അലാവുദ്ദീൻ സിക്കന്ദർഷാ രോഗംമൂലം മരിച്ചു. 1397 ൽ മുഹമ്മദ്ഷാ മകന്റെ കൈകൊണ്ട് വധിക്കപ്പെട്ടു. തൈമൂറിന്റെ മരണശേഷം മകൻ സയ്യിദ് വംശത്തിലെ ഖിസിർഖാൻ മേയ് 20, 1421ൽ മരിച്ചു. മുബാറാക്ഷാ എന്ന



Scanned with CamScanner

പിൻഗാമി ഫെബ്രുവരി 20, 1434ൽ ആക്രമകകളാൽ വധിക്കപ്പെട്ടു. 1445ൽ മുഹമ്മദ്ഷാ വധിക്കപ്പെട്ടു. 1451ൽ നിഷ്കാസിതനായ അലാവുദ്ദീൻ അലംഷാ 1478ൽദാരണമായി മരിച്ചു. 1457ൽ അല്ലാവുദ്ദീൻ രണ്ടാമൻ അന്തരിച്ചു. 1461 ഒക്ടോബറിൽ ജാഫർ–ഖാൻ–അല്ലാവുദ്ദീൻ സ്വന്തം സേവകരാൽ വധിക്കപ്പെട്ടു. 1463ൽ നിസ്സാംഷാ മരിച്ചു. ലോഡിവംശം അധികാരമേറ്റെടുത്തു 1489ൽ. ആദ്യത്തെ ലോഡിസുൽത്താനായ ബെഹലോൾ ലോഡി അന്തരിച്ചു. സിക്കന്തർഷാ, 1517ൽ രോഗം മൂലം മരിച്ചു. 1526 ലോഡിവംശത്തിലെ ഏറ്റവും ക്രൂരനായ ഇബ്രാഹിംലോഡി ക്രൂരമായി തന്റെ അച്ഛനെ വധിച്ചു. 1526ൽ ഇബ്രാബിം ലോഡി സിംഹാസനത്തിൽ നിന്ന് നിഷ്കാസിതനായി, കാരാഗൃഹത്തിൽ വച്ച് ദുരിതമനുഭവിച്ച് മരിച്ചു. ഭാരതത്തെ അടിമുടി ഇസ്ലാമീകരണത്തിനുവിധേയമാക്കിയ ബാബർ 1530ൽ മരിച്ചു. 1545ൽ ഷേർഷാ അഫ്ഘാൻ ആക്രമികളാൽ സൃഷ്ടിച്ച വെടിമരുന്നു കൂനയിൽ അഗ്നിക്കിരയായി വെന്തുമരിച്ചു. 1553ൽ തുസ്ലാംഷാ മരിച്ചു. മകന്റെ ക്രൂരമായ പെരുമാറ്റങ്ങളിൽ മനംനൊന്ത് ഒക്ടോബർ 17, 1605ന് അക്ബർ മരിച്ചു. മകനായ സലിം വിഷം കൊടുത്താണ് അക്ബറിനെ വധിച്ചത്. 1627ൽ ഖുസ്രു, പാർവേസ്, ഖുറം, ഷാഹര്യാർ എന്നീ പുത്രന്മാരുടെ അധികാരവടംവലിയിൽ ഹൃദയം പൊട്ടി ജഹാംഗീർ മരിച്ചു. ദാരാ, ഷംജാ, ഔറംഗസീബ്, മുറാദ് എന്നീ നാലു പുത്രന്മാരുടെ അധികാര വടംവലിയിൽ, ആഗ്രയിൽ തടവിലാക്കപ്പെട്ട ഷാജഹാൻ കുടിനീരുപോലും ലഭിക്കാതെ 1666ൽ കാരാഗൃഹത്തിലെ ഇരുളിൽ വർഷങ്ങളോളം നരകിച്ചു മരിച്ചു. രാജ്യത്തിൽ അക്രമവും, പിടിച്ചുപറിയും, മക്കൾ തമ്മിൽ രക്തംചിന്തിയ അധികാരവടംവലിയും കണ്ടുകൊണ്ട് 90–ാം വയസിൽ മാർച്ച് 3, 1707ൽ ഔറംഗസീബ് മരിച്ചു. 1712ൽ ബഹാദുർഷാ മരിച്ചു 1713 ജനുവരി 10ന് ജഹാന്തർഷാ ക്രൂരമായി വധിക്കപ്പെട്ടു. 1719 ൽ ഫെബ്രുവരി 28ന് മറാത്ത സൈന്യവും ഹുസൈൻഅലിയുടെ സൈന്യവും ചേർന്ന് ഡൽഹിസുൽത്താനായ ഫറൂസ്സിയാറെ തലവെട്ടികൊന്നു. 1719ൽ അടുത്ത ഭരണാധികാരി റാഫി–ഉദ്–ദൗല ഡിസൻട്രി പിടിച്ച് മരിച്ചു. 1748 ഏപ്രിൽ 26ന് മുഹമ്മദ്ഷാ മരിച്ചു. 1754ൽ അഹമ്മദ്ഷാ മരിച്ചു. അതേവർഷം ഗാസിഉദ്ദീൻ മകന്റെ വാളുകൊണ്ട് വധിക്കപ്പെട്ടു. 1806ൽ അലം വധിക്കപ്പെട്ടു. 1836ൽ അക്ബർ രണ്ടാമൻ മരിച്ചു. 1857ൽ റംഗൂണിലേക്ക് നാടുകടത്തപ്പെട്ട് അവിടെവച്ച് ബഹാദൂർഷാ എന്ന അവസാനത്തെ മുഗൾ സാമ്രാട്ട് മരിച്ചു.

ഇവരുടെയെല്ലാം ശവക്കല്ലറക്കകത്ത് മണ്ണിനടിയിൽ അസ്തികൂടം മാത്രമായി അവർ അവശേഷിക്കുന്നു. ഇന്നും ശ്മശാന ഭൂമിയും ശവക്കല്ലറയുടെ കലവറയുമായ ഡൽഹിയിൽ അതുകാണാം. പക്ഷേ ഭാരതവും സനാതനധർമ്മവും 1145 വർഷത്തെ ഇസ്ലാം ഭരണം കൊണ്ടും മരിച്ചില്ല. വധിക്കപ്പെട്ടുമില്ല. ഇന്നും സനാതനധർമ്മത്തിന് ആരും ശവക്കല്ലറ തീർത്തുമില്ല.



Scanned with CamScanner

## കൊള്ളക്കാരിൽ നിന്ന് ചതിയന്മാരിലേക്ക്, ഭാരതത്തിന്റെ നരകയാത്ര

അറബികളുടേയും, പേർഷ്യാക്കാരുടേയും, തുർക്കികളുടേയും, അഫ്ഘാൻകാരുടേയും കൊള്ളയുടേയും കൊള്ളിവയ്പ്പിന്റെയും നരമേധത്തിന്റേയും മതപരിവർത്തനത്തിന്റേയും 1145 വർഷങ്ങളിലായി 57 തലമുറ അനുഭവിച്ച ശാരിരികവും, മാനസികവും, ആത്മീയവുമായ വേദനയിൽ നിന്ന് സനാതനധർമ്മം ചതിയന്മാരുടെ കൈകളിലേക്കായിരുന്നു നരകയാത്ര ചെയ്തത്. അടിമത്വത്തിന്റെ മറ്റൊരു തടവറയായിരുന്നു അത്.

ഭാരതത്തിലെ സുഗന്ധവ്യഞ്ജനങ്ങളും അവശേഷിക്കുന്ന സമ്പത്തും കടത്താനായിരുന്നു ഈ വിദേശികളുടെ പ്രവാഹം. വിരുന്നുവന്നവർക്കു മുമ്പിൽ നിറകണ്ണുകളോടെയും, ഭയവിഹ്വലരായും അപകർഷതാബോധത്തോടെയും ഭാരതജനത തലകുനിച്ചുകൊടുത്തു. അമ്പത്തി എഴ് തലമുറയായി ചവുട്ടി മെതിക്കപ്പെട്ട മനസ്സിൽ അത്മാഭിമാനത്തിന്റെ കൈത്തിരി തെളിയാൻ അസാദ്ധ്യമാംവിധം അപകർഷതാബോധത്തോടെയുള്ള ജനകോടികൾ പാശ്ചാത്യരുടെ മുമ്പിൽ അടിമകളെപോലെ വഴങ്ങികൊടുത്തുകൊണ്ടേയിരുന്നു.

1453ൽ കോൺസ്റ്റാന്റിനോപ്പിൽ തുർക്കികൾ കീഴടക്കിയതോടെ കരമാർഗ്ഗമുള്ള ഭാരതയാത്ര അസാദ്ധ്യമായപ്പോൾ കടൽമാർഗ്ഗം കണ്ടുപിടിക്കാനായുന്നു പശ്ചാത്യരുടെ ശ്രമം. 1497ൽ വാസ്കോഡഗാമ അരംഭിച്ച കടൽയാത്ര 1498 ഏപ്രിൽ മാസത്തിൽ മൊസാമ്പിക്കിലെത്തി, അവിടെയുണ്ടായിരുന്ന ഭാരതീയരുടെ സഹായത്തോടെ അടുത്തമാസം കോഴിക്കോട് കാപ്പാട് കടപ്പുറത്തെത്തി ലക്ഷ്യം കണ്ടെത്തി. കോഴിക്കോട് സമൂതിരി നൽകിയ ഊഷ്മളമായ സ്വീകരണം പാശ്ചാത്യരുടെ പ്രവാഹത്തിന്റെ നാന്ദിയായിത്തീർന്നു. അതിഥി ദേവോ ഭവ എന്നു പറഞ്ഞ് ആദ്യത്തെ പാശ്ചാത്യകൊള്ളത്തലവനെ ഈ പരശുരാമക്ഷേത്രം സ്വീകരിച്ചാനയിച്ചു. 1500ൽ പെഡ്രോ ആൽവാറെസ് കാബ്രിറാലും, 1501ൽ ജോവ-ഡനോവയും, 1501ൽ തന്നെ വീണ്ടും വാസ്കോഡഗാമയും ഉത്തരകേരളത്തിൽ അവരുടേതായ ഫാക്ടറികൾ സ്ഥാപിച്ചു. കൊച്ചിയും, കോഴിക്കോടും, കണ്ണൂരും പോർച്ചുഗീസ് കച്ചവടകേന്ദ്രമായിത്തീരുവാൻ രണ്ടു മൂന്നുവർഷങ്ങളേ വേണ്ടിവന്നുള്ളു. അറബികളുടെ പ്രേരണയാൽ കോഴിക്കോട് സാമൂതിരി കൊച്ചിയിലെ പോർച്ചുഗീസുകാരെ ആക്രമിച്ചു. ഇവിടെയായിരുന്നു പാശ്ചാത്യർ ഭാരതമണ്ണിൽ നടത്തിയ ആദ്യയുദ്ധവും അതിന്റെ വിജയവും. അടിച്ചമർത്താൻ ശ്രമിച്ചത് തഴച്ച് വളർന്നു. പോർച്ചുഗീസുകാർ കൊച്ചുകേരളത്തിലെ നാട്ടുരാജാക്കന്മാർക്ക് അടിച്ചൊതുക്കുവാൻ അസാധ്യമാംവിധം മാസങ്ങൾകൊണ്ട് ശക്തരായ അവകാശികളായിത്തീർന്നു.



Scanned with CamScanner

1500-1505 വരെ കപ്പൽ സേനയുടെ ശക്തിയോടെ അറബികളെ തുരത്താൻ പോർച്ചുഗീസുകാർക്ക് സാധിക്കുന്നവിധം അവർ കരയിലും കടലിലും ശക്തി പ്രാപിച്ചവരായിത്തീർന്നു. കരയിലും ജലത്തിലും ശക്തി തെളിയിച്ച പോർച്ചുഗീസുകാർ ഭാരതത്തിലെ നാട്ടുരാജാക്കന്മാർ തമ്മിലുള്ള ചെറിയ പ്രശ്നങ്ങളിൽ ഇടപെടാൻ തുടങ്ങി. ഓരോരുത്തരുടെ ഭാഗം പിടിച്ച് നാട്ടുരാജാക്കന്മാരേയും തങ്ങളുടെ കീഴിൽ കൊണ്ടുവന്നു. 1505ൽ ഉത്തരകേരളം പോർച്ചുഗീസുകാരുടെ അധീനതയിലായിത്തീർന്നു. വെറും പത്തുവർഷങ്ങൾക്കുള്ളിൽ നടന്ന ശക്തിപ്രകടനം! 1505നും 1509നും ഇടക്ക് ഭാരതത്തിൽ വന്ന പോർച്ചുഗീസ്കാരനായ അൽമീഡ, മുസ്ലീം ശക്തികളെ അടിച്ചമർത്തി, ചൈന, സിലോൺ, ഭാരത്തിന്റെ മറ്റു ഭാഗങ്ങൾ ഇവിടേക്കുള്ള കച്ചവടം പോർച്ചുഗീസിന്റെ കീഴിൽ കൊണ്ടുവന്നു.

അൽമീഡയുടെ തന്നെ വരികൾ : "എത്രത്തോളം കാലം നിങ്ങൾക്ക് കടലിന്റെ ആധിപത്യമുണ്ടോ (blue water policy) അത്രത്തോളം കാലം ഭാരതം നിങ്ങളുടേതാണ്. സമുദ്ര ആധിപത്യം ഇല്ലാത്തിടത്തോളം, കടലിലാണെങ്കിലും കരയിലാണെങ്കിലും കൂടുതലായി നിങ്ങൾക്കൊന്നും പ്രതീക്ഷിക്കേണ്ടതില്ല"

1509-1515ൽ അൽബുക്കർക്ക് ഭാരതത്തെ തന്റെ വരുതിയിൽ കൊണ്ടുവരുവാൻ പൂർണമായും ഒരുങ്ങിക്കഴിഞ്ഞിരുന്നു. പ്രത്യേക വ്യാപാര കേന്ദ്രങ്ങളിലൂടെ, പരസ്പര വിവാഹത്തിലൂടെ, കോട്ടകൾ കെട്ടി പ്രതിരോധം തീർക്കുന്നതിലൂടെ, നാട്ടുരാജാക്കന്മാരെ സാമ-ദാന-ഭേദ-ദണ്ഡങ്ങളിലൂടെ അൽബുക്കർക്ക് പോർച്ചുഗീസിന്റെ അധികാരം അംഗീകരിപ്പിച്ചു. 1510ൽ ഗോവ കീഴടക്കി "പോർച്ചുഗീസ് ഭാരത കോളണിയുടെ തലസ്ഥാനമാക്കി.

അൽബുക്കർക്കിനുശേഷം വന്ന ശക്തരായ പോർച്ചുഗീസ് ഭരണാധികാരികൾ ഡിയു, ബെസിൽ എന്നീസ്ഥലങ്ങൾ 1534ലും, ഡാമൻ 1538ലും കീഴടക്കി ബംഗാളിലെ ഹൂഗ്ലിയിലും, സിലോണിലെ കൊളമ്പോയിലും ഗുജറാത്തിലെ വിവിധ ഭാഗങ്ങളിലും അൽബുക്കർക്ക് ആധിപത്യം സ്ഥാപിച്ച് ശക്തനായി. ബീജാപ്പൂർ, അഹമ്മദ്നഗർ, കോഴിക്കോട്, ഗുജറാത്ത് എന്നിവടങ്ങളിലെ രാജാക്കന്മാരിൽ നിന്നുണ്ടായ ചെറുത്തുനിൽപ്പിനെ അതിജീവിക്കുവാനായി ശക്തി സംഭരിക്കുവാൻ വിദേശികൾക്ക് ഏറെക്കാലം കാത്തിരിക്കേണ്ടിവന്നില്ല. ശത്രുക്കളെയൊതുക്കുവാൻ ഭാരതത്തിൽ നിന്നുതന്നെ അവർ മിത്രങ്ങളെ തെരഞ്ഞെടുത്തു. ശക്തമായ വിജയനഗരസാമ്രാജ്യത്തിന്റെ പിൻബലത്തോടെയാണ് മേൽപറഞ്ഞ രാജാക്കന്മാരെ പോർച്ചുഗീസുകാർ ഒതുക്കിയത്. അവർ മുള്ളിനെ മുള്ളുകൊണ്ടെടുക്കുവാൻ സമർത്ഥരായിരുന്നുവല്ലോ. ഹിന്ദുക്കളെ കൂട്ടക്കൊല നടത്തിയും ക്രൈസ്തവധർമ്മം പ്രചരിപ്പിക്കുന്നതിൽ അതീവ തല്പരരായിരുന്നു പോർച്ചുഗീസുകാർ, എന്ന സത്യം നമ്മെ ആരും പഠിപ്പിച്ചിട്ടില്ല.

അൽബുക്കർക്ക് മുസ്ലീമുകളെയും ഹിന്ദുക്കളെയും ഒരേപോലെ ഉന്മൂലനം ചെയ്തിരുന്നു. 1540ൽ മാത്രം ഗോവയിലെ നൂറുകണക്കിന് ക്ഷേത്രങ്ങൾ അൽബുക്കർക്ക് വിജ്ഞാപനത്തിലൂടെ നശിപ്പിച്ചു. (ഇതിനായിരുന്നു അടുത്ത കാലത്ത് പോപ്പ് ക്ഷമാപണം ചെയ്യണമെന്ന് ആവശ്യമുയർന്നത്). തുടർന്ന് ഭാരതത്തിലേക്ക് ക്രൈസ്തവമിഷണറിമാരുടെ പ്രവാഹമായിരുന്നു. പല പ്രകാരത്തിലുള്ള ചതിയും വഞ്ചനയും പ്രീണനവുംകൊണ്ട് ആയിരക്കണക്കിന് ഹിന്ദുക്കളെ മിഷണറിമാർ മതപരിവർത്തനം നടത്തി. ക്രൈസ്തവ വിശ്വാസം വച്ചുപുലർത്താത്തവരെ വധിക്കുകകൂടി ചെയ്തിരുന്നു, ഈ മിഷണറിമാരെ ക്കുറിച്ചുള്ള ചരിത്രവരി : "The Portuguese set up inqusition to persecute infidels".

നൂറ്റാണ്ടുകളായി മുസ്ലീം ഭരണാധികാരികളും അവരുടെ സൈന്യങ്ങളും ചെയ്തത്, ക്രൈസ്തവമിഷണറിമാർ ഏറ്റെടുത്തു. ദൈവവും പുസ്തകവും അല്പം വ്യത്യാസപ്പെട്ടു എന്നുമാത്രം. നൂറുകണക്കിന് ഗ്രാമങ്ങൾ കൊള്ളയടിക്കുകയും, സ്ത്രീകളേയും പുരുഷന്മാരേയും തട്ടിക്കൊണ്ടുപോകു കയും ചെയ്യുന്ന പതിവ് പോർച്ചുഗീസുകാർ നിരന്തരം ആവർത്തിച്ചു. 1580ൽ പോർച്ചുഗീസും സ്പെയിനും ഫിലിപ്പ് രണ്ടാമന്റെ കീഴിൽ അവിഭാജ്യഘടകങ്ങളായിത്തീർന്നതോടെ പോർച്ചുഗീസുകാരുടെ കയ്യിൽ നിന്ന് സ്പെയിനിലേക്കുള്ള (ഭാരതത്തിന്റെതുൾപ്പെടെ) സർവാധിപത്യം മാറ്റപ്പെട്ടു.

രാജാക്കന്മാർ തമ്മിൽ പരസ്പരം പൊരുതുവാനുള്ള വാസന കൂടുതലായി ഇളക്കിവിട്ട്, കച്ചവട മനസ്ഥിതി വളർത്തി മതപരിവർത്തനത്തിന്റെ യാതന അനുഭവിപ്പിച്ച്, പാശ്ചാത്യഭരണത്തിന് അടിത്തറയിട്ട് പോർച്ചുഗീസ് ഭരണത്തിൽ നിന്ന് ഭാരതം ഒരു നൂറ്റാണ്ടിനുശേഷം ഏകദേശം മുക്തമായി. ഇനിയുള്ളത് ഡച്ചുകാരുടെ കൈയ്യിലേക്ക് വഴുതിമാറിയ ഭാരതമാണ്. ഇക്കാലത്തും ഡൽഹിസുൽത്താന്റെ ക്രൂരകർമ്മങ്ങൾ നടക്കുന്നു എന്നോർക്കുമല്ലോ.

1595ൽ കോർണേലിയോസ്, ഡച്ചിൽ നിന്ന് പുറപ്പെട്ട് ഭാരതത്തിലെത്തി ശേഖരിക്കാവുന്നത്രയും വിഭവങ്ങൾ ശേഖരിച്ച് 1597ൽ ഹോളണ്ടിലേക്ക് തിരിച്ചു. 1598ൽ അഞ്ചു വൻ വ്യവസായകൂട്ടങ്ങൾ ഹോളണ്ടിൽ നിന്ന് ഭാരതത്തിലെത്തി. നെതർലാണ്ടിൽ യുണൈറ്റഡ് ഈസ്റ്റ് ഇന്ത്യാകമ്പിനി സ്ഥാപിച്ച് ഭാരതവുമായി ഏകാധിപത്യ കച്ചവടബന്ധം സ്ഥാപിക്കാനുള്ള കരാർ, ഡച്ചിൽ വെച്ച് തന്നെ അവർ ഉണ്ടാക്കി. ഭാരതത്തിലെ ഒരു രാജാവുമായും ചർച്ചചെയ്തിട്ടല്ല ഈ കരാർ. അന്ന് വിദേശികൾക്ക് ഭാരതം ഒരു പുറംപോക്ക് ഭൂമിപോലെ ആയിരുന്നിരിക്കണം. ആർക്കും വെട്ടിപിടിക്കാവുന്ന ഭൂമി. ആരും ചോദിക്കാനില്ലാത്ത അതിർത്തികൾ. ആർക്കും എടുത്തുകൊണ്ടു പോകാവുന്ന പ്രകൃതിവിഭവങ്ങൾ!



Scanned with CamScanner

ഈ കരാർപ്രകാരം ഡച്ചുകാർക്ക് ഭാരതവുമായി കച്ചവടബന്ധം സ്ഥാപിക്കുവാനും, ആവശ്യമെങ്കിൽ യുദ്ധംചെയ്യുവാനും, ആരുമായും സന്ധിയിലേർപ്പെടുവാനും, ഭൂപ്രദേശവും, കോട്ടകളും, കൊട്ടാരങ്ങളും അധീനമാക്കുവാനുമുള്ള അധികാരം ലഭിച്ചു. 1605ൽ ഗോൽക്കൊണ്ടയിലെ രാജാവിലൂടെ ഭാരതം തലകുനിച്ച് ഡച്ചുകാരുടെ ആധിപത്യത്തിന് വഴങ്ങുന്ന ആദ്യത്തെ സംഭവം നടന്നു. പോർച്ചുഗീസുകാർക്ക് വഴിതെളിയിച്ചത് കോഴിക്കോട് സാമൂതിരിയായാരുന്നുതുപോലെ ഡച്ചുകാർക്ക് ഗോൽകൊണ്ടാ രാജാവ് വഴിവിളക്ക് തെളിയിച്ചു.

ഡച്ചുകാർ 1605ൽ മസൂലിപട്ടണത്തിൽ ആദ്യത്തെ ഡച്ചുഫാക്ടറി സ്ഥാപിച്ചു. തുടർന്ന് സൂററ്റ്, ബ്രോച്ച്, കാൻബേ, ആഗ്ര, ചിൻസുറയിലും ഫാക്ടറി വന്നു. ഇവയിലേറെയും തുണിത്തരങ്ങൾ വാങ്ങുവാനും വിൽക്കുവാനുമായിരുന്നു. ഡച്ചുകാർ 1619ൽ ജാവ കീഴടക്കി, 1623ൽ ഇംഗ്ലീഷുകാരെ കൂട്ടക്കൊലനടത്തി അവരുടെ, ഭാരതത്തിലേക്കുള്ള തള്ളക്കയറ്റത്തിനെ തടയിട്ടു, 1658ൽ സിലോൺ ഡച്ചുകാരുടെ നിയന്ത്രണത്തിലായി.

1604ൽ ഡച്ചുകാരുമായി കോഴിക്കോട് സാമൂതിരി സൈനികകരാറിൽ ഒപ്പിട്ടു. തന്റെ വംശക്കാർ സ്വീകരിച്ചുനായിച്ച പോർച്ചുഗീസ്കാർക്കെതിരായിട്ടുള്ള യുദ്ധത്തിനായിട്ടായിരുന്നു സാമൂതിരിയുടെ സൈനിക ഉടമ്പടി. 1644 ആയപ്പോഴേക്കും ഭാരതത്തിലെ പോർച്ചുഗീസുകാരുടെയും അവരുടെ സുഹൃത്തുകളായി പരസ്പരം അലിഞ്ഞുചേർന്ന സ്പെയിൻകാരുടെയും എല്ലാ വ്യവസായവാണിജ്യ കേന്ദ്രങ്ങളും ഡച്ചുകാരുടെ അധീനതയിലായിക്കഴിഞ്ഞിരുന്നു. 1600ൽ തന്നെ ഭാരതത്തിലെ ഡച്ചുകേന്ദ്രങ്ങളുടെ ആധിപത്യം കോഴിക്കോട് കേന്ദ്രമാക്കി ജനറൽ ഡയറക്ടറുടെ സർവാധിപത്യത്തിൻ കീഴിലായി കഴിഞ്ഞിരുന്നു. അമ്പതുവർഷത്തെ ഡച്ച് ആധിപത്യത്തിൽ നിന്ന് ഭാരതം ഇംഗ്ലീഷ് ആധിപത്യത്തിലേക്ക് നീങ്ങിയപ്പോൾ, ഭാരതീയരുടെ മനസ്സിൽ എന്തു വികാരമായിരുന്നു എന്ന് ഊഹിക്കുവാൻപോലും അസാധ്യം തന്നെ.

ഭാരതത്തിൽ നിന്ന് വിഭവങ്ങൾ നേരിട്ട് കൊണ്ടുവന്ന് വിപണനം നടത്തുന്നതിൽ നിന്ന് വൻലാഭം കൊയ്യുവാനായിട്ടായിരുന്നു, ഇംഗ്ലീഷുകാർ ഇവിടെ ആദ്യമായി എത്തിയത്. ഇത്രയുംകാലം അവർ പോർച്ചുഗീസ്, ഡച്ച്, അറബി നാടുകളിൽ നിന്നാണ് ഭാരതീയ വിഭവങ്ങൾ അമിതമായ വിലകൊടുത്ത് വാങ്ങിയിരുന്നത്. ലണ്ടനിലെ ലോർഡ്മേയറുടെ അധ്യക്ഷതയിൽ ഏതാനും വ്യാപാരികൾ 1599ൽ ഭാരതവുമായി വ്യാപാരം നടത്താനുള്ള സംഘംകരാർ ഉണ്ടാക്കി 1600 ഡിസംബർ 31 എലിസബത്ത് രാജ്ഞിയുടെ അംഗീകാരം നേടിയതോടെയാണ് ഇംഗ്ലണ്ടുകാരായ വിദേശികളുടെ ആഗമനം. 15 വർഷത്തേക്ക് ഭാരതവുമായി വ്യാപാരം നടത്തുവാനുള്ള അവകാശം ഈ കമ്പനിക്കു മാത്രമായിരക്കും എന്നായിരുന്നു രാജ്ഞിയുടെ അനുശാസനകരാർ!

ഇംഗ്ലീഷുകാരുടെ ഭാരത്തിലേക്കുള്ള കപ്പൽയാത്ര ക്യാപ്റ്റൻ ഹോക്കിൻസിന്റെ നേതൃത്വത്തിലായിരുന്നു. 1608ൽ ഇംഗ്ലീഷുകാർ സൂറത്തിൽ തങ്ങളുടെ ആദ്യത്തെ ഫാക്ടറി സ്ഥാപിച്ച് ഭാരതത്തിന്റെ അധികാരം കൈക്കലാക്കുന്നതിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. മുഗളചക്രവർത്തി ജഹാംഗീറിന്റെ അനുവാദത്തോടെയായിരുന്നു ഈ ഫാക്ടറി സ്ഥാപിച്ചത്. എതിർപ്പിന്റേയും പ്രതിഷേധത്തിന്റെയും, പ്രതിരോധത്തിന്റെയും ചൂടിൽ അവർ പെട്ടെന്ന് വളർന്നു. ഇംഗ്ലീഷുകാർക്ക് 1612ൽ ബെസ്റ്റിന്റെ നേതൃത്വത്തിൽ പോർച്ചുഗീസ് കപ്പൽ സൈന്യത്തെ, സൂറത്തിനടുത്തുവച്ച് നശിപ്പിച്ച്, വിജയം വരിക്കുവാൻ സാധിച്ചു.

1615ൽ ഇംഗ്ലണ്ടിലെ രാജാവ് ജെയിംസ് ഒന്നാമൻ, ജഹാംഗീറിന്റെ തലസ്ഥാന പ്രതിനിധിയായി സർ തോമസ് റോയിയെ അയച്ചു. ജഹാംഗീറിന്റെ അനുവാദത്തോടെ തോമസ് റോയ്, അഹമ്മദാബാദ്, ബ്രോച്, ആഗ്ര, സൂറത്ത് എന്നിവടങ്ങളിൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ തന്നെ നേതൃത്വത്തിൽ ഫാക്ടറികൾ തുടങ്ങി. ഇന്ത്യയിൽ ഇംഗ്ലീഷുകാർ സ്ഥാപിച്ച ഓരോ ഫാക്ടറിയും പിന്നീട് അവരുടെ ഭരണത്തിന്റെ സിരാകേന്ദ്രമായിത്തീർന്നു. ഒരു ഫാക്ടറി സ്ഥാപിച്ചാൽ ആ പ്രദേശം അവരുടെ അധീനതയിലായി എന്നു തന്നെയായിരുന്നു അനുഭവം. 1661ൽ ചാൾസ് രണ്ടാമനിൽ നിന്ന് ബോംബെ നഗരം, ഈസ്റ്റ് ഇന്ത്യാകമ്പനി, പ്രതിവർഷം 10 പൗണ്ട് പോർച്ചുഗീസുകാർ വാടകക്കെടുത്തതായിരുന്നു. ചാൾസ് രണ്ടാമൻ, കാതറിന്റെ വിവാഹത്തിന് സ്ത്രീധനമായി ലഭിച്ചതായിരുന്നു ബോംബെ. പോർച്ചുഗീസ്കാരും, ഇംഗ്ലണ്ടുകാരും തമ്മിൽ രാജകീയ വിവാഹത്തിലൂടെ ബന്ധം സ്ഥാപിച്ചതിന് സ്ത്രീധനമായി കൊടുത്തത് ഭാരതത്തിലെ ബോംബെ നഗരം!

1658ൽ മുഗളന്മാർക്ക് കരംകൊടുക്കുന്നതിൽ നിന്നും ഒഴിഞ്ഞുമാറിയ ഇംഗ്ലീഷുകാരെ ഔറംഗസീബിന്റെ സൈന്യം ആക്രമിച്ചു കീഴടക്കി. എല്ലാ ഇംഗ്ലീഷുകാരും ഭാരതം വിട്ടുപോകണമെന്ന ഔറംഗസീബിന്റെ അനുശാസനം അവർ സ്വീകരിച്ചില്ല. ഇംഗ്ലീഷുകാരെ മുഗളസൈന്യം ശക്തമായി നേരിട്ടപ്പോൾ ഹജ്ജ് തീർത്ഥാടനത്തിന് പോകുന്ന ഇന്ത്യൻ മുസ്ലീമുകളുടെ കപ്പൽ സൂറത്തിനടുത്ത് വച്ച് ആക്രമിച്ച്, ഔറംഗസീബിനെ ഇംഗ്ലീഷ്സേന വരുതിയിൽ വരുത്തി, കരാറുണ്ടാക്കി ഒപ്പുവെപ്പിച്ചു. ഈ കരാറനുസരിച്ച് 1690ൽ ഇംഗ്ലീഷ് കമ്പനി കൽക്കത്തയിൽ വലിയ ഫാക്ടറിക്ക് തുടക്കം കുറിച്ചു. 1687ൽ ബോംബെയും ഒരു വ്യാവസായിക നഗരമായി ഉയർത്തുവാൻ ഇംഗ്ലീഷുകാർക്ക് സാധിച്ചു. പത്ത് വർഷങ്ങൾക്കുള്ളിൽ കൽക്കത്തയിലും കമ്പനി അനവധി ഗ്രാമങ്ങൾ വിലക്കുവാങ്ങിക്കഴിഞ്ഞിരുന്നു. ഭാരതത്തെ കീഴടക്കുന്ന വികസനത്തിന്റെ പാതയിലൂടെയുള്ള പ്രയാണം അവർ തുടർന്നു. മുഗൾ



Scanned with CamScanner

സാമ്രാട്ടിന്റെ അസുഖം ചികിത്സിച്ച് ഭേദമാക്കിയതിന് ഇംഗ്ലീഷുകാർക്ക് ബംഗാൾ മുഴുവനും കരമടക്കാതെ വ്യാപാരം നടത്തുവാൻ ഔറംഗസീബിൽ നിന്നും അനുമതി ലഭിച്ചു. എവിടെ വേണമെങ്കിലും ഭൂപ്രദേശം കരമൊഴിവായി വാടകയ്ക്ക് ലഭിക്കുവാനും ഇത് അവസരം നൽകി. ഹൈദ്രാബാദിലും കരമില്ലാവ്യാപാരത്തിന് അവസരം ലഭിച്ചു. പ്രതിവർഷം പതിനായിരം രൂപ മാത്രം കരം നൽകി ഗുജറാത്ത് മുഴുവനും വ്യവസായത്തിന് അവസരം ലഭിച്ചു. ഭാരതത്തിൽ ഇംഗ്ലീഷുകാർക്ക് സമ്പൂർണ്ണഅധികാരത്തിലേക്കുള്ള വഴിതുറന്നു. കൂടാതെ ഭാരതത്തിനാവശ്യമായ നാണയം മുഴുവനും അവരുടെ ഫാക്ടറികളിൽ ഉണ്ടാക്കിക്കൊടുക്കുവാനുള്ള അവകാശവും മുഗളന്മാരിൽ നിന്നും ഇംഗ്ലീഷ് കമ്പനിക്ക് ലഭിച്ചു. ധനാഗമം എന്ന പദത്തിന് ഇതിനേക്കാൾ വലിയ അനുഗ്രഹം വേറെ വേണോ? ബോംബെയിൽ നിന്നായിരുന്നു നാണയ ഉത്പാദനം. ഈ ഉത്തരവാദിത്വം കൂടി ഇംഗ്ലീഷുകാർക്ക് ലഭിച്ചതോടെ അവരുടെ സർവാധിപത്യത്തിന്റെ തുടക്കം പൂർണമായി.

1632ൽ ഗോൽകൊണ്ടയിലെ സുൽത്താൻ ദക്ഷിണഭാരതത്തിലെവിടെയും ഒരു നിയന്ത്രണവുമില്ലാതെ വ്യാപാരബന്ധത്തിലേർപ്പെടുവാൻ ഇംഗ്ലീഷുകാർക്ക് അനുവാദം നൽകിയിരുന്നു. തകർന്നടിയുവാൻ തുടങ്ങിയ വിജയനഗര സാമ്രാജ്യത്തിന്റെ പ്രതിനിധിയായി മദ്രാസിലുണ്ടായിരുന്ന ചന്ദ്രഗിരിരാജനിൽ നിന്ന് ബ്രിട്ടീഷ് പ്രതിനിധിയായ, ഫ്രാൻസിസ് ഡേക്ക് മദ്രാസ് നഗരം ഒറ്റിയായി വാങ്ങിച്ചു. ഫ്രാൻസ് അവിടെ സ്ഥാപിച്ച വ്യവസായ സ്ഥാപനമാണ് ഇന്ന് സെന്റ് ജോർജ്ജ്കോട്ടയായി അറിയപ്പെടുന്നത്.

യൂറോപ്യന്മാർക്ക് താമസത്തിനായി വൈറ്റ്സിറ്റിയെന്നും ഇന്ത്യാക്കാർക്കായി ബ്ലാക്സിറ്റിയെന്നും മദ്രാസിനെ രണ്ടായി തീർത്തതോടെ മദ്രാസിന്റെ പൂർണനിയന്ത്രണം ഇംഗ്ലീഷുകാരുടെ അധികാരത്തിൻ കീഴിലായി. 1642ൽ മുസലി പട്ടണത്തെക്കാൾ വികസിച്ച മദ്രാസ് നഗരം 1653 ഓടുകൂടി ഇംഗ്ലീഷുകാരുടെ കീഴിൽ ഒരു സ്വതന്ത്ര ഏജൻസിയുടെ ആസ്ഥാനമായി. 1643 ഒറീസയിലും ബംഗാളിലും ഫാക്ടറി സ്ഥാപിക്കുന്നതിലൂടെ ഇംഗ്ലീഷുകാർ അവിടങ്ങളിൽ പിടി മുറുക്കിയിരുന്നു. ഇംഗ്ലീഷുകാർ ചികിത്സിച്ച് ഭേദമാക്കിയ ബംഗാൾ സുബേദാറിൽ നിന്ന് ബംഗാളിൽ ഇഷ്ടമുള്ളപ്രകാരം ചെയ്യുവാനുള്ള സ്വാതന്ത്ര്യം കൂടി വീണ്ടും അവർക്ക് 1650ൽ ലഭിച്ചു. 1651ൽ ഹൂഗ്ലിയിൽ വലിയൊരു ഫാക്ടറി പ്രവർത്തനമാരംഭിച്ചു. 1635ൽ പുതിയ ഒരു ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി സർ വില്യം കോർട്ടന്റെ നേതൃത്വത്തിൽ പഴയ ഈസ്റ്റ് ഇന്ത്യാ കമ്പിനിയുമായി മത്സരിച്ചും എതിർത്തും പ്രവർത്തിച്ചിരുന്നു. 1649 വരെ ഈ മത്സരം കടുത്ത രീതിയിൽ നടന്നിരുന്നുവെങ്കിലും പിന്നീട് ഭാരതത്തെ കൊള്ളയടിക്കുന്ന തത്വത്തിൽ ഏകാഭിപ്രായമുണ്ടാക്കി അവർ പരസ്പരം ഒന്നായിത്തീർന്നു.

1661ൽ ചാൾസ് രണ്ടാമൻ കൊണ്ടുവന്ന നിയമപ്രകാരം, കമ്പനിക്ക് ഭാരതത്തിൽ നിയമനിർമ്മാണം, ഭരണം, ഗവർണർ നിയമനം, തുടങ്ങിയ ഭരണകാര്യ തീരുമാനങ്ങളെടുക്കുവാനുള്ള അനേകം അധികാരങ്ങൾ നൽകിയിരുന്നു. 1683, 1686, 1693ൽ ബ്രിട്ടീഷ് ഗവൺമെന്റ് നൽകിയ അധികാരപ്രകാരം ഏതു പ്രദേശവും കീഴടക്കാനും ഏതു നാട്ടുരാജ്യങ്ങളുമായും സന്ധിയോ യുദ്ധമോ നടത്താനും ഈസ്റ്റ് ഇന്ത്യാകമ്പനിക്ക് പൂർണ അധികാരം ലഭിച്ചിരുന്നു. ഈ നിയമങ്ങളെല്ലാം ഇംഗ്ലീഷ് ഭരണകൂടം സ്വമേധയാൽ എടുക്കുകയായിരുന്നുതാനും. കൂടാതെ 7,44,000 പൗണ്ട് മുതൽ മുടക്കി അവർതന്നെ ഭാരതത്തിലൊരു നാണയ ഫാക്ടറി തുടങ്ങി. കമ്പനിക്കിഷ്ടമുള്ള നാണയങ്ങൾ അടിച്ച് ഭാരതത്തിൽ വിതരണം ചെയ്യുവാൻ ഇതവർക്ക് അധികാരം നൽകി. ഇംഗ്ലീഷ് നാണയങ്ങൾക്ക് അന്നും ഇന്നും ഏറ്റവും മൂല്യം കല്പിക്കുന്നതും ഭാരതീയരാണല്ലോ?

1668 ഡിസംബറിൽ ഫ്രാൻസിസ് കാറോണിന്റെ നേതൃത്വത്തിൽ ഒരു ഫ്രഞ്ച് ഫാക്ടറി സൂററ്റിലും 1669 ഡിസംബറിൽ മസൂളി പട്ടണത്തിലും സ്ഥാപിക്കപ്പെട്ടു. മാർട്ടിന്റെ നേതൃത്വത്തിൽ 1674ൽ പോണ്ടിച്ചേരിയിലും ഫ്രഞ്ച് കമ്പനി സ്ഥാപിക്കപ്പെട്ടു. 1672ൽ സാൻതോം ഫ്രഞ്ച് കയ്യടക്കിയിരുന്നു. പിന്നീട് ബൽസാറിലും 1725ൽ മാഹിയിലും 1739 കാരക്കലിലും ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി സ്ഥാപിക്കപ്പെട്ടു. ഡ്യൂമാസ് എന്ന ഫ്രഞ്ച് ഗവർണറുടെ നേതൃത്വത്തിൽ പോണ്ടിച്ചേരി ആസ്ഥാനമാക്കി ഫ്രഞ്ച് ഭാരതരാഷ്ട്രീയത്തിൽ ഫ്രാൻസുകാർ സ്വാധീനിക്കുവാൻ തുടങ്ങി. തഞ്ചാവൂർ രാജാവിനെ സഹായിച്ചതിനാണ് കാരയ്ക്കൽ ഫ്രാൻസിന് ലഭിച്ചത്. മുഗളന്മാരെ തൃപ്തരാക്കി ഭാരതീയ നാണയങ്ങളിറക്കാനുള്ള അനുമതിയും ഡ്യൂമസ് നേടിയെടുത്തു.

ഫ്രാൻസിനും ഇംഗ്ലീഷുകാർക്കും ഭാരതത്തിൽ തുല്യമായ ആധിപത്യം 1742 ഓടുകൂടി ലഭിച്ചിരുന്നു. അവർ തുല്യശക്തിയുള്ളവരായി വളരാനും തുടങ്ങി. പോർച്ചുഗീസും സ്പെയിനും, ഡച്ചും മത്സരിച്ച ദേശത്ത് ഇംഗ്ലണ്ടും ഫ്രാൻസും മത്സരിച്ചു–ഭൂമിക്കും–അധികാരത്തിനും സമ്പത്തിനും വേണ്ടി. 1698ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കി നൽകിയ ഇരുപതിനായിരം പൗണ്ട് ധനം കെട്ടിവച്ച് ഭാരതത്തിലെ വ്യവസായ–വാണിജ്യ (ഒരു ഭാരതീയനോടും ചോദിക്കാതെ) ഇംഗ്ലീഷ്കാർ ജനറൽ സൊസൈറ്റി എന്ന സംഘടനക്ക് നൽകി.

പല ഇംഗ്ലീഷ് കമ്പനികളും ഭാരതത്തെ ചൂഷണം ചെയ്യുവാൻ പരസ്പരം മത്സരിച്ചിരുന്നുവെങ്കിലും, ബ്രിട്ടീഷ് ഭരണാധികാരികൾ ഇടപെട്ട് 1708 ഓടുകൂടി എല്ലാ കമ്പനികളും ഒരു കൊടിക്കീഴിൽ കൊണ്ടുവന്നു. "ഓണറബിൾ ഈസ്റ്റ് ഇന്ത്യാ കമ്പനി"യായി അതറിയപ്പെട്ടു. 1858 വരെ ഈ കമ്പനി ഭാരതത്തെ ചൂഷണം ചെയ്തും, മുടിച്ചും, കൊള്ളയടിച്ചും, മതപരിവർത്തനം നടത്തിയും,



Scanned with CamScanner

ജനങ്ങളെ അടിമളാക്കി അവരുടെ ഫാക്ടറികളിൽ പണിയെടുപ്പിച്ച് ഭരിച്ചു. 1707 ഓടുകൂടി തകർന്നു തുടങ്ങിയ മുഗൾചക്രവർത്തി ഭരണത്തിൽ, 1715ൽ ഒരു ഇംഗ്ലീഷ് ഡോക്ടർ, വില്യം ഹാമിൽട്ടണിൽ നിന്ന് ഔറംഗസീബിന് ലഭിച്ച രോഗചികത്സയുടെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് പ്രതിനിധികൾക്ക് ഭാരതത്തിലെ മറ്റു പലഗ്രാമങ്ങളുടേയും നാട്ടുരാജ്യങ്ങളുടേയും നിയമപരമായ അവകാശം ലഭിച്ചു. ജോൺ സെർമൺന്റേയും, എഡ്വേർഡ് സ്റ്റീഫൻസന്റേയും ഡോക്ടറുടേയും നിരന്തരശ്രമഫലമായി ഇംഗ്ലീഷുകാർക്ക് വീണ്ടും വീണ്ടും അനവധി ഗ്രാമങ്ങളുടെ ഭരണാധികാരാവകാശം ഔറംഗസീബിൽ നിന്നെഴുതി വാങ്ങുവാൻ സാധിച്ചു.

കൽക്കത്തയും മദ്രാസും പൂർണമായും കമ്പനിയുടെ കീഴിലായി. മുഗൾസാമ്രാജ്യത്തിന്റെ ഭരണക്ഷതം സംഭവിച്ച ഓരോ നാട്ടു രാജ്യങ്ങളിലും ഇംഗ്ലീഷുകാർ അവകാശം സ്ഥാപിച്ചു തുടങ്ങി. ബ്രിട്ടീഷുകാർ കാലുകുത്തിയ നഗരങ്ങളെല്ലാം അവരുടെ കീഴിലായി. 1735ൽ കൽക്കത്തയിലെ ജനസംഖ്യ ഒരുലക്ഷമായിരുന്നു. കൽക്കത്തയിൽ നിന്നുമാത്രം പതിനായിരം ടൺ സാമഗ്രികൾ പ്രതിവർഷം യൂറോപ്പിലേക്ക് പോകുന്നുണ്ടായിരുന്നു. മദ്രാസിലും പോണ്ടിച്ചേരിയിലും ഉള്ള ഇംഗ്ലീഷ് - ഫ്രഞ്ച് സൈന്യവ്യൂഹങ്ങളിൽ 500 വീതം യൂറോപ്യൻമാരും 25,000 വീതം ഭാരതീയരും പ്രവർത്തിച്ചിരുന്നു. ഈ സൈന്യത്തെ ഉപയോഗിച്ചായിരുന്നു ഇവർ ഭാരതീയ രാജാക്കൻമാരെ വരുതിയിൽ നിർത്തിയിരുന്നത്.

ദക്ഷിണ ഭാരതത്തിലെ അനവധി സ്ഥലങ്ങളിൽ ഫ്രഞ്ചുസേനയും ഇംഗ്ലീഷ്സേനയും എതിരിട്ടപ്പോൾ മരിച്ചു വീണത് ഭൂരിഭാഗവും പാശ്ചാത്യയുദ്ധമുറയിൽപരിചയമില്ലാതിരുന്ന ഭാരതീയരായിരിന്നു. രണ്ടുസൈന്യത്തിലും ഭാരതീയർ അധ:കൃതവർഗമായിരുന്നു. സ്വന്തംനാട്ടിൽ നാട്ടുകാരെ തന്നെ വിദേശിക്കുവേണ്ടി കൊലചെയ്യേണ്ടിവന്ന ഹതഭാഗ്യരായിരുന്നു അന്നത്തെ ഹിന്ദുക്കൾ.

1746ൽ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ ആദ്യത്തെ യുദ്ധം നടന്നു രണ്ടു യൂറോപ്യൻ വിദേശികൾ തമ്മിൽ ഭാരതമണ്ണിൽ ഭാരതീയരെ രണ്ടു തട്ടകളിലാക്കി, അവരെ തന്നെ മുന്നിൽ നിർത്തിയുള്ള യുദ്ധമായിരുന്നു അത്. രണ്ടുവർഷം നീണ്ടുനിന്നയുദ്ധത്തിൽ രണ്ടുവശത്തും മരിച്ചുവീണ സഹസ്രങ്ങൾ ഹിന്ദുക്കളായിരുന്നു.

മദ്രാസ് കീഴടക്കുവാൻ കർണാടിക് പ്രദേശത്തെ നവാബ് അൻവാറുദ്ദിൻ ഫ്രഞ്ചുകാരെ സഹായിച്ചു. 1746 സെപ്റ്റംബറിൽ മദ്രാസ് ഫ്രഞ്ചിനു കീഴടങ്ങി. ഫ്രഞ്ചുകാരനായ ലാ ബോർഡോണെയ്സ് ഇംഗ്ലീഷുകാരിൽ നിന്ന് 40000 പൗണ്ട് കൈക്കൂലി വാങ്ങി, മദ്രാസ് ഇംഗ്ലീഷുകാർക്ക് തന്നെ തിരിച്ചുകൊടുത്തു.



Scanned with CamScanner

രണ്ടുവിഭാഗത്തിനും വേണ്ടി പൊരുതി മരിച്ച ഭാരതീയരുടെ ആത്മാക്കൾ ദുഃഖിച്ചിരിക്കാം? 1746ൽ നവാബിന്റെ സേനയും ഫ്രഞ്ചുസേനയും സാൻതോമിൽ (അടയാർ യുദ്ധം) യുദ്ധം ചെയ്തു. ഫ്രഞ്ചിന്റെ വിജയം ഭാരത മണ്ണിൽ അവരുടെ ബലം ഇരട്ടിപ്പിച്ചു. വിദേശികൾക്ക് അവരുടെ ദേശങ്ങളിലുള്ള വൈരം തീർക്കുവാൻ കൂടി, ഭാരതീയരെ ഉപയോഗിച്ച്, പരസ്പരം പടവെട്ടാം എന്ന് ഈ യുദ്ധം തെളിയിച്ചു. ഏതുയുദ്ധത്തിലും ഭാരതീയരെ മണിക്കൂറുകൾ കൊണ്ട് കീഴ്പ്പെടുത്തുവാൻ സാധിക്കുമെന്ന്, അന്നുലഭ്യമായ ഏറ്റവും അധുനിക ഉപകരണങ്ങളുപയോഗിച്ച് യുദ്ധം ചെയ്ത വിദേശികൾക്ക് മനസ്സിലാക്കുവാൻ അവസരം ലഭിച്ചതും ഈ യുദ്ധത്തിലൂടെയാണ്. അമേരിക്കയിലെ ലോയ്സ്ബർഗ് ഫ്രഞ്ച്കാർക്ക് വിട്ടുകൊടുത്തതിനുപകരമായി, ഭാരതത്തിലെ ഫ്രഞ്ച് അധീനത മദ്രാസ് അവർ ഇംഗ്ലീഷുകാർക്ക്, "കൈക്കൂലി വാങ്ങി", കൊടുത്തു. ഭാരതഭൂമി ഒരു വെറും പകരക്കൈമാറ്റ വസ്തുവായതുപോലെ "വെറും കച്ചവടക്കാരായിരുന്നവർ, ഈ യുദ്ധത്തിലൂടെ ഭാരതത്തിന്റെ അവകാശികളായി മാറി" എന്ന് മല്ലേസൺ പറയുന്നു.

ഭാരതമണ്ണിലെ ലളിതവും സങ്കീർണവുമായ എല്ലാ പ്രശ്നങ്ങൾക്കും ഇംഗ്ലീഷ്/ഫ്രഞ്ചുകാർ ഇടപെടാൻ അധികാരവും അർഹതയുമുള്ളവരാണെന്ന തോന്നൽ അവരിലുദിച്ചു. ഹൈദ്രാബാദിലും, കർണാടകയിലും ഉണ്ടായ അധികാരത്തിന്റേയും സിംഹാസനാവകാശത്തിന്റേയും തർക്കം 1748ൽ ഫ്രഞ്ച് സൈന്യം ഇടപെട്ട് അവർക്കനുകൂലമാക്കിത്തീർത്തു. രണ്ടു രാജ്യങ്ങളിലും ഇംഗ്ലീഷും ഫ്രാൻസും വാടകയുദ്ധത്തിന് ഇരുചേരിയിൽ നിന്നു. ഈ യുദ്ധത്തിന് ഹൈദ്രാബാദിൽ നിന്ന് ഫ്രഞ്ച് ഗവർണർ 60,000 പൗണ്ട് വാടക വാങ്ങി. 200 യൂറോപ്യൻമാരും 300 ഇന്ത്യൻ ഭടന്മാരും ചേർന്ന ഇംഗ്ലീഷ് സൈന്യം ക്ലൈവിന്റെ നേതൃത്വത്തിൽ തൃശ്ശിനാപ്പള്ളിയും ആർക്കാട്ടും കീഴടക്കി. ഇംഗ്ലീഷ്കാർക്ക് മറാത്ത സൈന്യ സഹായം വാഗ്ദാനം ചെയ്തു. അതുപയോഗിച്ച് ക്ലൈവ് കർണാടക സൈന്യത്തെ പരാജയപ്പെടുത്തി. തഞ്ചാവൂർ 1753ൽ ഫ്രഞ്ച്സൈന്യത്തിന് അടിയറവെച്ചു. "ഈ യുദ്ധങ്ങളിലൂടെ ഇംഗ്ലീഷുകാർക്കും ഫ്രഞ്ചുകാർക്കും ആഗ്രഹിച്ചതെല്ലാം ലഭിച്ചു. നഷ്ടപ്പെട്ടത് ഇന്ത്യക്കാരായ നാട്ടുരാജാക്കന്മാർക്കും" ചരിത്രകാരൻ സ്മിത് എഴുതി. 1760 ജനുവരിയിൽ ഇംഗ്ലീഷ് ഫ്രഞ്ച് സേനകൾ തമ്മിൽ നടന്ന സെന്റ് ജോർജ്ജ് ഫോർട്ടിലെ യുദ്ധത്തിൽ ഇംഗ്ലീഷ് സൈന്യം വൻവിജയം നേടി. 1760 ഏപ്രിലിൽ കാരക്കൽ ഫ്രഞ്ച്കാരിൽ നിന്നും ഇംഗ്ലീഷ് അധീനത്തിലായി. 1761 ജനുവരിയിൽ ഫ്രഞ്ചുകാരുടെ, പോണ്ടിച്ചേരി ഇംഗ്ലീഷുകാർക്കധീനപ്പെട്ടു. 1763 ഇംഗ്ലീഷും ഫ്രഞ്ചും തമ്മിൽ സൈനിക കരാറിലൊപ്പിട്ടു. 1751ലുണ്ടായിരുന്ന അവസ്ഥയിലേക്ക് കരാറിൽ പറഞ്ഞിരിക്കുന്നതുപോലെ കാര്യങ്ങൾ നീങ്ങിയപ്പോൾ ഈ യുദ്ധത്തിൽ മരിച്ച



Scanned with CamScanner

പതിനായിരക്കണക്കിന് ഇന്ത്യാക്കാരുടെ കുടുംബങ്ങളായിരുന്നു. അനാഥമായി ദുഃഖിച്ചത്. ഡച്ച്, പോർച്ചുഗീസ്, ഫ്രാൻസ്, ബ്രിട്ടീഷ് എന്നീ നാലു രാജ്യങ്ങൾ ഭാരതത്തെ കൊള്ളയടിക്കാൻ പരസ്പരം മത്സരിച്ചിരുന്നവരിൽ നിന്ന് 1763ൽ അവശേഷിച്ചത് ബ്രിട്ടീഷുകാർ മാത്രമായി. അവർ ഭാരതത്തിൽ അജയ്യമായ ശക്തിയായിതീർന്നിരുന്നു.

ക്ലൈവിന്റെ നേതൃത്വത്തിലുള്ള 3200 സുശക്ത ഇംഗ്ലീഷ് സൈന്യവും നവാബിന്റെ നേതൃത്വത്തിൽ സംഘടിതമായ 50,000 സൈന്യവും പ്ലാസിയിൽ (പ്ലാസിയുദ്ധം) 1757 ജനുവരി 23ന് ഏറ്റുമുട്ടി. ഇംഗ്ലീഷ്കാർ വിജയം ആഘോഷിച്ചു. ബംഗാൾ പൂർണമായും ഇംഗ്ലീഷ് അധീനതയിലായി – കൊച്ചു കൽക്കത്തയിൽ നിന്നാരംഭിച്ച് വലിയ ബംഗാളിനെ ഇംഗ്ലീഷുകാർ കയ്യടക്കി.

1764ൽ ബക്സർ യുദ്ധത്തിൽ മുഗൾചക്രവർത്തി ഷാ അലം രണ്ടാമനെയും ഇംഗ്ലീഷുകാർ പരാജയപ്പെടുത്തിയതുമൂലം ഡൽഹി അവർക്ക് മുമ്പിൽ കീഴടങ്ങിത്തുടങ്ങി. ഓരോ സർക്കാർ ഉദ്യോഗസ്ഥനും ബ്രിട്ടീഷ് കമ്പനിയോട് കൂറും ബാധ്യതയും ഉള്ളവനായിരിക്കണമെന്ന പ്രതിജ്ഞാപത്രം ഭാരതം മുഴുവനും ക്ലൈവ് വിതരണം ചെയ്ത് പ്രതിജ്ഞയെടുപ്പിച്ചു. ഇംഗ്ലീഷ്സേന ഉത്തരഭാരതത്തിലെ മോംഗീർ, ബങ്കിപൂർ, അലഹബാദ്, പാട്ന, ബംഗാൾ, ദക്ഷിണഭാരതത്തിൽ എല്ലായിടത്തും ക്യാമ്പ് ചെയ്ത് ഭരണം തുടങ്ങി. ക്ലൈവിനെക്കുറിച്ചുള്ള ചരിത്രവരി "1742ലെ ഇംഗ്ലീഷുകാരുടെ ഒരു ചെറിയ സംഘടനയെ 1760ൽ ഭാരതത്തിലെ ഒരു ഭൂവിഭാഗത്തിന്റെ യജമാനന്മാരാക്കി ത്തീർത്തത് ക്ലൈവ് ആയിരുന്നു" ഇംഗ്ലീഷുകാരനായ പി.ഇ. റോബർട്ടിന്റെതാണ് ഈ വരികൾ.

ഭാരതമെമ്പാടും ഇംഗ്ലീഷുകാരായ ജഡ്ജിമാർ, കളക്ടർമാർ, റവന്യൂ ഉദ്യോഗസ്ഥർ, ഭരണാധികാരികൾ, നീതിന്യായാധിപന്മാർ പ്രതിനിധികൾ, സ്ഥാനമേറ്റെടുത്തു തുടങ്ങിയതും ഈ കാലഘട്ടത്തിലായിരുന്നു. മുഗളന്മാർക്കും, മുസ്ലീം ഭരണാധികാരികൾക്കും നാട്ടുരാജാക്കന്മാർക്കുമുള്ള അധികാരാവകാശങ്ങൾ ക്ലൈവ് വെട്ടിച്ചുരുക്കി. 1175ൽ ബനാറസ്സിന്റെ അവകാശം രാജാബൽവന്ത്സിംങ് ഇംഗ്ലീഷുകാർക്ക് കൈമാറി. 1775ൽ തന്നെ ഇംഗ്ലീഷ് സൈന്യം മറാത്ത സാമ്രാജ്യത്തെ കീഴടക്കി. 1779ൽ ബോംബെ പൂനാ പൂർണമായും ഇംഗ്ലീഷ്കാരുടെ അധീനതയിലായത് ഒന്നാം മറാത്ത യുദ്ധത്തിലൂടെ ആയിരുന്നു. 1780 ഗ്വാളിയോർ കീഴടങ്ങി. 1778ൽ തന്നെ മാഹിയുടെ ഒരു ഭാഗം ഇംഗ്ലീഷ്കാർക്കധീനപ്പെട്ടിരുന്നു. 1772മുതൽ 1785 വരെ ഭാരതത്തിൽ നടത്തിയ ഹീനമായ വഞ്ചനയും കൊലയും കൊള്ളവയ്പ്പും, ബ്രിട്ടീഷ് ഭരണാധികാരികളുടെ ശ്രദ്ധയിൽപ്പെട്ടതോടെ, ഈസ്റ്റ് ഇന്ത്യാ കമ്പനി ഭാരതത്തിൽ സമ്പത്തിനു വേണ്ടി നടത്തുന്ന ക്രൂരകർമ്മങ്ങൾക്ക്



Scanned with CamScanner

അറുതി വരുത്തുവാനെന്നപോലെ ബ്രിട്ടീഷ് സർക്കാർ, ഭാരതത്തിന്റെ ഭരണാധികാരം കമ്പനിയുടെ ചുമതലയിൽ നിന്ന് വിടുവിച്ചു. രാജ്ഞിയുടെ നേതൃത്വത്തിലാക്കി. ഭാരതഭരണം 1785ൽ ഈ വിദേശാധിപതിയുടെ കീഴിലായി.

1784ൽ ഭാരതത്തെ ബ്രിട്ടീഷ് അധീനതയിലാക്കുന്ന പിറ്റ്സ് നിയമം നടപ്പിൽ വന്നു. ഈസ്റ്റ് ഇന്ത്യാ കമ്പനിയിലൂടെ അധികാരം ഗവർണർജനറലിന് കൈമാറി. 1789ൽ ഇംഗ്ലീഷ്കാരോട് എതിർക്കുന്നതിനായി, അവരുടെ അധീനത്തിലുണ്ടായിരുന്ന തിരുവിതാംകൂറിനെ ടിപ്പുസുൽത്താൻ മൈസൂറിൽ നിന്ന് വന്ന് ആക്രമിച്ചു. ടിപ്പുവിന്റെ പടയോട്ടത്തിൽ ആയിരക്കണക്കിന് ക്ഷേത്രങ്ങൾ നശിച്ചു. ടിപ്പുവിനെതിരെയുള്ള യുദ്ധത്തിൽ കോൺവാലീസ് പ്രഭുവിനെ മറാത്താ സൈന്യം സഹായിച്ചു. 1790 ബാംഗ്ലൂർ പൂർണമായും ഇംഗ്ലീഷ് അധീനതയിലായി. 1790ൽ തന്നെ മറ്റു കർണാടിക് ദേശങ്ങൾ ഇംഗ്ലീഷ് സംരക്ഷണത്തിലായിരുന്നു.

1798 മുതൽ പല നാട്ടുരാജ്യങ്ങളുടെയും സംരക്ഷണം ഇംഗ്ലീഷ്കാർ ഏറ്റെടുത്തു. സംരക്ഷണത്തിനുള്ള കൂലിയായി, പകരമായി ആവശ്യപ്പെടുന്ന സമ്പത്ത് ഭാരതീയ നാട്ടുരാജ്യങ്ങൾ ഇംഗ്ലീകാർക്ക് നൽകിപോന്നു. 1798ൽ അധികാരമേറ്റ ലോർഡ് വെല്ലസ്ലി, ഭാരതീയ നാട്ടുരാജാക്കന്മാരുമായി ഭരണത്തിൽ സമദൂര സിദ്ധാന്തം എന്ന തന്റെ മുൻഗാമിയായ സർ ജോൺ ഷോറിന്റെ വീക്ഷണം അടിമുടി മാറ്റി, ഓരോ പ്രാദേശിക അധികാരിയിൽ നിന്നും സ്വത്തും, ഗ്രാമങ്ങളും, സ്വർണവും, ആൾബലവും, അധികാരം പങ്കുവയ്ക്കലും സ്വീകരിച്ച് ഇഷ്ടമുള്ള രീതിയിൽ അവരുടെയിടയിൽ ഇംഗ്ലീഷ് സാന്നിദ്ധ്യം തെളിയിച്ചുകൊണ്ടിരുന്നു. നാട്ടുരാജ്യങ്ങളുടെ സംരക്ഷണം ഇംഗ്ലീഷ് സേനയാൽ സാദ്ധ്യമായിത്തുടങ്ങിയ രാജാക്കന്മാർക്ക് എളുപ്പമായ ഈ പന്ഥാവിലൂടെ അവർ ബ്രിട്ടീഷ് ആധിപത്യത്തെ സ്വയം സ്വീകരിച്ചു. വാടകഗുണ്ടകളായി തുടങ്ങിയ ഇംഗ്ലീഷ്കാർ ദിവസങ്ങൾക്കകം നാട്ടുരാജാക്കന്മാരുടെ യജമാനന്മാരായി ത്തീർന്നുകൊണ്ടിരുന്നു. 1799 മേയ് മാസത്തിൽ ടിപ്പിസുൽത്താൻകൂടി വധിക്കപ്പെട്ടപ്പോൾ ദക്ഷിണഭാരതത്തിൽ ഇംഗ്ലീഷ്കാർക്കെതിരായി ഒരു ശക്തിയും അവശേഷിച്ചിരുന്നില്ല.

ഇതേവർഷം തഞ്ചാവൂരും, സമീപപ്രദേശങ്ങളും, സൂററ്റും ഇംഗ്ലീഷ് സംരക്ഷണയിലായി. ബ്രിട്ടീഷ് ഗവൺമെന്റ് നിയമനിർമ്മാണത്തിലൂടെ സിലോൺ ബ്രിട്ടീഷിന്ത്യയോടു ചേർത്തു. മറാത്തരാഷ്ട്രം 1802 ഡിസംബർ 31-ാം തീയതി പേഷ്വയുടെ ആവശ്യപ്രകാരം കരാറനുസരിച്ച് ലോർഡ് വെല്ലസ്ലിയുടെ 'സംരക്ഷണ'യിലായി. ഈ സന്ധിക്കരാറിനെ എതിർത്ത മറ്റു മറാത്ത ധീരർ ഇംഗ്ലീഷ് സൈന്യത്തെ എതിരിട്ടു. കൃത്യം ഒരു വർഷത്തെ യുദ്ധത്തിൽ 1803



Scanned with CamScanner

ഡിസംബർ 30ന് അവർക്കും ഇംഗ്ലീഷ്കാരുമായി സന്ധിയുണ്ടാക്കേണ്ടിവന്നു. ഭരത്പൂർ രാജ്യവും ഇംഗ്ലീഷ് സംരക്ഷണം ആവശ്യപ്പെട്ടു കീഴടങ്ങി. 1798ൽ ഭാരതത്തിൽ വന്ന വെല്ലസ്ലി ഏഴുവർഷം കൊണ്ട് സമസ്തശത്രുക്കളെയും മിത്രങ്ങളെയും കീഴടക്കി. ഇംഗ്ലീഷുകാരുമായി യോജിക്കാതെ നിന്ന എല്ലാ നാട്ടുരാജ്യങ്ങളേയും പലവിധത്തിലുള്ള പ്രലോഭനങ്ങളിലൂടെയും അവർ കീഴിൽ കൊണ്ടുവന്നു.

1805ൽ ലോർഡ് കോൺവാലിസും, 1805ൽ സർ ജോർജ്ജ് ബാർലോയും 1807 – 13 വരെ ലോർഡ് മിന്റോയും ബാക്കിയുള്ള ഭാരതീയ നാട്ടുരാജ്യങ്ങളെ ഇംഗ്ലീഷുകാരുടെ അധീനത അംഗീകരിപ്പിച്ചുകൊണ്ടേയിരുന്നു. 1814 ആയപ്പോഴേക്കും വാറൺഹേസ്റ്റിംങ്സിന് വൻസൈന്യ സന്നാഹം സാധിച്ചിരുന്നു. നേപ്പാളിനെതിരെയുള്ള യുദ്ധത്തിൽ ഒരു ലക്ഷത്തി പതിമൂവായിരം ഭടന്മാരും 300 പീരങ്കികളും ഉപയോഗിക്കുവാൻ ഹേസ്റ്റിങ്ങിന് സാധിച്ചത്, ഈ ശക്തിയുടെ പ്രകടനമായിരുന്നു. 1817ൽ മറാത്തയും സമീപപ്രദേശങ്ങൾ മുഴുവനും ഇംഗ്ലീഷധീനത്തിലായി. 1818ൽ അസിർഗർ കീഴടങ്ങി. ജയ്പൂർ, ഉദയ്പൂർ, ജോദ്പൂർ, ബുന്ദിയും ദിവസങ്ങൾകൊണ്ട് ഇംഗ്ലീഷ് മേൽക്കോയ്മക്ക് വഴങ്ങി.

ലോർഡ് ഹേസ്റ്റിങ്സിന് 1817 ഒക്ടോബറിൽ എതിരിടേണ്ടിവന്നത് സിന്ധ്യയുടെ നേതൃത്വത്തിലുള്ള 1,50,000ത്തോളം ഭാരതീയ സേനകളെയും 500 തോക്കുകളെയുമായിരുന്നു. നാലുമാസം കൊണ്ട് ഹേസ്റ്റിങ്സ് അവർക്കുമേൽ വിജയക്കൊടി പാറിച്ചു. ബർമ്മയിൽ നിന്നുണ്ടായ നിരന്തര ആക്രമണത്തെ ബ്രിട്ടീഷ് ഇന്ത്യൻ ഭരണാധികാരി ലോർഡ് ആംഹെർസ്റ്റ്, ഫെബ്രുവരി 1824ൽ നേരിട്ടു. ബർമ്മ ഭാഗികമായി ബ്രിട്ടീഷിന്ത്യയിൽ ചേർത്തു.

1835 മാർച്ച് 7ന് ബ്രിട്ടീഷ് ഗവൺമെന്റ് ഭാരതത്തിൽ നിർബന്ധ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പാക്കി. ഇതോടെ "അടിമത്തഭാവം കൊടികുത്തിവാഴാൻ തുടങ്ങിയ ഭാരതത്തിൽ പാശ്ചാത്യാനുകരണം അത്യത്ഭുതകരമാം വിധം വളർന്നു തുടങ്ങി". 1839 ഏപ്രിൽ ഗാന്ധഹാറും, 1839ൽ ഗസ്നിയും, 1839 ആഗസ്റ്റിൽ കാബൂളും ഇംഗ്ലീഷ് അധീനതയിലായി 1843ൽ സിന്ധ് പൂർണമായും ഇംഗ്ലീഷിനുവഴങ്ങി. 1846ൽ സിഖ് രാഷ്ട്രം ഭാഗികമായി ഇംഗ്ലീഷ് റെസിഡന്റിന്റെ കീഴിലായി. അഖിലലോക ക്രൈസ്തവർ പള്ളിയിൽ പോകുന്ന ദിനമായ ഞായറാഴ്ച ഭാരതത്തിലും ഒഴിവുദിവസമായി, ലോർഡ് ഹാർഡിംഗെ പ്രഖ്യാപിച്ചു. ലോർഡ് ഡെൽഹൗസിയുടെ ദത്തെടുക്കൽ നിരോധനനിയമംവഴി, സത്താര, നാഗ്പൂർ, ഝാൻസി, ജൈത്പൂർ, ഭഗത്പൂർ, ഉദൈപൂർ എന്നിവ ബ്രിട്ടീഷിന്ത്യയിൽ ചേർത്തു. കർണ്ണാടക, തഞ്ചാവൂർ, പൂന, ഇവയും ഇതേകാരണത്താൽ ബ്രിട്ടീഷ് അധീനതയിലായി. ദുർഭരണത്തിന്റെ പേരിൽ ഔധും കരമടക്കാത്തതിന്റെ പേരിൽ ബെറാറും, ഇംഗ്ലീഷ്സേന കീഴ്പ്പെടുത്തി.



Scanned with CamScanner

1857ൽ നടന്ന ഒന്നാം സ്വാതന്ത്ര്യ സമരം ഉരുക്കുമുഷ്ടി ഉപയോഗിച്ച് ബ്രിട്ടീഷിന്ത്യൻ സർക്കാർ അടിച്ചമർത്തി. ഹിന്ദുക്കളും മുസ്ലീമുകളും തമ്മിലുള്ള വൻ വിടവ് ഉണ്ടാക്കുവാനും അവർക്ക് സാധിച്ചു. 1875ലെ ഭാരതീയ സ്വാതന്ത്ര്യസമരം അടിച്ചമർത്താൻ 40,000 ഇംഗ്ലീഷ്സേനാംഗങ്ങളും, രണ്ടുലക്ഷം ഭാരതീയ സേനാംഗങ്ങളും ഉണ്ടായിരുന്നു.

ഈ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാതെ സിഖ്കാർ ഒഴിഞ്ഞുനിന്നു. കാഷ്മീർ, രാജസ്ഥാൻ, ബോംബെ, ഹൈദ്രാബാദ്, എന്നിവ സമരത്തിൽ പങ്കെടുത്തതേയില്ല. ഗ്വാളിയോർ, പാട്യാല, നാഭ, ജിന്ദ് ബറോഡ, ജോദ്പൂർ, ജയ്പൂർ എന്നിവിടങ്ങളിൽ നിന്ന് ഗോർഘകളും മറ്റും ബ്രിട്ടീഷ് സൈന്യത്തെ സഹായിച്ചു. 1857 സെപ്റ്റംബറിൽ ജനറൽ നിക്കോൾസൺ, ഗോർഘ, സിഖ്, പഞ്ചാബി, കാശ്മീരി പട്ടാളക്കാരുമായി വന്ന് ഡൽഹിയിലെ ഒന്നാം സ്വാതന്ത്ര്യസമരം അടിച്ചമർത്തി. ഭാരതീയരെ കൊണ്ട് ഭാരതീയരുടെ രക്തം ചീന്തിക്കുവാൻ ഇംഗ്ലീഷുകാർക്ക് സാധിച്ചു. ഒരു വർഷത്തിനുള്ളിൽ എല്ലാ പ്രദേശങ്ങളിലെയും സമരം ഇംഗ്ലീഷുകാർ അടിച്ചമർത്തിയതോടെ, അരാജകത്വത്തിന്റേയും ദുഃഖഭാരം പേറി ഭാരതം ബ്രിട്ടീഷ് ഉരുക്കുമുഷ്ടിക്കുമുമ്പിൽ അടിയറവ് പറഞ്ഞു പൂർണമായും കീഴടങ്ങി.

1850 ഓടുകൂടി ബ്രിട്ടീഷ് രാജ്ഞിയുടെ ഭരണത്തിന്റെ അവിഭാജ്യഘടകമായി ബ്രിട്ടീഷിന്ത്യയായി പ്രഖ്യാപിക്കപ്പെട്ടു. 1856-62 ലോർഡ് കാനിങ്ങ്, 1862-63 ലോർഡ് എൽജിൻ, 1864-69 ലോർഡ് ലോറൻസ്, 1869-72 ലോർഡ് മായോ, 1872-76 ലോർഡ് നോർത്ത്ബ്രൂക്ക്, 1876-80 ലോർഡ് ലിട്ടൺ, 1880-84 ലോർഡ് റിപ്പൺ, 1884-88 ലോർഡ് ഡഫെറിൻ, 1888-93 ലോർഡ് ലാൻഡ്ഡൌണെ, 1894-99 ലോർഡ് എൽജിൻ, 1899-1905 ലോർഡ് കർസൺ 1905-10 ലോർഡ് മിന്റോ, 1910-16 ലോർഡ് ഹാർഡിംഗെII, 1916-21 ലോർഡ് ചെംസ്ഫോർഡ്, 1921-26 ലോർഡ് റീഡിങ്, 1926-31 ലോർഡ് ഇർവിൻ, 1931-36 ലോർഡ് വില്ലിങ്ങ്ടൺ 1936-44 ലോർഡ് ലിൻലിത്ഗോ, 1944-47 ലോർഡ് വേവൽ, 1947 മാർച്ച് 1948 ജൂൺ ലോർഡ് മൗണ്ട് ബാറ്റൺ എന്നീ ഇംഗ്ലീഷ് പ്രഭുക്കളുടെ കാൽകീഴിൽ ഭാരതീയ ദാസന്മാർ തേങ്ങിക്കരഞ്ഞു.

ഇംഗ്ലീഷുകാരായി ജനിച്ച് ഇംഗ്ലീഷുകാരായി വളർന്ന് ഇംഗ്ലീഷുകാരായി മരിച്ച ഇംഗ്ലീഷുകാരിൽ നിന്നും, ഇന്ത്യാക്കാരനായി ജനിച്ച് ഇംഗ്ലീഷ്കാരനായി വളർന്ന് ഇംഗ്ലീഷ്കാരനായി മരിച്ച ഇന്ത്യാക്കാരനിലേക്ക് ഭാരതത്തിന്റെ ഭരണാധികാരം മാറ്റപ്പെട്ടു. ഭാരതീയ സംസ്കൃതിയുടെ സ്ഥാനത്ത് ഇംഗ്ലീഷ് ചിന്താധാരയൊഴുക്കാൻ അധികാര കസേരയിലേക്ക് വന്നത് 'ഇംഗ്ലീഷ്കാരനായ' ഇന്ത്യാക്കാരനായിരുന്നു എന്നത് അനുഭവത്തിന്റെ ചരിത്രസത്യം.



Scanned with CamScanner

## ബ്രിട്ടീഷ് ഭരണത്തിന്റെ ബാക്കിപത്രം

ഭാരതത്തിൽ നൂറ്റാണ്ടുകളായി നടന്നുകൊണ്ടിരുന്ന ക്രൈസ്തവ മതം മാറ്റത്തിന് തീവ്രമായ സ്വഭാവവും വേഗതയും കൂടിയത് ബ്രിട്ടീഷ് ഭരണത്തിലായിരുന്നു. അതിന്റെ തുടർച്ചയായി ലോകമെമ്പാടും നടന്നുവരുന്ന മതംമാറ്റം, ഭാരതീയമണ്ണിലേക്ക് കുത്തനെ ഒഴുകിത്തുടങ്ങി. ഇന്നും അതു തുടർന്നുകൊണ്ടിരിക്കുന്നു.

ഇന്ന് 145 ബില്യൺഡോളറിന്റെ പ്രൊജക്ടുമായി ലോകക്രൈസ്തവ സമൂഹം പ്രവർത്തിക്കുന്നു. 40 ലക്ഷം മുഴുവൻ സമയപ്രവർത്തകരും 13000 ക്രൈസ്തവ സാഹിത്യവായനശാലകളും, 22000 പ്രസിദ്ധീകരണങ്ങളും, 4 മില്യൺ ചാനലിലൂടെ പ്രസരണങ്ങളും, 1800 മുഴുവൻ സമയറേഡിയോ പ്രസരണ സംവിധാനവും, 1500 വിശ്വവിദ്യാലയങ്ങളും, 930 ഗവേഷണ കേന്ദ്രങ്ങളും 2,50,000 വിദേശ മിഷണറിമാരും, ലോകമെമ്പാടും ക്രൈസ്തവൽക്കരണത്തിനായി പ്രവർത്തിക്കുന്നു എന്ന് 1989 ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ വിവരിക്കുന്നു. ബ്രിട്ടീഷ് ഭരണകാലത്തും അതിനുശേഷവും ഭാരതം ക്രൈസ്തവൽകരണ പാതയിൽ നീങ്ങുന്നു. ഭാരതീയ സംസ്കൃതിയുടെ അടിമുടി മതം മാറ്റത്തിന്റെയും, ഭൗതികതയുടെയും അധികാരത്തർക്കത്തിന്റെയും, രാഷ്ട്രീയകപടതയുടേയും പുതിയ സംസ്കൃതി ഉദയം ചെയ്യുന്നു.

ഭാരതത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സമയ വിദേശ മിഷണറിമാരുടെ എണ്ണം 1973ൽ ഉണ്ടായിരുന്ന 420ൽ നിന്നും 2941 ആയി 10 വർഷം കൊണ്ട് (1983) ഉയർന്ന്, കഴിഞ്ഞ 20 വർഷം കൊണ്ട് അത് എത്രയോ ഇരട്ടിയായി. ഉത്തരഭാരതത്തിൽ ബീഹാർ, ഒറീസ്സ, ബംഗാൾ, ആസ്സാം, ഹിമാചൽപ്രദേശ്, പഞ്ചാബ്, ഉത്തർപ്രദേശ്, സിക്കിം, എന്നീ പ്രദേശങ്ങൾ വൻതോതിൽ ക്രൈസ്തവവൽക്കരിക്കപ്പെടുന്നു. ഭാരതീയ സുവിശേഷസഭ മാത്രം പ്രതിവർഷം 2000 പള്ളികൾ വീതം പുതുതായി സ്ഥാപിക്കുന്നു. ഇന്ത്യാ ചർച്ച് ഗ്രോത്മിഷൻ തമിഴ്നാട്ടിൽ മാത്രം പ്രതിവർഷം 1000 പള്ളികൾ സ്ഥാപിക്കുന്നു. മറ്റു വിഭാഗങ്ങൾ വേറെയും. ക്രൈസ്തവവൽക്കരണ, ഭാഷ തന്നെ ഇന്ന് ബിസിനസ്സിന്റേതായിരിക്കുന്നു. "ഇതിനായി ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ" മതം മാറ്റുന്നതിന് പ്രതിശീർഷം കഴിഞ്ഞ് വർഷത്തിൽ എത്ര ചെലവായി എന്നതിനെ അടിസ്ഥാനമാക്കിയാണ് അടുത്ത കൊയ്ത്തിന്റെ ബഡ്ജറ്റ് അവതരിപ്പിക്കേണ്ടത്" എന്ന് രേഖയിൽ കാണുന്നു. മതം മാറ്റം പൂർണമായും നിരോധിച്ചിരിക്കുന്ന അരുണാചൽ പ്രദേശിൽ മാത്രം പ്രതിവർഷം പതിനായിരം പേർവീതം ക്രൈസ്തവരായിത്തീർന്നുകൊണ്ടിരിക്കുന്നു. പൂർവ്വോത്തര രാജ്യങ്ങളിൽ കഴിഞ്ഞ മുപ്പതുവർഷങ്ങളിൽ കത്തോലിക്കരുടെ സംഖ്യ



Scanned with CamScanner

9 മടങ്ങായി വർദ്ധിച്ചിരിക്കുന്നു. മറ്റു വിഭാഗം ക്രൈസ്തവരും തത്തുല്യം വളരുന്നു. കഴിഞ്ഞ 40 വർഷങ്ങളായി ദിയോസസുകളുടെ എണ്ണം 150 ഓളമായി ഉയർന്നിരിക്കുന്നു. 1950ൽ 56എണ്ണം ഉണ്ടായിരുന്ന ആശുപത്രികളുടെ എണ്ണം 10 മടങ്ങും, സ്കൂളുകൾ 6 മടങ്ങും, കോളേജുകൾ 10 മടങ്ങും വർദ്ധിച്ചു. 1989ലെ കണക്കാണിത്. ഇതിന് വഴിവെച്ച ഭരണം സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും ഭാരതത്തിൽ നടന്നു ഇപ്പോഴും നടക്കുന്നു.

1835 മാർച്ച് 7ന് വില്യം ബെന്റിക് ഇറക്കിയ സർക്കാർ അനുശാസനാ പത്രത്തിൽ വിവരിച്ച "ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഏറ്റവും മഹത്തരമായ കർത്തവ്യം എന്നത്, ഇംഗ്ലീഷ് പഠിച്ചുവരുന്ന ഓരോ ഭാരതീയ ഹിന്ദുവും സ്വന്തം സാഹിത്യ പൈതൃകത്തെ പുച്ഛിക്കണം, യൂറോപ്യൻ സാഹിത്യവും ശാസ്ത്രവും ഭാരതീയരിൽ പ്രചരിപ്പിക്കാൻ വേണ്ടിയാണിത്".

"ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഒരു ഹിന്ദുവും അവന്റെ ധർമ്മത്തോട് ആത്മാർത്ഥമായി ഒട്ടിചേർന്നിരിക്കുകയില്ല. ധാരാളം ഇന്ത്യാക്കാർ അവരുടെ വിശ്വാസം ഉപേക്ഷിക്കും, ധാരാളം പേർ ക്രൈസ്തവമതം സ്വീകരിക്കും. എന്റെ ഉറച്ച വിശ്വാസം ഇതാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം സാർവത്രികമാകുന്നതോടെ, അടുത്ത മുപ്പതുവർഷത്തിനുള്ളിൽ ബംഗാളിൽ ഒരു ഹിന്ദുവും അവശേഷിക്കില്ല. ഒരുവിധ പ്രലോഭനങ്ങളും സമ്മർദ്ദവുമില്ലാതെ ക്രൈസ്തവവൽക്കരണം സാദ്ധ്യമാകും" ലോർഡ് മെക്കാളെയുടെ വരികളാണിത്.

"ഭാരതീയ ചലനങ്ങൾ ശ്രദ്ധിക്കുക അവർ ക്രൈസ്തവവൽക്കരണത്തിന്റെ പാതയിലാണ്. ശ്രദ്ധയോടെ, കൂർമ്മബുദ്ധിയുപയോഗിച്ച് തദ്ദേശിയമായി ചേർന്ന് പ്രവർത്തിക്കുവാൻ സാധിക്കുന്ന മിഷണറിമാരെ ഭാരതത്തിലേക്കയച്ചാൽ വൻ കൊയ്ത്, ദിവസങ്ങൾകൊണ്ട് സാധിക്കും" സർ റിച്ചാർഡ് ടെമ്പിൽ പറഞ്ഞു, (അദ്ദേഹം തുടർന്നു) "ഭാഗ്യവശാൽ എട്ടിലൊരുഭാഗം ബ്രിട്ടീഷ് ഇന്ത്യാക്കാർ അധകൃതരാണ്. അവരിൽ ക്രൈസ്തവസുവിശേഷം എളുപ്പത്തിലെത്തും".

ടെമ്പിൽ പറയുന്നു "മാസങ്ങൾക്കകം (പൂർവോത്തരഭാരതത്തിലെ) ഒരു ദശലക്ഷം ഇന്ത്യാക്കാരെ മതം മാറ്റി 1880ൽ അവസാനിക്കുന്ന 30 വർഷത്തിനകം 50 ശതമാനവും മാറ്റപ്പെടും. ഈ ഗണിതത്തിലൂടെ പോയാൽ 1910ൽ 20 ലക്ഷം ഭാരതീയർ പൂർവോത്തരദേശത്ത് നമ്മുടെ (ക്രൈസ്തവ വിഭാഗത്തിൽ) കൈയ്യിലുണ്ടാകും". ബ്രിട്ടീഷിന്ത്യയിലെ ഇന്ത്യാക്കാരനായ ക്രൈസ്തവരെക്കുറിച്ച് സെക്രട്ടറിയായ ലോർഡ് ഹാലിഫാക്സ് ഇപ്രകാരമെഴുതി "ഹിന്ദുധർമ്മത്തിൽ നിന്നും മതം മാറി വന്ന ഓരോ ക്രൈസ്തവനും ബ്രിട്ടീഷ് സാമ്രാജ്യത്തിന്, ഈ ദേശത്തിൽ നിന്ന് ശക്തി പകരുന്നവരായിരിക്കും, ശക്തിപകരുന്നവരായിരുന്നു". ഭാരതത്തിലെ ക്രൈസ്തവ സംഘങ്ങളെ പ്രിൻസ് ഓഫ് വേൽസിന് പരിചയപ്പെടുത്തികൊണ്ട് ബ്രിട്ടീഷിന്ത്യൻ സെക്രട്ടറി സർ മക്വർത്ത് യങ്



Scanned with CamScanner

പറഞ്ഞ വരികൾ: " ഭാരതത്തിൽ പ്രവർത്തിക്കുന്ന ബ്രിട്ടീഷ്കാരായ ഉദ്യോഗസ്ഥന്മാർ, പട്ടാളക്കാർ, ജഡ്ജിമാർ, ഗവർണർമാർ എന്നിവരേക്കാൾ ബ്രിട്ടണ് ശക്തി പകരുന്നവരാണ് താങ്കൾ ഇപ്പോൾ പരിചയപ്പെട്ട ഇന്ത്യൻ ക്രൈസ്തവർ". തിരുനൽവേലിയിൽ ആദ്യകാലങ്ങളിൽ മതം മാറിയ ക്രൈസ്തവരെക്കുറിച്ച് ഫാദർ ടക്കറുടെ വിലയിരുത്തൽ " അവർ പൂർണ ഹൃദയത്തോടെ ബ്രിട്ടീഷ് ഗവൺമെൻറുമായി ബന്ധപ്പെട്ടിരിക്കുന്നു". 1868ൽ ഡ്യൂക്ക് ഓഫ് ആർജിൽ ഭാരതത്തിലെ സെക്രട്ടറിയായി നിയമിതനായപ്പോൾ, മാക്സ്മുള്ളർ എഴുതി "ഭാരതത്തെ ഒരിക്കൽ രാഷ്ട്രീയമായി കീഴ്പ്പെടുത്തികഴിഞ്ഞതാണ്. ഇനി വിദ്യാഭ്യാസത്തിലൂടെ ഒരിക്കൽകൂടി കീഴ്പ്പെടുത്തണം.... ഭാരതത്തിലെ വൈദീക ധർമ്മം മുഴുവനും നശിച്ചു. ഈ ശൂന്യതയിലേക്ക് കൃസ്തുമതം കടന്നുകയറിയില്ലെങ്കിൽ അതാരുടെ കുറ്റമാണ്?"

സംസ്കൃത-ഇംഗ്ലീഷ് നിഘണ്ടുവിന് മുഖവുരയിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ സംസ്കൃതം പഠിപ്പിക്കുവാനുള്ള ബോഡൻ ചെയറിന്റെ ഉദ്ദേശലക്ഷ്യത്തെക്കുറിച്ച് മോണിയർ വില്യംസ് ഇങ്ങനെ എഴുതി. " ക്രൈസ്തവ സാഹിത്യങ്ങൾ സംസ്കൃതത്തിലേക്ക് പകർത്തി. ഭാരതീയരെ കൃസ്തുമതങ്ങളിലേക്ക് പരിവർത്തനം ചെയ്യുക എന്നതുതന്നെയാണ് ലക്ഷ്യം. അതിനുവേണ്ടിയാണ് ഈ സംസ്കൃത ഇംഗ്ലീഷ് നിഘണ്ടു രചിച്ചതുതന്നെ. ഈ കർമ്മത്തിലൂടെ 1861ൽ "ദ സ്റ്റഡി ഓഫ് സാൻസ്ക്രിറ്റ് ഇൻ റിലേഷൻ ടു മിഷനറി വർക്ക് ഓഫ് ഇന്ത്യ" എന്ന പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടു. ബ്രിട്ടീഷ് ഭരണകാലത്ത് ഭാരതത്തിലെമ്പാടും നടത്തിയ ആഹ്വാനങ്ങളും ഇംഗ്ലീഷുകാർ ഭാരതത്തിൽ നിരന്തരം പ്രചരിപ്പിച്ച വരികളും ചാൾസ് ട്രെവലിയന്റേതായിരുന്നു. "ദൈവികവും പാവനവുമായ ഒരൊറ്റ മതം ക്രിസ്തുമതം മാത്രമാണ്, എല്ലാ പ്രശ്നങ്ങൾക്കും, ആഗ്രഹങ്ങൾക്കും പരിഹാരമായ ക്രിസ്തുമതത്തിലൂടെ മാത്രമേ ലോകം സമ്പൂർണതയിലെത്തുകയുള്ളൂ. അതിനാൽ ക്രിസ്തുമത സ്ഥാപകനായ യേശുക്രിസ്തുവിനോട് അനുസരണയിലൂടെ ലോകത്തിന്റെ സമന്വയം സാധിക്കേണ്ടതിന് പ്രവർത്തിക്കാൻ നാം ഓരോരുത്തരും (ഓരോ ഭാരതീയനും) ബാധ്യസ്ഥനാണ്".

റിച്ചാർഡ് ടെമ്പിളിന്റെ വരികൾ ഭാരതീയ ക്രൈസ്തവരോട് ആജ്ഞാപിച്ചിരുന്നത് : "നിങ്ങൾ ബൈബിളിൽ വിശ്വസിക്കുന്നവരല്ലേ, നിങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവരല്ലേ, ഒറ്റക്കും കൂട്ടായും ക്രിസ്തുവിന്റെ ഉപദേശം ലോകമെമ്പാടും എത്തിക്കണം എന്ന ക്രിസ്തുവിന്റെ ആഹ്വാനത്തേക്കാൾ വലിയ ഒരു ഉപദേശം യേശു നൽകിയിട്ടുണ്ടോ? ഏറ്റവും താഴ്ന്നവരിലും ഏറ്റവും ഉയർന്നവരിലും എല്ലാഭൂവിഭാഗത്തിലും ക്രിസ്തുവിന്റെ സന്ദേശമെത്തിക്കുക. പാലസ്തീനിൽ നിന്നു ലഭിച്ച ആ പ്രകാശം എല്ലാ ഗോത്രവർഗ്ഗക്കാരിലുമെത്തട്ടെ"

ഈ ആഹ്വാനമായിരുന്നു ബ്രിട്ടീഷിന്ത്യയിലും സ്വതന്ത്ര്യ ഇന്ത്യയിലും ക്രൈസ്തവർ പ്രചരിപ്പിച്ചതും, പ്രചരിപ്പിക്കുന്നതും.

ബ്രിട്ടീഷ് ഭരണകാലത്ത് മാക്സ്മുള്ളർ നൽകിയ ആഹ്വാനം: "വികസിത രാഷ്ട്രങ്ങൾ പൂർണമനസ്സോടെ സ്വീകരിക്കുന്ന ഒരേ ഒരു മതമായ ക്രിസ്തുമതത്തിന്റെ ആണിക്കല്ലാണ് മതം മാറ്റവും, മിഷനറി പ്രവർത്തനവും. അതിന്റെ സ്ഥാപകന്റെ മതപ്രചാരണ ആഹ്വാനം തിരസ്കരിച്ചാൽ ക്രിസ്തുമതം പൂർണമായും നശിക്കും. നിങ്ങൾ പോകൂ എന്റെ സന്ദേശം ലോകത്തെ പഠിപ്പിക്കൂ എന്ന ക്രിസ്തുവിന്റെ ആഹ്വാനം ഞാൻ വീണ്ടും നിങ്ങളെ ഓർമ്മിപ്പിക്കുന്നു. 12 അപ്പോസൽമാരിലൂടെ പ്രചരിച്ച സത്യവചനങ്ങൾ സ്വീകരിച്ച് ക്രിസ്ത്യാനിയായ ഓരോ മനുഷ്യനും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ എന്റെ (മാക്സ്മുള്ളറുടെ) അഭിപ്രായത്തിൽ മിഷനറി ആയിപ്രവർത്തിക്കണം".

മോണിയർ വില്യംസിന്റെ പ്രഖ്യാപനം: "ക്രിസ്തുമതത്തിന്റെ ജീവനും ആത്മാവുമായ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട മതംപോലെ മറ്റൊരു മതത്തിനും മതപരിവർത്തനത്തിന്റെ മിഷനറി സ്പിരിറ്റ് ഉൾക്കൊള്ളുവാൻ സാധ്യമല്ല." ക്രിസ്തു തന്നെ ലോകത്തിലെ ഒരു മിഷണറിയായിരുന്നു ...... എന്തിനായിരുന്നു ഭാരതമെന്ന മഹാരാജ്യം ഇംഗ്ലണ്ടിന്റെ കീഴിൽ വന്നത്. രാഷ്ട്രീയനേട്ടത്തിനല്ല, സാമൂഹികമോ, സൈനികമോ വാണിജ്യ-വ്യവസായികപരമോ, സാമ്പത്തികപരമോ ആയ നേട്ടങ്ങൾക്കല്ല. എന്നാൽ കന്യാകുമാരിമുതൽ ഹിമാലയപർവ്വതം വരെയുള്ള ഭൂവിഭാഗത്തിലെ ഓരോ പുരുഷനേയും സ്ത്രീയേയും കുഞ്ഞിനേയും ക്രിസ്ത്യാനിയായി ഉയർത്താനായിരുന്നു". ബ്രിട്ടീഷ് ഭരണത്തിന്റെ ഉദ്ദേശം, 850 വർഷങ്ങളിൽ മുസ്ലീം ഭരണാധികാരികൾ സാധിച്ചത്പോലെ, സാമ-ദാന-ഭേദ-ദണ്ഡത്തിലൂടെ ക്രൈസ്തവമതം പ്രചരിപ്പിക്കാനായിരുന്നു എന്ന് വ്യക്തമാക്കുന്ന അനവധി നിയമങ്ങൾ, കരാറുകൾ, രേഖകൾ, വാഗ്ദാനങ്ങൾ പ്രലോഭനങ്ങൾ ഇവ ഇന്നും കാണാം, കേൾക്കാം, അനുഭവിക്കാം - ഓരോ ഭാരതീയനും.

മെക്കോളെ പ്രഭുവിന്റെ ആഹ്വാനം : "ഓരോ ഹിന്ദുവും പതിതനും, ചാരിത്രഹീനനുമാണ്. എന്തുകൊണ്ടെന്നാൽ അവരുടെ ദേവിദേവന്മാരും അപ്രകാരമാണ്. അതുകൊണ്ടു തന്നെ ഹിന്ദുമതത്തിന് ലോകത്തിൽ അസ്തിത്വമില്ല. ഉണ്ടാകുകയുമരുത്. തെറ്റുകൾകൊണ്ട് നിറഞ്ഞിരിക്കുന്ന ഹിന്ദുമതത്തിന്റെ അനുയായികൾ നമ്മുടെ (ബ്രിട്ടീഷ്) വിദ്യാലയങ്ങളിൽ പഠിച്ചു പുറത്തുവരുമ്പോൾ അവരുടെ മതത്തെ സ്വയം പുച്ഛിക്കണം"

ചാൾസിന്റെ ആഹ്വാനം : "വെറും ഗ്രാമർ സ്പെല്ലിങ് പുസ്തകങ്ങൾ ഉപയോഗിച്ച് ഹിന്ദുമതത്തെ നിശിപ്പിക്കാവുന്നതേയുള്ളു. നമുക്കതുചെയ്യാം. ചാരിത്രഹീനതയുടേയും അബദ്ധങ്ങളുടേയും അന്ധവിശ്വാസങ്ങളുടേയും



Scanned with CamScanner

നിറകുടമായ ഈ മതം യൂറോപ്യൻ ശാസ്ത്രത്തിന്റെ മുമ്പിൽ വന്നാൽ ഉരുകി ഇല്ലാതാകും. മദ്യവും അപ്പവും, പാലും, ചീത്തയായി നശിക്കുന്നതുപോലെ ഹിന്ദുമതത്തെയും നശിപ്പിക്കാം... ഇതാ ഒരു പുതിയ തലമുറയായി ഇന്ത്യാക്കാരെ നാം വിദ്യാഭ്യാസം നൽകി വളർത്തികൊണ്ടുവരുന്നു. അവൻ പുറത്തിറങ്ങി വീട്ടിൽ ചെല്ലുമ്പോൾ അമ്മമാർ അവനോട് ക്ഷേത്രത്തിലേക്ക് പോകാൻ പറഞ്ഞാൽ അവൻ ക്ഷേത്രത്തിൽ ചെന്ന് ഹല്ലോ മാഡം കാളി ഹൗ ആർ യൂ-യുവർ ലേഡിഷിപ്പ് വാസ് വെൽ എന്നു ചോദിക്കും".

മാക്സ്മുള്ളറുടെ മെക്കാളെക്കുള്ള കുപ്രസിദ്ധമായ കത്തിലെ വരികൾ: "ഭാരതത്തിലെ പുരാതനമായ പഴയ മതം എന്നേ മരിച്ചുകഴിഞ്ഞിരിക്കുന്നു. ആ ശൂന്യത നികത്താൻ ക്രിസ്തുമതത്തിന് സാധിച്ചില്ലെങ്കിൽ അതാരുടെ തെറ്റാണ്? ആ മതത്തിൽ ഇപ്പോഴും 11 കോടി മനുഷ്യാത്മാക്കളുണ്ടായേക്കാം. എന്നാലും മടി കൂടാതെ ഞാൻ പറയും ഹിന്ദുമതം മരിക്കുന്നു.... മരിച്ചു എന്ന്. എന്തുകൊണ്ടെന്നോ? അതിന് കാലത്തിന്റെ ചൈതന്യം ഉൾക്കൊള്ളാനാകില്ല. ശിവ-വിഷ്ണു എന്നീ ശുദ്ധസങ്കൽപങ്ങളിലൂടെയുള്ള പ്രതിമകൾ നമ്മുടെ (ഭരണത്തിന്റെ) കാൽക്കീഴിൽ എന്നേ കുഴിച്ചു മൂടിക്കഴിഞ്ഞിരിക്കുന്നു. സിംഹത്തിന്റേയും പുലിയുടേയും കഥകൾ അവശേഷിക്കുന്നതുപോലെ അത് (ഹിന്ദുമതം) അവശേഷിച്ചേക്കാം. പക്ഷേ സ്വതന്ത്രചിന്തയും ശാസ്ത്രീയ ജീവിത ചൈതന്യവും വന്നാൽ ഹിന്ദുമതം മരിച്ചുകഴിഞ്ഞ് കുഴിച്ചു മൂടിയിരിക്കും. നിങ്ങൾ ഈ ചോദ്യത്തിനുത്തരം ഏതെങ്കിലും ഹിന്ദുവിനോട് വായിക്കുവാനോ എഴുതുവാനോ പറയുവാനോ നിർദ്ദേശിക്കുക ഹിന്ദു ദൈവങ്ങളെ നിങ്ങൾ വിശ്വസിക്കുന്നുണ്ടോ എന്ന്? നിങ്ങളെ നോക്കി അപകർഷതാബോധത്തോടെ ഹിന്ദുക്കൾ പുഞ്ചിരിച്ചുനടന്നുപോകും" (ഹിന്ദുവിന്റെ വിചാരവിശ്വാസം അധമമാണെന്ന് സ്വയം അംഗീകരിച്ച്കൊണ്ടായിരിക്കും അവൻ പോകുന്നത് എന്നർത്ഥം)

പാശ്ചാത്യ സമ്പ്രദായത്തിലുള്ള സ്കൂളുകൾ തഴച്ചുവളരുവാൻ തുടങ്ങി. മിഷണറിമാരുടെ നേതൃത്വത്തിൽ വളർന്ന വിദ്യാലയങ്ങളുടെ സൗകര്യമുപയോഗിച്ച് "അന്ധകാരം നിറഞ്ഞ ഭാരതത്തെ" മിഷണറിമാർ പ്രകാശമാനമാക്കുന്നു എന്നവർ പ്രഖ്യാപിച്ചു തുടങ്ങി.

സത്യമെന്തായിരുന്നു, ഭാരതത്തിൽ വിദ്യാലയങ്ങളുണ്ടായിരുന്നു. "ഓരോ 400 വ്യക്തിക്കും ഒരു സ്കൂൾ എന്ന നിരക്കിൽ ബംഗാളിൽ മാത്രം 80,000 സ്കൂളുകളുണ്ടായിരുന്നതായി" മാക്സ്മുള്ളർ തന്നെ പിന്നീട് ചൂണ്ടികാണിച്ചിട്ടുണ്ട്.

"ഇംഗ്ലണ്ടിനുപോലും മാതൃകയാക്കാവുന്ന വിദ്യാഭ്യാസ സമ്പ്രദായമാണിവിടെ ഉണ്ടായിരുന്നത്" എന്ന് ബെല്ലാരിയിലെ ബ്രിട്ടീഷ് കളക്ടർ



Scanned with CamScanner

എ.ഡി.കാമ്പ്ബെൽ റിപ്പോർട്ടെഴുതിയിട്ടുണ്ട്. ഇതേ ഇംഗ്ലീഷുകാരനായ കളക്ടർ അയച്ച മറ്റൊരു റിപ്പോർട്ട് "..... പണ്ട് ഹിന്ദു രാജാക്കന്മാർ ഭരിച്ചിരുന്ന കാലത്ത് ധാരാളം സമ്പത്തും ആവശ്യത്തിന് ഭൂമിയും നൽകി ഈ വിദ്യാലയങ്ങളിലെ പഠനത്തെ സമഗ്രമായി സഹായിച്ചിരുന്നു. ഞാൻ ദുഃഖത്തോടെ പറയട്ടെ ഈ ജില്ലയിൽ ഇന്നുള്ള 533 വിദ്യാലയങ്ങളിൽ ഒന്നിനുപോലും ഖജനാവിൽ നിന്ന് സഹായം ലഭിക്കുന്നില്ല. ബ്രിട്ടീഷുകാർ അധികാരം കയ്യടക്കുന്നതിനുമുമ്പ് ഇവിടെ ഉണ്ടായിരുന്ന അവസ്ഥ, അവർ തന്നെ എഴുതിയതിനെ നാം സംശയിക്കേണ്ടതില്ലല്ലോ.

മഹാത്മാജിയുടെ വരികൾ " ഏതെങ്കിലുമൊരു സ്ഥലത്ത് ഒരു വിദ്യാലയമുണ്ടെങ്കിൽ അവിടെ മറ്റൊന്ന് തുടങ്ങിന്നതിനെക്കുറിച്ച് ഞാൻ ചിന്തിക്കുകയേയില്ല എന്നാൽ ഒരു മിഷണറി സ്കൂളാണുള്ളതെങ്കിൽ മറ്റൊരെണ്ണം തുടങ്ങുന്നതിനെക്കുറിച്ച് ഞാൻ ചിന്തിക്കും. കൂടാതെ മിഷണറിമാരുടെ വിദ്യാലയത്തിലേക്ക് പോകുന്നതിനുപകരം (ദേശീയ) വിദ്യാലയത്തിലേക്ക് പോകണമെന്ന് ജനങ്ങളോട് ഞാൻ ഉപദേശിക്കുകയും ചെയ്യും".

വിദ്യാഭ്യാസത്തിലൂടെ മതംമാറ്റം, വസ്തുതയെന്ത് എന്നുകൂടി അറിയുക. മിസോറാമിലെ 85ശതമാനം, നാഗാലാണ്ടിലെ 80 ശതമാനം, മേഘാലയായിലെ 50 ശതമാനം, ജനങ്ങളും കൃസ്ത്യാനികളായി മതം മാറിയവരാണ്. "ഓരോ ഗ്രാമത്തലവനേയും മൊത്തത്തിൽ വിലക്കുവാങ്ങുകയാണ് ഇന്നത്തെ പതിവ്. 350 ഓളം ഗ്രാമീണരെ ഒറ്റക്കുളത്തിൽ മാമോദീസ മുക്കുന്ന രീതി ഇന്നു പൂർവ്വോത്തരഭാരതത്തിൽ സാർവ്വത്രികമാണ്".

ക്രൈസ്തവവൽക്കരണത്തിന്റേയും അപകർഷതാബോധത്തിൻെറയും, നമ്മുടെ സംസ്കൃതിയെക്കുറിച്ചുള്ള അജ്ഞതയുടേയും അന്ധകാരം സൃഷ്ടിച്ചുകൊണ്ടാണ് ബ്രിട്ടീഷുകാർ ഇന്ത്യയെ ഛിന്നഭിന്നമാക്കി മടങ്ങിപോയത്. കൂടാതെ ഹിന്ദു എന്ന പദവും, ഹിന്ദു എന്ന വികാരവും, വർഗീയമാണെന്ന്,സ്വാതന്ത്ര്യാനന്തര ഭാരതത്തെ അവർ തെറ്റിദ്ധരിപ്പിച്ചു. ഇവിടെ ജനിച്ച് ഇവിടെ വളർന്ന് വിശ്വാസം മാത്രം മാറിയാൽപോലും അവൻ ന്യൂനപക്ഷമാണെന്നും ഭൂരിപക്ഷത്തേക്കൾ കൂടുതൽ ആനുകൂല്യവും അംഗീകാരവും ഭാരതീയ രക്തം തന്നെയുള്ള അവനും നൽകണമെന്നും ഇംഗ്ലീഷ്കാർ ഭാരതത്തെ പഠിപ്പിച്ചു. നാം അന്ധമായി അതനുകരിച്ചു. ചതിയിലൂടെയും തെറ്റിദ്ധരിപ്പിച്ചും ഭാരതം മുഴുവനും മതപരിവർത്തനം നടത്താൻ തുടങ്ങിയത് ഹിന്ദുവിശ്വാസ-വിചാര-ആചാരങ്ങളെ അധിക്ഷേപിച്ചുകൊണ്ടായിരുന്നു. മതപരിവർത്തനം ചെയ്യപ്പെട്ട ഓരോ ഹിന്ദുവും സനാതന ധർമ്മത്തിന്റെ ഘോരശത്രുവായിത്തീരുന്നു എന്ന വിവേകാനന്ദന്റെ മുന്നറിയിപ്പ് അന്വർത്ഥമാക്കിക്കൊണ്ട് കേരളത്തിലുടനീളം മഹാക്ഷേത്രങ്ങളുടെ മുമ്പിൽ നിന്ന്



Scanned with CamScanner

ക്രൈസ്തവർ, ഹിന്ദുവിശ്വാസങ്ങൾക്കെതിരെ ആക്രോശിച്ചു. ഹിന്ദു പ്രതികരിക്കാതെ നിന്നു.

ഹിന്ദുവിനെ ആക്ഷേപിക്കുന്ന ഒരു വിഭാഗം സജീവമായി ഇന്നും നിലനിൽക്കെ, വേദങ്ങളിലും പുരാണങ്ങളിലും വിവരിക്കുന്നതു മുഴുവനും യേശുക്രിസ്തുവിനെക്കുറിച്ചാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് മറ്റൊരുവിഭാഗം ക്രൈസ്തവർ "ഇന്ത്യാക്കാർക്ക് ഇന്ത്യൻ കപ്പിൽ ക്രൈസ്തവ ചിന്താധാര കുടിപ്പിക്കുവാൻ തുടങ്ങി" ഭാരതം വിട്ടുപോയ പാശ്ചാത്യന്റെ രക്തത്തിലലിഞ്ഞു ചേർന്നിരിക്കുന്ന നീചവും നികൃഷ്ടവുമായ ബുദ്ധി, വിദേശിയുടെ മതചിന്തയിൽ നിന്നും തന്നെ ഹിന്ദുവിൽ നിന്ന് മതം മാറിയവന് ലഭിച്ചു. ഒരു പകർച്ചവ്യാധിപോലെ. ദുർവ്യാഖ്യാനം ചെയ്യപ്പെടുന്ന പൈതൃകഗ്രന്ഥങ്ങളെ ചിന്തിച്ച് ഭാരതീയ പൈതൃകം ഇവിടെയും തേങ്ങുന്നു. മതേതരത്വവാദികൾ വോട്ടിന്റെ മുമ്പിൽ പകച്ചുനിന്നാഹ്ലാദിക്കുന്നു. അടിമത്വത്തിന്റെ തുടർച്ച..... (ഇനിയും കഥ തുടരുന്നു.).

ജന്മനാൽ പാശ്ചാത്യനായവനിൽ നിന്ന് കർമ്മണാൽ പാശ്ചാത്യരായവരിലേക്ക് സ്വതന്ത്രഭാരതം എത്തിച്ചേർന്ന ഇക്കാലഘട്ടത്തിലും പൈതൃകം കേഴുന്നു. 1947 ആഗസ്റ്റ് 14 അർദ്ധരാത്രി ഭാരതം ഭാരതീയരുടെ അധികാരത്തിൻ കീഴിൽ വന്നു. ഒന്നരസഹസ്രാബ്ദത്തിലെ വിദേശാക്രമണവും ഒന്നരനൂറ്റാണ്ടിന്റെ കഠിനയത്നവും കൊണ്ട് ഏതൊരു സംസ്കാരത്തെയും ചിന്താധാരകളെയുമാണോ നാം നാട്ടിൽ നിന്ന് നീക്കം ചെയ്ത് നാടിന്റെ തനതായ സംസ്കാരത്തെ സ്വീകരിക്കുവാൻ ആഗ്രഹിച്ചത്. അതിവിടെ പ്രചാരത്തിൽ വന്നില്ല. "ഭാരതത്തിൽ ആത്മീയതയും തത്വശാസ്ത്രവുമല്ലാതെ ശാസ്ത്രമുണ്ടെന്ന് ഞാൻ കരുതുന്നില്ല" എന്നു വിശ്വസിക്കുന്ന പ്രധാനമന്ത്രി ഭാരതത്തിന്റെ അധികാരകസേരയിൽ ആദ്യമായി ഇരുന്നു. പാശ്ചാത്യവിദ്യാഭ്യാസത്തിൽ തഴച്ചുവളർന്ന ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് ഭാരതത്തെ സ്വയം അനുഭവച്ചറിയുവാൻ സാധിക്കില്ല. കാരണം ഇന്ത്യാക്കാരന്, ഇംഗ്ലീഷുകാർ നൽകിയ വിദ്യാഭ്യാസം അതായിരുന്നുവല്ലോ.

ഭാരതീയ അടിസ്ഥാന ആരോഗ്യശാസ്ത്രരീതികൾ മാവോസേതുങ്ങ് ചൈനയിൽ നടപ്പാക്കിയപ്പോൾ പാശ്ചാത്യ ആരോഗ്യരീതിയിൽ മാത്രമേ ശാസ്ത്രമുള്ളു എന്ന് നമ്മുടെ നേതാക്കൾ ആണയിട്ടു. അതുമാത്രം ഇവിടെ പ്രചരിപ്പിച്ചു. പാശ്ചാത്യ രീതിയിൽ ഭാരതീയ ആയുർവേദ വിഷയങ്ങൾ പഠിപ്പിച്ചപ്പോൾ നാം പാശ്ചാത്യവിജ്ഞാനത്തിന്റെ തിന്മയെല്ലാം സ്വീകരിക്കുകയും ഭാരതീയതയുടെ നന്മയെല്ലാം കൈവിട്ടുകളയുകയും ചെയ്തു. നാട്ടുചികത്സയിൽ നിന്ന് കാടുകയറിയ ചികിത്സയിലേക്ക് ഭാരതചികിത്സാ സമ്പ്രദായം



Scanned with CamScanner

മാറിക്കഴിഞ്ഞു. സുഖപ്രസവത്തിൽ നിന്ന് സിസേറിയനിൽ നാം അശ്വാസം കണ്ടെത്തി. ധർമ്മാടിസ്ഥാന ജീവിതത്തിൽ നിന്ന് ധനാടിസ്ഥാനത്തിലുള്ള ജീവിതമാണ് ശാസ്ത്രീയമെന്ന് വിധിയെഴുതി. സ്വധർമ്മാനുഷ്ഠാനത്തിൽ നിന്ന് സ്വേച്ഛാടിസ്ഥാനകർമ്മത്തിലായി നാം. ദുഃഖിതരെ കണ്ടാശ്വസിപ്പിക്കുന്നതിനു പകരം ദുഃഖിതരെ കണ്ടാസ്വദിക്കുന്ന മനോഭാവത്തിലെത്തിനിൽക്കുന്നു. മിതമായ സസ്യാഹാരത്തിൽ നിന്ന് അമിതമായ മാംസാഹാരത്തിൽ സംതൃപ്തി കണ്ടെത്താൻ നാം ശ്രമിക്കുന്നു.

ഇംഗ്ലീഷ്ഭാഷക്കെതിരെ നിരന്തരം സമരം നടത്തിയവർ ഭാരതീയ ഭാഷകളേക്കാൾ പ്രാധാന്യം നൽകി ഇംഗ്ലീഷ് ഭാഷ വിദ്യാലയങ്ങളിലൂടെ പ്രചരിപ്പിച്ചു. തദ്ദേശീയ ഭാഷയുടെ അക്ഷരങ്ങളുടെ ഉച്ചാരണംപോലും നാം ഇംഗ്ലീഷിലൂടെ പഠിപ്പിക്കുന്നു. ഭാരതീയ സംസ്കൃതിയുടെ സമസ്ത ചൈതന്യവും പ്രേതംപോലെ ഉഴലുന്നു. ഭാരതീയ സംസ്കൃതഗ്രന്ഥങ്ങൾ പഠിക്കുന്നതുപോലും വർഗീയമായിരിക്കുന്നു. ബിരുദാനന്തര ബിരുദത്തിനുപോലും സംസ്കൃത പരീക്ഷ ഇംഗ്ലീഷിലെഴുതുന്ന ഒരേ ഒരു രാജ്യം ഭാരതമാണ്. സംസ്കൃത പദത്തിന്റെ ഉച്ചാരണം പഠിക്കുന്നതും പഠിപ്പിക്കുന്നതുംപോലും ഇംഗ്ലീഷിന്റെ സഹായത്തോടെ ചെയ്യുന്നതും ഭാരതത്തിൽ മാത്രം.

സംസ്കൃതത്തെ മൂന്നാം ഭാഷയായിപോലും വളർത്താൻ, സ്വാതന്ത്ര്യം ലഭിച്ച് അരനൂറ്റാണ്ടുകഴിഞ്ഞിട്ടും ഭാരതീയർക്ക് സാധിച്ചില്ല. സംസ്കൃതം വിദേശഭാഷയായ അറബിയേക്കാൾ നികൃഷ്ടമാണിന്ന്. വിദേശ ഇസത്തിന്റെ തണലിൽ വളരുന്ന ഒരു കൂട്ടം രാഷ്ട്രീയക്കാരുടെ അവസാന അഭയകേന്ദ്രമായിത്തീർന്നിരിക്കുന്നു സംസ്കൃത വിദ്യാലയങ്ങൾ. സംസ്കൃതവുമായി ഒരു ബന്ധവുമില്ലാത്ത വ്യക്തിക്ക് സംസ്കൃത സർവകലാശാലയുടെ തലപ്പത്തിരിക്കാൻ വിഷമമില്ലാത്തതും ഈ നാട്ടിലെ മാത്രം പ്രത്യേകതയാണ്. തദ്ദേശീയ ഭാഷകളിൽ സംസാരിച്ചാൽ പിഴശിക്ഷ ഈടാക്കുന്നത് സാധാരണമായിരിക്കുന്നു. കൊറിയ, ചൈന, റഷ്യ ഇവർ ഇംഗ്ലീഷിനെ നിഷ്കാസനം ചെയ്തപ്പോൾ ഭാരതം മാത്രം പൈതൃകഭാഷയെ പുറംകാൽകൊണ്ട് തട്ടി, ഇംഗ്ലീഷിനെ ആശ്ലേഷിച്ചു. ഇന്നും അതു തുടരുന്നു.

ജർമ്മൻഭാഷയെ പോഷിപ്പിക്കാൻ അവർ സംസ്കൃതവും പാണിനിയുടെ വ്യാകരണവും പഠിപ്പിക്കുമ്പോൾ നമുക്ക് പാണിനീയം എന്തെന്നറിഞ്ഞുകൂടാ. ഭാരതീയനെഴുതിയ ലോകത്തിൽ തന്നെ ആദ്യത്തെ നിരുക്തം എന്ന നിഘണ്ടു ഭാരതീയർക്കജ്ഞാതമാണ്. ഭാഷാശാസ്ത്രത്തിന്റെ ആധികാരിക വ്യാകരണ-ശാസ്ത്ര-ഛന്ദഃ -നിരുക്ത ഗ്രന്ഥങ്ങൾ നമുക്കജ്ഞാതങ്ങളാണ്. പല വിദേശ ഭാഷാ പണ്ഡിതർക്കും അതു സുപരിചിതവും.



Scanned with CamScanner

ഭാരതീയ ചൈതന്യമുൾക്കൊള്ളുന്ന ഇംഗ്ലീഷ് ലേഖനങ്ങളും, കവിതകളും ഉണ്ടായിട്ടും പാശ്ചാത്യ ഇംഗ്ലീഷ് കൃതികൾ ഇംഗ്ലീഷ് ക്ലാസിൽ പഠിപ്പിക്കുന്നത് ഭൂഷണമായി നാം കാണുന്നു. ഭാരതീയതതന്നെ സങ്കുചിതമെന്നുകരുതുന്ന ഒരു പുരോഗമന ചിന്താധാരാവർഗ്ഗം നമ്മെ ഭരിക്കുന്നു. നമ്മുടെ എല്ലാ സാംസ്കാരിക വിശേഷങ്ങളും നമുക്ക് പഠിക്കാൻ താല്പര്യം ഇംഗ്ലീഷിലൂടെയാണെന്ന് വന്നിരിക്കുന്നത്, അടിമത്തം നമ്മിൽ ചെലുത്തിയ സ്വാധീനമാണോ നമ്മുടെ ഭരണകർത്താക്കളുടെ വികലമായ താൽപര്യമോ?

ചാണക്യന്റെ അർത്ഥശാസ്ത്രം സ്പർശിക്കാത്ത ഇക്കണോമിക്സ് നാം പഠിപ്പിക്കുന്നു. ആര്യഭടനേയും, ഭാസ്കരനേയും, ബ്രഹ്മഗുപ്തനേയും, വടേശ്വരനേയും സ്പർശിക്കാതെ നമ്മുടെ വിദ്യാലയങ്ങളിൽ ഗണിതവും ജ്യോതിശാസ്ത്രവും പഠിപ്പിക്കുന്നു. ചരകനേയും സുശ്രുതനേയും വാഗ്ഭടനേയും സ്പർശിക്കാതെ ഭാരതത്തിൽ ആരോഗ്യശാസ്ത്രം പഠിപ്പിക്കുന്നു. ഭാരതീയ ഭക്ഷ്യശാസ്ത്രം സ്പർശിക്കാതെ പാശ്ചാത്യഭക്ഷ്യശാസ്ത്രം പഠിപ്പിച്ച് നാം സ്വയം പാശ്ചാത്യരായി അഭിനയിക്കുന്നു. അവർ ഭാരതത്തിലേക്കു നോക്കുന്നു.

ഷഡ്ദർശനങ്ങൾ നോക്കാതെ തത്വശാസ്ത്രം പഠിപ്പിക്കാൻ വിദേശഗ്രന്ഥങ്ങളെ മാത്രം ആശ്രയിക്കുന്നു. നൂറ്റെട്ട് ഉപനിഷത്തുക്കളിൽ ഒന്നുപോലും സ്പർശിക്കാതെ ബിരുദാനന്തര ബിരുദ 'ഫിലോസഫിക്കാർ' നിരയായി പുറത്തിറങ്ങുന്നു. ഭാരതീയ തത്വശാസ്ത്രത്തിന്റെ അയൽവക്കത്ത് വരാത്ത തത്വശാസ്ത്ര വിജ്ഞാനത്തിന്റെ പാശ്ചാത്യ സമവാക്യങ്ങൾ ഉപയോഗിച്ച് സഗുണ ബ്രഹ്മത്തെ Useful Brahmam എന്നും നിർഗുണ ബ്രഹ്മത്തെ Useless ബ്രഹ്മമെന്നും പഠിപ്പിക്കുന്നു. ശുക്ലയജുർവേദത്തെ White Yajurveda എന്നും കൃഷ്ണ യജുർവേദത്തെ Black Yajurveda എന്നും എഴുതുമ്പോൾ White, Black ഇവയുടെ അർത്ഥമെന്തെന്നറിയാതെ ഇന്നത്തെ തലമുറ ഇംഗ്ലീഷിൽ കരയുന്നു. കാളിദാസനേക്കാൾ, ഷേക്സ്പിയറെ കേട്ടവരാണ് ഭാരതീയരിലധികവും. അരവിന്ദന്റെ സാവിത്രി എന്ന കവിത കാണാത്തവരിൽ ഭൂരിഭാഗവും വേർഡ്സ് വർത്തിന്റെ സൂക്തങ്ങൾ പഠിച്ചവരാണ്. രണ്ടും ഇംഗ്ലീഷിലായിട്ടും! രവീന്ദ്രനാഥടാഗോറിന്റെ നോബൽ സമ്മാനാർഹമായ ഗീതാഞ്ജലിയിലെ അഞ്ചുവരികളറിയാവുന്ന എത്ര ഭാരതീയരുണ്ടിവിടെ? അവരെ അത് എന്തുകൊണ്ട് പഠിപ്പിച്ചില്ല? അറിഞ്ഞുകൂടാ! ഭാരതീയ ചരിത്രം പാശ്ചാത്യ വീക്ഷണത്തിലൂടെ പഠിപ്പിക്കുന്നത് ശാസ്ത്രീയ വീക്ഷണമായി നാം കരുതുന്നു.

ഇന്നും ആര്യനധിനിവേശം എന്ന കെട്ടുകഥ വിശ്വസിക്കുന്ന ചരിത്രകാരന്മാരുള്ളത് ഭാരതത്തിൽ മാത്രമാണ്. ക്രിസ്ത്യാനികളും മുസ്ലീങ്ങളും പിന്നീട് വന്നു എന്നും, അതിന് തൊട്ടുമുമ്പ് ഹിന്ദുക്കൾ വന്നു എന്നും, അതിനാൽ



Scanned with CamScanner

എല്ലാവരും വന്നവരാണെന്നാശ്വസിക്കാനും സമർത്ഥിക്കാനുമുള്ള അസത്യയജ്ഞം നിരന്തരം പുരോഗമനവാദത്തിന്റെ പേരിൽ ഇവിടെ മാത്രം നടക്കുന്നു. ഭൂരിപക്ഷം ന്യൂനപക്ഷത്തെ അടിച്ചൊതുക്കിയാലോ എന്ന് മിഥ്യഭയമാണിതിനു കാരണമത്രെ. ചാർവാകനെപോലും ഉദ്ധരിക്കാതെ നാം കമ്മ്യൂണിസം പഠിപ്പിക്കുന്നു. ഒന്നര സഹസ്രാബ്ദത്തിലെ നരകയാതന അനുഭവിച്ച ഭാരതീയന്റെ വേദനയും ചരിത്രവും പഠിപ്പിക്കാതെ ഭാരതചരിത്രം നാം പഠിപ്പിക്കുന്നു. സഹസ്രാബ്ദങ്ങളുടെ പാരമ്പര്യമുള്ള ലോഥലും, സിന്ധുസംസ്കാരവും, ഹാരപ്പയും, തക്ഷശിലയും നളന്ദയും എന്തെന്നറിയാത്ത കോടികൾക്ക് നൂറ്റാണ്ടിന്റെ മാത്രം പഴക്കമുള്ള പാശ്ചാത്യ പൈതൃകം ഹൃദിസ്ഥമാണ്. അമേരിക്ക, ഫ്രാൻസ്, സൗത്ത് ആഫ്രിക്ക എന്നീ രാജ്യങ്ങളുടെ സമരചരിത്രം പഠിച്ച ഭാരതീയമക്കളെ ഈ നാട്ടിന്റെ സ്വാതന്ത്ര്യസമരം സത്യസന്ധമായി പഠിപ്പിച്ചിട്ടില്ല. വിദേശികൾ തച്ചുടച്ച വിഗ്രഹങ്ങൾ കാണിച്ചു കൊടുക്കേണ്ടതല്ലേ? സർദാർ പട്ടേലിനെ, ഗസ്നി 1025 ജനുവരിയിൽ തച്ചുടച്ച സോമനാഥക്ഷേത്രം, പുനർനിർമ്മിക്കുന്നതിൽ നിന്നും വിലക്കിയതല്ലേ! എന്തിനായിരുന്നു അത് എന്നു ചോദിക്കണമെന്നാഗ്രഹം തോന്നുന്നു. ഭാരതസ്വാതന്ത്ര്യ സമരചരിത്രം ഒരു രാഷ്ട്രീയ പാർട്ടിയുടെ മാത്രം ചരിത്രമായി അധഃപ്പതിപ്പിച്ച് നമ്മെ പഠിപ്പിച്ചതെന്തുകൊണ്ടായിരുന്നു എന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ധീരദേശാഭിമാനികളെ മറന്നു. സ്വന്തം പേരും പെരുമയും വളർത്താൻവേണ്ടി മാത്രം, ശരീരവും മനസും ബന്ധവും ഉപേക്ഷിച്ച് നരകയാതന അനുഭവിച്ചു തൂക്കുകയറിലേറിയവരുടെ ജന്മദിനവും സമർപ്പണദിനവും, സ്മരിക്കാതെ ആചരിക്കാതെ, വ്യക്തിപൂജക്കൊരു ശിശുദിനം നടത്തുന്നത്, അടിമത്ത്വത്തിന്റെ പിൻതുടർച്ചയായ ദുരവസ്ഥയാണെന്ന് ചിലരെങ്കിലും വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ ഈ രാഷ്ട്രചൈതന്യം ജനഹൃദയങ്ങളിൽ പ്രഭയില്ലാതെ മങ്ങിപോയിക്കൊണ്ടിരുന്നതറിയാതെ നാം കഴിയുന്നു. സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ദിനവും ഉദ്ദേശിച്ച വികാരവും രാഷ്ട്രഭക്തിയും നമ്മിലുണ്ടാക്കുന്നു എന്ന് വിശ്വസിക്കാൻ വിഷമം തോന്നുന്നു. രാഷ്ട്രത്തിന്റെ വിജയം നമ്മിലാഹ്ലാദവും, രാഷ്ട്രത്തിന്റെ വേദന നമ്മിൽ ദുഃഖവും, രാഷ്ട്രത്തിന്റെ പൈതൃകം നമ്മിലാവേശവും വരുത്തുന്നില്ല. ഇന്നും വിദേശികൾ ഇന്ത്യക്കെതിരെ കളിയിൽ ജയിച്ചാൽപോലും, ആവേശം കൊള്ളുന്നവരിവിടെയുണ്ട്. രാഷ്ട്രഭക്തി എന്ന പദം നാം പൂർണമായും മറന്നുപോയിരിക്കുന്നു.

ഭാരതത്തിന് എന്തെങ്കിലും തെറ്റുകൾ സംഭവിച്ചാൽ അമേരിക്കൻ ഭരണകൂടത്തോട് സഹായമഭ്യർത്ഥിക്കുന്നവർ ഇന്നും ഇവിടെ അവശേഷിക്കുന്നു. ഭാരതീയർ, ഭാരതീയ ഭരണാധികാരിയെ വിദേശത്തുവച്ച് കരിങ്കൊടി കാണിക്കുന്നു. സ്വാതന്ത്ര്യത്തിനു പോരാടിയവരുടെ വേദനയറിയാൻ കാലാപാനി എന്ന സിനിമ

വരുന്നതുവരെ നാം കാത്തിരിക്കേണ്ടിവന്നു. ജനങ്ങളിൽ നിന്ന് അത് മനപ്പൂർവ്വം മറച്ചുവച്ചത് രാഷ്ട്രീയ ദുരുദ്ദേശത്തോടെ മാത്രമായിരുന്നു എന്ന് ജനസഹസ്രങ്ങൾ ചിന്തിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഭാരതസ്വാതന്ത്ര സമരത്തിന്റെ മൊത്തം അവകാശം ഒരു വിഭാഗത്തിന് കുത്തകയാക്കാൻ വേണ്ടിയായിരുന്നു എന്നാരെങ്കിലും ധരിച്ചാൽ അത് തെറ്റിദ്ധാരണയല്ല.

"സപ്തസിന്ധു" എന്ന് ഋഗ്വേദത്തിൽ തന്നെ ഏഴായിരം വർഷങ്ങൾക്കു മുമ്പ് എഴുതിയ സിന്ധുപദത്തിൽ നിന്നും ഉത്ഭവിച്ച ഹിന്ദു എന്ന പദം ഇന്നു വർഗീയമായിരിക്കുന്നു. **"ഹിമാലയം സമാരഭ്യ യാവാത് ഹിന്ദുസരോവരം തം ദേവ നിർമ്മിതം ദേശം ഹിന്ദുസ്ഥാനം പ്രചക്ഷതേ"** എന്ന് രണ്ടായിരത്തഞ്ഞൂറ് വർഷം മുമ്പുള്ള നിർവചനത്തിലെ ഹിന്ദു പദം എങ്ങിനെ വർഗീയമായി എന്നറിഞ്ഞുകൂടാ. കഴിഞ്ഞ സഹസ്രാബ്ദത്തിലിന്ത്യയിൽ വന്ന ഇസ്ലാംമതവും, ക്രിസ്തുമതവും വർഗീയമല്ല. ഈ ഭാരതഭൂമിയിൽ ജനിച്ച് വളർന്ന് വികസിച്ച ധർമ്മം മാത്രം വർഗീയം. അതിലെ ഓരോ വിഭാഗവും പ്രത്യേകം ഗ്രൂപ്പുകളുണ്ടാക്കിയാൽ അതും വർഗീയമല്ല. അവർ ഒരുമിച്ചിരുന്നാൽ വർഗീയം.

"..... **മാതൃഭൂ: പിതൃഭൂശ്ചൈവ തം ഹിന്ദുരിതിസ്മൃതാഃ"** ഭാരതത്തെ മാതൃഭൂമിയും പിതൃഭൂമിയുമായി സ്മരിക്കുന്നവരെ ഹിന്ദുക്കളെന്നു പറയുന്നു എന്ന നിർവചനം നാം എങ്ങിനെ ദുർവ്യാഖ്യാനം ചെയ്തു. ഒരു വ്യക്തിയുടേയോ പ്രവാചകന്റെയോ ഒറ്റഗ്രന്ഥത്തിന്റെയോ അടിസ്ഥാനത്തിലല്ലാതെ ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ ജീവിക്കുന്ന ഈ ദേശത്തിലെ മാത്രം ചൈതന്യം ഉൾക്കൊള്ളുവാൻ ആഹ്വാനം ചെയ്യുന്ന ധർമ്മത്തിന്റെ പേര് പറയുന്നതുപോലും വർഗീയമായിരിക്കുന്നു. ജമ്മുകാശ്മീരിൽ അനുദിനം ഹിന്ദുക്കൾ മരിക്കുന്നു. സ്വന്തം ദേശത്തിൽ തന്നെ ഹിന്ദുക്കൾ അഭയാർത്ഥികളായി കഴിയുന്നു. ഹൈന്ദവ ആശ്രമങ്ങൾപോലും ഞങ്ങൾ ഹിന്ദുക്കളല്ലെന്ന് കോടതിയിലെഴുതി അറിയിക്കുന്നു.

സഹസ്രാബ്ദങ്ങളായി ത്യാഗത്തിന്റെയും ആത്മീയതയുടേയും പ്രതീകമായിരിക്കുന്ന കാവിവസ്ത്രം വർഗീയമായി. കാവിക്കൊടി വർഗീയമായി. വേദം വർഗീയമായി, ഭാരതീയ ഇതിഹാസ പുരുഷന്മാർ ഒരു വിഭാഗത്തിന്റേതു മാത്രമായി ചുരുങ്ങി. അവരും വർഗീയമായിത്തീർന്നു. ഓംകാരംപോലും ഇന്നു ഹിന്ദുവർഗീയമാണ്. ഭാരതീയ പൈതൃകത്തിന്റെ അവകാശികളെന്നഭിമാനിക്കുന്ന ഹിന്ദുക്കൾ എവിടെനിൽക്കുന്നു? വേദങ്ങളിലെ രണ്ടുവരികളെങ്കിലും കേട്ടിട്ടുള്ളവരെത്രയുണ്ട്? പുരാണങ്ങളുടെ സംഖ്യയറിയുന്ന വരെത്രയുണ്ട്? തത്വശാസ്ത്രത്തിന്റെ അഗാധതയിലിരിക്കുന്ന ഭാരതീയ ഈശ്വര സങ്കൽപത്തിന്റെ ഒരടിസ്ഥാനതത്വമെങ്കിലും അറിയുന്നവരുണ്ടോ?



Scanned with CamScanner

സദാചാരവും ദുരാചാരവും വേർതിരിച്ചറിയാവുന്നവരുണ്ടോ? ആത്മീയതയുടെ പേരിൽ ക്ഷേത്രദർശനം നടത്തുന്നവർക്ക് അതിലന്തർലീനമായിരിക്കുന്ന ശാസ്ത്രതത്വത്തിന്റെ പ്രഭയെന്തെന്നറിയാൻ ആഗ്രഹമുണ്ടോ? നാടകവും, ബാലെയും, ഡിസ്കോയും കൊണ്ട് മുഖരിതമായ ക്ഷേത്രത്തിലെ അന്തരീക്ഷം ആത്മീയതയുടെ അംശം പോലും ഇല്ലാതായിത്തീർന്നിരിക്കുന്നില്ലേ? ക്ഷേത്രകലകളെ നിഷ്കാസനം ചെയ്ത് സിനിമാഷോയും, സിനിമാറ്റിക് ഡാൻസും ചേർന്ന് പാശ്ചാത്യചിന്താധാര ക്ഷേത്രത്തെ ചന്തപ്പുരയാക്കുന്ന ശക്തിയല്ലേ പ്രദാനം ചെയ്യുന്നത്? കഥകളിയും, ഓട്ടൻതുള്ളലും, ഹരികഥയും മറ്റുക്ഷേത്രസംഗീതങ്ങളും, ആചാരങ്ങളും വാദ്യങ്ങളും ഈ നാടിന്റെ സംസ്കൃതിയുടെ ഭാഗമായി സ്വാതന്ത്ര്യം ലഭിക്കുന്ന ദിവസം വരെ ഇവിടത്തെ ക്ഷേത്രങ്ങളിലുണ്ടായിരുന്നു. വിദേശികൾ വിചാരിച്ചിട്ടും നശിപ്പിക്കാൻ പറ്റാത്ത ദേശീയ ചൈതന്യം, സ്വദേശികൾക്ക് എത്രപെട്ടെന്ന് നശിപ്പിക്കുവാൻ സാധിച്ചു. ആചാരാനുഷ്ഠാനമുണ്ടെങ്കിൽ ഈശ്വരന്റെ മുമ്പിൽ ഒന്നായ മനുഷ്യനെ ഒന്നായി കാണാൻ പഠിപ്പിച്ച സമവാക്യങ്ങൾ നാം മറന്നു. സന്ധ്യാനാമങ്ങൾ നമ്മുടെ നാവിൽ നിന്ന് മാഞ്ഞു. മനസ്സിൽ നിന്ന് മറന്നു. മാതൃ-പിതൃ-പുത്രബന്ധം തകരുന്നു. ആചാര്യനും, അതിഥിയും നമുക്കന്യരായിരിക്കുന്നു. അമ്മൂമ്മയുടെ പുരാണേതിഹാസകഥകൾ കുട്ടികൾക്കാവശ്യമില്ലാതായി. ശരീരത്തിനും മനസ്സിലും ആസ്വാദകങ്ങളായി നിന്ന ഭാരതീയ കളികളിൽ നിന്നും വ്യക്തിധിഷ്ഠിതമായ പാശ്ചാത്യ കളികളിലേക്ക് നമ്മുടെ ലഹരി മാറി. ഇതിഹാസ വായനയിൽ നിന്നും പൂർണമായും നാം മാറിക്കഴിഞ്ഞു. തുളസിത്തറയിലെ ഔഷധിയായ തുളസിക്കുപകരം വിലപിടിപ്പുള്ള ക്രോട്ടണിലേക്ക് നാം മാറി. ഉപ്പേരിയും പഞ്ചസാരയും എന്ന പദത്തിൽ നിന്ന് ഉത്സവദിനങ്ങളിൽ ബീഫിലേക്കും ബിരിയാണിയിലേക്കും നാം മാറി. തെറിച്ച് ലിക്കറടിക്കുന്ന പുരോഗമനത്തിലേക്ക് നാം കടന്നു.

**ഇന്നും ഭാരതീയ പൈതൃകം കരയുന്നു.... ആയിരത്താണ്ടു കരഞ്ഞു വറ്റിയ കണ്ണുനീരില്ലാതെ സ്വദേശികളുടെ മരണത്തിൻകീഴിൽ ഭാരതപൈതൃകം ദുഃഖിക്കുന്നു. കേഴുന്നു. എനിക്കെന്നു മോക്ഷം ലഭിക്കും എന്ന് ചോദിച്ചുകൊണ്ട്. ചിരപുരാതനവും, നിത്യനൂതനവുമായ ഭാരതീയ പൈതൃകം സനാതനമായി നിലനിൽക്കുമോ?**

**നിമിഷം ജ്വലിതം ശ്രേയം ന തു ധൂമായിതം ചിരം**



Scanned with CamScanner

എന്റെ പ്രിയ കുടുംബാംഗങ്ങളെ ഒരു നിമിഷമേ ജീവിച്ചിരിക്കുന്നുള്ളു എങ്കിൽ കൂടി ജ്വലിച്ചുകൊണ്ട് പ്രഭ ചൊരിഞ്ഞു ജീവിക്കുക. സ്ഥിരമായി പുകഞ്ഞുകൊണ്ടിരിക്കുന്നതിലെത്രയും ശ്രേയസ്കരം.

ഭാരതത്തെ ഭാരതമാക്കുവാൻ നമുക്ക് സാധിക്കും, സാധിക്കുന്നത്രയും ചെയ്യുക. കഴിഞ്ഞ തലമുറ നമ്മെ ഏൽപ്പിച്ച കെടാവിളക്ക് അടുത്തതലമുറയെ ഏൽപ്പിക്കുന്നതുവരെ വിശ്രമിക്കരുത്...

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് ഓരോ ഹൃദയത്തിലും മനസ്സിലും ശാസ്ത്രീയമായ പൈതൃകത്തിന്റെ വിളക്കുകത്തിക്കുവാൻ സദാ സന്നദ്ധമാണ്. നമുക്കൊരുമിച്ച് ഈ ദൗത്യം ഏറ്റെടുക്കാം.



Scanned with CamScanner

ക്രിസ്ത്യാനിയുടെ ദുഃഖമെഴുതുവാൻ ഇവിടെ ഹിന്ദുവുണ്ട്, മുസ്ലീമിന്റെ ദുഃഖമെഴുതുവാനും ഹിന്ദുവുണ്ട്. ഹിന്ദുവിന്റെ ദുഃഖമെഴുതുവാൻ ഒരു ഭാരതീയനുമില്ല. ഹിന്ദു എന്ന പദം തന്നെ ഇന്ന് വർഗ്ഗീയമാണ്. പുരോഗമനവാദത്തിന്റെ പേരിൽ ഈ ദേശത്തിന്റെ സമ്പൂർണ സംസ്കൃതിയുടേയും അവകാശികളായ ഹിന്ദുവിനെ മാത്രം എത്രത്തോളം നീചമായി ചിത്രീകരിക്കുവാൻ സാധിക്കുമോ അത്രത്തോളം ക്രൂരമായി വിവരിക്കുവാൻ പലരും ശ്രമിക്കുന്നു. ചരിത്രയാഥാർത്ഥ്യം ജനങ്ങളെ അറിയിക്കേണ്ടതല്ലേ? അതിനായി സത്യസന്ധമായി, വസ്തുതാപരമായി ഭാരതീയ പൈതൃകദുഃഖത്തിന്റെയും ഹിന്ദു അനുഭവിച്ച വേദനയുടെയും ചരിത്രമെഴുതി അത് സമൂഹത്തിന്റെ മുമ്പിൽ സമർപ്പിക്കുകയാണ്. ബിരുദാനന്തര ചരിത്രപഠനത്തിന് ഭാരതത്തിൽ അംഗീകരിച്ചിട്ടുള്ള പ്രൊഫ. വി.സി. പാണ്ഡേ, പ്രൊഫ. ഖത്രി എന്നിവരുടെ പുസ്തകങ്ങളിൽ നിന്ന് വിവരണങ്ങൾ സ്വീകരിച്ചാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. പ്രൊഫ. വി.എ. സ്മിത്, ഡോ. ബേനി പ്രസാദ്, പ്രൊഫ. എസ്. എം. എഡ്വേർഡ്, ഡോ. ആർ.എം. ത്രിപാഠി, ശ്രീ. അബുൾഫസൽ എന്നീ ചരിത്രകാരന്മാരുടെ രചനകളിൽ നിന്നും ആവശ്യമായ വസ്തുതകൾ സ്വീകരിച്ചിട്ടുണ്ട്.

**ഡോ. എൻ. ഗോപാലകൃഷ്ണൻ**
**സയിന്റിസ്റ്റ്**

Scanned with CamScanner